www.niyamasabha.org

# സാമാജികൻ


A Home Journal of Kerala Legislature


ഫെബ്രുവരി
2021
ലക്കം 09

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്













GPM 3/44/2021



# സാമാജികൻ

ലക്കം 3 ഫെബ്രുവരി 2021

മുഖ്യ പത്രാധിപർ
മാണി സി. കാപ്പൻ എം.എൽ.എ

പത്രാധിപസമിതി
ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ
കെ.ബാബു എം.എൽ.എ
പി. മുഹമ്മദ് മുഹസിൻ എം.എൽ.എ
ബി.സത്യൻ എം.എൽ.എ
ഷാഫി പറമ്പിൽ എം.എൽ.എ

പത്രാധിപർ
എസ്.വി. ഉണ്ണികൃഷ്ണൻ നായർ
സെക്രട്ടറി, കേരള നിയമസഭ

മുഖചിത്രം, രൂപകല്പന
അനിൽ രാജ്


അച്ചടി
മണ്ണന്തല സർക്കാർ പ്രസ്സ്, തിരുവനന്തപുരം

വിലാസം
ലൈബ്രറി
നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
0471-2512519

ലേഖനങ്ങളിലുള്ള ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കുമുള്ള
ഉത്തരവാദിത്തം ലേഖകരിൽ നിക്ഷിപ്തം

सत्यमेव जयते

12 January 2021



**ARIF MOHAMMED KHAN**
GOVERNOR OF KERALA
RAJ BHAVAN
THIRUVANANTHAPURAM-695 099

## MESSAGE


I am very happy to know that the Kerala Legislature Secretariat is publishing the 09th issue of 'Samajikan', the House Journal of Kerala Legislature.

It is commendable that this edition of 'Samajikan' includes the articles penned by the Members of the 14th Kerala Legislative Assembly, Members of Parliament, former MPs and former MLAs etc.

I compliment everyone behind this endeavour and wish the publication all success.

**(Arif Mohammed Khan)**





അയ്യങ്കാളി ഹാൾ (V.J.T. HALL - ശ്രീമൂലം പ്രജാസഭയുടെ ആദ്യയോഗം ഇവിടെയാണ് ചേർന്നത്)

കേരള സർക്കാർ



നം.23/പ്രസ്/സി.എം.ഒ/21 ജനുവരി 14, 2021

## സന്ദേശം

നിയമസഭാ സെക്രട്ടേറിയറ്റ് 'സാമാജികൻ' -ന്റെ 9-ാമത് ലക്കം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്.

കേരള നിയമസഭാ സാമാജികർ, മുൻ സാമാജികർ, സംസ്ഥാനത്തെ പാർലമെന്റംഗങ്ങൾ, മുൻ പാർലമെന്റംഗങ്ങൾ എന്നിവരുടെ സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന 'സാമാജികന്' എല്ലാ ഭാവുകങ്ങളും നേരുന്നു

**പിണറായി വിജയൻ**
കേരള മുഖ്യമന്ത്രി



കേരള സർക്കാർ



17.01.2021

**പി.ശ്രീരാമകൃഷ്ണൻ**
സ്പീക്കർ
കേരള നിയമസഭ

## ആശംസ

പൊതുപ്രവർത്തനമെന്നത് സാഹിത്യം പോലെതന്നെ സർഗ്ഗാത്മകവും നൈസർഗ്ഗികവുമാണ്. ഒരു പൊതുപ്രവർത്തകന് തന്റെ കർമ്മ മണ്ഡലത്തിൽ സർവശേഷിയും പ്രതിഫലിപ്പിക്കാനാകുന്ന പദവിയാണ് സാമാജികൻ എന്നത്.


പൊതുമണ്ഡലത്തിൽ പ്രവൃത്തി എന്ന പോലെ, സാമാജികർക്കും സാമാജികരായിരുന്നവർക്കും പാർലമെന്റംഗങ്ങൾക്കും അംഗങ്ങളായിരുന്നവർക്കും അവരുടെ ആശയങ്ങൾ, അനുഭവങ്ങൾ, ചിന്തകൾ എല്ലാം അക്ഷരത്തിലേക്ക് പകർത്താൻ, മറ്റുള്ളവർക്ക് പകരാൻ, പങ്കുവയ്ക്കാൻ-എല്ലാമുള്ള ഇടമാണ് 'സാമാജികൻ ' എന്ന ഈ പ്രസിദ്ധീകരണം. അത് കാര്യക്ഷമമായിത്തന്നെ മുന്നോട്ടു പോകുന്നുവെന്നറിഞ്ഞതിൽ അതിയായ സന്തോഷം

രാഷ്ട്രീയവും സാമൂഹികവും വ്യക്തിപരവുമായ തിരക്കുകൾക്കിടയിലും ഇതിൽ പങ്കാളികളാകാൻ സമയം കണ്ടെത്തിയ എല്ലാവർക്കും അഭിനന്ദനങ്ങൾ.

'സാമാജികന് ' എല്ലാവിധ ആശംസകളും...

സസ്നേഹം,

**പി.ശ്രീരാമകൃഷ്ണൻ**



പഴയ നിയമസഭാ മന്ദിരം



**രമേശ് ചെന്നിത്തല**
പ്രതിപക്ഷ നേതാവ്

## സന്ദേശം

കേരളനിയമസഭാ ജേർണലായ 'സാമാജികൻ' ഒമ്പതാം ലക്കം പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ എനിക്കു സന്തോഷമുണ്ട്.

അത്യന്തം മികച്ച രചനകളുമായി ഇതിനകം പുറത്തിറങ്ങിയിട്ടുള്ള മുൻലക്കങ്ങൾ സൂക്ഷിച്ചുവയ്ക്കത്തക്ക മൂല്യമുള്ളവയായിരുന്നു എന്ന വസ്തുത ഇവിടെ സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. പുതിയ ലക്കവും അത്തരത്തിൽ ഒന്നായിരിക്കും എന്നു ഞാൻ പ്രതീക്ഷിക്കുന്നു.

എന്റെ ആശംസകൾ

രമേശ് ചെന്നിത്തല


# സ്മരണാഞ്ജലി



കെ.കെ.രാമചന്ദ്രൻ നായർ
(ചെങ്ങന്നൂർ)
(14.01.2018 ൽ അന്തരിച്ചു)



പി.ബി.അബ്ദുൾ റസ്സാക്ക്
(മഞ്ചേശ്വരം)
(20.10.2018-ൽ അന്തരിച്ചു)



കെ.എം.മാണി
(പാലാ)
(09.04.2019-ൽ അന്തരിച്ചു)



തോമസ് ചാണ്ടി
(കുട്ടനാട്)
(20.12.2019-ൽ അന്തരിച്ചു)



എൻ.വിജയൻപിള്ള
(ചവറ)
(08.03.2020-ൽ അന്തരിച്ചു)



സി.എഫ്.തോമസ്
(ചങ്ങനാശേരി)
(27.09.2020-ൽ അന്തരിച്ചു)



കെ.വി.വിജയദാസ്
(കോങ്ങാട്)
(18.01.2021-ൽ അന്തരിച്ചു)



**മാണി സി.കാപ്പൻ** എം.എൽ.എ
തിരുവനന്തപുരം.
18.01.2021.

## ആമുഖം

കേരള നിയമസഭയിലെ ബഹു.സാമാജികർ, മുൻ സാമാജികർ, സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്ന പാർലമെന്റംഗങ്ങൾ, മുൻ പാർലമെന്റംഗങ്ങൾ എന്നിവരുടെ വിവിധ വിഷയങ്ങളിലുള്ള പാണ്ഡിത്യവും, നിരീക്ഷണങ്ങളും, കാഴ്ചപ്പാടുകളും, പ്രവർത്തനാനുഭവങ്ങളും ഉൾക്കൊള്ളുന്ന ലേഖനങ്ങളും സാഹിത്യ സൃഷ്ടികളും പ്രസിദ്ധീകരിക്കാനുള്ള ഒരു വേദിയാണ് 'സാമാജികൻ '.

'സാമാജികൻ ' 9-ാം ലക്കം പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞതിൽ അതിയായ ചാരിതാർത്ഥ്യമുണ്ട്. ഈ ലക്കത്തിൽ ആദരണീയരായ സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മന്ത്രിമാർ എന്നിവരുടേതുൾപ്പെടെ 32 വൈവിധ്യമാർന്ന രചനകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നിയമസഭാ സാമാജികരുടെ വൈജ്ഞാനികാവശ്യങ്ങൾ പൂർത്തീകരിക്കാനായി രൂപം നൽകിയിട്ടുള്ളതാണ് നിയമസഭാ ലൈബ്രറി. ലൈബ്രറി ഉപദേശകസമിതിയുടെ ആഭിമുഖ്യത്തിലുള്ള ഈ സംരംഭത്തിന് എല്ലാവിധ പ്രോത്സാഹനങ്ങളും പിന്തുണയും നൽകിയ ബഹു.സ്പീക്കർ ശ്രീ.പി.ശ്രീരാമകൃഷ്ണൻ അവർകളോടും, രചനകൾ നൽകി സഹകരിച്ച എല്ലാ ബഹുമാന്യ വ്യക്തികളോടും എല്ലാ പ്രവർത്തനങ്ങൾക്കും സഹായമേകിയ നിയമസഭാ ലൈബ്രറി ജീവനക്കാർക്കും പത്രാധിപസമിതിക്കുള്ള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

പത്രാധിപസമിതിക്കുവേണ്ടി,

**മാണി സി.കാപ്പൻ** എം.എൽ.എ.
ചീഫ് എഡിറ്റർ

# സാമാജികൻ



## ഉള്ളടക്കം


16 ഉന്നതവിദ്യാഭ്യാസവും ദേശീയ വിദ്യാഭ്യാസനയവും
പി.ശ്രീരാമകൃഷ്ണൻ

20 ഇന്നലെയേക്കാൾ മികച്ചനാളെയിലേക്ക്
പിണറായി വിജയൻ

26 ഉമ്മൻചാണ്ടി എന്ന അപൂർവ്വ പ്രതിഭാസം
രമേശ് ചെന്നിത്തല

30 വികസനത്തിന്റെ നേർവഴി
വി.എസ്.അച്യുതാനന്ദൻ

36 കേന്ദ്ര വൈദ്യുതി നയം ജനാധിപത്യ വിരുദ്ധം
സി.ദിവാകരൻ

40 ശ്രീനാരായണഗുരുവും സമകാലിക നവോത്ഥാന നായകരും
ഡോ.എം.കെ.മുനീർ

46 തത്വദീക്ഷ നഷ്ടപ്പെടുന്ന സ്വത്വബോധങ്ങൾ
ഡോ.എൻ.ജയരാജ്

50 വീരേന്ദ്രകുമാറിന്റെ ഓർമ്മകൾക്കുമുന്നിൽ
ഡോ.എ.നീലലോഹിതദാസ്

58 പാർലമെന്ററി ജനാധിപത്യം മെലിയുന്നു
ഇ.ടി മുഹമ്മദ് ബഷീർ

62 വരുന്നു, വനിതാ സംരംഭകരുടെ നാളുകൾ
ഇ.പി.ജയരാജൻ

66 ചിത്രകലാ ആസ്ഥാനമായി മാറുന്ന കിളിമാനൂർ
ബി.സത്യൻ

72 വനിതാ പ്രാതിനിധ്യം 1888 മുതൽ
പ്രൊഫ.സാവിത്രി ലക്ഷ്മണൻ

76 അടിയന്തരാവസ്ഥ : ജയിലിലെ ഓർമ്മകൾ
ഒ.രാജഗോപാൽ

82 കൊറോണ വൈറസിനെ അതിജീവിക്കാൻ കരുതലോടെ കേരളം
കെ.കെ.ശൈലജ ടീച്ചർ

86 തൂമഞ്ഞും നിലാവും
വി.സി കബീർ മാസ്റ്റർ

88 കോവിഡാനന്തര കേരളം നൈപുണ്യ വികസനവും, സംരംഭകത്വവും അതിജീവനദൗത്യത്തിലെ നിർണായകഘടകം
ടി.പി.രാമകൃഷ്ണൻ

94 അമ്മ
ടി. ശരത്ചന്ദ്ര പ്രസാദ്

96 കോവിഡ് പ്രതിസന്ധിയും കേരള ടൂറിസവും.
കടകം പള്ളി സുരേന്ദ്രൻ

100 തോമസ് ചാണ്ടിയെ അനുസ്മരിക്കുമ്പോൾ
മാണി സി. കാപ്പൻ

102 വികസനത്തിന്റെ അർത്ഥതലങ്ങൾ
കെ.കുട്ടി അഹമ്മദ് കുട്ടി

110 ശ്രീലതയുടെ ലിഡിയ
പി.വിശ്വൻ

114 മഹാഭാരതവും കാറൽ മാർക്സും ഡാർവിനും മാക്സ് മുള്ളറും
ഡി.സുഗതൻ

118 Intertwined Lives P.N. Haksar and Indira Gandhi By Jairam Ramesh
ഫ്രാൻസിസ് ജോർജ്ജ്

122 കേരള സൃഷ്ടിയിൽ ആർക്കാണ് പങ്ക്?
ജോൺ ഫെർണാണ്ടസ്

124 ശ്രീകുമാരൻതമ്പി: പകൽ സ്വപ്നത്തിൻ പവനുരുക്കിയ പ്രണയരാജശില്പി
ബി.ബാബു പ്രസാദ്

132 കോവിഡും കേന്ദ്ര-കേരള സമ്പദ് വ്യവസ്ഥയുടെ സ്ഥിതിയും ഗമനവും
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

136 ഭരണ നിർവ്വഹണവും ജനപ്രതിനിധികളും
കെ.പ്രകാശ് ബാബു

140 ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം-നിയമസഭാ ക്ഷേമ സമിതികളിലൂടെ
പി.അയിഷ പോറ്റി

148 ജനാധിപത്യം- സവിശേഷതകൾ, പരിമിതികൾ
ഡോ.കെ.മോഹൻ കുമാർ

152 നീതിദേവതയുടെ നിശബ്ദരോദനം
ജോസഫ് എം.പുതുശ്ശേരി

156 ഞാൻ എന്ന പ്രാസംഗിക
പ്രൊഫ.നബീസാ ഉമ്മാൾ.എ

160 നിയമസഭാ ലൈബ്രറി - അറിവിന്റെ രത്നഖനി
എസ്.വി. ഉണ്ണികൃഷ്ണൻ നായർ




**പി. ശ്രീരാമകൃഷ്ണൻ**

നിയമസഭാ സ്പീക്കർ
13,14 കേരള
നിയമസഭകളിൽ അംഗം


# ഉന്നതവിദ്യാഭ്യാസവും ദേശീയ വിദ്യാഭ്യാസനയവും

**മതേതരമായ വിദ്യാഭ്യാസം സാദ്ധ്യമാകുന്നത് ഈ ഫെഡറൽ വ്യവസ്ഥക്കകത്താണ്. ഇന്ത്യൻ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു സമൂഹമെന്ന നിലയ്ക്ക് കേന്ദ്രവിദ്യാഭ്യാസനയത്തെ അതേപടി ഏറ്റെടുക്കാൻ കേരളത്തിന് സാധിക്കില്ല. നയത്തിലെ സ്വീകാര്യവും പ്രായോഗികവും പുരോഗമനാത്മകവുമായ ഘടകങ്ങളെ കണ്ടെത്തി എങ്ങനെ അനുവർത്തിക്കാമെന്ന് ചിന്തിക്കേണ്ടതുണ്ട്.**



സർവകലാശാലകൾ എന്നത് കലാശാലകളുടെ അധികാരകേന്ദ്രം മാത്രമല്ല, വിജ്ഞാനവിതരണത്താലും തന്നെ, ഒരു പക്ഷേ അതിനേക്കാളേറെ വിജ്ഞാനോത്പാദന കേന്ദ്രം കൂടിയാണ് സർവ്വകലാശാലകൾ. കാലത്തിനൊത്ത് നീങ്ങുന്ന വിജ്ഞാനോത്പാദനവും വിജ്ഞാനവിതരണവുമാണ് സർവ്വകലാശാലകളെ പ്രസക്തങ്ങളാക്കുന്നത്. ഒരു സർവ്വകലാശാല, അത് പ്രധാനമായും ഗവേഷണ കേന്ദ്രമായിരിക്കണോ അതോ വിജ്ഞാനവിതരണ കേന്ദ്രമായിരിക്കണോ എന്ന വ്യക്തമായ തീരുമാനം വേണം. അവ സേവനമനുഷ്ഠിക്കുന്ന ചുറ്റുപാട് പരിഗണിക്കുകയും സവിശേഷ പദ്ധതികളിലൂടെ എങ്ങനെ ആ സമൂഹത്തിലിടപെടാമെന്ന് മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ട്. അന്താരാഷ്ട്രതലത്തിൽ വർത്തിക്കുന്നതിനും തൊഴിലവസരത്തിനുമുള്ള നയങ്ങളും മേൽപ്പറഞ്ഞ



സ്ഥാപനങ്ങൾക്ക് ഉണ്ടാകണം. പ്രവർത്തനങ്ങൾ ആസൂത്രിതവും സുസ്ഥിരവികസനം സാധ്യമാക്കുന്നതുമാവണം. സർവകലാശാല ഭരണസമിതിയോടൊപ്പം പൂർവ്വ വിദ്യാർത്ഥികൾക്കും സംരംഭകർക്കും മറ്റും ഈ നവീകരണത്തിലും സർവകലാശാല പ്രവർത്തനങ്ങളിലും സജീവമായ പങ്കാളിത്തം കാഴ്ചവയ്ക്കാനാകും. സംസ്ഥാനത്തിന്റെ ആവശ്യങ്ങളുമായി ചേർന്നുപോകുന്ന ഒരു ആസൂത്രണപദ്ധതി എല്ലാ സർവകലാ ശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉണ്ടാവേണ്ടതുണ്ട്.

അതുപോലെ തന്നെ, ഗവേഷണമടക്കമുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുക അത്യന്തം പ്രധാനപ്പെട്ട കാര്യമാണ്. അന്താരാഷ്ട്ര സർവ്വകലാശാലകളുമായി അനുരൂപമാക്കികൊണ്ട് കാര്യക്ഷമമായ ഒരു 'മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ്' സാധ്യമാക്കാം. മൊഡ്യൂളുകൾ പങ്കിട്ടും മൂല്യനിർണ്ണയ മാനദണ്ഡങ്ങളെ ഏകോപിപ്പിച്ചും സംയുക്തമായ ഗവേഷണങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും ദേശീയ-അന്തർദേശീയ സർവകലാശാലകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരസ്പരം വിനിമയം ചെയ്തും സഞ്ചരിച്ചും എല്ലാ രാജ്യാതിർത്തികൾക്കപ്പുറത്തേക്ക് വികസിക്കുന്ന ഒരു വിദ്യാഭ്യാസമണ്ഡലം സാധ്യമായി വരുന്ന കാലമാണിത്.

ലിബറൽ വിദ്യാഭ്യാസത്തിന്റെ അന്തർവൈജ്ഞാനിക സമീപനം കാര്യങ്ങളെ പല തട്ടിൽ അവലോകനം ചെയ്ത് സ്വന്തമായ നിഗമനങ്ങളും സമീപനങ്ങളും രൂപപ്പെടുത്താൻ വിദ്യാർത്ഥികളെ സഹായിക്കും. അതിന്റെ ഗുണദോഷങ്ങളും സാധ്യതകളും പരിശോധിച്ച്, അത്തരത്തിൽ എന്ത് പദ്ധതികളാണ് നമ്മുടെ സർവകലാശാലകളിൽ നടപ്പിലാക്കാൻ കഴിയുക എന്ന് ആലോചിക്കേണ്ടതുണ്ട്. ഒരു വിജ്ഞാന മേഖലയ്ക്കകത്ത് ഒതുങ്ങി നിന്നു കൊണ്ട് വികസിക്കാനാവുന്നതിന് ഇന്നത്തെ വിശാലമായ സാമൂഹിക-സാംസ്കാരിക അന്തരീക്ഷത്തിൽ പരിമിതികളുണ്ട്. കേന്ദ്രവിദ്യാഭ്യാസ നയത്തിൽ ഈ സമീപനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും പതിവു പോലെ പ്രായോഗിക ദർശനമില്ല.

സർവകലാശാല പദ്ധതികൾ സാമ്പത്തികമായ, പ്രായോഗികമാവുന്ന നിലയിൽ പുനസ്ഥാപിക്കപ്പെടണം. എല്ലാ സർവകലാശാലകളും, സംസ്ഥാന ബജറ്റിനെ മാത്രം ആശ്രയിക്കാതെ, വരുമാനം ഉണ്ടാക്കുന്നതിന് സ്വന്തമായ മാർഗ്ഗങ്ങൾ ആലോചിക്കണം. വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിച്ചുകൊണ്ടല്ല, മറിച്ച് നൂതനമായ പ്രോജക്ടുകളും പദ്ധതികളും സംരംഭങ്ങളും പേറ്റന്റുകളും വഴിയാണ് അത് സ്വരൂപിക്കുവാൻ കഴിയേണ്ടത്. അധ്യാപനം,

സർവകലാശാലയുടെ ഒരു പ്രധാന മേഖലയായി തുടരേണ്ടതുണ്ടെങ്കിലും വരും വർഷങ്ങളിൽ കൂടുതൽ ഗവേഷണങ്ങൾ, വിദഗ്ധോപദേശ സ്ഥാപനങ്ങളിൽ (കൺസൾട്ടൻസി), പരിശീലന പരിപാടികൾ തുടങ്ങിയവയ്ക്ക് സർവ്വകലാശാലകൾ ഊന്നൽ നൽകേണ്ടത് അത്യാവശ്യമാണ്. കൺസൾട്ടൻസി എന്നത് കുറ്റകരമായ ഒന്നല്ല. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സുപ്രധാന പങ്കുവഹിക്കുന്ന സർവകലാശാലകൾക്ക് ഉപരിപഠനത്തിനും തൊഴിൽ സാദ്ധ്യത സംബന്ധിച്ചും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനും പരിശീലനം നൽകാനും സാമൂഹികപുരോഗതിയിൽ ഭാഗഭാക്കാകാനും സാധിക്കും.

ഇതിനെല്ലാമായി സംഘടിതവും സുസ്ഥിരവും ആനുകാലികവുമായ പദ്ധതികൾ, സർവകലാശാലകൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഫാക്കൽറ്റികളുടെ ചുമതലയുള്ള ഡീൻമാർ പ്രോഗ്രാമുകൾ ആനുകാലികമായിരുന്നുവെന്നുറപ്പാക്കുകയും മൂന്ന് വർഷത്തിലൊരിക്കൽ പുനഃപരിശോധിക്കുകയും കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ വരുത്തുകയും വേണം. പഠനത്തിന് സാങ്കേതികവിദ്യകളെ കൂടുതൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട് എന്ന് ഇന്ന് നമുക്കറിയാം. കാര്യക്ഷമമാണോ എന്നും അതുപോലെ തന്നെ പ്രാപ്യമാണോ എന്നും കണക്കിലെടുത്ത് വേണം യൂണിവേഴ്സിറ്റികൾ ഓൺലൈൻ പഠനത്തിന്റെ നേട്ടങ്ങളെ അവലംബിക്കാൻ. ഓൺലൈൻ എന്നതുകൊണ്ട് 'കാമ്പസിന് പുറത്ത്' എന്നല്ല അർത്ഥമാക്കുന്നത്.

ഒരു വിഭാഗത്തിലെ യഥാർത്ഥ കോൺടാക്ട് സെഷനുകളുടെ പ്രയോജനത്തോടൊപ്പം വിദഗ്ധർ നൽകിയ ഏകകാലികമല്ലാത്ത സെഷനുകളുടെ പ്രയോജനത്തെ സംയോജിപ്പിക്കുന്നതിനുള്ള മാധ്യമമാകാൻ ഓൺലൈനിന് കഴിയും. പുതിയ ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ (ഡി.യു) സംസ്ഥാനത്തെ ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ കേന്ദ്രമാക്കി മാറ്റാം. ഉള്ളടക്കത്തിന്റെ ഒരു പൊതുസഞ്ചയം, ഉള്ളടക്കം നിർമ്മിക്കാനുള്ള സംവിധാനങ്ങൾ, കേന്ദ്ര സാങ്കേതിക സംവിധാനത്തിന്റെ നവീകരണം, ഏറ്റവും പുതിയ സാങ്കേതിക പരിഹാരങ്ങൾ, ഡിജിറ്റൽ പെഡഗോജിക് (ബോധനപരമായ) സമീപനങ്ങൾ, സംസ്ഥാനത്തുടനീളമുള്ള ഫാക്കൽറ്റി അംഗങ്ങളുടെ ശേഷി വർദ്ധിപ്പിക്കൽ എന്നിവ അവരുടെ ഉത്തരവാദിത്തമാകും. ചെന്നൈ ഐ.ഐ.ടിയിൽ സ്ഥാപിച്ച NPTEL പോലെ ഡിജിറ്റൽ സർവകലാശാലയ്ക്ക് പ്രവർത്തിക്കാനാകും. ഉള്ളടക്കം നിർമ്മിക്കുന്നതിനെക്കാൾ മികച്ച ഉള്ളടക്കം ലഭ്യമാക്കാൻ ഡിജിറ്റൽ യൂണിവേഴ്സിറ്റി ലോകമെമ്പാടുമുള്ള സർവകലാശാലകളെ ഏകോപിപ്പിക്കണം.

മേൽപ്പറഞ്ഞ പല കാര്യങ്ങളും കേന്ദ്രവിദ്യാഭ്യാസനയത്തിൽ നിർദ്ദേശിക്കുന്നുണ്ട്. 18 വയസ്സു വരെയുള്ള വിദ്യാഭ്യാസം നിർബന്ധിതമാക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. എന്നാൽ 5+3+3+4 എന്ന ഘടന കേരളത്തെ സംബന്ധിച്ച് ആകെ




അനിച്ഛപണികൾ വേണ്ടുന്ന ഒന്നാണ്. അധ്യാപകരുടെ യോഗ്യതയും സർവീസും ശമ്പളവ്യവസ്ഥകളും നിരവധി വെല്ലുവിളികൾ ഈ കാര്യത്തിലുണ്ട്. അതിനെല്ലാമപ്പുറം നിലവിലുള്ള 10+2 എന്ന ഘടന കാര്യക്ഷമമായി നടന്നുകൊണ്ടിരിക്കുകയും പൊതു വിദ്യാഭ്യാസരംഗത്ത് വലിയ പുരോഗതി തന്നെ ഉണ്ടായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അതിൽ നിന്ന് മാറി വീണ്ടുമൊരു പരീക്ഷണത്തിന്റെ ആവശ്യകതയുണ്ടോ എന്നതൊരു ചോദ്യമാണ്. മാത്രമല്ല, കേന്ദ്രനയം നിർദ്ദേശിച്ചിരിക്കുന്ന ഘടനയിൽ നാല് പ്രധാന പരീക്ഷകൾ ഉണ്ടായിരിക്കും. 10+2 എന്ന ഘടനയിലെ രണ്ട് പ്രധാന പരീക്ഷകളിൽ കുട്ടികൾ നേരിടുന്ന മാനസികസംഘർഷങ്ങൾ ലഘൂകരിക്കാൻ ആലോചനകൾ നടക്കുന്ന സാഹചര്യത്തിൽ ഈ പുതിയ ഘടന കുട്ടികളെ എങ്ങനെ ബാധിക്കും, കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഏത് വിധമായിരിക്കുമെന്നെല്ലാം ഉള്ളത് ചിന്തിക്കേണ്ട കാര്യമാണ്. കുട്ടികളുടെ കൊഴിഞ്ഞുപോക്കിനെ കുറിച്ചോ വിദ്യാഭ്യാസ മേഖലയിൽ പെൺകുട്ടികൾക്കുണ്ടാകുന്ന വിവേചനങ്ങളെക്കുറിച്ചോ ഒന്നും തന്നെ ആഴത്തിലുള്ള ചിന്തകൾ കേന്ദ്രനയത്തിലില്ല എന്നത് ഖേദകരമാണ്. മാത്രമല്ല, വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന ഒന്നാണ് ഈ നയമെന്നിരിക്കെ ജാതീയവും വംശീയവും വർഗ്ഗീയവും ലിംഗപരവുമായ വിവേചനങ്ങളിൽ നിന്ന് മുക്തമായ ഒരു വിദ്യാഭ്യാസമോ പരീക്ഷകളോ ഉറപ്പാക്കാൻ കഴിയുമോ എന്നത് ഗുരുതരമായ പ്രശ്നമാണ്.



അഞ്ചാം ക്ലാസു വരെ അതത് പ്രാദേശിക ഭാഷകളിൽ വിദ്യാഭ്യാസം എന്ന് പറയുമ്പോഴും ഭിന്നഭാഷക്കാരായ മാതാപിതാക്കളുള്ള കുട്ടികളുടെ കാര്യത്തിൽ, വിവിധ ഭാഷകൾ മാതൃഭാഷകളായിട്ടുള്ളവരുള്ള അതിർത്തിപ്രദേശങ്ങളിലെ വിദ്യാലയങ്ങളുടെ കാര്യത്തിൽ, ഇടയ്ക്കിടെ ട്രാൻസ്ഫർ ലഭിക്കുന്ന ജോലിക്കാരുടെ മക്കളുടെ കാര്യത്തിലൊക്കെ അതെത്രത്തോളം സ്വീകാര്യമാവുമെന്ന പ്രശ്നമുണ്ട്. പ്രാദേശികഭാഷയ്ക്ക് കഴിയുന്നതും മുൻഗണന നൽകുക എന്ന നയമായിരിക്കും പ്രായോഗികം. കേന്ദ്രനയം അങ്ങനെ പറയുമ്പോഴും , കേരളത്തിലെ കേന്ദ്രീയ വിദ്യാലയങ്ങളിലെ അഞ്ചാം ക്ലാസ് വരെയുള്ള പഠനമാധ്യമം ഏതായിരിക്കുമെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. മാതൃഭാഷ കൂടാതെ, ഇന്ത്യയിലെ വ്യത്യസ്തഭാഷകളെ പരിചയപ്പെടാൻ കുട്ടികൾക്കവസര മൊരുക്കുമ്പോൾ അത് ഇന്ത്യയുടെ ബഹുസ്വരപാരമ്പര്യത്തെ മനസ്സിലാക്കാൻ ഉതകുന്നതാണെന്നും ഗോത്രഭാഷകളടക്കമുള്ള എല്ലാ ഭാഷകൾക്കും പ്രാതിനിധ്യമുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്. സംസ്കൃതം വൈജ്ഞാനിക സമ്പത്തുള്ള ഭാഷ തന്നെയാണ്. എന്നാൽ അതിന് നൽകുന്ന പ്രാമാണ്യത്തെയും ഊന്നലിനെയും ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ അത്ര നിഷ്കളങ്കമായി കാണാനാകില്ല

യു.ജി.സി. ക്ക് വരുത്തിയ മാറ്റങ്ങളടക്കം ഉന്നതവിദ്യാഭ്യാസരംഗത്ത് നിർദ്ദേശിച്ച കാര്യങ്ങൾ അഫിലിയേറ്റഡ് കോളേജുകളെ സംബന്ധിച്ച് ഒന്നുകിൽ ഓട്ടോണമസ് ആക്കുക, അല്ലെങ്കിൽ യൂണിവേഴ്സിറ്റിയുടെ ഭാഗമാക്കുക എന്ന രണ്ട് തിരഞ്ഞെടുപ്പുകളിലേക്ക് കാര്യങ്ങളെ പരിമിതപ്പെടുത്തുന്നുണ്ട്. ഇത് ഫലത്തിൽ ബി.എഡ്. കോളേജുകളടക്കം പല കോളേജുകളും പൂട്ടുന്ന സ്ഥിതിവിശേഷം ഉണ്ടാക്കുകയും വലിയ തൊഴിൽ പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്യും. കോളേജുകളുടെ സ്വയംഭരണാവകാശം, സാധാരണക്കാരായവർക്ക് സാമ്പത്തികമായി എത്രത്തോളം പ്രാപ്യമാകുമെന്നും പ്രശ്നമാണ്. പല ഘട്ടത്തിൽ പഠിപ്പ് മുടങ്ങിപ്പോകുന്ന കുട്ടികൾക്ക്, പ്രത്യേകിച്ച് പെൺകുട്ടികൾക്ക് കേന്ദ്രവിദ്യാഭ്യാസനയത്തിലെ പല നിർദ്ദേശങ്ങളും വളരെ ഉപകാരപ്രദമാണെന്നും പറയട്ടെ. അങ്ങനെ സമ്മിശ്രമായ പ്രതികരണം ഈ നയം സാധ്യമാക്കുന്നുണ്ട്. ഏകീകൃതമായ നയപരിപാടികൾ കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിദ്യാഭ്യാസത്തിൽ കൊണ്ടുവരുന്നതും ഏകീകൃതമായ ടെക്സ്റ്റ് ബുക്ക് എന്ന ആശയവും ഫെഡറൽ മൂല്യത്തെ നിഷേധിക്കുന്നു. മതേതരമായ വിദ്യാഭ്യാസം സാധ്യമാകുന്നത് ഈ ഫെഡറൽ വ്യവസ്ഥകൊണ്ടാണ്. ഇന്ത്യൻ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഒരു സമൂഹമെന്ന നിലയ്ക്ക് കേന്ദ്രവിദ്യാഭ്യാസനയത്തെ അതേപടി ഏറ്റെടുക്കാൻ കേരളത്തിന് സാധിക്കില്ല. നയത്തിലെ സ്വീകാര്യവും പ്രായോഗികവും പുരോഗമനാത്മകവുമായ ഘടകങ്ങളെ കണ്ടെത്തി എങ്ങനെ അനുവർത്തിക്കാമെന്ന് ചിന്തിക്കേണ്ടതുണ്ട്.



**പിണറായി വിജയൻ**

മുഖ്യമന്ത്രി

4,5,9,10,14 കേരള നിയമസഭകളിൽ അംഗം 1996-1998 വർഷത്തിൽ വൈദ്യുതിയും സഹകരണവും വകുപ്പുമന്ത്രി

# ഇന്നലെയേക്കാൾ മികച്ച നാളെയിലേക്ക്



കോവിഡ് 19 മഹാമാരിക്കെതിരെയുള്ള പോരാട്ടം അനുസ്യൂതം തുടരുന്നതിനിടയിൽ പ്രളയ ഭീഷണിയേയും നമുക്ക് അഭിമുഖീകരിക്കേണ്ടി വന്നു. ഇടുക്കിയിലെ ഉരുൾ പൊട്ടലിലും കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ അപകടത്തിലും നിരവധി ജീവനുകൾ നമുക്ക് നഷ്ടമായി. എങ്കിലും, ഈ പ്രതിസന്ധികൾക്ക നടുവിലും ജനക്ഷേമ പ്രവർത്തനങ്ങളും വികസന പദ്ധതികളും കാലതാമസം നേരിടാതെ മുൻപോട്ട് കൊണ്ടുപോകാനും, ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും സർക്കാർ അതീവ ശ്രദ്ധ പുലർത്തുകയുണ്ടായി.

## കോവിഡ് 19 ന് എതിരെയുള്ള പോരാട്ടം

ഈ മഹാമാരിക്കെതിരെയുള്ള പോരാട്ടം ഒരു മാരത്തോൺ ഓട്ടത്തിനു സമാനമാണെന്ന് ഞാൻ മുൻപൊരിക്കൽ പറഞ്ഞിരുന്നു. എല്ലാത്തിലുമുപരി നമ്മുടെ സഹനശക്തി കഠിനമായി പരീക്ഷിക്കപ്പെടുന്നു. അതുകൊണ്ടുതന്നെയാണ് അതിലെ ഓരോ ഘട്ടവും പ്രധാനപ്പെട്ടത്. ഇന്ത്യയൊട്ടാകെ ലോക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞിട്ടും രാജ്യത്തിന്റെ മറ്റു പ്രദേശങ്ങളിലുണ്ടായതുപോലെ കേരളത്തിൽ രോഗവ്യാപനം ഇതുവരെ ഉച്ചസ്ഥായിയിലെത്തുകയുണ്ടായില്ല. 'കേസ് ഫെറ്റാലിറ്റി റേറ്റ്' ഗണ്യമായി കുറയ്ക്കാനും 'ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ്' രാജ്യത്ത് തന്നെ മികച്ച നിലയിൽ നിലനിർത്താനും നമുക്ക് സാധിക്കുന്നു. കോണ്ടാക്ട് ടെയ്സിംഗ് നമ്മളിപ്പോഴും മുന്നോട്ട് കൊണ്ടുപോകുന്നു. സെക്കണ്ടറി കോണ്ടാക്ടുള്ളവർക്ക പോലും ക്വാറന്റൈൻ നിർബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുന്നു.



കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും സ്പെഷ്യലൈസ്ഡ് കോവിഡ് ആശുപത്രികളും സജ്ജമാക്കിക്കൊണ്ട് ഈ മഹാമാരിക്കെതിരെയുള്ള പ്രതിരോധത്തെ നമ്മൾ കൂടുതൽ ശക്തമാക്കുകയാണ് ചെയ്തത്. മനുഷ്യരുടെ ജീവനും ജീവിതവും സുരക്ഷിതമാക്കുക എന്നതാണ് ഇപ്പോൾ നമ്മുടെ പ്രധാന ലക്ഷ്യം. പുതിയ കേസുകൾ റിപ്പോർട്ട് ചെയ്യുന്നിടങ്ങളിൽ നിയന്ത്രണങ്ങൾ ശക്തമാക്കുന്നു. രോഗവ്യാപനം തടയാൻ ഇത് സഹായകരമാകുന്നു. അതേ സമയം ആളുകളുടെ ജീവിതവും മുന്നോട്ട് പോയേ തീരൂ. അതിനാൽ കോവിഡ് പ്രോട്ടോക്കോളുകൾ ഉറപ്പുവരുത്തിക്കൊണ്ട് സാമൂഹ്യ-സാമ്പത്തിക ജീവിതം നയിക്കാൻ സഹായകരമായ അന്തരീക്ഷം ഉറപ്പുവരുത്താനാണ് ശ്രമിക്കുന്നത്. ദൈനംദിന ജീവിതവും ജീവനോപാധികളും മുന്നോട്ട് കൊണ്ടുപോകാൻ ജനങ്ങളെ ഈ വിധത്തിൽ സഹായിക്കുന്ന നിലപാടാണ് സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.

കേന്ദ്രീകൃതമായ ഒരു സംവിധാനത്തെക്കാൾ, ഇന്നത്തെ സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് കേന്ദ്രവും സംസ്ഥാനങ്ങളും ഉത്തരവാദിത്തങ്ങൾ പങ്കിട്ടുകൊണ്ടുള്ള ഒരു യഥാർത്ഥ ഫെഡറൽ സംവിധാനമാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്.

ജനങ്ങളുടെ സർവാത്മനായുള്ള പിന്തുണ കൊണ്ടു മാത്രമാണ് നമുക്ക് ഫലപ്രദമായ രീതിയിൽ കാര്യങ്ങൾ നടപ്പിലാക്കാൻ സാധിച്ചത്. സഹായഹസ്തവുമായി മുന്നോട്ട് വരാനുള്ള ജനങ്ങളുടെ സന്നദ്ധതയാണ് മുമ്പുണ്ടായതുൾപ്പെടെയുള്ള ദുരന്തങ്ങളെയെല്ലാം അതിജീവിക്കാൻ കേരളത്തെ പ്രാപ്തമാക്കിയത്. സർക്കാർ സംവിധാനങ്ങളുടെ ഭാഗത്ത് നിന്നുണ്ടായ മുൻകൂട്ടിയുള്ള ഒരുക്കങ്ങളും, മികച്ച ഏകോപനവും സഹകരണവും, കൃത്യസമയത്തുള്ള ദുരിതാശ്വാസ സഹായങ്ങളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും, ശക്തമായ പൊതു ആരോഗ്യസംവിധാനങ്ങളും ഈ മഹാമാരിക്കെതിരെ ഫലപ്രദമായ പ്രതിരോധം ഉയർത്താൻ കേരളത്തിനു കരുത്തു പകർന്നു. ഈ പോരാട്ടത്തിൽ പ്രയോജനപ്രദമാകുന്ന ഒരു സാധ്യതയും നമ്മൾ ഉപയോഗിക്കാതെ വിട്ടിട്ടില്ല.

## കാലവർഷം വിതച്ച നാശങ്ങൾ

ഇരട്ട ദുരന്തങ്ങളുടേയും പകർച്ചവ്യാധികളുടെയും വെള്ളപ്പൊക്ക ഭീഷണിയുടെയും പശ്ചാത്തലത്തിൽ നാം പിടിച്ചുനിന്നത് കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നേരത്തെ തന്നെ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചുകൊണ്ടാണ്. പ്രോട്ടോക്കോൾ അനുസരിച്ച് ദുരന്തബാധിത പ്രദേശങ്ങളിൽ നിന്ന് ആളുകളെ മുൻകൂട്ടി ഒഴിപ്പിക്കുകയും ചെയ്തു. കുട്ടനാട് വെള്ളപ്പൊക്കം ഉണ്ടായിട്ടും ജനജീവിതത്തെ അതു പതിവുപോലെ ബാധിച്ചില്ല. പമ്പയിലെ എക്കലും അവശിഷ്ടങ്ങളും



നീക്കം ചെയ്യലും തോട്ടപ്പള്ളിയിൽ നദീമുഖത്തിന്റെ വീതിയും ആഴവും കൂട്ടിയതും വെള്ളപ്പൊക്കം സംഭവിക്കാതിരിക്കാൻ സഹായകരമായി. ചില നിക്ഷിപ്ത താൽപ്പര്യക്കാരിൽ നിന്നും രൂക്ഷമായ കുപ്രചരണവും പ്രതിഷേധവും ഇതിനെതിരെ നടന്നിട്ടും ജനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുന്ന കാര്യത്തിൽ സർക്കാർ യാതൊരു വിട്ടുവീഴ്ചയും തയ്യാറായില്ല. സംസ്ഥാനത്തിന്റെയും ഇവിടത്തെ ജനങ്ങളുടെയും ക്ഷേമം മുൻനിർത്തിയാണ് സർക്കാർ കൃത്യസമയത്ത് പ്രവർത്തിച്ചതെന്ന് കാലം തെളിയിച്ചു. മണ്ണിടിച്ചിൽ പോലുള്ള നിർഭാഗ്യകരവും പ്രവചനാതീതവുമായ സംഭവങ്ങൾ ജീവൻ അപഹരിച്ചു. എന്നിരുന്നാലും ഇത്തവണ കാലവർഷത്തെ ഫലപ്രദമായി കൈകാര്യം ചെയ്യാനും വലിയ നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്നുറപ്പുവരുത്താനും സംസ്ഥാനത്തിനു കഴിഞ്ഞു.

## ഊർജ്ജിതമായ സർക്കാർ ഇടപെടലുകൾ

സുഭിക്ഷ കേരളം, വ്യവസായ ഭദ്രത പോലുള്ള കാർഷിക സ്വയംപര്യാപ്തതയും ഉപജീവനമാർഗ്ഗവും



സംരക്ഷിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള സർക്കാരിന്റെ പദ്ധതികളെക്കുറിച്ച് പലപ്പോഴായി പരാമർശിച്ചിട്ടുണ്ട്. 20,000 കോടി രൂപ വരുന്ന ഒരു പ്രത്യേക കോവിഡ് 19 പാക്കേജ് നേരത്തെ പ്രഖ്യാപിച്ചിരുന്നു. മടങ്ങി വരുന്ന പ്രവാസികളുടെ നൈപുണ്യങ്ങൾ ഉപയോഗിച്ചുകൊണ്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭകത്വത്തിനുള്ള അവസരങ്ങൾ ഒരുക്കുന്നതിനുമായി 'ഡ്രീം കേരളം' പ്രോജക്ട് സംസ്ഥാന സർക്കാർ നടപ്പാക്കുകയാണ്.

കോവിഡ് 19 പാൻഡെമിക് സൃഷ്ടിച്ച പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ആരോഗ്യം പോലുള്ള സാമൂഹിക മേഖലകളിൽ സർക്കാർ നടത്തേണ്ട ഇടപെടലുകളെ കുറിച്ച് പുനർ വിചിന്തനം ആവശ്യമായി വന്നിരിക്കുന്നു. സ്വതന്ത്ര കമ്പോളത്തിന്റെ വക്താക്കൾക്കിടയിൽ പോലും ഗവൺമെന്റുകളുടെ ഇടപെടൽ കൂടുതൽ ശക്തമാകേണ്ടതുണ്ടെന്ന വാദം ഉയർന്നു വരുന്ന സാഹചര്യമാണിപ്പോഴുള്ളത്.

ആരോഗ്യസംരക്ഷണത്തിനുള്ള പൊതുനിക്ഷേപവും അധികാരം നൽകപ്പെട്ട പ്രാദേശിക സർക്കാരുകളുമായുള്ള പങ്കാളിത്ത ഭരണ രീതിയും പകർച്ചവ്യാധിയുടെ ലഘൂകരണത്തിന് എങ്ങനെ സഹായിക്കുമെന്ന് കേരളത്തിന്റെ അനുഭവം കാണിക്കുന്നു. കേന്ദ്രീകൃതമായ ഒരു സംവിധാനത്തെക്കാൾ, ഇന്നത്തെ സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് കേന്ദ്രവും സംസ്ഥാനങ്ങളും ഉത്തരവാദിത്തങ്ങൾ പങ്കിട്ടുകൊണ്ടുള്ള ഒരു യഥാർത്ഥ ഫെഡറൽ സംവിധാനമാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്. ധനപരമായ യാഥാസ്ഥിതികത അവസാനിപ്പിക്കുന്ന കാലഘട്ടമായിരിക്കണം ഇത്. പൗരന്മാരുടെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നിവയ്ക്ക് പ്രാഥമിക പരിഗണന ലഭിക്കണം. പൗരന്മാരില്ലെങ്കിൽ ഒരു രാജ്യമില്ലെന്ന കാര്യം നാം ഓർമ്മിക്കേണ്ടതുണ്ട്. രാജ്യത്തിന്റെ ക്ഷേമം യഥാർത്ഥത്തിൽ അതിന്റെ പൗരന്മാരുടെ ക്ഷേമത്തിലാണ് സ്ഥിതി ചെയ്യുന്നത്.

## തിരിഞ്ഞുനോട്ടം

സാമൂഹിക മേഖലകളിൽ കൈവരിച്ച നേട്ടങ്ങളിൽ ഊന്നി നിന്നുകൊണ്ട് കാർഷിക വ്യവസായിക മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ കൂടുതൽ മികവിലേയ്ക്ക് നയിക്കാൻ കഴിഞ്ഞ നാലുവർഷം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കാനും യുവാക്കൾക്ക് സംസ്ഥാനത്ത് തന്നെ ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു. ജ്ഞാനാധിഷ്ഠിത സേവന മേഖലയെ വളർത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ കൂടുതൽ പരിപോഷിപ്പിക്കാൻ ഉള്ള കരുത്ത് കേരളത്തിന്റെ മാനവവിഭവ ശേഷിക്കുണ്ട്. ഈ സാധ്യതകൾ മുൻകൂട്ടി കണ്ടുകൊണ്ട് കേരള സമ്പദ്‌വ്യവസ്ഥയുടെ ഭാവി കരുപ്പിടിപ്പിക്കുന്നതിനാവശ്യമായ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായാണ്





> അസാധ്യമെന്ന് കരുതിയിരുന്ന പല പദ്ധതികളും ഈ സർക്കാർ സാക്ഷാത്കരിച്ചു. അക്കൂട്ടത്തിൽ പെട്ട ബൃഹത് പദ്ധതികളിലൊന്നാണ് ഗെയിൽ പൈപ്പ് ലൈൻ പദ്ധതി.

വൈദ്യുത വാഹനങ്ങളുടെ നിർമ്മാണവും, സൗരോർജ്ജത്തിന്റെ പ്രചാരവും, ഐടി ബയോടെക്നോളജി മേഖലകളിലെ വ്യവസായങ്ങളുടെ വളർച്ചയും പ്രാമുഖ്യത്തോടെ ഏറ്റെടുത്തിരിക്കുന്നത്.

അസാധ്യമെന്ന് കരുതിയിരുന്ന പല പദ്ധതികളും ഈ സർക്കാർ സാക്ഷാത്കരിച്ചു. അക്കൂട്ടത്തിൽ പെട്ട ബൃഹത് പദ്ധതികളിലൊന്നാണ് ഗെയിൽ പൈപ്പ് ലൈൻ പദ്ധതി. [illegible] വീടുകളിലേയ്ക്ക് ഗ്യാസ് കണക്ഷൻ കുറഞ്ഞ ചിലവിൽ നൽകാൻ ഈ പദ്ധതി പ്രയോജനം ചെയ്യും.കൊച്ചി മുതൽ മംഗലാപുരം വരെയുള്ള ലൈൻ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ഇടമൺ-കൊച്ചി പവർ ഹൈവേയുടെ പൂർത്തീകരണമാണ് മറ്റൊരു പ്രധാന നേട്ടം. ഇതുവഴി സംസ്ഥാനത്ത് തടസ്സരഹിതമായ വൈദ്യുതി വിതരണം സാധ്യമാകും. അസാധ്യമെന്ന് കരുതിയിരുന്ന മറ്റൊരു പ്രധാന പദ്ധതി ദേശീയപാത നാലുവരിയാക്കുന്നതായിരുന്നു. എന്നാൽ, അതിനാവശ്യമായ ഭൂമിയേറ്റെടുക്കൽ പൂർത്തിയാക്കുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കാൻ ആവശ്യമായ ചിലവിന്റെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കാൻ സന്നദ്ധമായതോടെയാണ് ഇത് സാധ്യമായത്. പ്രവൃത്തികൾ പൂർത്തിയായാൽ സംസ്ഥാനത്ത് ബ്രോഡ്ബാന്റ് വിപ്ലവം തന്നെ സൃഷ്ടിക്കാൻ പോകുന്ന പദ്ധതിയാണ് കെ-ഫോൺ.

56,000 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ നിലവിൽ വിവിധ ഘട്ടങ്ങളിലാണ്. തീരദേശ ഹൈവേ, മലയോര ഹൈവേ, ദേശീയ ജലപാത വികസനം എന്നിവ നമ്മുടെ സർക്കാർ ഏറ്റെടുക്കുന്ന ചില പ്രധാന പദ്ധതികളാണ്. നമ്മുടെ സർക്കാർ പൂർത്തീകരിച്ച രണ്ട് പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് കണ്ണൂർ വിമാനത്താവളവും

കൊച്ചി മെട്രോയും. അടിസ്ഥാന സൗകര്യ വികസനത്തിനായി പുതിയ ദീർഘകാലപദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. അവയിലൊന്നാണ് സെമി ഹൈ സ്പീഡ് റെയിൽ പദ്ധതി അല്ലെങ്കിൽ കെ. റെയിൽ. റെയിൽവേയുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിക്ക് 66,000 കോടി രൂപ ചെലവു വരും. പൂർത്തിയായാൽ തിരുവനന്തപുരത്ത് നിന്ന് നാല് മണിക്കൂറിനുള്ളിൽ മിതമായ നിരക്കിൽ കാസർകോഡിലെത്താൻ നമുക്ക് സാധിക്കും.

## ക്ഷേമത്തിന്റെ പാതയിലൂടെ മുന്നോട്ട്

കേരളബാങ്ക് യാഥാർത്ഥ്യമാക്കുക വഴി സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്കായി നിലകൊള്ളാൻ കഴിയുന്ന ഒരു ധനകാര്യസ്ഥാപനം കേരളത്തിന് സ്വന്തമായി. പൊതുമേഖല ഉറപ്പാക്കിക്കൊണ്ട് തകർച്ചയുടെ വക്കിലെത്തിയ പൊതുമേഖലാ സ്ഥാപനങ്ങളെ സർക്കാർ സംരക്ഷിക്കുകയും ലാഭത്തിലാക്കുകയും ചെയ്തു. പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുകയും അവയെ വിപണിയിലെ മത്സരം നേരിടാൻ



പ്രാപ്തമാക്കുകയും ചെയ്തു. അവയിലെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കയും ചെയ്തു.

കഴിഞ്ഞ നാല് വർഷത്തിനിടയിൽ അഞ്ച് ലക്ഷം വിദ്യാർത്ഥികൾ പൊതു വിദ്യാലയങ്ങളിൽ ചേർന്നതിൽ നിന്നും നമ്മുടെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിജയം വ്യക്തമാണ്. കൈറ്റ്വിക്ടേഴ്സ് വഴി ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം നഷ്ടപ്പെടുന്നില്ലെന്നും ഈ പകർച്ചവ്യാധി കാരണം അവരുടെ ഭാവി അപകടത്തിലാകില്ലെന്നും സർക്കാർ ഉറപ്പാക്കി. ആർദ്രം മിഷൻ നമ്മുടെ ആരോഗ്യമേഖലയെ മാറ്റിമറിച്ചു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി നവീകരിച്ചു.

> സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിൽ നമ്മുടെ സർക്കാർ രാജ്യത്തിന് തന്നെ മാതൃകയായി മാറി. 2.25 ലക്ഷത്തിലധികം ഭവനരഹിതരായ കുടുംബങ്ങൾക്കായി ലൈഫ് മിഷൻ വഴി വീടുകൾ നിർമ്മിച്ചു. ഒന്നര ലക്ഷം പേർക്ക് പട്ടയം നൽകി.

മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളെ കൂടുതൽ രോഗീ സൗഹൃദമാക്കി. നമ്മുടെ പരിസ്ഥിതി സംരക്ഷിക്കാനും കാർഷികോൽപാദനം വർദ്ധിപ്പിക്കാനും ഹരിതകേരളം മിഷൻ വലിയ തോതിൽ സഹായിച്ചിട്ടുണ്ട്. നെൽകൃഷി 1.7 ലക്ഷം ഹെക്ടറിൽ നിന്ന് 2.02 ലക്ഷം ഹെക്ടറായി ഉയർത്തി. പാൽ, മുട്ട, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന്റെ വക്കിലെത്തി നിൽക്കുകയാണ്.

സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിൽ നമ്മുടെ സർക്കാർ രാജ്യത്തിന് തന്നെ മാതൃകയായി മാറി. 2.25 ലക്ഷത്തിലധികം ഭവനരഹിതരായ കുടുംബങ്ങൾക്കായി ലൈഫ് മിഷൻ വഴി വീടുകൾ നിർമ്മിച്ചു. ഒന്നര ലക്ഷം പേർക്ക് പട്ടയം നൽകി. കൃത്യസമയത്ത് അവ വിതരണം ചെയ്യുന്നു. സാമൂഹിക സുരക്ഷാ പെൻഷൻ 600 രൂപയിൽ നിന്ന് 1300 രൂപയായി ഉയർത്തി. 45 ലക്ഷം പേർക്കാണ് ഇപ്പോൾ പെൻഷൻ ലഭിക്കുന്നത്. 2015–2016 ൽ 33.99 ലക്ഷം പേർക്ക് പെൻഷൻ ലഭിച്ചപ്പോൾ, 2019-20-ൽ ഇത് 48.91 ലക്ഷമായിരുന്നു. 2011-2016 കാലയളവിൽ 8,429 കോടി രൂപ സാമൂഹ്യ സുരക്ഷാ പെൻഷനായി വിതരണം ചെയ്തപ്പോൾ, നമ്മുടെ സർക്കാർ സാമൂഹ്യ പെൻഷനായി ഇതുവരെ വിതരണം ചെയ്തത് 23,255 കോടി രൂപയാണ്.

ഈ വർഷം ഓണത്തിന് ഓരോ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവിനും 2,600 രൂപയും സംസ്ഥാനത്തെ 88 ലക്ഷം റേഷൻ കാർഡ് ഉടമകൾക്ക് ഓണം കിറ്റും വിതരണം ചെയ്തു. ആളുകളുടെ കയ്യിൽ പണം എത്തിച്ചുകൊണ്ട് കോവിഡ് 19 സൃഷ്ടിക്കുന്ന പ്രതിസന്ധിയെ മറികടക്കാൻ ജനങ്ങളെ സഹായിക്കുകയാണ് സംസ്ഥാന സർക്കാർ. വാക്സിനുകളുടെയും മറ്റ് ശാസ്ത്രീയ രീതികളുടെയും സഹായത്തോടെ വരും മാസങ്ങളിൽ ഈ മഹാമാരിയെ തടഞ്ഞു ചെയ്യാമെന്നാണ് നാം പ്രതീക്ഷിക്കുന്നത്. ഈ പ്രതിസന്ധിയെ പൂർണ്ണമായി അതിജീവിക്കുന്ന ഘട്ടത്തിൽ ഒരു വലിയ കുതിച്ചുചാട്ടം നടത്താനായി കേരളം തയ്യാറാകുകയാണ്.


# ഉമ്മൻചാണ്ടി എന്ന അപൂർവ്വ പ്രതിഭാസം




**രമേശ് ചെന്നിത്തല**

പ്രതിപക്ഷ നേതാവ്
7,8,13,14 കേരള നിയമസഭകളിൽ അംഗം.
1986-87 വർഷങ്ങളിൽ ഗ്രാമ വികസന വകുപ്പ് മന്ത്രി
2014-2016 കാലയളവിൽ ആഭ്യന്തര വകുപ്പ് മന്ത്രി


**വിദ്യാർത്ഥി നേതാവായിരുന്ന കാലം മുതൽക്ക് തന്നെ വളരെ നൂതനവും, ജനകീയവുമായ ആശയങ്ങളെ താലോലിക്കാനും അവയെല്ലാം പ്രവൃത്തി പഥത്തിൽ കൊണ്ടുവരാനും ഉമ്മൻചാണ്ടി ബദ്ധ ശ്രദ്ധനായിരുന്നു. പിന്നീട് മന്ത്രിയും മുഖ്യമന്ത്രിയുമായപ്പോഴെല്ലാം അദ്ദേഹം അത് തുടർന്നു.**



കേരള രാഷ്ട്രീയത്തിലെ അപൂർവ്വ പ്രതിഭാസമാണ് ഉമ്മൻചാണ്ടി. അമ്പതു വർഷം ഒരേ മണ്ഡലത്തിൽ നിന്ന് തുടർച്ചയായി തിരഞ്ഞെടുക്കപ്പെട്ടുവെന്നതുകൊണ്ട് മാത്രമല്ല അത്തരത്തിലൊരു വിശേഷണത്തിന് അദ്ദേഹം അർഹനാകുന്നത്. പ്രശ്നങ്ങളിലും പ്രതിസന്ധികളിലും നട്ടം തിരിഞ്ഞ് പരിഹാരമാർഗം തേടി അദ്ദേഹത്തിന്റെ അടുത്തെത്തുന്നവർക്കാർക്കും നിരാശരായി മടങ്ങിപ്പോകേണ്ടിവരില്ല എന്നത് കൊണ്ടുകൂടിയാണത്. ഏത് സ്ഥാനത്തിരുന്നാലും, സ്ഥാനങ്ങളൊന്നുമില്ലെങ്കിലും തന്നെ ആശ്രയിക്കുന്ന ഏത് വ്യക്തിക്കും അത്താണിയാകാൻ കഴിയുന്നു എന്നതാണ് ഉമ്മൻചാണ്ടി എന്ന നേതാവിന്റെ പ്രത്യേകത. സേവനത്തിന്റെയും കരുണയുടെയും രാഷ്ട്രീയമാണ് (Compassionate Politics) ഉമ്മൻചാണ്ടി എന്നും ഉയർത്തിപ്പിടിച്ചത്. മുഖ്യമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം നടത്തിയ ജനസമ്പർക്ക പരിപാടിയുടെ ചാലക ശക്തിയും സേവനത്തിന്റെ അഥവാ കരുണയുടെ രാഷ്ട്രീയമായിരുന്നു. ഒരു ഭരണകർത്താവിന് തന്നിൽ നിക്ഷിപ്തമായ അധികാരത്തെ പല വിധത്തിൽ ഉപയോഗിക്കാം. എന്നാൽ പ്രതിസന്ധിയിലും ദുരിതത്തിലും പെട്ടുഴലുന്ന മനുഷ്യരുടെ കണ്ണീരൊപ്പാൻ തന്റെ അധികാരമുപയോഗിക്കുമ്പോഴാണ് ആ വ്യക്തി ജനഹൃദയങ്ങളിൽ സ്ഥാനം പിടിക്കുന്നത്. ഉമ്മൻചാണ്ടി എന്ന നേതാവ്, ഭരണകർത്താവ് അത്തരത്തിലാണ് ജനമനസുകളിൽ പ്രതിഷ്ഠിക്കപ്പെട്ടത് എന്ന് നിസംശയം നമുക്ക് പറയാൻ കഴിയും.

1968-69 കാലഘട്ടത്തിൽ ചെന്നിത്തല മഹാത്മാ ഹൈസ്കൂളിൽ എട്ടാം ക്ലാസ് വിദ്യാർത്ഥിയായിരിക്കെ ഉമ്മൻചാണ്ടി അധ്യക്ഷനായിരുന്ന കേരള വിദ്യാർത്ഥിയൂണിയന്റെ പ്രവർത്തകനായാണ് ഞാൻ പൊതുരംഗത്തേക്ക് വരുന്നത്. ഭക്ഷ്യ ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള കെ എസ് യു ഭരണത്തിന് ഒരു പറ നെല്ല് എന്ന പരിപാടി കൊണ്ടുവന്നു. എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികൾ തന്നെ വിത്ത് വിതച്ച് നെല്ല് കൊയ്തെടുക്കുന്ന ഒരു പരിപാടിയായിരുന്നു അത്. ഞങ്ങളൊക്കെ വളരെ ആവേശപൂർവ്വമാണ് അതിൽ പങ്കെടുത്തത്. വിദ്യാർത്ഥികൾക്കിടയിൽ അധ്വാനത്തിന്റെയും സ്വാശ്രയ ബോധത്തിന്റെയും പുതിയൊരു സന്ദേശമാണ് അതിലൂടെ മുഴങ്ങിക്കേട്ടത്. വിദ്യാർത്ഥി നേതാവായിരുന്ന കാലം മുതൽക്ക് തന്നെ വളരെ നൂതനവും, ജനകീയവുമായ ആശയങ്ങളെ താലോലിക്കാനും അവയെല്ലാം പ്രവൃത്തി പഥത്തിൽ കൊണ്ടുവരാനും ഉമ്മൻചാണ്ടി ബദ്ധ ശ്രദ്ധനായിരുന്നു. പിന്നീട് മന്ത്രിയും മുഖ്യമന്ത്രിയുമായപ്പോഴെല്ലാം അദ്ദേഹം അത് തുടർന്നു.

ജനങ്ങളുമായി ബന്ധപ്പെട്ടതെന്തും രാഷ്ട്രീയമാണെന്ന് പറയാറുണ്ട്. അത് കൊണ്ടുതന്നെ ഒരു പൊതുപ്രവർത്തകന് ഒരിക്കലും ജനങ്ങളുമായി ബന്ധപ്പെട്ട ഒരു കാര്യത്തിൽ നിന്നും മാറി നിൽക്കാൻ പാടില്ല. ജനകീയ പ്രശ്നങ്ങളിലുള്ള ക്രിയാത്മക ഇടപെടലുകളിലൂടെയാണ് ഒരു ജനകീയനായ പൊതുപ്രവർത്തകൻ സൃഷ്ടിക്കപ്പെടുന്നത്. ഉമ്മൻചാണ്ടി കേരളത്തിലെ ജനകീയരായ രാഷ്ട്രീയ നേതാക്കളിൽ പ്രമുഖനായി തീർന്നതും ഇത്തരം സജീവമായ ഇടപെടലുകളിലൂടെയാണ്. കടലിലെ മത്സ്യത്തെപ്പോലെയായിരിക്കണം ഒരു രാഷ്ട്രീയ പ്രവർത്തകൻ ജനങ്ങൾക്കിടയിൽ നിൽക്കേണ്ടത് എന്നാണ് സോവിയറ്റ് യൂണിയന്റെ പിതാവായ വ്ലാദിമിർ ലെനിൻ ഒരിക്കൽ പറഞ്ഞത്.

കടലിൽ നിന്ന് മാറ്റിയാൽ പിന്നെ മത്സ്യത്തിന് അസ്തിത്വമില്ല. അതുപോലെ ജനങ്ങളിൽ നിന്ന് വേർപെട്ടാൽ പിന്നെ പൊതുപ്രവർത്തകനും നിലനിൽപ്പില്ല. ഈ തത്വം നന്നായി ഉൾക്കൊണ്ടു തന്നെയാണ് കഴിഞ്ഞ അഞ്ചര ദശാബ്ദമായി ഉമ്മൻചാണ്ടി പൊതുരംഗത്ത് നിൽക്കുന്നത്. ജനമധ്യത്തിലല്ലാതെ അദ്ദേഹത്തെ കണ്ട ഓർമ്മ നമുക്കാർക്കുമില്ല.

ഒരു വലിയ ചരിത്രദൗത്യമാണ് ഉമ്മൻചാണ്ടിയടക്കമുള്ള യുവ നേതൃത്വം അറുപതുകളിലും എഴുപതുകളിലും കേരളത്തിലെ കോൺഗ്രസ് പ്രസ്ഥാനത്തിൽ നിറവേറ്റിയത്. അറുപതുകളുടെ അവസാനം വസന്തത്തിന്റെ ഇടിമുഴക്കമെന്ന പേരിൽ ഇന്ത്യയിൽ ആഞ്ഞടിച്ച ഇടതു തീവ്രവാദത്തിന് കേരളീയ സമൂഹത്തിൽ കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയാതെ പോയതിലും എഴുപതുകളിൽ ഇന്ത്യൻ യുവത്വത്തെ പിടിച്ചു കുലുക്കിയ ജയപ്രകാശ് നാരായണന്റെ പ്രസ്ഥാനത്തിന് കേരളത്തിൽ കാര്യമായി അനുയായികളെ സമ്പാദിക്കാൻ കഴിയാതെ പോയതിന്റെയും പ്രധാന കാരണമായി രാഷ്ട്രീയ നിരീക്ഷകർ കാണുന്നത് കേരളത്തിലെ അന്നത്തെ കോൺഗ്രസിൽ ഉയർന്ന് വന്ന യുവതലമുറ നേതാക്കൾക്ക് ചെറുപ്പക്കാർക്കിടയിൽ ഉണ്ടാക്കാൻ കഴിഞ്ഞ സ്വാധീനമായിരുന്നു. ആന്റണിയും വയലാർ രവിയും ഉമ്മൻചാണ്ടിയുമെല്ലാം കേരളത്തിലെ

ചെറുപ്പക്കാരുടെ യഥാർത്ഥ ഇടതു മനസിനെ പ്രതിനിധാനം ചെയ്തുകൊണ്ടാണ് എഴുപതുകളിൽ സി പി എമ്മിന്റെ വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങൾക്ക് കേരളത്തിൽ

രാഷ്ട്രീയമായ തിരിച്ചടിയേറ്റതെന്ന് ഇ എം എസ് പോലും പറഞ്ഞിട്ടുണ്ട്. ഉമ്മൻചാണ്ടിയടക്കമുള്ള യുവ നേതാക്കൾ മുന്നോട്ടുവച്ച ക്രിയാത്മകമായ ജനപക്ഷ രാഷ്ട്രീയത്തിന്റെ ആഹ്വാനം ചെവിക്കൊണ്ടും ഏറ്റെടുത്തുമാണ് ഞാനടക്കമുള്ളവരുടെ തലമുറ എഴുപതുകളുടെ അവസാനത്തോടെ രാഷ്ട്രീയത്തിൽ സജീവമായത്. കെ എസ് യുവും, യൂത്ത് കോൺഗ്രസും കേരളത്തിലെ ഏറ്റവും കരുത്തുറ്റ വിദ്യാർത്ഥി യുവജന

പ്രസ്ഥാനങ്ങളായി മാറിയതിന് പിന്നിൽ എ.കെ. ആന്റണി, വയലാർ രവി, ഉമ്മൻചാണ്ടി എന്നിവരുടെ സംഭാവനകൾ അമൂല്യമാണ്.

ഉമ്മൻചാണ്ടി എന്ന നേതാവ് വരുംതലമുറകൾക്ക് മുന്നിൽ ഒരു വിസ്മയമായിരിക്കും. ഭരണകൂടവും, ഭരണകർത്താക്കളും ജനങ്ങളിൽ നിന്ന് അകന്നു പൊയ്ക്കൊണ്ടിരിക്കുന്ന ഒരു ഇന്ത്യയാണ് ഇന്ന് നമ്മുടെ മുന്നിലുള്ളത്. ജനങ്ങളെ വിശ്വാസത്തിലെടുക്കാതെ, അവരുടെ മേൽ തങ്ങളുടെ രാഷ്ട്രീയതാൽപര്യങ്ങൾ നിർദ്ദാക്ഷിണ്യം അടിച്ചേൽപ്പിക്കപ്പെടുന്ന ഒരിന്ത്യയിലാണ് നാം ജീവിക്കുന്നത്. അവിടെയാണ് ഉമ്മൻചാണ്ടിയെപ്പോലെ സേവനത്തിന്റെയും കരുണയുടെയും പരസ്പര സഹവർത്തിത്വത്തിന്റെയും രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്ന ഒരു നേതാവിന്റെ പ്രസക്തി. അദ്ദേഹം മുഖ്യമന്ത്രിയായിരുന്നപ്പോൾ നടപ്പിലാക്കിയ വികസനപദ്ധതികളെല്ലാം ജനങ്ങളെ മുൻനിർത്തിയുള്ളതായിരുന്നു. വികസനം സർവ്വതല സ്പർശിയായിരിക്കണം എന്നതായിരുന്നു എക്കാലവും ഉമ്മൻചാണ്ടിയുടെ നയം. വികസനത്തിന്റെ ഗുണഭോക്താക്കൾ സമൂഹത്തിലെ എല്ലാ തട്ടിലുമുള്ള ജനങ്ങളായിരിക്കണം എന്ന ഗാന്ധിയൻ-നെഹ്റുവിയൻ കാഴ്ചപ്പാടായിരുന്നു അദ്ദേഹം പുലർത്തിപ്പോന്നിരുന്നത്.

വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി നടപ്പാക്കുമ്പോൾ കാണിക്കേണ്ട ഗൗരവവും ദിശാബോധവും തന്നെയാണ് ആശ്വാസകിരണം പദ്ധതി നടപ്പിലാക്കുമ്പോഴും അദ്ദേഹം കാണിച്ചത്. ദേശീയപാതാ വികസനത്തിൽ എത്ര കണ്ട് ശ്രദ്ധ ചെലുത്തിയോ അത്ര കണ്ട് ശ്രദ്ധയും താൽപര്യവും കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പാക്കുമ്പോഴും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന രണ്ട് കാലയളവുകളിലാണ് കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവുമധികം വികസന പദ്ധതികൾ ആരംഭിച്ചത്. കെ.പി.സി.സി അധ്യക്ഷനെന്ന നിലയിലും, പിന്നീട് അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ അംഗമെന്ന നിലയിലും അതിനെല്ലാം അകമഴിഞ്ഞ പിന്തുണ നൽകാൻ എനിക്ക് കഴിഞ്ഞത് വളരെ സന്തോഷത്തോടെയും ചാരിതാർത്ഥ്യത്തോടെയും ഞാനോർക്കുന്നു.

ജനങ്ങളെ നേരിട്ട് സ്പർശിക്കുന്ന, അവരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്ന പദ്ധതികളായിരുന്നു ഒരു ഭരണകർത്താവ് എന്ന നിലയിൽ അദ്ദേഹം ഇടപെട്ടതും സാക്ഷാത്കരിച്ചതും. അതിന്റെ സത്ഫലങ്ങളാണ് കേരളം ഇപ്പോഴും അനുഭവിക്കുന്നത്. അദ്ദേഹത്തിന്റെ നിയമസഭാ പ്രവർത്തനത്തിന്റെ സുവർണ്ണ ജൂബിലി വേളയിൽ എല്ലാ ഭാവുകങ്ങളും ആയുരാരോഗ്യ സൗഖ്യങ്ങളും ആശംസിക്കുന്നു.







**വി.എസ്.അച്യുതാനന്ദൻ**

3,4,9,11,12,13,14 കേരള നിയമസഭകളിൽ അംഗം
1992-1996, 2001-2006, 2011-2016 കാലയളവിൽ പ്രതിപക്ഷ നേതാവ്
2006-11 കാലയളവിൽ കേരള മുഖ്യമന്ത്രി
2016-2021 കാലയളവിൽ ഭരണ പരിഷ്കാര കമ്മിഷൻ ചെയർമാൻ

# വികസനത്തിന്റെ നേർവഴി

കേരളം പുനർനിർമ്മാണ കാലഘട്ടത്തിലാണ്. ഇതിലേയ്ക്കായി, സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി റീബിൽഡ് കേരള എന്നൊരു സംരംഭവും നടത്തിപ്പിന് അതിവിപുലമായ സംവിധാനവും പ്രവർത്തിച്ചുവരികയാണ്. കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ, വീടുകൾ തുടങ്ങി പശ്ചാത്തല സൗകര്യത്തിന്റെ വിപുലമായ പുനർനിർമ്മാണമാണ് ലക്ഷ്യമിടുന്നത്. പ്രകൃതിദുരന്തങ്ങളിൽ ഉണ്ടായ നാശനഷ്ടങ്ങൾക്ക് അറ്റകുറ്റപ്പണിക്ക് പകരം പുനർനിർമ്മാണം തന്നെ വേണമെന്ന നിഗമനത്തിലാണ് 'റീബിൽഡ് കേരള' പദ്ധതിക്ക് രൂപം നൽകിയത്.

2018-ലെ പ്രളയം അഭൂതപൂർവ്വമായ ഭീകരതയിലായിരുന്നു. ആ വർഷം ആഗസ്റ്റിലെ രണ്ടാഴ്ച്ച നീണ്ട കനത്ത മഴ കേരളത്തെ മൊത്തമായും മുക്കിക്കളഞ്ഞു. ഏതാണ്ട് 500 പേരുടെ ജീവൻ അപഹരിച്ചു. എണ്ണമറ്റ വീടുകൾ തകർന്നു. ഏതാണ്ട് 1500 ഉരുൾപൊട്ടൽ സംഭവിച്ചു എന്നാണ് ഔദ്യോഗിക കണക്ക്. കവളപ്പാറ പോലുള്ള സ്ഥലങ്ങളിൽ ഒരു ജനവാസകേന്ദ്രം തന്നെ അപ്പാടെ ഒലിച്ചുപോയി. മറ്റ് നാനാവിധ നാശനഷ്ടങ്ങളുടെ പൂർണ്ണമായ കണക്കെടുപ്പ് അസാധ്യമാകുംവിധം

**വികസന പ്രവർത്തനങ്ങളുടെ നയസമീപനങ്ങൾ മാറണം; വികസന പ്രവർത്തനം പ്രകൃതിയോട് ഏറ്റുമുട്ടിക്കൊണ്ടാകരുത്; പരിസ്ഥിതി സന്തുലിതാവസ്ഥ സംരക്ഷിക്കപ്പെടണം: ആ കാഴ്ച്ചപ്പാടിൽ വികസനനയം പുനരാവിഷ്കരിക്കണം.**



ഭീകരമായിരുന്നു.കേരളത്തിൽ ആദ്യമായി ഒരു പ്രധാനമന്ത്രി പ്രളയദുരിതം കാണാൻ പറന്നു നടന്നു. ദേശീയ-അന്തർദേശീയ ശ്രദ്ധയിൽ വന്ന ദുരന്തവുമായിരുന്നു അതെന്ന സൂചനകൂടിയായിരുന്നു പ്രധാനമന്ത്രിയുടെ സന്ദർശനം. (അതിനർഹമായ സഹായധനം കേരളത്തിനു കിട്ടിയോ ഇല്ലയോ എന്നതു മറ്റൊരു വിഷയം.)

2018-ലെ പ്രളയം നൂറ്റാണ്ടിലൊരിക്കൽ ഉണ്ടായത് എന്ന് ആശ്വസിച്ചവർക്ക് തെറ്റി. പിറ്റേവർഷവും ഈ വർഷവും സമാന ദുരന്തം ആവർത്തിച്ചു. ആഘാതത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാം. ഈ വർഷം മൂന്നാറിനടുത്ത് പെട്ടിമുടിയിൽ ഏതാണ്ട് 65പേരാണ് ഉരുൾപൊട്ടലിൽ നാമാവശേഷമായത്. 2018-നെ അപേക്ഷിച്ച് ദുരന്തവ്യാപനം കുറവായിരുന്നുവെങ്കിലും സംഭവിച്ചത് ഭീകരമായിരുന്നു. കോഴിക്കോട് വിമാനത്താവളത്തിലെ വിമാനദുരന്തവും മഴക്കെടുതിയുമായി കൂട്ടിവായിക്കുന്നതിൽ സാംഗത്യം ഇല്ലെന്നു പറയാനാവില്ല.

2018-ലെ പ്രളയദുരന്തത്തെ തുടർന്നാണ് റീബിൽഡ് കേരള പദ്ധതിക്ക് തുടക്കമായത്. അതിന്റെ പ്രവർത്തനം ഇവിടെ അവലോകനം ചെയ്യുന്നില്ല. പക്ഷെ, പദ്ധതി ഏറെ പ്രസക്തമായിരുന്നു എന്നത് തുടർന്ന വർഷങ്ങളിൽ തെളിയിച്ചു. 2019 ലും തുടർന്നും, ഏറ്റക്കുറച്ചിലുകളോടെയാണെങ്കിലും റീബിൽഡ് കേരള പദ്ധതി പ്രസക്തമാകുന്ന വിധമായിരുന്നു ആ വർഷങ്ങളിലെ ജൂലായ്-ആഗസ്റ്റ് മാസങ്ങളിലെ മഴക്കെടുതികൾ.



2018-ലേതുപോലുള്ള പ്രളയഭീകരത മുമ്പ് 1924ലായിരുന്നു. ചരിത്രരേഖകൾ മാത്രമാണ് ആ ദുരന്തത്തിനു സാക്ഷ്യമായിട്ടുള്ളത്. അതായത്, ആളുകളുടെ അനുഭവ സാക്ഷ്യത്തിനു സാധ്യതയില്ല. നൂറ്റാണ്ടിലൊരിക്കൽ വന്ന വിപത്ത്: ഒരു പക്ഷേ, ഒരു നൂറ്റാണ്ടുകൂടി കഴിഞ്ഞാകണം അതുപോലെയൊന്ന് ഇനിയൊന്ന് സംഭവിക്കുക എന്ന് ആശ്വസിച്ചവരുണ്ട്. പക്ഷെ, 2019 വർഷവും തുടർന്നും കേരളം 2018 ന് മുമ്പ് അനുഭവിച്ചതിനെക്കാൾ എത്രയോ വലിയ ദുരന്തമാണ് നേരിടേണ്ടി വന്നത്. ഇത് ഇവിടെ കൊണ്ടു അവസാനിക്കുമോ, അതോ പരമ്പരയായി തുടരുമോ എന്നൊന്നും പറയാൻ ഈ രംഗത്തെ വിദഗ്ധർ പോലും അധൈര്യപ്പെടുന്നു എന്നതാണ് വസ്തുത.

എന്തുകൊണ്ട് ഈ പ്രതിഭാസം എന്ന ചോദ്യം സാർവ്വത്രികമായി ഉന്നയിക്കപ്പെട്ടു. പരിസ്ഥിതി വിദഗ്ധർ, ശാസ്ത്രജ്ഞർ, സാമൂഹ്യചിന്തകർ, രാഷ്ട്രീയപാർട്ടികൾ ഇതര പ്രസ്ഥാനങ്ങൾ എന്നിങ്ങനെ സാർവ്വത്രികമായിരുന്നു ചിന്തയും വിശകലനവും നിഗമനങ്ങളും. വിവിധ വീക്ഷണങ്ങളിൽ ചർച്ച ചെയ്യപ്പെട്ടു. വൈവിധ്യമാർന്ന നിഗമനങ്ങൾ രൂപപ്പെട്ടു. പക്ഷെ എല്ലാ ചർച്ചാഗതികൾക്കും ഒരു പൊതു ധാരണയുണ്ടായിരുന്നു; വികസന പ്രവർത്തനങ്ങളുടെ നയസമീപനങ്ങൾ മാറണം; വികസന പ്രവർത്തനം പ്രകൃതിയോട് ഏറ്റുമുട്ടികൊണ്ടാകരുത്; പരിസ്ഥിതി സന്തുലിതാവസ്ഥ സംരക്ഷിക്കപ്പെടണം: ആ കാഴ്ചപ്പാടിൽ വികസനനയം പുനരാവിഷ്കരിക്കണം. പ്രളയദുരിതം ചർച്ച ചെയ്യാൻ ചേർന്ന നിയമസഭാ സമ്മേളനത്തിൽ ഞാൻ അടിവരയിട്ട് പറഞ്ഞത് വികസനപ്രവർത്തനനയത്തിൽ പൊളിച്ചെഴുത്ത് അനിവാര്യമായിരിക്കുന്നു എന്നാണ്. ഈ നിഗമനത്തിൽ അടങ്ങിയ ഒരു പ്രത്യേക യാഥാർത്ഥ്യമുണ്ട്; നമ്മൾ അനുവർത്തിച്ചുവരുന്ന വികസനനയത്തിൽ ഗൗരവതരമായ പാളിച്ചകൾ ഉണ്ട് എന്നത്. പരിസ്ഥിതി സംരക്ഷണം പരിഗണിച്ചുള്ള വികസനനയ മായിരിക്കും പിന്തുടരുക എന്ന് സംസ്ഥാനസർക്കാർ പ്രഖ്യാപിച്ചു. പിന്തുടർന്ന വികലനയത്തിന്റെ ബോധ്യപ്പെടൽ ഈ പ്രഖ്യാപനത്തിലും നിഴലിച്ചു. എന്തുകൊണ്ട് പൊളിച്ചെഴുത്ത് വേണം?

കേരളത്തെപ്പോലെ ജൈവവൈവിധ്യമാർന്ന പ്രദേശം വിരളമാണ്. ആറു സംസ്ഥാനങ്ങളിലായി 1600 കിലോമീറ്ററിൽ സ്ഥിതിചെയ്യുകയാണ് പശ്ചിമഘട്ടം. ഇതിൽ 450 കിലോമീറ്റർ കേരളത്തിലാണ്. കേരളത്തിന്റെ ഭൂവിസ്തൃതിയിൽ ഏതാണ്ട് 28 ശതമാനം വനമാണ്. 14 ശതമാനത്തോളം കൃഷി ഭൂമിയാണ്. മഹാനദികൾ നമുക്കില്ല. പക്ഷെ, വലുതും ചെറുതുമായ 44 നദികൾ കേരളത്തിൽ ഒഴുകുന്നു. ഉപനദികളും,തോടുകളും ഒക്കെ ചേർന്നുള്ള വിപുലമായ ജലപ്രവാഹ ശൃംഖലയും. ഇതിനു പുറമെയാണ് വിശാലമായ കായലുകൾ. ഇന്ത്യയിലെ ഒരു ചെറിയ സംസ്ഥാനത്തിന് 581 കിലോമീറ്റർ തീരപ്രദേശം എന്ന പ്രത്യേകത കേരളത്തിനാണ്. കുട്ടനാട് സമുദ്രനിരപ്പിന് താഴെ സ്ഥിതിചെയ്യുന്ന



പ്രദേശമാണ്. ഇന്ത്യയിൽ ഇത്തരമൊരു മേഖല വേറെയില്ല. ഇതൊരു വലിയ കൃഷിയിടം മാത്രമല്ല, പ്രധാനപ്പെട്ട ആവാസമേഖലകൂടിയാണ്.

കേരളത്തിന്റെ വൈവിധ്യത്തെക്കുറിച്ച് പറഞ്ഞാൽ ആയിരം നാവാണ്. അത്രയുണ്ട്. ഈ വൈവിധ്യങ്ങൾക്കിടയിലാണ് ഇന്ത്യയുടെ 2.7 ശതമാനം ജനതയുടെ അധിവാസം. ഇന്ത്യയുടെ ഭൂവിസ്താരത്തിന്റെ 1.18 ശതമാനം മാത്രമുള്ള കേരളത്തിൽ ഇന്ത്യൻ ജനസംഖ്യയുടെ 2.7 ശതമാനം അധിവസിക്കുന്നു. ചുരുക്കത്തിൽ സങ്കീർണ്ണമായ ജൈവവൈവിധ്യത്തിന്റെ നാട്ടിൽ തിങ്ങിപ്പാർക്കേണ്ട വിധം ജനസംഖ്യ, ഈ പ്രത്യേക പ്രകൃതി-സാമൂഹ്യജീവിതസാഹചര്യം വികസനപ്രക്രിയാരീതിയെ സങ്കീർണ്ണമാക്കുന്നു. ഈ സങ്കീർണ്ണത വികസനനയം വഴിതെറ്റുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. കാലാവസ്ഥയിൽ ഉപകാരപ്രദമല്ലാത്ത മാറ്റം ആഗോള പ്രതിഭാസമാണ്. അതിന്റെ കാരണങ്ങളിലേക്ക് ഇവിടെ കടക്കുന്നില്ല. കേരളത്തിനും അതു ബാധകമാണെങ്കിലും അതിനു പുറമെ കേരളത്തിന്റെ മേൽപ്പറഞ്ഞ പ്രത്യേക സാഹചര്യങ്ങളും നിർണ്ണായക പങ്കുവഹിക്കുന്നു. 1924 ൽ പ്രളയം ഉണ്ടായതിനെക്കുറിച്ച് എടുത്തുപറയത്തക്ക പഠനങ്ങളും നിഗമനങ്ങളും ഇല്ലെന്ന് പറയാം. അന്ന് ജൂലായ് പകുതിക്ക് ആരംഭിച്ച പേമാരിയായിരുന്നു കാരണം. സമുദ്രനിരപ്പിൽ നിന്ന് വളരെ ഉയർന്ന മൂന്നാർ വരെമുങ്ങി പോവുകയും അവിടത്തെ റെയിൽപാത ഉൾപ്പെടെയുള്ള പശ്ചാത്തലസൗകര്യങ്ങൾ നശിക്കുകയും ചെയ്തു. അത്രയും ഭീകരമായിരുന്നു ആ ആക്രമണം. എന്നാൽ, 2018 ൽ ഉണ്ടായ പ്രളയം വിശദമായ പഠനത്തിനും പരിശോധനയ്ക്കും വിധേയമായി. അതിൽ വന്ന ചില നിഗമനങ്ങളിൽ പ്രധാനം മേൽ സൂചിപ്പിച്ചതുപോലെ വികസനനയത്തിലെ പൊളിച്ചെഴുത്താണ് ആവശ്യപ്പെടുന്നത്. ഈ പ്രക്രിയ പ്രകൃതിസൗഹൃദം അടിസ്ഥാനമാക്കിയുള്ള നയസമീപനമാകണം എന്നതുതന്നെ പ്രധാനം.

നെൽപ്പാടങ്ങൾ കൃഷിയിടം മാത്രമല്ല, വെള്ളപ്പൊക്കനിയന്ത്രണത്തിനും പരിസ്ഥിതി സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനും വലിയ പങ്കുവഹിക്കാൻ കഴിയുന്ന ജലസംഭരണികൂടിയാണ്. അതുകൊണ്ടു തന്നെ അതിന്റെ ചുരുക്കം, ആ രംഗങ്ങളിൽ പ്രത്യാഘാതം ഉണ്ടാക്കുമെന്നതിൽ സംശയമില്ല. കേരളത്തിൽ ഏറ്റവുമേറെ പാടശേഖരമുള്ള പ്രദേശമാണ് കുട്ടനാട്. 1971 നു ശേഷം നികത്തപ്പെട്ട നെൽവയലുകളിൽ വലിയ പങ്ക് ഇവിടെയാണ്. 2018 ലെയും 2019 ലെയും പ്രളയം ഏറ്റവും താണ്ഡവമാടിയത് കുട്ടനാട്ടിലാണെന്ന് ഓർക്കണം.



കേരളത്തിലെ നദികൾ ജീവന്മരണ പോരാട്ടത്തിലാണ്. റിയൽ എസ്റ്റേറ്റ് ബിസിനസ് തഴച്ചുകതിച്ചതോടെ, അനിയന്ത്രിതമായ ആറ്റുമണൽ ഉപഭോഗം കേരളത്തിലെ ഏറ്റവും വലിയ നദിയായ ഭാരതപ്പുഴ ഉൾപ്പെടെയുള്ളവയെ വറ്റിച്ചുകളഞ്ഞു. ആറ്റുമണലിന്റെ ഉപഭോഗം കുറഞ്ഞപ്പോൾ പാറമടകളുടെ എണ്ണം വർധിച്ചു. കരിങ്കൽ പൊടിയും കരിങ്കല്ലിൽ നിന്നുള്ള എം സാൻഡും നിർമ്മാണ രംഗത്ത് മുഖ്യമായി ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ ഉണ്ടായ മാറ്റമാണിത്. 2018 ലെ 1500 ഉരുൾപൊട്ടലും രണ്ടു ദശാബ്ദത്തോളമായുള്ള കരിങ്കൽക്വാറി വർധനവും കൂട്ടിവായിക്കേണ്ടതാണെന്നതിന് ശാസ്ത്രീയനിഗമനം തന്നെയുണ്ട്.

പെട്ടിമുടിയിലും കവളപ്പാറയിലും ജനവാസകേന്ദ്രം ഇടിഞ്ഞു താഴുകയായിരുന്നു. പച്ചജീവനോടെ മനുഷ്യർ കഴിച്ചു മൂടപ്പെട്ടു. മണ്ണൊലിപ്പിന്റെ ഭീകരരൂപമായിരുന്നു അത്. മലയോരങ്ങളിലെ മണ്ണൊലിപ്പ് തടയുന്നത് വനമാണെന്നത് പ്രാഥമിക പാഠമാണ്. ഈ വിധ പ്രതിഭാസത്തിന് വനമേഖലയിലെ കയ്യേറ്റങ്ങളും അനധികൃത നിർമ്മാണവും വഴിവെക്കുന്നു എന്ന നിഗമനം പൊതുവെ ഉയർന്നിട്ടുണ്ട്.

പുഴകൾ മണൽവാരൽ മൂലം നേരിടുന്ന നിലനിൽപ്പ് ഭീഷണി സൂചിപ്പിച്ചല്ലോ. 44 നദികൾ, അവയുടെ ഉപനദികൾ, തോടുകൾ എല്ലാം ചേർന്നാൽ വലിയൊരു ജലശൃംഖല കേരളത്തിനു സ്വന്തമായുണ്ട്. മഴയുടെ ലഭ്യതയിൽ കുറവു വരാറില്ല. കേരളത്തിന്റെ ഈ ജലസമൃദ്ധിയുടെ കൈകാര്യകർതൃത്വം തൃപ്തികരമാണോ? പുഴകളും തോടുകളും എക്കൽ അടിഞ്ഞ് ആഴമില്ലാത്ത അവസ്ഥ. ഇതിനു പരിഹാര നടപടികൾ ഗവൺമെന്റിന്റെ പ്രഖ്യാപിത പദ്ധതിയാണ്. പക്ഷെ, അവ നിർവഹണ ഘട്ടത്തിലേക്ക് ഇനിയും കടക്കേണ്ടിയിരിക്കുന്നു.



റീബിൽഡ് കേരളയിലെ പ്രധാന ഇനമാണ് കെട്ടിടനിർമ്മാണം; വീടുകൾ, സ്കൂൾ കെട്ടിടങ്ങൾ, ഫ്ളാറ്റ് സമുച്ചയങ്ങൾ, മറ്റുവിധ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവ. ഇക്കാര്യത്തിൽ സർക്കാർ ഒരു നൂതന പദ്ധതി ആലോചിച്ചിരുന്നതായി മനസ്സിലാക്കിയിട്ടുണ്ട്. സിമന്റും, കമ്പിയും, കല്ലും, തടിയും ഒഴിവാക്കിയുള്ള കെട്ടിടനിർമ്മാണം;ലോഹങ്ങൾ കൊണ്ടുള്ള നിർമ്മാണം. അമേരിക്ക ഉൾപ്പെടെയുള്ള വികസിതരാജ്യങ്ങൾവരെ ഈ വിധം ബഹുനിലകെട്ടിടങ്ങൾ നിർമ്മിക്കുന്നു. ഇത് സാർവ്വത്രികമായാൽ വരുന്ന മാറ്റം അഭികാമ്യമാകുമെന്നതിൽ സംശയമില്ല; സർക്കാർ മുൻകൈയെടുക്കാതെ ഈ സംരംഭം പ്രയോഗികമാകില്ല.

സംസ്ഥാന സർക്കാരിന്റെ ബൃഹത്തായ പദ്ധതിയാണ് തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള ജലപാത. ഞാൻ മുഖ്യമന്ത്രിയായ 2006-2011 ഭരണകാലത്ത് അതിന്റെ ഭാഗികമായ ഉദ്ഘാടനം കഴിഞ്ഞു. ക്രിയാത്മകമായ പദ്ധതിയാണിത്. അതിന്റെ ഗുണഗണങ്ങൾ വിസ്മരിക്കേണ്ടതില്ലല്ലോ. ഈ പദ്ധതി പൂർത്തിയായിരുന്നെങ്കിൽ, കേരള പുനർനിർമ്മാണ പ്രക്രിയയുടെ ദിശാബോധത്തിന് മാർഗദർശകമായേനെ.

ആഗോള സാമ്പത്തികമാന്ദ്യം സംഭവിച്ചപ്പോൾ മുതലാളിത്തലോകം കാൾമാർക്സിന്റെ മൂലധനം പൊടിതട്ടിയെടുത്തു. അതുവരെ തള്ളിപ്പറഞ്ഞവർ തന്നെ പുനർവായനയ്ക്ക് തയ്യാറായി. അതുപോലൊരു അനുഭവം 2018-ലെ പ്രളയകാലം കേരളത്തിൽ ഉണ്ടാക്കി. ശ്രീ മാധവ് ഗാഡ്ഗിലിന്റെ പശ്ചിമഘട്ടപഠന റിപ്പോർട്ട് പൊതുവെ തള്ളിക്കളഞ്ഞതാണ്. പ്രളയം മാറ്റിചിന്തിപ്പിച്ചു. ആ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിക്കേണ്ടതാണെന്ന് പ്രമുഖ രാഷ്ട്രീയ പാർട്ടികൾ നിലപാട് സ്വീകരിച്ചുപക്ഷെ, ആ ചിന്ത എത്ര കണ്ട് മുന്നോട്ടു പോയി എന്നതിൽ എടുത്തു പറയാൻ ഒന്നുമുണ്ടായതായി കാണുന്നില്ല. ഈ ആലസ്യം ഉപേക്ഷിക്കപ്പെടണം. അത് ഉപയോഗപ്രദമാണെന്ന ചിന്തയിലാണല്ലോ പുനർചിന്ത ഉണ്ടായത്. റീബിൽഡ് കേരളക്ക് അതും മാർഗ്ഗനിർദ്ദേശം പകരണം. ഭൂവിനിയോഗം സംബന്ധിച്ച കൃത്യമായ അടയാളപ്പെടുത്തൽ വേണമെന്ന നിർദ്ദേശം ഉയർന്നിട്ടുണ്ട്. കൈകടത്തൽ

കൂടാതെ മാറ്റിയിടേണ്ട ഭൂഭാഗം നിർണ്ണയിക്കപ്പെടേണ്ടതുണ്ടെന്ന നിർദ്ദേശം ഉൾപ്പെടുന്നു. താമസയോഗ്യം എവിടെ, മറ്റാവശ്യങ്ങൾക്കുള്ളവ എവിടെ എന്നെല്ലാം സംബന്ധിച്ച കൃത്യമായ ആസൂത്രണം ഉണ്ടാകണം. പ്രത്യേകത്തിൽ ഭൂവിനിയോഗം സംബന്ധിച്ച് സമഗ്രമായ തന്ത്രം രൂപപ്പെടണം. ഇടുക്കി, വയനാട്, ജില്ലകളിൽ ഭൂവിനിയോഗം ഈവിധം വിദഗ്ധമായി നിയന്ത്രിക്കപ്പെടേണ്ടതുണ്ടെന്നത് പ്രളയാനന്തരം എടുത്തുകാട്ടുന്നു.

പരിസ്ഥിതി സംരക്ഷണത്തിന് ദീർഘകാല ആസൂത്രണം എത്തുകൊണ്ട് പാടില്ല. വരുന്ന 25 വർഷത്തേക്കുള്ള പരിപാടി ഈ ദിശയിൽ ഉണ്ടാകുന്നത് ക്രിയാത്മകമായിരിക്കും.

1996 ൽ എൽ ഡി എഫ് സർക്കാർ നടപ്പാക്കിയ ജനകീയാസൂത്രണ പദ്ധതിയെക്കുറിച്ച് മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ഒരു പ്രദേശത്ത് ജനങ്ങൾക്ക് ആവശ്യമുള്ളത് ആ പ്രദേശത്തെ ജനങ്ങൾ നിശ്ചയിക്കുന്ന സംവിധാനമാണ് ആ പദ്ധതിയിൽ അദ്ദേഹത്തെ ആകർഷിച്ചതും മാതൃകാപരമാണെന്ന് വിശേഷിപ്പിച്ചതും. കവളപ്പാറയിൽ മലഞ്ചെരിവിൽ റബർ കൃഷി തുടങ്ങിയെന്നും അതിനെതിരെ നാട്ടുകാർ പ്രതിഷേധിച്ചിരുന്നു എന്നും എന്നാൽ, അത് അവഗണിക്കപ്പെട്ടു എന്നും റിപ്പോർട്ട് ഉണ്ടായിരുന്നു. മരങ്ങൾക്ക് പകരം റബർകൃഷി വന്നതോടെ മണ്ണൊലിപ്പിനെതിരെയുള്ള സ്വാഭാവികമായ പ്രതിരോധം ഇല്ലാതായി. അവിടെ ആ മലഞ്ചെരിവ് ഒന്നാകെ ഇടിഞ്ഞുതാഴുകയായിരുന്നു. മലഞ്ചെരിവ്-ഗ്രാമ-നഗരം എന്നിങ്ങനെ വ്യത്യാസമില്ലാതെ വികസനരംഗത്ത് പ്രദേശവാസികൾക്ക് നിർണ്ണയാവകാശം നൽകുന്നതാണ് ജനകീയാസൂത്രണ പദ്ധതി. അതിന്റെ ഫലപ്രദമായ നിർവഹണമാണ് പദ്ധതിയുടെ ചൈതന്യം. അത് ഉൾക്കൊള്ളുകയായിരുന്നു മാധവ് ഗാഡ്ഗിൽ തന്റെ റിപ്പോർട്ടിൽ ചെയ്തത്.

വികസനത്തിന്റെ പൊരുൾ പുരോഗതിയാണ്. അതിൽ ജനങ്ങളുടെ ജീവിത നിലവാര പുരോഗതിയാണ് പ്രധാനം. പാവപ്പെട്ടവരുടെയും മറ്റ് അധ്വാനികളുടെയും അസ്തിത്വം സുസ്ഥിരമാക്കുന്നതാണ് പരമപ്രധാനം. ആ കാഴ്ചപ്പാടിൽ കേരളത്തിൽ നടന്ന ഏറ്റവും ബൃഹത്തായ വികസനപദ്ധതി സമഗ്രഭൂപരിഷ്കരണം തന്നെയാണ്. അതിന്റെ ഫലമായി ഭൂഉടമകളായവരുടെയും കിടപ്പാടമുണ്ടായവരുടെയും കണക്കിലേക്കൊന്നും ഞാൻ ഇവിടെ കടക്കുന്നില്ല. പക്ഷേ, ആ നിയമാധിഷ്ഠിത പദ്ധതി വഴി കേരളത്തിന്റെ സാമൂഹ്യ ജീവിതമണ്ഡലത്തിലുണ്ടായ പുരോഗതിയുടെ കുതിപ്പ് ലോകശ്രദ്ധയിൽ വരെ വന്നു.

കേരള ഭൂപരിഷ്കരണം വഴി സംഭവിച്ചത് ഉടമസ്ഥതയുടെ വികേന്ദ്രീകരണമാണ്. ഏറ്റവും വലിയ ഉൽപ്പാദനോപകരണം ഭൂമിയാണ്. അതിന്റെ വികേന്ദ്രീകരണവും ആവേശഭരിതമായ അധ്വാനവും കൂടി ചേർന്നപ്പോൾ ഉൽപ്പാദനപ്രക്രിയ മുമ്പെങ്ങുമില്ലാത്ത വിധം സജീവമാകുകയും ഉൽപ്പാദനരംഗത്ത് അത്ഭുതപൂർവ്വമായ കുതിപ്പ് ഉണ്ടാകുകയും ചെയ്തു. ഇന്ന് കേരളം പല രംഗങ്ങളിലും കരസ്ഥമാക്കിയ ലോകോത്തര നിലവാരം എന്ന നേട്ടത്തിന്റെ അടിസ്ഥാനം ഈ വികസന പ്രക്രിയയാണെന്നത് സംശയാതീതമാണ്.

വികേന്ദ്രീകൃത ഭരണ സംവിധാനം കമ്മ്യൂണിസ്റ്റ്-ഇടതുപക്ഷ സർക്കാരുകൾ പൊതുനയമായി ആവിഷ്കരിച്ചു. 1990 ൽ നടപ്പാക്കിയ ജില്ലാ കൗൺസിൽ അതിന്റെ വലിയ കാൽവെയ്പ്പായിരുന്നു. ഇന്നിപ്പോൾ നിലവിലുള്ള ത്രിതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്



വികസന പ്രവർത്തനരംഗത്ത് വാർഷികപദ്ധതി വിഹിതത്തിന്റെ 40 ശതമാനം അനുവദിച്ചുകൊണ്ട് ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ ഒരു പടികൂടി കടന്നു. ഇന്ത്യയിൽ ഏറ്റവും മികച്ച ത്രിതലതദ്ദേശസ്വയംഭരണ സംവിധാനമാണെന്ന ഖ്യാതി കേരളം കൈവരിച്ചതിന്റെ പശ്ചാത്തലം ഈ വിധമാണ്. പ്രാദേശികാടിസ്ഥാനത്തിലുള്ള ജനങ്ങളുടെ അവകാശ അധികാരങ്ങളുടെ പ്രസക്തിയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ശ്രീ മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ ഈ സമീപനത്തിനാണ് പ്രാമുഖ്യം നൽകുന്നത്. പ്രാദേശികമായ ആവശ്യങ്ങളെയും എതിർപ്പുകളെയും കണക്കിലെടുക്കാതെ സംസ്ഥാന കേന്ദ്രീകൃത അധികാരത്തിന്റെ പ്രയോഗമാണ്, കേന്ദ്രീകൃത അധികാര പ്രയോഗം അപ്രസക്തവും തെറ്റുമാകുന്ന പദ്ധതികളിൽ സംഭവിക്കുന്നത്. ഇത് വികസനവും പരിസ്ഥിതി സംരക്ഷണവും തമ്മിലുള്ള ഏറ്റുമുട്ടലിന് വഴിവെയ്ക്കുന്നു. അഥവാ രണ്ടും തമ്മിൽ അനിവാര്യമായും ഉണ്ടാകേണ്ട സമന്വയം അസാധ്യമാകുന്നു. ഇതിന്റെ ഫലമായുള്ള പ്രത്യാഘാതം ഭീകരപ്രവർത്തനത്തിന് സമാനമായ പ്രകൃതിക്ഷോഭമാണ്.

വികസനവും ഉത്പ്പാദനവും വർദ്ധിപ്പിച്ചേ മതിയാകൂ. എന്നാൽ, അത് വനവും പുഴയും ഭൂമിയും ജീവിതവൃത്തിയാകെയും താറുമാറാക്കിക്കൊണ്ടാകരുത്. ആവിധമുള്ള മാറ്റം വികസനനയത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു.




# കേന്ദ്ര വൈദ്യുതി നയം ജനാധിപത്യവിരുദ്ധം





**സി. ദിവാകരൻ**

12,13,14 കേരള നിയമസഭകളിൽ അംഗം 2006-2011 കാലയളവിൽ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി


**പുതിയ വൈദ്യുതി ഭേദഗതി ബിൽ നടപ്പിലാക്കുന്നതോടെ രാജ്യത്തെ സാധാരണ ജനങ്ങൾക്ക് വൈദ്യുതി അപ്രാപ്യമായിത്തീരും. വൈദ്യുതി നിരക്ക് ഗണ്യമായി വർദ്ധിക്കും. ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി റെഗുലേറ്ററി അതോറിറ്റി നിശ്ചയിക്കുന്ന നിരക്കിൽ വൈദ്യുതി നിരക്ക് വർദ്ധിക്കും.**



1917-ലെ ഒക്ടോബർ വിപ്ലവാനന്തരം സോവിയറ്റ് റഷ്യ നേരിട്ട അതീവ ഗുരുതരമായ പ്രശ്നമായിരുന്നു വൈദ്യുതി ഉല്പാദനം. അനുഗൃഹീതവും വിശാലവുമായ ഭൂപ്രദേശവും, പ്രകൃതിയുടെ വരദാനങ്ങളായ ധാതുലവണങ്ങളുടെയും എണ്ണയുടെയും കേന്ദ്രമായ സൈബീരിയയും സോവിയറ്റ് റഷ്യയുടെ സ്വന്തമായിരുന്നു. എന്നിട്ടും കാർഷിക-വ്യാവസായിക രംഗത്തെ വികസനം വൈദ്യുതി



ഉല്പാദനത്തെ മാത്രം ആശ്രയിക്കുന്നതാണെന്ന വസ്തുത മനസ്സിലാക്കിയ മഹാനായ ലെനിന്റെ വാക്കുകൾ ഇന്നും പ്രസക്തമാണ് 'Electrification plus Soviet power means communism'. ശാസ്ത്ര -സാങ്കേതിക രംഗത്തെ വിസ്മയകരമായ മാറ്റങ്ങളുടെ കാലഘട്ടത്തിൽ ഏത് രാജ്യത്തിന്റെയും സാമ്പത്തിക വികാസം കാർഷിക - വ്യവസായിക പുരോഗതിയുമായി ബന്ധപ്പെട്ടവയാണ്. ഈ രംഗത്ത് മുന്നോട്ട് പോകാൻ വൈദ്യുതി അനിവാര്യമായ ഒരു ഘടകമായി അനുദിനം മാറിക്കൊണ്ടിരിക്കുന്നു.

വൈദ്യുതി ഏതൊരു രാഷ്ട്രത്തിന്റെയും ജനജീവിതത്തിൽ സർവ്വ സ്പർശിയായിത്തീർന്നു കഴിഞ്ഞു. വൈദ്യുതിയുടെ ഉല്പാദനം, പ്രസരണം, വിതരണം എന്നീ മേഖലകൾ പൂർണ്ണമായും അവരുടെ അധീനതയിലാക്കാനുള്ള കടുത്ത മത്സരത്തിലേർപ്പെട്ടിരിക്കുന്ന ബഹു- രാഷ്ട്ര കുത്തക കമ്പനികൾ നമ്മുടെ രാജ്യത്തെ വൈദ്യുതി മേഖല പിടിച്ചെടുക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. ബോംബെയിൽ 'എൻറോൺ' കമ്പനി കടന്നുവന്നു. ജനങ്ങളുടെ അതിശക്തമായ ചെറുത്തുനില്പും, കമ്പനിയുടെ കെടുകാര്യസ്ഥതയും കാരണം 'എൻറോൺ' കമ്പനി അടച്ചു പൂട്ടി. വൈദ്യുതി ഉല്പാദനത്തിന്റെ പേരിൽ കടന്നുവരുന്ന ഇത്തരം കമ്പനികൾ ഭരണകൂടങ്ങളെയും, ഇടതു പക്ഷ പ്രസ്ഥാനത്തെയും രാഷ്ട്രീയമായി വേട്ടയാടിയതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് 'ലാവ്‌ലിൻ' കമ്പനി.

രാജ്യത്തിന്റെ ഏറ്റവും തന്ത്രപ്രധാനമായ മേഖലയാണ് വൈദ്യുതി ഉല്പാദന രംഗം. ഈ രംഗത്ത് എൻ.റ്റി.പി.സി. എന്ന സ്ഥാപനം കൈവരിച്ച നേട്ടം അഭിമാനകരമാണ്. സോളാർ മേഖലയടക്കം വൈദ്യുതി ഉല്പാദന രംഗത്ത് സ്വയം പര്യാപ്തമായ നിലയിലേയ്ക്ക് ഇന്ത്യയ്ക്ക് മുന്നോട്ടുപോകാൻ കഴിയുമെന്ന് ഈ രംഗത്തെ പൊതുമേഖല സ്ഥാപനങ്ങൾ തെളിയിച്ചു കഴിഞ്ഞു. നാം കൈവരിച്ച നേട്ടങ്ങൾ പാടെ അട്ടിമറിയ്ക്കാനും ബഹു രാഷ്ട്ര കുത്തകകളുടെ കൈകളിലേക്ക് രാജ്യത്തിന്റെ ഊർജ്ജ ഉല്പാദനവും, പ്രസരണ വിതരണവും എത്തിച്ചു കൊടുക്കാനുള്ള ഗൂഢാലോചനകളാണ് ഈ കോവിഡ് കാലത്തിന്റെ മറവിൽ കേന്ദ്രസർക്കാർ ആരംഭിച്ചിരിക്കുന്നത്.

ജനം കോവിഡ് മഹാമാരിയുടെ നടുവിൽപിടയുമ്പോൾ, നരേന്ദ്ര മോദി രാജ്യത്തിന്റെ ഉല്പാദന മേഖലകൾ വില്പന

നടത്താനുള്ള തിടുക്കത്തിലാണ്. 1991-ൽ കോൺഗ്രസ്സ് ഭരണകാലത്ത് ആരംഭിച്ച സമ്പൂർണ്ണ ഉദാരവൽക്കരണത്തിന്റെ ഭാഗമായിട്ടാണ് വൈദ്യുതി രംഗത്ത് എൻറോൺ കടന്നു വന്നത്. 2003-ലെ ഇലക്ട്രിസിറ്റി ബില്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെല്ലാം പൂർണ്ണമായും പരാജയപ്പെട്ടു. പ്രസ്തുത നിയമത്തിലെ അപാകതകൾ പരിഹരിക്കാനെന്ന ഉദ്ദേശത്തോടെ മോഡി സർക്കാർ 2020-ൽ വൈദ്യുതി ഭേദഗതി ബില്ലിന്റെ കരട് ബിൽ പ്രസിദ്ധീകരിച്ച് കൊണ്ട് ഈ കരട് ബില്ലിനെക്കുറിച്ചുള്ള പൊതുജന അഭിപ്രായം തേടുകയാണ്.

പ്രസ്തുത കരട് ബില്ലിന്റെ പ്രധാനലക്ഷ്യം വൈദ്യുതി വിതരണം പൂർണ്ണമായും സ്വകാര്യവത്കരിക്കുക എന്നതാണ്. ക്രോസ് സബ്സിഡികൾ അടക്കം എല്ലാ സബ്സിഡികളും പൂർണ്ണമായും അവസാനിപ്പിക്കുക. ഉപഭോക്താക്കൾക്ക് സംസ്ഥാന സർക്കാരുകൾ സബ്സിഡി നൽകണം. രാജ്യത്തെ ഊർജ്ജ ഉല്പാദന പ്രസരണ-വിതരണ മേഖലകൾ കേന്ദ്ര സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലാക്കുക. 2020-ലെ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്ന വൈദ്യുതി ഭേദഗതി ബില്ലിന്റെ ലക്ഷ്യം ഇതൊക്കെയാണ്.

നിരവധി പരിഷ്കാരങ്ങളും നിയമഭേദഗതികളും ഈ രംഗത്ത് നടപ്പിലാക്കിയിട്ടും ഇന്ത്യയിലെ ഉല്പാദനരംഗം കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലമായിട്ടും ഒരു പുരോഗതിയും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഇതാണ് സ്വകാര്യവത്കരണത്തിന്റെ കാരണമായി കേന്ദ്രം ചൂണ്ടിക്കാണിക്കുന്നത്.

എന്നാൽ കേന്ദ്രത്തിന്റെ ഈ ന്യായവാദം വസ്തുതകൾക്ക് നിരക്കുന്നതല്ല. ഈ രംഗത്ത് സ്വകാര്യവത്കരണം നടപ്പിലാക്കിയ ഒഡീസ്സ, ഡൽഹി, ബോംബെ എന്നീ സംസ്ഥാനങ്ങളിൽ സ്വകാര്യവത്കരണം പൂർണ്ണമായും പരാജയപ്പെടുകയും സംസ്ഥാന സർക്കാരുകൾ ഏറ്റെടുക്കുകയും ചെയ്ത സംഭവങ്ങൾ വിസ്മരിക്കാനാവില്ല.

വൈദ്യുതി മേഖലയിൽ വൈദ്യുതി വിതരണം നടത്തുക എന്ന പ്രവർത്തനം മാത്രമാണ് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. വൈദ്യുതിയുടെ വിലനിശ്ചയിക്കുന്നത് കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയാണ് (CEA). ഈ ഏജൻസി പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ്. ഈ ഏജൻസിയുടെ വിചിത്രമായ കണക്കുകൂട്ടലുകളുടെ കണക്കുകൾ പുറത്തുവന്നു കൊണ്ടിരിക്കുന്നു. 2019-2020-ൽ ആവശ്യമായ വൈദ്യുതിയുടെ ഉല്പാദനത്തോത് 40 ശതമാനം പെരുപ്പിച്ച് കാണിച്ച് കൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകി. എൻ.റ്റി.പി.സി.യും വിതരണ കമ്പനികളും കൃത്യമായ ഈ തോതിനനുസരിച്ച് വിതരണ കമ്പനികളെ പലവിധത്തിൽ വേട്ടയാടി ഇങ്ങനെ. 2018-2019-ൽ വിതരണ കമ്പനികളിൽ നിന്ന് 4800 കോടി രൂപ





എൻ.ടി.പി.സി. കപ്പാസിറ്റി ചാർജായി ഈടാക്കി ഇതിന്റെ പിന്നിൽ ഞെട്ടിപ്പിക്കുന്ന അഴിമതികൾ നടന്നതായും റിപ്പോർട്ട് ചെയ്യപ്പെടുന്നു.

പുതിയ വൈദ്യുതി ഭേദഗതി ബിൽ നടപ്പിലാക്കുന്നതോടെ രാജ്യത്തെ സാധാരണ ജനങ്ങൾക്ക് വൈദ്യുതി അപ്രാപ്യമായിത്തീരും. വൈദ്യുതി നിരക്ക് ഗണ്യമായി വർദ്ധിക്കും. ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി റെഗുലേറ്ററി അതോറിറ്റി നിശ്ചയിക്കുന്ന നിരക്കിൽ വൈദ്യുതി നിരക്ക് വർദ്ധിക്കും. കർഷകർ, ചെറുകിട വ്യവസായികൾ, സാമൂഹ്യ ആവശ്യങ്ങൾക്കായി വൈദ്യുതി ഉപയോഗിക്കുന്ന ആശുപത്രികൾ, മറ്റ് ആരോഗ്യ സംരക്ഷണസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വൈദ്യുതി നിരക്കും ഗണ്യമായ തോതിൽ വർദ്ധിക്കും.

പുതിയ വൈദ്യുതി ഭേദഗതി ബില്ല് നടപ്പിൽ വരുന്നതോടെ സംസ്ഥാനങ്ങളുടെ അധികാരം നഷ്ടപ്പെടും. ഒരു രാജ്യം ഒരു നികുതി എന്നതുപോലെ ഒരു രാജ്യം ഒരു വൈദ്യുതി നയം എന്ന ബി.ജെ.പി. സിദ്ധാന്തം നടപ്പിലാവും. നമ്മുടെ ഭരണഘടനയുടെ ഫെഡറലിസം അവസാനിക്കുന്നതിന്റെ ആരംഭം കുറിക്കും.

സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ചെയർമാനെയും അംഗങ്ങളെയും നിയമിക്കാൻ കേന്ദ്രം ഒരു സമിതിയെ നിയോഗിക്കും. ആ കമ്മിറ്റി എല്ലാ സംസ്ഥാനങ്ങളിലെയും വൈദ്യുത റെഗുലേറ്ററി കമ്മീഷൻ ചെയർമാന്മാരെയും അംഗങ്ങളെയും നിയമിക്കും. കൂടാതെ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി, മാത്രമല്ല പുതുതായി രൂപം നൽകുന്ന കോൺട്രാക്ട് എൻഫോഴ്സ്മെന്റ് അതോറിറ്റിയും കേന്ദ്രം നിശ്ചയിക്കും.

2014 മുതൽ നരേന്ദ്ര മോദി സർക്കാർ ഇന്ത്യയിലെ വൈദ്യുതി രംഗത്ത് ഈ വിധമുള്ള നടപടികൾക്ക് തക്കം പാർത്തിരിക്കുകയായിരുന്നു. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി കാത്തിരുന്നു. നിരവധി സംസ്ഥാന സർക്കാരുകളുടെ അതിശക്തമായ എതിർപ്പും, കൂടാതെ കർഷകരുടെ സമരങ്ങളും തൊഴിലാളി പ്രക്ഷോഭങ്ങളും കാരണം താല്ക്കാലികമായി നടപടികൾ മാറ്റിവയ്ക്കുകയായിരുന്നു. രാജ്യം ദുരിതങ്ങളുടെ അന്ധകാരത്തിലാകുന്ന ഈ സന്ദർഭത്തിൽ മോദി സർക്കാർ ജനങ്ങൾക്ക് ആശ്വാസ നടപടികൾ നൽകുന്നതിന് പകരം അവരുടെ പുറത്ത് വൈദ്യുതി ഭേദഗതി നിയമമെന്ന ബുൾഡോസർ പ്രയോഗിക്കുന്നു.

ഈ കോവിഡ് കാലത്ത് ജനങ്ങൾ മറ്റൊരു ദുരന്തം കൂടി ഏറ്റുവാങ്ങാൻ നിർബന്ധിതരായിത്തീരുന്നു.

# ശ്രീനാരായണഗുരുവും
## സമകാലിക
## നവോത്ഥാന നായകരും




ഡോ.എം.കെ.മുനീർ

9,10,11,13,14 കേരള നിയമസഭകളിൽ അംഗം
2001-2006 കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി
2011-2016 കാലയളവിൽ പഞ്ചായത്ത്, സാമൂഹ്യ നീതി വകുപ്പ് മന്ത്രി

ഇന്ത്യൻ തത്ത്വചിന്ത കാച്ചിക്കുറുക്കിയാൽ അത് 'തത് ത്വം അസി' യായി. അല്ലെങ്കിൽ പരമമായ വേദാന്തത്തിന്റെ പൊരുൾ ആയി. 'നിങ്ങൾ ആത്മാവാകുന്നു' എന്ന് നിർവചിച്ചിരിക്കുന്ന ഈ സൂക്തത്തിന്റെ അനന്തമായ വ്യാഖ്യാനങ്ങൾ അതിന്റെ ആന്തരിക ബാഹ്യ നിതാന്ത മൂല്യങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് കാലാന്തരങ്ങളിൽ അവതീർണ്ണരായ യതിവര്യന്മാരും വിജ്ഞാനികളും ദാർശനികരും വിശകലനം നടത്തിവരുന്നു. ജനനവും മരണവും ഇല്ലാത്ത ആത്മാവും ഈശ്വരന്റെ ആത്മസത്തയായ ജീവജാലങ്ങളും എല്ലാം സമഗ്രതയിൽ വിശ്വവിശാലതയിൽ ഏകമാണെന്ന ഈ തത്ത്വം ഉൾക്കൊള്ളുമ്പോൾ മറ്റ് ഭിന്നതകളൊക്കെ കേവലം യാദൃച്ഛികം എന്നോ കൃത്രിമം എന്നോ വ്യവഹരിക്കേണ്ടതായി വരും.

പ്രപഞ്ചത്തിന്റെ പൊരുൾ അതികഠിനവും ഏകാഗ്രമായ മനനത്തിലൂടെയും ദീർഘതപസ്സിലൂടെയും തേടിയ കേരളത്തിന്റെ യതീന്ദ്രനായിരുന്ന ശ്രീനാരായണ ഗുരു. സൂക്ഷ്മാംശങ്ങളിൽ സർവ്വ സൃഷ്ടിജാലങ്ങളും ഒന്നുതന്നെ എന്ന് അദ്ദേഹം പലവുരു വ്യക്തമാക്കി.



പ്രപഞ്ചത്തിന്റെ പൊരുൾ അതികഠിനവും ഏകാഗ്രമായ മനനത്തിലൂടെയും ദീർഘതപസ്സിലൂടെയും നേടിയ കേരളത്തിന്റെ യതീന്ദ്രനായിരുന്നു ശ്രീനാരായണ ഗുരു. സൂക്ഷ്മാംശങ്ങളിൽ സർവ്വ സൃഷ്ടിജാലങ്ങളും ഒന്നുതന്നെ എന്ന് അദ്ദേഹം പലവുരു വ്യക്തമാക്കി. ഇന്ത്യൻ ആത്മീയ മണ്ഡലത്തിൽ പുത്തൻ ചിന്താധാരയുടെ വിപ്ലവത്തിരമാലകൾ ഇളക്കിവിട്ട സ്വാമി വിവേകാനന്ദനും ശ്രീനാരായണഗുരുവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഉണ്ട്. ഇരുവരും മനുഷ്യവിമോചകരായിരുന്നു. ഏകത്വം എന്ന മതത്തിന്റെ വ്യത്യസ്ത പ്രകാശങ്ങൾ മാത്രമാണ് മതങ്ങൾ എന്ന് മനുഷ്യവർഗ്ഗത്തെ പഠിപ്പിക്കാൻ ശ്രമിച്ചവരാണ് ഇരുവരും. അതിനപ്പുറം ശ്രീനാരായണഗുരു കാരണഭൂതനായി കേരളത്തെ മുഴുവൻ ജീർണ്ണതയുടെ ഇരുട്ടിൽ നിന്നും സംസ്കാരത്തിന്റെയും മനുഷ്യമൂല്യതയുടെയും വെള്ളിവെളിച്ചത്തിലേക്ക് നയിച്ച മഹാവിപ്ലവത്തിന് പരോക്ഷ പ്രേരണയാകാൻ സ്വാമി വിവേകാനന്ദന് സാധിച്ചു. കേരളചരിത്രം വേണ്ടത്ര ചർച്ച ചെയ്തിട്ടില്ലാത്ത ഒരു ഏട് ആണിത്. അന്യസംസ്ഥാനത്തു നിന്നും വിദേശത്തുനിന്നും ഉന്നത മെഡിക്കൽ വിദ്യാഭ്യാസം നേടിയെത്തി തൊഴിലന്വേഷകനായി രാജ സവിധത്തിലെത്തിയ ഡോ. പൽപ്പുവിന് 'സ്വന്തം തൊഴിൽ' നോക്കാൻ ലഭിച്ച കയ്പ്പന്ന ചരിത്രത്തെ മാറ്റിമറിച്ച അഗ്നിസ്ഫുലിംഗമായിരുന്നു. ബാംഗ്ലൂരിൽ സർക്കാർ ഡോക്ടറായി സേവനമനുഷ്ഠിച്ച പൽപ്പു വിവേകാനന്ദന്റെ ഉപദേശ നിർദ്ദേശങ്ങൾ തേടാനുള്ള സമയം കണ്ടെത്താനായി ആ മഹാത്മാവിനെ ബാംഗ്ലൂർ തെരുവീഥികളിലൂടെ സ്വയം റിക്ഷ വലിച്ച് യാത്ര ചെയ്തത് പുതിയ ഒരു യുഗപ്പിറവിയുടെ നാന്ദിയായി. ഇന്ത്യൻ സാഹചര്യത്തിൽ ആത്മീയദർശനം പ്രസരിപ്പിക്കുന്ന ഒരു ഗുരുവര്യനിൽ കൂടി മാത്രമേ നിലവിലുള്ള വ്യവസ്ഥിതി പരിവർത്തിപ്പിക്കാനും സാധാരണ ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാനും കഴിയൂ എന്ന് സ്വാമി വിവേകാനന്ദൻ ഡോ. പൽപ്പുവിനെ ബോധ്യപ്പെടുത്തിയത് ബാംഗ്ലൂരിലെ ഈ സന്ദർശനവേളയിലാണ്. തുടർന്ന് ഡോ. പൽപ്പു അരുവിപ്പുറത്തെത്തി ശ്രീനാരായണഗുരുവിനെ കാണുന്നതും എസ്. എൻ.ഡി.പി. എന്ന വിമോചന പ്രസ്ഥാനത്തിന് രൂപം നൽകുന്നതും ജാതി - മത ജീർണ്ണതകൾക്കും അന്ധബന്ധമായി നിന്ന അനാചാരങ്ങൾക്കും എതിരായി നിശബ്ദ വിപ്ലവം നടപ്പാക്കിയതും വിവരിക്കേണ്ട ആവശ്യമില്ല. വർണ്ണാശ്രമ ധർമ്മങ്ങൾ കടപുഴക്കിയെറിഞ്ഞുകൊണ്ടുള്ള നവകേരള സൃഷ്ടിയിൽ ഡോ. പൽപ്പു വഹിച്ച പങ്ക് ഇനിയും ഏറെ ചർച്ച ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ആധുനിക കേരള സ്രഷ്ടാക്കളിൽ അഗ്രഗണ്യമായ സ്ഥാനം ഡോ. പൽപ്പുവിനാണ്.

ഭാരതീയ ദർശനത്തിന്റെ അത്യുന്നത ഗിരിശൃംഗമാണ് അദ്വൈതം. ദ്വൈതം അല്ലാത്തത് അദ്വൈതം എന്ന് ലളിതമായി സങ്കൽപ്പിക്കാം. ദൈവവും ജീവജാലങ്ങളും വേറിട്ടല്ല ഒന്നു തന്നെയാണ് എന്ന ചിന്താപദ്ധതി കൊണ്ടെത്തിക്കുന്നത് അദ്വൈത ദർശനത്തിലാണ്. എന്നാൽ അദ്വൈതം എന്നത് നമ്മുടെ മുനീശ്വരന്മാരും വേദാന്തികളും നിരന്തരവും നിതാന്തവുമായ ആത്മാന്വേഷണത്തിലൂടെ അറിവിന്റെ അപാരതകൾ തേടിയെത്തിപ്പോയി കണ്ടെത്തിയ പരമമായ സത്യമാണ്. അദ്വൈതികൾ എങ്ങനെ ആ പദത്തിലെത്തി എന്ന അപഗ്രഥനവും പഠനവും മനനവും ആയിരമായിരം വർഷങ്ങളായി നടന്നുവരുന്നു. അദ്വൈതത്തിന് ചാർത്തിയിരുന്ന പൂണൂൽ ഊരിക്കളഞ്ഞ വിശ്വഗുരുവാണ് ശ്രീനാരായണഗുരു. ഒന്നും തിരിച്ചറിയാതെ അന്യോന്യം തിരയുന്ന നമ്മൾ അദ്ദേഹം തെളിച്ചു കാണിച്ച വിശാലമായ വഴിയിൽ 'ഞാൻ നീ തന്നെ' എന്ന ഏകത്വം തിരിച്ചറിയണം. 'ഞാൻ' എന്നത് പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളുടെയും പ്രതീകമാകുന്നു.

അദ്വൈതദർശനം തികച്ചും ലളിതമായ വാക്കുകളിൽ നിത്യപ്രാർത്ഥനക്കുള്ള ദശകമായി ഗുരു രചിച്ചതാണ് 'ദൈവദശകം'. സർവ്വമതസ്ഥർക്കും സങ്കീർത്തനമാക്കാവുന്നതാണ് 'ദൈവദശകം'. ഏതെങ്കിലും ഒരു പ്രത്യേക മതത്തിന്റെ പ്രതീകങ്ങൾ അതിൽ ദർശിക്കാൻ കഴിയുകയില്ല. ഞങ്ങളെ കൈവിടാതെ കാത്തുകൊള്ളണമേ എന്ന പ്രാർത്ഥനയാണ് ഏത് ഗ്രന്ഥാന്തരങ്ങളിലുമുള്ള ഏത് വർഗ്ഗത്തിലും പെട്ട ജനഗണങ്ങളുടെയും അടിസ്ഥാന അപേക്ഷ. ജീവിതം എന്ന മഹാപാരാവാരം താണ്ടിക്കടക്കാനുള്ള വലിയ കപ്പലിന്റെ നാവികനായ അങ്ങല്ലാതെ ആരാണ്, ഞങ്ങളെ കൈവിടാതെ സംസാരസാഗരം അപകടം കൂടാതെ കടക്കാൻ മഹാനൗകയുമായെത്തുക?

പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളെയും ഓരോന്നോരോന്നായി എണ്ണിയെണ്ണി അനന്തമായ പൊരുൾ അഥവാ ഇന്ദ്രിയബോധം അറിയുന്നത് അല്ലെങ്കിൽ ദൃക്ക് നിന്നിടുന്ന പോലെ എന്റെ ആത്മാവ് നിന്നിൽ അസ്പന്ദമായിത്തീരണം. അറിവ് അറിയുന്ന ദൃക്കിനേക്കാൾ അന്യമല്ല എല്ലാം അറിവാകുന്ന ഒന്ന് മാത്രമാകുന്നു എന്ന്, 'ദൃക്ക്' വ്യാഖ്യാനിക്കുന്ന ഘട്ടത്തിൽ കുമാരനാശാൻ രേഖപ്പെടുത്തിയിട്ടുണ്ട്.

അങ്ങയുടെ അളവില്ലാത്ത ദയയിലാണ് ഞങ്ങൾക്ക് ഭക്ഷണം (ജീവിതം) കിട്ടുന്നത്. അങ്ങയുടെ കരുണയാലാണ് ഞങ്ങളെ പ്രതികൂല കാലാവസ്ഥകളിൽ നിന്ന് സംരക്ഷിക്കുന്ന വസ്ത്രം ലഭിക്കുന്നത്. എല്ലാ പ്രാപഞ്ചിക പ്രയാസങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിച്ച് ധന്യരാക്കുന്നത് ഏകം (ഒന്ന്) എന്ന നീ മാത്രമാണ്.

> നേരല്ല ദൃശ്യമിതു ദൃക്കിനെ നീക്കി നോക്കിൽ
> വേറല്ല വിശ്വമറിവാം മരുവിൽ പ്രവാഹം
> കാര്യത്തിൽ നിൽപ്പതിഹ കാരണസത്തയന്യേ
> വേറല്ല. വീചിയിലിരിപ്പതു വാരിയത്രേ

എന്ന് 'അദ്വൈത ദീപിക' യിൽ ഗുരു
വ്യക്തമാക്കുന്നു. ഇതുമായി സമരസപ്പെട്ടുപോകുന്ന
പ്രാർത്ഥനാവരികളാണ്,

'ആഴിയും തിരയും കാറ്റു
മാഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും നീയുമെന്നുള്ളിലാകണം.'

എന്നത് ഞങ്ങളാകുന്ന ആഴിയും മായയാകുന്ന തിരയും നിൻമഹിമയാകുന്ന കാറ്റും നീയാകുന്ന ആഴവും എന്റെ ഹൃദയത്തിലാകണമേ എന്ന ഈ പ്രാർത്ഥന അദ്വൈതിയുടെ പ്രാർത്ഥന തന്നെയാണ്. ദ്വൈതം ഏതായി മറയുന്നുവോ അതാണ് അതിന്റെ പരമാർത്ഥം. അനന്തമായി തിരകൾ അടിച്ചാലും ആഴിയുണ്ടാകും. ആഴിയില്ലെങ്കിൽ തിരയില്ല. തിരകൾ വിലയം കൊള്ളുന്നത് ആഴിയിലാണ്. കടലിൽ നിന്ന് കടലിലേക്ക് മറയും പോലെയാണിത്. പ്രപഞ്ചം മുഴുവൻ നിറഞ്ഞുനിൽക്കുന്നത് കാറ്റാണ്. ഈ കാറ്റിലാണ് സർവ്വവും അന്തിമ വിലയം പ്രാപിക്കുക. കർപ്പൂരം കത്തിച്ചാൽ ധൂമവും ജ്വാലയും, കത്താൻ കാരണക്കാരനായ കാറ്റിൽ മറയുന്നു. ഈ വായു അല്ലെങ്കിൽ കാറ്റ് പരമാർത്ഥമാകുന്ന കാരണക്കാരനാകുന്നു. അതാണ് നിൻ മഹിമ. ഈ പരംപൊരുൾ അല്ലെങ്കിൽ പരമാർത്ഥം ഞങ്ങളുടെ ഉൾക്കാമ്പിൽ നിറയണം.

കേവലമായ സൃഷ്ടിക്ക് നാല് തലങ്ങൾ ഉണ്ട്. സ്വർണ്ണപ്പണിക്കാരനിലൂടെ സ്വർണ്ണം എന്ന പദാർത്ഥത്തെ നിർമ്മാണ വൈദഗ്ധ്യത്തിലൂടെ പ്രത്യേക ഉപകരണം കൊണ്ട് ഒരു ആഭരണം എന്ന് സൃഷ്ടിയാകുന്ന പ്രക്രിയ നോക്കുക. എന്നാൽ ഇതെല്ലാം ചേർന്ന ദൈവത്തിന് ഒരു തലം മാത്രം. സൃഷ്ടിയും സ്രഷ്ടാവും സൃഷ്ടികർമ്മവും സൃഷ്ടിസാമഗ്രിയും ചേർന്നതാണ് ദൈവം. ദൈവം എല്ലാറ്റിലും ഉണ്ട്. ദൈവം ഏകമാണ്, ഒന്നേയുള്ളൂ. ആ ഒന്ന് എല്ലാറ്റിനെയും ഉൾക്കൊള്ളുന്നു എങ്കിൽ പിന്നെ എവിടെ ഭേദം?

സൃഷ്ടി എന്നത് മായയാണ്. ആ മായ നീ തന്നെയാണ്. മായാവിയായി മറയത്തിരിക്കുന്നതും നീ തന്നെ. സൃഷ്ടി നടത്തുന്ന ഐന്ദ്രജാലികനും നീ തന്നെ. ഈ മായയെ, മിഥ്യയെ നീക്കി പരമാർത്ഥം എന്ന സായൂജ്യം നൽകുന്ന ശ്രേഷ്ഠനും നീ തന്നെ. അവിദ്യയാണ് മായ. അവിദ്യയെ നീക്കുമ്പോൾ സായൂജ്യമാണ് ലഭിക്കുക. അവിദ്യ നീങ്ങുമ്പോൾ ജ്ഞാനിയെയും അജ്ഞാനിയെയും ഉയർന്നവനെയും താഴ്ന്നവനെയും ഒരുപോലെ കാണാൻ കഴിയും. അതിനർത്ഥം ഒരു ദൈവം, ഒരു മതം, ഒരു ജാതി എന്ന് തന്നെയായിരിക്കും.

"ദൈവമേ, നിന്നു നീയും
ഞാനുമൊന്നാണെന്നുമെന്ന
കൈവരുന്നതിന്നിതെന്നിയേടിയന്നില്ല
കാംക്ഷിതം" എന്നും

"ആരായ്കിലീയുലകമില്ലിതവിദ്യ, തത്ത്വ-
മോരാതവർക്കിതുലകായ് വിലസും ഭ്രമത്താൽ"

എന്നും കൂടി ഗുരു പറയുന്നു. തത്ത്വമറിയാത്തവർക്ക് അവിദ്യ കൊണ്ടുള്ള ഭ്രമത്താൽ ഉലകമെന്നു തോന്നും. ഞാനും നീയും ഒന്നുതന്നെ അല്ലെങ്കിൽ പരമമായ അറിവിൽ ഞാനും നീയും ഇല്ല എന്ന് വ്യക്തമാക്കിയിരിക്കുകയാണ്. ഞാനും നീയും ഒന്നു തന്നെയെങ്കിൽ (തത്ത്വമസി) പിന്നെ എവിടെ ഭേദചിന്ത? ഭൂതവും ഭാവിയും നമ്മുടെ അനുഭവത്തിൽ ഇല്ല. എന്നാൽ വർത്തമാനം ഇന്ദ്രിയാനുഭവമാണ്. അങ്ങനെയുള്ള നീയാണ് സത്യം. നീയാണ് ജ്ഞാനം. നീയാണ് ആനന്ദം. പരമാത്മാവാണ് പരമാനന്ദകാരൻ. നീ മാത്രം സത്യം നീയാണ് കാലവും. ഇന്ദ്രിയാനുഭവവും ഇന്ദ്രിയാതീതവുമായത് നീ ഒന്നു തന്നെ എന്ന് അറിവുണ്ടായാൽ പിന്നെയുള്ളത് പരമപദം അഥവാ പരമാനന്ദം മാത്രമാണ്.

ആന്തരികവും ബാഹ്യവുമായ ഇടങ്ങളിൽ നിറയുന്ന മഹത്വമാർന്ന് സ്ഥിതിചെയ്യുന്ന അങ്ങയെ ഞങ്ങൾ വന്ദിക്കുന്നു. ഏവരുടെയും ദീനത അകറ്റാൻ ബദ്ധശ്രദ്ധനായ ദയയുടെ കടലാണ് അങ്ങ്. ദയയുടെ കടലായ അങ്ങ് തന്നെയാണ് സ്നേഹവാരിധി. അങ്ങ് തന്നെയാണ് അനുകമ്പാവാരിധിയും. അനുകമ്പയാണവനായ അങ്ങ്,




പുരുഷാകൃതിപൂണ്ട ദൈവമോ?
നരദിവ്യാകൃതിപൂണ്ട ധർമ്മമോ?
പരമേശപവിത്രപുത്രനോ?

കരുണാവാൻ നബി മുത്തുരത്നമോ? അനുകമ്പ എന്ന സത്യദൈവം ശ്രീബുദ്ധന്റെ അഹിംസയിലും യേശുദേവന്റെ കരുണയിലും നബിതിരുമേനിയുടെ സാഹോദര്യത്തിലും കൂടി ഭേദചിന്തകളില്ലാതെ പരിലസിക്കണം. ആത്മാവിന് അങ്ങനെ ആനന്ദം പകരുന്ന അന്ന് ജയിക്കണം.

അങ്ങയുടെ അറിവിന്റെ പ്രകാശം അപരിമേയമാണ്. ആഴിയെ അളക്കാൻ കഴിയില്ല എന്നപോലെ അറിവിന്റെ തേജസ്സാകുന്ന, അഗാധമായ അറിവിന്റെ പ്രകാശ സമുദ്രത്തിൽ നമ്മൾ മുങ്ങണം. അവിടെ നിത്യം വാഴുന്നവർക്ക് എന്നും സുഖം. സർവം ഏകം എന്ന പൊരുൾ അറിഞ്ഞവർക്ക് സച്ചിദാനന്ദം.

അഗാധമായ അറിവിൽ സമദർശനമാണ് ഉണ്ടാവുക. സമദർശനത്തിന്റെ പൊരുൾ ഏകദൈവം, ഏക മതം, ഏകജാതി എന്നതുതന്നെയാണ്. കാച്ചിക്കുറുക്കിയ അദ്വൈത ദർശനം തന്നെയാണിത്. ഈ ലോകം മുഴുവൻ വെറും തോന്നൽ മാത്രം. അത് അറിയുന്ന അറിവ് സത്യം. പരമസത്യം ഏകം എന്നതുമാത്രം. അതിൽ അൻപ് അനുകമ്പ



എന്നിവ നിറയുന്ന ഏകമായ ജാതി, വർഗ്ഗ, വർണ്ണ വ്യത്യാസമില്ലാത്ത, സ്നേഹത്താൽ നിറയുന്ന ലോകം കുട്ടികൾ ദർശിക്കണം. ആ ലോകം അവരുടേതാണ്. ദൈവദശകം പ്രാർത്ഥനയിലൂടെ ക്രമേണ പൂർണ്ണ അറിവ് എന്തെന്ന് മനസ്സിലാകുന്ന കുട്ടിയിൽ ഭേദവിചാരമുണ്ടാവില്ല. അവനിൽ മനുഷ്യത്വം മാത്രമേ കാണൂ. അവന്റെ ജാതി 'മനുഷ്യാണാം മനുഷ്യത്വം' എന്നായിരിക്കും. അതിഗഹനമായ അദ്വൈത ചിന്ത, ഇത്ര സരളമായി തെളി മലയാളത്തിൽ കുട്ടികളിലേക്ക് പകർന്നുകൊടുത്ത ഒരേ ഒരു കർമ്മയോഗിയും ധർമ്മയോഗിയും ശ്രീനാരായണഗുരുവാണ്.

ശ്രീനാരായണഗുരുവിന്റെയും ഡോ. പൽപ്പുവിന്റെയും സമകാലികനായ കുമാരനാശാൻ ചിന്നസ്വാമി എന്ന നാമത്തിൽ ആദ്യകാലത്ത് അറിയപ്പെട്ടത് അദ്ദേഹം ഗുരുവിന്റെ സന്തത സഹചാരി ആയിരുന്നതുകൊണ്ടാണ്. കുമാരനാശാന്റെ കവിത്വ സിദ്ധി കണ്ടറിയുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത കവിവര്യൻ കൂടിയാണ് ഗുരു. ശൃംഗാരകാവ്യങ്ങൾ എഴുതിയിരുന്ന ആശാനെ ഉൾക്കാമ്പുള്ള കവിതാപന്ഥാവിലേക്ക് തിരിച്ചുവിട്ടത് ഗുരുവാണ്. ഗുരു തുടങ്ങിവച്ച വിപ്ലവം സാമൂഹ്യ, സാംസ്കാരിക സാഹിത്യ മണ്ഡലങ്ങളിൽ ശക്തമായി പിന്തുടർന്ന് പൂർത്തീകരിക്കുന്നതിൽ ആയുസ്സും വപുസ്സും ആശാൻ സമർപ്പിച്ചു. മലയാളം അന്നോളം ദർശിക്കാത്ത നവ്യമായ കാല്പനികാനുഭൂതി കവിതയിലൂടെയും സാമൂഹിക പരിഷ്കരണം എസ്.എൻ.ഡി.പി. യോഗത്തിലൂടെയും പൊതുജനസേവനം ശ്രീമൂലം പ്രജാസഭാംഗം എന്ന നിലയിലും നടത്താനും ഒരേ സമയം വിഭിന്ന മേഖലകളിൽ ഉജ്ജ്വലതേജസ്സിയായി നിലകൊള്ളാനും അദ്ദേഹം കാരണഭൂതനായി. ശ്രീനാരായണഗുരു തെളിച്ച കൈത്തിരി വെളിച്ചത്തിൽ സ്വന്തം മാർഗ്ഗം കണ്ടെത്തിയ ഈ സമകാലികന്റെ സ്ഥാനം കേരളസൃഷ്ടിയിൽ അദ്വിതീയമാണ്.


ഈ നിരയിൽ തുടർന്നും വന്ന വ്യക്തികൾ വ്യതിരിക്ത ശ്രേണികളിൽ നിന്നുള്ളവരും വ്യത്യസ്ത സ്വഭാവം പുലർത്തിയവരുമായിരുന്നു. സി. വി. കുഞ്ഞിരാമൻ, സി. കേശവൻ, സഹോദരൻ അയ്യപ്പൻ തുടങ്ങിയവർ ജാതി ജീർണ്ണതയ്ക്കും ഉച്ചനീചത്വത്തിനും എതിരായി നാവും തൂലികയും പടവാളാക്കുമ്പോൾതന്നെ കറകളഞ്ഞ യുക്തി വാദികളുമായിരുന്നു. ഓരോരുത്തർക്കും തങ്ങൾക്കിഷ്ടമുള്ള എന്ത് സിദ്ധാന്തത്തിലും വിശ്വസിക്കാം. അല്ലെങ്കിൽ ഒന്നിലും വിശ്വസിക്കാതിരിക്കാം. കോടിക്കണക്കിന് താഴ്ന്നവരെയും ദരിദ്രരെയും രാഷ്ട്രത്തിന്റെ പ്രാണനായി കണ്ട് അവരെ സമൂഹത്തിന്റെ മുകൾത്തട്ടിലേക്ക് കൈപിടിച്ചാനയിക്കാൻ യത്നിച്ചവരാണ് ഇവർ മൂവരും. ഏറ്റവും പാവപ്പെട്ടവരുടെ സമുദ്ധാരണവും സമൂലമായ പരിഷ്കരണവും ലക്ഷ്യമാക്കിയ ഇവരുടെ ശ്രമങ്ങൾക്ക് ശ്രീനാരായണഗുരുവിന്റെ സാമീപ്യ സമ്പർക്കങ്ങളും ഉപദേശങ്ങളും പ്രചോദനമായി എന്നത് ഭൗതികവാദത്തിന്റെ യാഥാർത്ഥ്യബോധം

അവർ ഉൾക്കൊള്ളുമ്പോൾ തന്നെ ഗുരുദർശനത്തിന്റെ അതിവിശാലതയിൽ മനുഷ്യനന്മയ്ക്കായുള്ള ഏത് പ്രസ്ഥാനത്തിനും പ്രവർത്തികൾക്കും ഇടം ഉണ്ടെന്നാണ് നാം മനസ്സിലാക്കേണ്ടത്. ആസ്തികനും നാസ്തികനും ഗുരുവിന്റെ പാത പിന്തുടരാൻ കഴിയും.

ആത്മമിത്രമായ ചട്ടമ്പി സ്വാമികളുമായി പരസ്പരം ഉൾക്കൊണ്ടും അംഗീകരിച്ചും ദൃഢമാക്കിയ ബന്ധമാണ് ശ്രീനാരായണഗുരുവിനുണ്ടായിരുന്നത്. ചട്ടമ്പിസ്വാമികളുടെ പാണ്ഡിത്യത്തിന്റെ അഗാധതകൾ അനുഭവിച്ചറിഞ്ഞ ഗുരുവിനോടൊപ്പം മരുത്വാമലയിലും അരുവിപ്പുറത്തും തൈക്കാട് അയ്യാഗുരുവിനോടൊപ്പവും അസംഖ്യം മറ്റ് അവസരങ്ങളിലും ചട്ടമ്പിസ്വാമികൾ ഒപ്പമുണ്ടായിരുന്നു. ജീവജാലങ്ങളുമായി സല്ലപിച്ച് കഴിയാൻ ഇഷ്ടപ്പെട്ട ലോലഹൃദയനായ അദ്ദേഹത്തിന് ഭൗതികതലത്തിൽ പ്രസ്ഥാനനായകനാവേണ്ട ആവശ്യം ഒരുപക്ഷേ അന്ന് ഉണ്ടായിരുന്നിരിക്കില്ല. ആത്മീയതയ്ക്കും സാഹിത്യത്തിനും പുറത്ത് ചട്ടമ്പിസ്വാമികൾക്ക് സ്വാധീനം ഉറപ്പിക്കാൻ കഴിയാതെ പോയത് അതുകൊണ്ടാവാം. പണ്ഡിതാഗ്രഗണ്യരായ ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവും സമകാലികരായി കേരളനവോത്ഥാന പാതയിൽ എത്താതിരുന്നെങ്കിലോ അത്ഭുതമല്ലേ.


ശ്രീനാരായണ കൃതികളിൽ തുടിച്ചുനിൽക്കുന്ന ഗുണവിശേഷങ്ങളാണ് അനുകമ്പയും സ്നേഹവും സാഹോദര്യവും.ഒരു ഉറുമ്പിനുപോലും പീഢ വരരുതെന്ന് അദ്ദേഹം അഭിലഷിച്ചു. മനുഷ്യരാശി ഏകോദര സഹോദരങ്ങളാണ് എന്ന് അദ്ദേഹം വിശ്വസിച്ചു. സ്നേഹം മാത്രമാണ് അവരെ തമ്മിൽ കോർത്തിണക്കേണ്ടത് എന്ന് അദ്ദേഹം പറഞ്ഞു മനസ്സിലാക്കി. ഇവിടെയൊക്കെ ഇസ്ലാം മതത്തിന്റെ അടിസ്ഥാനശിലകളായ സാഹോദര്യവും ദീനാനുകമ്പയും ഗുരുവചനങ്ങളിൽ ദർശിക്കാം. ഏകത്വം എന്നത് ഭാരതീയദർശനത്തിന്റെ അടിസ്ഥാനമാണെങ്കിലും സൂഫിസത്തിന്റെ അന്തർധാര അദ്ദേഹത്തിന്റെ പല പ്രബോധനങ്ങളിലും കാണാം. പണ്ഡിതാഗ്രേസരനും സാമൂഹ്യ പരിഷ്കർത്താവുമായ വക്കം അബ്ദുൽ ഖാദർ മൗലവിയും അദ്ദേഹത്തിന്റെ സഹോദരനുമായുള്ള നിരന്തര സമ്പർക്കം സൂഫിസത്തെയും ഇസ്ലാമിനെയും പറ്റിയുള്ള അവബോധം ഗുരുവിൽ പകരാൻ ഇടയായിട്ടുണ്ടാവാം. ഇതേപ്പറ്റി കൂടുതൽ ഗവേഷണം നടക്കുന്നതോടെ കൗതുകകരമായ ചരിത്ര സത്യങ്ങൾ കണ്ടെത്താൻ കഴിയും.

വൈക്കം സത്യാഗ്രഹ നേതാക്കളായ ടി.കെ. മാധവനും മന്നത്ത് പത്മനാഭനും ഗുരുവിന്റെ സമകാലികനായിരിക്കെത്തന്നെ അദ്ദേഹത്തെ ആചാര്യസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും അദ്ദേഹത്തിൽ നിന്ന് ഉപദേശനിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തവരായിരുന്നു. ഗുരുദർശനം സാമൂഹ്യപരിഷ്കരണം എന്ന കർമ്മകാണ്ഡത്തിൽ എത്തിച്ച് ഫലപ്രാപ്തി കൈവരുത്തുന്നതിലും ഈ നേതാക്കൾ വഹിച്ച പങ്ക് ചരിത്രത്തിന്റെ ഭാഗമാണ്. എസ്.എൻ.ഡി.പി. യുടെ മാതൃകയിൽ എൻ.എസ്.എസിന് രൂപം നൽകാൻ കൂടി ഗുരുവിനോട് മന്നത്തിനുള്ള സ്നേഹബഹുമാനങ്ങൾ നിമിത്തമായി. രണ്ട് ബൃഹദ് പ്രസ്ഥാനങ്ങൾക്ക് രൂപം നൽകുന്നതിൽ ശ്രീനാരായണഗുരുവിൽ നിന്നുള്ള സംഘടനാബോധം എന്ന ഊർജ്ജം പ്രയോജനപ്പെട്ടു. സംഘടിച്ച് ശക്തരാകുക, വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന ഗുരുവിന്റെ ഉപദേശം അക്ഷരാർത്ഥത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയ സാമൂഹ്യ നവോത്ഥാന നായകൻ ശ്രീ അയ്യങ്കാളിയെ പ്രത്യേകം സ്മരിക്കേണ്ടതുണ്ട്.




ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്നതായിരുന്നു ഗുരുവിന്റെ പ്രവർത്തനശൈലി. സമകാലിക കവികളും എഴുത്തുകാരും അദ്ദേഹത്തെ സ്പർശിക്കാതെ അവരുടെ രചനകൾ പൂർത്തിയാക്കിയില്ല. മൂലൂർ എസ്. പത്മനാഭപ്പണിക്കർ, മഹാകവികളായ വള്ളത്തോൾ, ഉള്ളൂർ എന്നിവരുടെ കവിതകളിലും ഇതരസാഹിത്യകാരൻ മാരുടെ സർഗ്ഗസൃഷ്ടികളിലും ഉള്ള ഗുരുദർശന സ്വാധീനം ഇന്നത്തെ സാഹിത്യനായകരിലും അനുസ്യൂതം തുടരുന്നു എന്നത് ഏത് കാലത്തെയും അതിജീവിക്കാൻ പ്രാപ്തമായ ആദർശത്തിന്റെ പ്രസക്തിയെയുമാണ് കാണിക്കുന്നത്.

ശ്രീനാരായണഗുരുദർശനത്തിന്റെ ദീപ്തി അദ്ദേഹത്തിന്റെ സമകാലികരും തുടർന്നുവന്നവരുമായ കേരളത്തിന്റെ സമസ്ത മേഖലകളിലെയും അഗ്രസ്ഥാനം അലങ്കരിക്കുന്നവരിലും സാമാന്യജനങ്ങളിലും നിത്യമാസ്മരമായി നിലകൊള്ളുന്ന ഒന്നാണ്. ദൈവദശകങ്ങൾ, ശതകങ്ങളും സഹസ്രങ്ങളുമായി അവിരാമം പ്രകൃതിതാളമായി, നിത്യചലനമായി നമ്മെ ഉജ്ജീവിപ്പിക്കും.



# തത്വദീക്ഷ നഷ്ടപ്പെടുന്ന **സ്വത്വബോധങ്ങൾ**




ഡോ.എൻ.ജയരാജ്

12,13,14 കേരള
നിയമസഭകളിൽ അംഗം


**ക്ക, ത്ത, ട്ട, റ്റ, ന്ന എന്നീ കൂട്ടക്ഷരങ്ങൾക്കും ൽ,ൾ,ർ,ൻ എന്നീ ചില്ലക്ഷരങ്ങൾക്കും ഒറ്റ കീ ഉപയോഗിക്കേണ്ടുന്ന സ്ഥാനത്ത് യൂണികോഡിൽ ചില്ലക്ഷരത്തിനും കൂട്ടക്ഷരത്തിനും മൂന്ന് കീ ഉപയോഗിക്കേണ്ടി വരുന്നു. കൊ എന്ന് ടൈപ്പ് ചെയ്യേണമെങ്കിൽ ക അച്ചടിച്ചതിനുശേഷം ൊ ാ ചിഹ്നം ചേർക്കുന്ന സമ്പ്രദായം യൂണികോഡിൽ വന്നപ്പോൾ കുഴപ്പമില്ലെങ്കിലും ഉപയോഗിക്കുന്നയാളിലെ ഭാഷ വികലമാക്കപ്പെടുന്നു എന്നതാണ് സത്യം.**



ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടന നടന്നതിനെത്തുടർന്നാണ് 1956 നവംബർ 1 ന് ഐക്യകേരളം രൂപീകരിക്കപ്പെട്ടത്. ഇപ്പോൾ 62 വയസാകുന്നു നമ്മുടെ കൊച്ചുകേരളത്തിന്. 1953 ഡിസംബർ 23 നാണ് ഒറീസാ ഗവർണറായിരുന്ന ഫാസൽ അലിയുടെ നേതൃത്വത്തിൽ എച്ച് എൻ കുൺസ്രുവും സർദാർ കെ.എം.പണിക്കരും ഉൾപ്പെടുന്ന മൂന്നംഗ സംസ്ഥാന പുനഃസംഘടന കമ്മീഷൻ നിലവിൽ വന്നത്. ജനാധിപത്യ പ്രക്രിയയെ ശക്തമാക്കാനും ജനങ്ങളുടെ ഭരണതലത്തിലെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടി ഓരോ സംസ്ഥാനങ്ങളിലും ഭരണഭാഷ മാതൃഭാഷയിലാക്കാൻ തീരുമാനിച്ചു. ഒരു ജനാധിപത്യ ഭരണകൂടത്തിൽ ജനങ്ങൾക്ക് മനസിലാകുന്ന ഭാഷയിൽതന്നെ ഭരണകാര്യങ്ങൾ നടത്തേണ്ടത് സർക്കാരിന്റെ ചുമതലയാണ് എന്ന് കമ്മീഷൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ആകെ ജനസംഖ്യയുടെ 70 ശതമാനമോ അതിൽ കൂടുതലോ ആണ് ഒരു ഭാഷ സംസാരിക്കുന്നതെങ്കിൽ അത് ഔദ്യോഗിക ഭാഷയായി കണക്കാക്കാം. 1991 ലെ സെൻസസ് പ്രകാരം 96.55 ശതമാനം പേർ കേരളത്തിൽ മലയാളം മാതൃഭാഷയായി സംസാരിക്കുന്നു. നമ്മുടെ സ്വത്വബോധത്തിന്റെ ഭാഗമാണ് മാതൃഭാഷ. താൻ മലയാളിയാണെന്ന ബോധം അങ്കുരിക്കുന്നത് നമ്മൾ മലയാളം സംസാരിക്കുമ്പോഴാണ്.

ഔദ്യോഗിക ഭാഷ ആക്ട് നിലവിൽ വന്നത് 1969 ലാണ്. നിയമപരമായി ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന വ്യവസ്ഥ ചെയ്യുന്നതൊഴികെയുള്ള എല്ലാ സർക്കാർ ആവശ്യങ്ങൾക്കും ഘട്ടംഘട്ടമായി മലയാളം തന്നെ ഉപയോഗിക്കണമെന്നാണ് ഈ ആക്ടിലെ വ്യവസ്ഥ. സർക്കാർ തലത്തിൽ



ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് ഉണ്ട്. ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട നടപടികൾ നടപ്പാക്കാനും നിരീക്ഷിക്കാനുമുള്ള ഉത്തരവാദിത്തം ഈ വകുപ്പിനാണ്. ഔദ്യോഗികഭാഷയുമായി ബന്ധപ്പെട്ട നിഘണ്ടു തയ്യാറാക്കുന്നതിന് വർഷങ്ങൾക്ക് മുമ്പേ ശ്രമങ്ങൾ ആരംഭിച്ചുവെങ്കിലും ഇന്നും അത് പൂർത്തീകരിച്ചിട്ടില്ല. ഇതുകൂടാതെ, സംസ്ഥാന സർക്കാരിന്റെ കീഴിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നിലവിൽ ഔദ്യോഗിക ഭാഷയുൾപ്പെടെ മലയാളത്തിലാക്കുന്നതിനും പുതിയ പദങ്ങൾ കണ്ടെത്തുന്നതിനും, ശ്രമങ്ങൾ നടത്തി. വിജ്ഞാന ശാഖയിൽ മലയാള ഭാഷയിൽ ഒട്ടേറെ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ടിന് പകരമൊരു മലയാളപദം എന്തുകൊണ്ടോ കണ്ടെത്താനായില്ല.

കേരള നിയമസഭയ്ക്ക് ഔദ്യോഗിക ഭാഷാ സംബന്ധിച്ച ഒരു സമിതി ഉണ്ട്. സർക്കാരിന്റെ ഔദ്യോഗിക ഭാഷാനയം വിജയകരമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും അതിന്റെ പുരോഗതി വിലയിരുത്താനും ഭാഷാമാറ്റത്തിന്റെ കാര്യത്തിൽ വിവിധ വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങൾ പരിശോധിക്കാനുമാണ് 2003 ൽ കേരള നിയമസഭ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി രൂപീകരിച്ചത്. ഭരണഭാഷയിൽ ഉപയോഗിക്കുന്ന വാക്കുകൾ വിവിധ ഓഫീസുകളിൽ ഇന്നത്തെ വാക്ക് എന്ന രീതിയിൽ പ്രദർശിപ്പിക്കുന്നത് സമിതിയുടെ ഇടപെടലിനെ തുടർന്നാണ്. സംസ്ഥാന ബജറ്റുകളിൽ ഔദ്യോഗിക ഭാഷാപ്രയോഗത്തിനായി XXVI എന്ന ശീർഷകം ആരംഭിച്ചതും ഈ സമിതിയുടെ നിർദ്ദേശപ്രകാരമായിരുന്നു. സർക്കാർ തലത്തിലും നിയമസഭാതലത്തിലും കൂടാതെ ജില്ലാ തലത്തിലും ഔദ്യോഗിക ഭാഷ സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്താനുള്ള സമിതിയുണ്ട്. ഈ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും പല പ്രധാന വകുപ്പുകളുടെയും കത്തിടപാടുകൾ ഇപ്പോഴും ഇംഗ്ലീഷിലാണ്. ഈ രംഗത്ത് ആശാവഹമായി ഏറെ മുന്നോട്ട് പോയിട്ടുള്ളത് സെക്രട്ടേറിയറ്റ് സംവിധാനമാണ്. മലയാളത്തിൽ വരുന്ന കത്തുകൾക്ക് മലയാളത്തിൽത്തന്നെ മറുപടി നൽകാനുള്ള സന്നദ്ധത അവിടെയുണ്ട്. എന്നാൽ താഴെത്തട്ടിലുള്ള സർക്കാർ വകുപ്പുകൾ ഇനിയും ഇക്കാര്യത്തിൽ ഏറെ മുൻപോട്ട് പോകാനുണ്ട്. നിയമസഭയിൽ വരുന്ന ബില്ലുകൾ മലയാളത്തിലും ഇംഗ്ലീഷിലുമായിരിക്കണമെന്ന് പ്രത്യേക റൂളിങ് ഉണ്ട്. സാധാരണക്കാർക്ക് ഏറെ ആവശ്യമുള്ള വൈദ്യുതി വകുപ്പിന്റെ ബില്ലുകൾ ഉൾപ്പെടെ ഇന്നും ഇംഗ്ലീഷിലാണ്. പൊതുമരാമത്ത് വകുപ്പ്, നികുതി വകുപ്പ് തുടങ്ങിയവ ഇന്നും ഭരണഭാഷയുടെ കാര്യത്തിൽ ലക്ഷ്യം കൈവരിച്ചിട്ടില്ല. ഭരണ സംവിധാനത്തിന്റെ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പുവരുത്താൻ സാധാരണക്കാരുടെ ഭാഷയിലൂന്നി ഭരണ നിർവഹണമുണ്ടാകണം. ഭരണനിർവഹണത്തോടൊപ്പം നമ്മുടെ ദൈനംദിന ജീവിതത്തിലും മലയാളത്തിന്റെ ഇടങ്ങൾ കുറഞ്ഞുവരുന്നു. ഒക്ടോബർ 27 മലയാള ഭാഷയെ സ്നേഹിക്കുന്ന എല്ലാവർക്കും വിസ്മരിക്കാനാവാത്ത ദിനമാണ്. നമ്മുടെ അക്കാദമികളും വിദ്യാഭ്യാസ വകുപ്പും മാധ്യമങ്ങളുമൊക്കെ അധികം ശ്രദ്ധിക്കാതെ ആ ദിനവും കടന്നുപോയി അങ്ങിങ്ങായി ചില അനുസ്മരണ ചടങ്ങുകൾക്കപ്പുറത്ത് ആ സർഗ്ഗ സംഗീതത്തെ നാം ഓർക്കാത്തതെന്താണ്. മലയാളിയുടെ സ്വപ്നങ്ങൾക്ക് ആയിരം ചിറകുവിരിയിച്ച വയലാറിന്റെ ചരമദിനം ഭാഷാസ്നേഹികൾ എന്തേ മറന്നുപോയി. ഇത് വയലാറിന്റെ മാത്രം അനുഭവമല്ല. നമ്മുടെ ഭാഷയെയും സാഹിത്യത്തെയുമൊക്കെ സമ്പുഷ്ടമാക്കിയ മനീഷികളുടെ ഓർമകൾ നമുക്ക് അന്യമാകുന്നു. കച്ചവട സംസ്കാരവും തൊഴിൽ മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായവും നിലനിൽക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥയിൽ സാംസ്കാരിക വിനിമയത്തിന് സമയമില്ലാതെ പോകുന്നു. തുലാമാസം പാതിയെത്തിയിട്ടും കയ്യിൽ ഇന്ദ്രധനുസുമായി കാറ്റത്ത് പെയ്യുവാൻ തുലാവർഷമേഘങ്ങളില്ലാത്ത നമ്മുടെ ആകാശത്തിൽ ജ്വലിച്ചു നിൽക്കുന്ന ആ ശുക്രനക്ഷത്രത്തെ

അങ്ങനെ മലയാളി മറക്കാമോ. മലയാളിയെ ഇക്കിളിപ്പെടുത്തുന്ന ചാനൽചർച്ചകൾക്കിടയിൽ വയലാറിനെന്ത് പ്രസക്തിയെന്ന തോന്നാം. കവികൾക്കെവിടെ സ്ഥാനമെന്ന് ചിന്തിക്കാം. പക്ഷേ തർക്കവിതർക്കങ്ങൾക്കിടയിൽ വരികളിലൂടെ അവർ കോറിയിട്ട സമന്വയത്തിന്റെയും സംസ്കൃതിയുടെയും സുഗന്ധം മലയാളമറിയാവുന്നവർക്ക് വായിച്ചാൽ തിരിച്ചറിയാൻ കഴിയും. വിപ്ലവത്തിന്റെ മണ്ണിൽ ജനിച്ചുവളർന്നിട്ടും രാഷ്ട്രീയ ആഭിമുഖ്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ആർഷഭാരതത്തിന്റെ തിരുശേഷിപ്പുകളെയും ഐതിഹ്യങ്ങളെയും നിരാകരിക്കാതെ തന്നെ അവയുടെ അകത്തെ ചിപ്പിക്കുള്ളിൽ നിന്ന് സ്വപ്നങ്ങളുടെ മുത്തെടുത്ത് നൽകാൻ വയലാറിന് കഴിഞ്ഞു. ഇത് ഒരു ഭാഷയുടെ സാംസ്കാരികതയുടെ സമന്വയത്തിന്റെ പാഠമാണ്. ഇത് ഉൾക്കൊള്ളാൻ നമ്മുടെ തലമുറയ്ക്ക് കഴിയാതെ പോകുന്നതിന്റെ പ്രധാന കാരണം അത്തരം ഭാഷയിൽ നിന്ന് അകന്നു നില്ക്കുന്നത് കൊണ്ടാണ്. വായനയുടെ തലങ്ങൾ കുറഞ്ഞു വരുന്നതും അതുകൊണ്ടാണ്.

ഭാരതീയ പുരാണങ്ങളിൽ നിന്നുപോലും വിപ്ലവകവിതകൾക്കാവശ്യമുള്ള വരികൾ കണ്ടെത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. ബലികുടീരങ്ങളേ... ചോരയിൽ നിന്നും ഒരായിരം പേർ ഉയരുന്നു എന്ന വിപ്ലവഗാനത്തിന് പിന്നിൽ കാളി-ദാരികയുദ്ധത്തിന്റെ പുരാണപാഠങ്ങൾ കൂടി വായിക്കാൻ ശ്രമിച്ചാൽ തിരിച്ചറിയാം. ഇതുപോലെ നമ്മുടെ സാഹിത്യത്തിന്റെ വരികൾക്കിടയിലൂടെ കടന്നുപോയാൽ ഇത്തരം നിരവധി അനുഭവങ്ങൾ ദർശിക്കാൻ കഴിയും. അഭിജാതമായ ഒരു സംസ്കൃതിയുടെ ഭാഗമാണ് നമ്മളെന്ന ബോധം അങ്കുരിപ്പിക്കാൻ നമ്മുടെ ഭാഷയിലെ ഇത്തരം പ്രയോഗങ്ങൾക്കായിട്ടുണ്ട്.

നാം മലയാളഭാഷാ സംരക്ഷണ പരിപാടികൾ നടത്തുമ്പോൾ സമകാലികമായി സംഭവിക്കുന്ന ദുരന്തങ്ങൾ കൂടി ചർച്ച ചെയ്യേണ്ടതുണ്ട്. ചർച്ചകളിലും പ്രസംഗങ്ങളിലുമൊക്കെ ഭാഷയുടെ സൗന്ദര്യം നഷ്ടപ്പെടുന്നില്ലേ? വെല്ലുവിളികളുടെയും ആക്രോശങ്ങളുടെയും ഭാഷയ്ക്കപ്പുറത്ത് നമുക്ക് പറയാനുള്ള ആശയം വ്യക്തമായി സൗമ്യതയോടെ പറയാൻ എന്തേ കഴിയുന്നില്ല. നമ്മുടെ ഭാഷയുടെ സൗകുമാര്യതയും സൗമ്യതയും നഷ്ടപ്പെടുത്തുന്ന രീതികൾ പലപ്പോഴും കാണാം. നമ്മുടെ വരും തലമുറകൾ അത് കണ്ട് പഠിക്കുന്നു. ആശയവിനിമയത്തിന് സൗമ്യഭാഷയ്ക്കുപകരം ആക്രോശങ്ങൾ ഉപയോഗിക്കുന്നതിലൂടെ സംജാതമാകുന്നത് ഭാഷയുടെ സംഗീതാത്മകമായ തലങ്ങളല്ലെന്നും കൂടി ഓർക്കാം. അശ്ലീലമായ ജൽപനങ്ങൾ ശുദ്ധമായ ഭാഷയുടെ സ്ഥാനത്തേക്ക് വഴിമാറിപ്പോകുമ്പോൾ നഷ്ടപ്പെടുന്നത് അഭിജാതമായ നമ്മുടെ ഭാഷയുടെ മഹനീയത്വം കൂടിയാണ്.

സോഷ്യൽ മീഡിയയുടെ കാലത്ത് കുട്ടിക്കഥകൾ



വായിച്ച് കുട്ടികളാകാൻ ആർക്കാണ് സമയം. പ്രസിദ്ധമായ വാരികകളിൽ ഒരു കാലത്ത് ഏറ്റവും പിന്നിലെ പേജിൽ കുട്ടികളുടെ പംക്തികളും കാർട്ടൂണുകളും ഉണ്ടായിരുന്നു. അവയൊക്കെ പാടെയില്ലാതെയായിരിക്കുന്നു. ആ സ്ഥാനത്ത് ഗൗരവകരമായ ചിന്തകളാണ് അച്ചടിച്ചുവരുന്നത്. യാന്ത്രികമായ ചർച്ചകൾക്കും ചിന്തകൾക്കുമിടയിൽ കുട്ടിത്തം നഷ്ടപ്പെടുത്തുന്നതും കാണും. മാന്ത്രികനായ മാൻഡ്രേക്കിനെ ആർക്ക് വേണം. ആരോഗ്യമറിഞ്ഞുള്ള വിളമ്പിനേക്കാൾ രുചിയറിഞ്ഞുള്ള വിളമ്പിനാണല്ലോ ഇന്ന് ഏറെ പ്രാധാന്യം. സ്മാർട്ട് ഫോണുകളിൽ ഉൾപ്പെടെ സന്ദേശങ്ങൾ കൈമാറാൻ ഭാഷ ഉപയോഗിക്കുമ്പോൾ ലിപി ആവശ്യമില്ലാതെ വന്നിരിക്കുന്നു. മലയാള വാക്കുകൾ ഇംഗ്ലീഷ് ഭാഷയുടെ ലിപി ഉപയോഗിച്ച് എഴുതുന്ന വിദ്യക്ക് നമ്മൾ പേരുമിട്ടു, മംഗ്ലീഷ്. നാലാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് രണ്ടാം ക്ലാസിലെ പാഠപുസ്തകം വായിക്കാൻ കഴിയുന്നില്ലായെന്ന് വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തിയതിൽ അത്ഭുതപ്പെടാനില്ല. മലയാളം വായിക്കാനറിയാത്ത ഒരു തലമുറയെയാണ് നാം വാർത്തെടുക്കുന്നതെന്ന് ഓർക്കുക.

കൊട്ടിഘോഷിക്കപ്പെടുന്ന ഭാഷാവാരാചരണങ്ങൾ സാംസ്കാരിക നായകൻമാരുടെയും സാഹിത്യകാരന്മാരുടെയും നെടുങ്കൻ വാചക കസർത്തുകളും സൈദ്ധാന്തിക സെമിനാറുകളുമൊക്കെയായി അവസാനിക്കുന്നു. അടിസ്ഥാനപരമായി ഭാഷയെ സ്നേഹിക്കുന്ന ഒരു തലമുറയെ ഭാഷാസ്നേഹത്തിന്റെ മാധുര്യം നൽകി ആകർഷിക്കാൻ അതിന്റെ സ്വത്വബോധം

ഉണർത്താനുള്ള നടപടികളും ശ്രമങ്ങളും അക്കാദമികളുടെയും സർവകലാശാലകളുടെയും അകത്തളങ്ങളിലല്ലാ നടക്കേണ്ടത്. അമ്മയുടെ മുലപ്പാലിനോടൊപ്പം മാതൃഭാഷ സ്നേഹത്തിന്റെ പാൽച്ചുരത്താൻ കഴിയുന്ന പ്രവർത്തനങ്ങളാണ് നമുക്ക് വേണ്ടത്. എല്ലാം പഴഞ്ചനാണെന്ന് പറയുമ്പോൾ സന്ധ്യാനേരത്ത് രാമായണം ഉറക്കെച്ചൊല്ലണമെന്ന കർശന നിലപാടുകളാണ് ഈ ലേഖകനൾപ്പെടെയുള്ളവരെ ഭാഷാസ്നേഹ വാരിധിയിൽ തിരപോലെ മനസിൽ സൂക്ഷിക്കാൻ പ്രേരിപ്പിച്ചത് എന്നതാണ് സത്യം. തെറ്റുകൂടാതെ പത്തുവാക്ക് മലയാളത്തിൽ പറയാൻ കഴിയുന്നതും അതുകൊണ്ടാണ്. വികലമായ സംസാരത്തിന്റെ വൈരൂപ്യങ്ങൾ ഇന്ന് ചുറ്റും കാണുമ്പോൾ ദുഃഖം തോന്നുന്നു. ചാനൽ അവതാരകർ വിക്കിവിക്കിസംസാരിക്കുന്നത് കണ്ടുവളരുന്ന നമ്മുടെ അടുത്ത തലമുറ അതാണ് യഥാർത്ഥ മലയാളമെന്ന് തെറ്റിദ്ധരിക്കുന്നു.

മുൻതലമുറയെ വായനയുടെ ലോകത്ത് എത്തിക്കുന്നതിൽ രാവിലെ വീട്ടിലെത്തുന്ന പത്രത്തോടൊപ്പമുള്ള ബാലമാസികകളും വഹിച്ച പങ്ക് ചെറുതല്ല. ചിത്രകഥകളും കാർട്ടൂണുകളും ചെറുകഥകളുമൊക്കെ ബാല്യകൗതുകങ്ങൾക്ക് ദീപനം നൽകിയത് ആ തലമുറയ്ക്ക് വിസ്മരിക്കാനായില്ല. വായനയിലേക്ക് ചെറിയ പ്രായത്തിൽ കടന്നുചെല്ലാൻ സഹായിച്ച അത്തരം പ്രസിദ്ധീകരണങ്ങൾ മരണക്കിടക്കയിലാണ്.

ഭാഷ നിലനിൽക്കണമെന്നും മാതൃഭാഷയിലെല്ലാം വേണമെന്നും മുറവിളി കൂട്ടുമ്പോൾത്തന്നെ ഭാഷയെ കാലത്തിനനുസരിച്ച് ശാക്തീകരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗക്രമമനുസരിച്ചും സമൂഹത്തിലെ വൈജ്ഞാനിക ശാഖകളുടെ പ്രയോഗങ്ങൾക്കനുസരിച്ചും അവയെ ശക്തിപ്പെടുത്തണം. തമിഴ് ഭാഷയിൽ അത്തരമൊരു നീക്കം നടന്നത് അനുകരണീയമാണ്. ഉദാഹരണം ടെലിഫോൺ എന്ന വാക്കിന് സമാനമായി തൊലൈപേശി എന്നും കമ്പ്യൂട്ടറിന് കണിനി, ഇൻസ്റ്റിറ്റ്യൂട്ടിന് നിറുവനം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് മൊഴി നിറുവനം എന്നിങ്ങനെയൊക്കെ വാക്കുകൾ കണ്ടെത്താൻ അവർക്ക് കഴിഞ്ഞു. നമുക്ക് ഇത്രയും കാലമായിട്ടും ഇത് സാധിച്ചിട്ടില്ല.

അച്ചടിക്കേണ്ടവയുടെ ഏകീകരണമില്ലാത്ത അവസ്ഥ ഒട്ടേറെ വൈഷമ്യങ്ങൾ സൃഷ്ടിക്കുന്നു. ഒരു പേജിൽ വാക്കുകൾ ക്രമീകരിക്കുമ്പോൾ ധാരാളം വാക്കുകൾ മുറിച്ച് അച്ചടിക്കേണ്ടിവരുന്നു. ഒറ്റവാക്കുകൾ എവിടെയൊക്കെ മുറിക്കാമെന്ന് നമുക്ക് അറിവില്ലാത്തതിനാൽ വാക്കുകളിൽ അർത്ഥവ്യത്യാസമുണ്ടാകുന്നു. ഇംഗ്ലീഷിൽ ഹൈഫനേഷൻ എന്ന സമ്പ്രദായം മലയാളത്തിൽ ഇത്രയും കാലമായിട്ടും പ്രയോഗിക്കാൻ സാധിക്കാത്തത് എന്താണ്. കമ്പ്യൂട്ടറിൽ തയ്യാറാക്കിയ ഒരു പേജ് വിദൂരങ്ങളിലേക്ക് കമ്പ്യൂട്ടർ സംവിധാനത്തിലൂടെ തന്നെ നൽകേണ്ടിവരുമ്പോൾ കൂട്ടക്ഷരങ്ങൾ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകാറുണ്ട്. എല്ലാ കമ്പ്യൂട്ടറിലും എല്ലാ ലിപികളിലും ഉണ്ടാകണമെന്നില്ല. നാം തയ്യാറാക്കിയ പേജ് ഏകീകൃത ലിപിയുടെ അഭാവം മൂലം വായിക്കപ്പെടാതിരിക്കാൻ ഇടയാകുന്നു. കൈമാറ്റം ചെയ്യപ്പെടുമ്പോൾ അത്തരം നഷ്ടപ്പെടലുകൾ ഉണ്ടാകാതിരിക്കാൻ സാങ്കേതിക വിദ്യ കണ്ടെത്തണം. പുതിയ ചെറുപാഠങ്ങൾ കണ്ടെത്താൻ നമുക്ക് കഴിയണം. കമ്പ്യൂട്ടർ ഉപയോഗിച്ച് മലയാളം ടൈപ്പ് ചെയ്യേണ്ടിവരുമ്പോൾ മുകളിൽപറഞ്ഞ നഷ്ടപ്പെടലുകൾക്ക് ഒരു പരിധിവരെ യൂണികോഡ് സംവിധാനം പ്രാപ്യമാണ്. എന്നാൽ യൂണികോഡ് സംവിധാനത്തിൽ സംഭവിച്ചത് മറ്റൊരു അപകടമാണ്. ഒരു വാക്ക് എഴുതുമ്പോൾ അക്ഷരങ്ങൾ നിരത്തുന്നതിൽ നാം അനുവർത്തിച്ചുവന്നിരുന്ന ക്രമം തെറ്റിയത് ആരുമാരും ശ്രദ്ധിച്ചുവെന്നറിയില്ല. എൻ.എസ് പണ്ടാല എന്ന മഹാനായവൻ മലയാളം ടൈപ്പിങ്ങിൽ ഒരു സമ്പ്രദായം നമുക്ക് നൽകിയിരുന്നു. ആ സമ്പ്രദായത്തിൽ നാം മലയാളം എഴുതുന്ന ക്രമത്തിൽ തന്നെ ടൈപ്പിംഗ് സാധിക്കുന്ന വിധമായിരുന്നു. ക്ക, ത്ത, ട്ട, റ്റ, ന്ന എന്നീ കൂട്ടക്ഷരങ്ങൾക്കും ൽ,ൾ,ർ,ൻ എന്ന ചില്ലക്ഷരങ്ങൾക്കും ഒറ്റ കീ ഉപയോഗിക്കേണ്ടുന്ന സ്ഥാനത്ത് യൂണികോഡിൽ ചില്ലക്ഷരത്തിനും കൂട്ടക്ഷരത്തിനും മൂന്ന് കീ ഉപയോഗിക്കേണ്ടി വരുന്നു. കൊ എന്ന് ടൈപ്പ് ചെയ്യണമെങ്കിൽ ക അച്ചടിച്ചതിനുശേഷം െ ാ ചിഹ്നം ചേർക്കുന്ന സമ്പ്രദായം യൂണികോഡിൽ വന്നപ്പോൾ കുഴപ്പമില്ലെങ്കിലും അതുപയോഗിക്കുന്നയാളിലെ ഭാഷ വികലമാക്കപ്പെടുന്നു എന്നതാണ് സത്യം.

ഭാഷാപഠനത്തിൽ വൃത്തവും അലങ്കാരങ്ങളും വേണ്ടെന്ന് വച്ചതോടെ ഭാഷയുടെ വ്യാകരണം തന്നെ അപ്രസക്തമാകുന്നു. നമ്മുടെ കുട്ടികൾക്ക് എത്രപേർക്ക് കവിതകൾ തെറ്റുകൂടാതെ ചൊല്ലാൻ കഴിയും. തൊഴിൽ അധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥയിൽ ഇതിലൊക്കെയെന്ത് സംഗതി എന്ന് ചോദ്യം ഉയരുമ്പോഴും ഒരു ഭാഷയുടെ ജീവസുറ്റ നിലനിൽപ്പാണ് നമ്മുടെ സാംസ്കാരിക മനങ്ങളെ ധന്യമാക്കുന്നതെന്ന് വിസ്മരിച്ചുകൂടാ. പാഠങ്ങൾക്ക് വേണ്ടി തപസുചെയ്ത കവികളുടെ നാവിൽ മുറിഞ്ഞ് ശിഥിലമായ വാക്കുകൾ അഭിവ്യഞ്ജിപ്പിക്കുന്ന ആർദ്രതയെവിടെയാണുള്ളത്. ഭാഷയുടെ പേരിൽ ഒരു സംസ്ഥാനം അഭിമാനിക്കുമ്പോൾ തന്നെ കാലത്തിനനുസരിച്ച് അവയെ ശാക്തീകരിക്കാനും സമകാലിക വ്യവഹാരങ്ങളിൽ അതിന്റെ സാന്നിധ്യം ഉറപ്പിക്കാനും കഴിയണം. ഒരു പിറന്നാൾകൂടി കടന്നുവരുമ്പോൾ അതിന് കാരണഭൂതമായ കേരളഭാഷയെ അതിന്റെ അന്തസിലും ആഭിജാത്യത്തിലും ഹൃദയത്തോട് ചേർത്ത് പിടിക്കാൻ മലയാളിക്ക് കഴിയണം.



**ഡോ.എ.നീലലോഹിതദാസ്**

5,8,10,11 കേരള നിയമസഭകളിൽ അംഗം
7-ാം ലോക് സഭയിൽ അംഗം
16.11.1979 മുതൽ 01.12.1979 വരെ തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി
1987-1991 കാലയളവിൽ സ്പോർട്സും യുവജനക്ഷേമവും വകുപ്പുമന്ത്രി
1999-2000 കാലയളവിൽ വനവും ഗതാഗതവും വകുപ്പുമന്ത്രി

**1993 ൽ ദേശിയ തലത്തിൽ ജനതാദളിന്റെ സംഘടനാ തെരഞ്ഞെടുപ്പ് നടന്നപ്പോൾ സംസ്ഥാന പ്രസിഡന്റ് സ്ഥാനത്തേക്ക് എം.പി വീരേന്ദ്രകുമാറിനു വേണ്ടി സമർപ്പിക്കപ്പെട്ട നാമനിർദ്ദേശ പത്രികകളിൽ ഒന്ന് എന്റെ മേപ്പോട്ടുകൂടിയതായിരുന്നു. വീരേന്ദ്രകുമാർ പ്രസിഡന്റായശേഷം എന്നെ സംസ്ഥാന ജനറൽ സെക്രട്ടറിമാരിൽ ഒരാളായി നിയോഗിക്കുകയുമുണ്ടായി.**

# വീരേന്ദ്രകുമാറിന്റെ ഓർമ്മകൾക്കു മുന്നിൽ



എം.പി. വീരേന്ദ്രകുമാറിനെ ഞാനാദ്യം നേരിൽ പരിചയപ്പെടുന്നത് 1977 ലാണ്. അന്ന് സോഷ്യലിസ്റ്റ് പാർട്ടിയും സംഘടനാ കോൺഗ്രസ്സും ഭാരതീയ ലോക്ദളും ഭാരതീയ ജനസംഘവും ഒത്തു ചേർന്ന് അടിയന്തിരാവസ്ഥക്കാലത്ത് ജയിലിൽ വച്ച് രൂപം നൽകിയ ജനതാപാർട്ടിയിൽ, ബാബു ജഗജീവൻ റാമും എച്ച്.എൻ.ബഹുഗുണയും നേതൃത്വം നൽകിയിരുന്ന കോൺഗ്രസ്സ് ഫോർ ഡെമോക്രസി (സി.എഫ്.ഡി) ലയിച്ചതിനെ തുടർന്ന് എറണാകുളം മാതാ ടൂറിസ്റ്റ് ഹോമിൽ ചേർന്ന ജനതാപാർട്ടിയുടെ സംസ്ഥാനകമ്മിറ്റി യോഗത്തിൽ വച്ചാണ് ഞാൻ ആദ്യം വീരേന്ദ്രകുമാറിനെ നേരിൽ കാണുന്നത്. അന്ന് അരങ്ങിൽ ശ്രീധരൻ ജനതാപാർട്ടി ദേശീയ എക്സിക്യൂട്ടീവ് അംഗമായിരുന്നു. കെ.ചന്ദ്രശേഖരൻ ജനതാപാർട്ടിയുടെ സംസ്ഥാന പ്രസിഡന്റും നിയമസഭാകക്ഷി നേതാവുമായിരുന്നു. ജനതാപാർട്ടി കേന്ദ്രത്തിൽ അധികാരത്തിലായിരുന്നു.



ജനതാപാർട്ടിയുടെ സംസ്ഥാന നേതൃ-ക്യാമ്പ് ആ അവസരത്തിൽ മലമ്പുഴ വച്ച് നടക്കുകയുണ്ടായി. ആ ക്യാമ്പിൽ വീരേന്ദ്രകുമാർ ഭാര്യയോടും കുട്ടിയായിരുന്ന ശ്രേയാംസിനോടുമൊപ്പം പങ്കെടുക്കുകയുണ്ടായി. ഞാനും ഭാര്യാസമേതനായിട്ടാണ് ആ ക്യാമ്പിൽ പങ്കെടുക്കുന്നത്. അങ്ങനെ കുടുംബത്തോടൊപ്പം ക്യാമ്പിൽ പങ്കെടുത്തത് ഞങ്ങൾ രണ്ടുപേരും മാത്രമായിരുന്നു. വിവിധ കക്ഷികളിൽ നിന്നും ജനതാപാർട്ടിയിൽ ലയിച്ച് ചേർന്ന നേതാക്കൾക്ക് പരസ്പരം കൂടുതൽ അടുത്തറിയുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള അവസരമായിട്ടാണ് ആ ക്യാമ്പ് സംഘടിപ്പിച്ചത്. ആ ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് അരങ്ങിൽ ശ്രീധരനായിരുന്നു. കെ.ജി ശിവരാമഭാരതിയുടെ നേതൃത്വത്തിലുള്ള സ്വാഗതസംഘമാണ് ക്യാമ്പിന് ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കിയത്. ക്യാമ്പിൽ പല ഗൗരവമായ വിഷയങ്ങളെയും കുറിച്ചുള്ള ചർച്ച നടന്നു. ജനതാപാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയെ ആസ്പദമാക്കി ജനതാഭരണത്തിന്റെ അതുവരെയുള്ള ഭരണ നടപടികളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടുള്ള രേഖയാണ് ഞാനവതരിപ്പിച്ചത്. ജനതാപാർട്ടിയിൽ, പഴയ ജനസംഘക്കാരിലൂടെ ആർ.എസ്.എസുകാർ നടത്തുന്ന അണിയറ നീക്കങ്ങളെക്കുറിച്ചുള്ള ആക്ഷേപം ആ ക്യാമ്പിൽ തന്നെ ഉയർന്നു വന്നിരുന്നു. ക്യാമ്പിന് വേണ്ടി തയ്യാറാക്കപ്പെട്ട ഒരു രേഖയിൽ അവസാനം നിലവിളക്കിന്റെ പടം വരച്ചുചേർത്തിരിക്കുന്നതു വരെ ക്യാമ്പിൽ ആക്ഷേപ വിധേയമായി. അതു സംബന്ധിച്ചുണ്ടായ വാദപ്രതിവാദങ്ങളിലിടപെട്ട് എം.പി.വീരേന്ദ്രകുമാർ നടത്തിയ പ്രസംഗം തികച്ചും ആവേശകരവും സൈദ്ധാന്തികവുമായിരുന്നു.

1977 ലെ തെരഞ്ഞെടുപ്പിനുശേഷം കേരളത്തിൽ കെ.കരുണാകരന്റെ നേതൃത്വത്തിലാണ് ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വന്നത്. എന്നാൽ, രാജൻ കേസിൽ കേരള ഹൈക്കോടതിയിൽ നിന്നും തനിക്കെതിരെ പരാമർശം ഉണ്ടായതിനെ തുടർന്ന് കരുണാകരന് മുഖ്യമന്ത്രി സ്ഥാനം രാജിവയ്ക്കേണ്ടിവന്നു. പകരം മുഖ്യമന്ത്രിയായത് എ.കെ.ആന്റണി ആയിരുന്നു. അദ്ദേഹം അപ്പോൾ നിയമസഭാംഗമല്ലായിരുന്നു. എ.കെ.ആന്റണിക്ക് നിയമസഭയിലേക്ക് വരാൻ കഴക്കൂട്ടത്ത് ഒരു ഉപതെരഞ്ഞെടുപ്പ് വേണ്ടി വന്നു. ആ ഉപതെരഞ്ഞെടുപ്പിൽ സി.പി.ഐ (എം) നേതൃത്വം നൽകിയിരുന്ന ജനതാപാർട്ടി ഉൾപ്പെട്ടിരുന്ന പ്രതിപക്ഷമുന്നണിയുടെ ഏറ്റവും ഡിമാന്റുള്ള പ്രാസംഗികൻ വീരേന്ദ്രകുമാറായിരുന്നു. അതുകഴിഞ്ഞ് തിരുവനന്തപുരം ഈസ്റ്റിലും തലശ്ശേരിയിലും പാറശ്ശാലയിലും തിരുവല്ലയിലുമൊക്കെ നടന്ന ഉപതെരഞ്ഞെടുപ്പുകളിലും യോഗങ്ങളിൽ വീരേന്ദ്രകുമാറിനെ പ്രാസംഗികനായി കിട്ടണമെന്നാണ് പ്രതിപക്ഷമുന്നണിയുടെ

പ്രവർത്തകരും നേതാക്കളും ആവശ്യപ്പെട്ടുകൊണ്ടിരുന്നത്.

മൊറാർജി ദേശായി നേതൃത്വം നൽകിയ ജനതാപാർട്ടി സർക്കാർ, 1977 ലെ ലോക് സഭാ തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ മുൻപിൽ അവതരിപ്പിച്ച തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പറഞ്ഞിരുന്ന കാര്യങ്ങൾ ഒന്നൊന്നായി നടപ്പാക്കി വരികയായിരുന്നു. അങ്ങനെ ഭരണം നടത്തുമ്പോഴും രാജ്യത്തിന്റെ പല ഭാഗങ്ങളിലും വർഗ്ഗീയ സംഘട്ടനങ്ങൾ നടക്കുന്നുണ്ടായിരുന്നു. ആ വർഗ്ഗീയ സംഘട്ടനങ്ങൾ സൃഷ്ടിക്കുന്നതിനും അവയ്ക്ക് നേതൃത്വം നൽകുന്നതിനും ആർ.എസ്.എസുകാർ വലിയ പങ്ക് വഹിച്ചിരുന്നു. എന്നിട്ട് കേസുകളുണ്ടാകുമ്പോൾ കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ജനതാ ഭരണകൂടങ്ങളുടെ തണലിൽ കേസുകളിൽ നിന്നും രക്ഷപ്പെടാൻ ശ്രമിച്ചിരുന്നു. അപ്പോൾ ഞങ്ങൾ കുറെ ആളുകൾ പറഞ്ഞു " ഇപ്രകാരം മുന്നോട്ടുപോകാൻ സാധ്യമല്ല. ജനതാപാർട്ടിയാണെങ്കിൽ ജനതാപാർട്ടിയിൽ നിൽക്കണം. ആർ.എസ്.എസിൽ പോകരുത്. ആർ.എസ്.എസിൽ പ്രവർത്തിക്കുന്നവർ ജനതാപാർട്ടിയിലേക്ക് വരികയുമരുത്." അതാണ് അന്ന് ഉയർന്നുവന്ന ദ്വയാംഗത്വപ്രശ്നം-ഇരട്ട അംഗത്വപ്രശ്നം, ഒരേ സമയം ജനതാപാർട്ടിയിലും ആർ.എസ്.എസിലും അംഗങ്ങളായി ഇരിക്കുന്നത് അനുവദിക്കാൻ പാടില്ല. ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിച്ച നേതാക്കന്മാരായിരുന്നു എച്ച്.എൻ ബഹുഗുണയും മധുലിമായേയും. എന്നാൽ, പ്രധാനമന്ത്രി മൊറാർജി ദേശായിയും ജനതാപാർട്ടി ദേശീയാദ്ധ്യക്ഷനായിരുന്ന എസ്. ചന്ദ്രശേഖറും ഇതൊരു നോൺ ഇഷ്യു (Non-issue) ആണെന്ന് പറഞ്ഞു നിസ്സാരവത്ക്കരിച്ചു. എന്നാൽ, ജനതാഭരണത്തിന്റെ തകർച്ചയ്ക്ക് വഴിയൊരുക്കിയ ഒരു പ്രശ്നമായി ഇതുമാറി. പഴയ സി.എഫ്.ഡിയിലെയും സോഷ്യലിസ്റ്റ് പാർട്ടിയിലെയും ഭാരതീയ ലോക്ദളിലെയും പാർലമെന്റംഗങ്ങളും നിയമസഭാംഗങ്ങളുമുൾപ്പെടെ വളരെയധികം നേതാക്കൾ ജനതാപാർട്ടി വിടുന്നതിനും ജനതാഭരണം തകരുന്നതിനും ആ പ്രശ്നമിടയാക്കി. കേരളത്തിൽ എന്റെ നേതൃത്വത്തിൽ കുറെ പഴയ സി.എഫ്.ഡിക്കാർ മാത്രമെ ആ നിലപാടിനോടൊപ്പമുണ്ടായിരുന്നുള്ളൂ. കേരളത്തിൽ എം.പി.വീരേന്ദ്രകുമാറടക്കം പഴയ സോഷ്യലിസ്റ്റ് പാർട്ടിയിലെയും സംഘടനാ കോൺഗ്രസ്സിലെയും നേതാക്കൾ അപ്പോൾ ജനതാപാർട്ടിയിൽ തുടരുകയാണുണ്ടായത്.

അങ്ങനെ, 1977 മുതൽ 1979 വരെ ജനതാപാർട്ടിയിൽ ഒരുമിച്ച് വീരേന്ദ്രകുമാറിനൊപ്പം പ്രവർത്തിച്ചിരുന്ന എനിക്ക് വേറെ പാർട്ടിയിൽ പ്രവർത്തിക്കേണ്ടി വന്നു. അപ്പോഴും ഞങ്ങൾ തമ്മിലുള്ള സൗഹൃദം തുടർന്നു. ഞാൻ ഡെമോക്രാറ്റിക് സോഷ്യലിസ്റ്റ് പാർട്ടി ലോക്സഭാനേതാവും എച്ച്.എൻ.ബഹുഗുണ പാർട്ടിയുടെ ദേശീയാദ്ധ്യക്ഷനുമായിരുന്ന സന്ദർഭത്തിൽ, ഒരു പ്രാവശ്യം എറണാകുളം




സന്ദർശിച്ച എച്ച്.എൻ ബഹുഗുണയെ, വീരേന്ദ്രകുമാർ എറണാകുളം മാതൃഭൂമി ആഫീസിലേക്ക് ക്ഷണിക്കുകയും അവിടെ അവർ തമ്മിൽ ദീർഘമായ സംഭാഷണത്തിലേർപ്പെടുകയും ചെയ്തു. അങ്ങനെ, സോഷ്യലിസത്തിനും മതേതരത്വത്തിനുംവേണ്ടി സമർപ്പിതമായി പ്രവർത്തിക്കുന്ന രണ്ടു നേതാക്കളുടെ ദീർഘനേരസംഭാഷണത്തിന് സാക്ഷ്യം വഹിക്കാനുള്ള അവസരം എനിക്കുണ്ടായി. വർഷങ്ങൾക്കുശേഷം ജനതാദൾ നേതൃത്വം നല്കിയിരുന്ന ദേശീയ മുന്നണി സർക്കാർ 1990 ൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ തീരുമാനിച്ചതിനെ തുടർന്നാണ് അന്ന് രാമനരേഷ് കുശ്വാഹ പ്രസിഡന്റായും ഞാൻ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചിരുന്ന ലോകദൾ ജനതാദളിൽ ലയിക്കാൻ തീരുമാനിച്ചത്. ലക്നൗവിൽ ചേർന്ന ലോക്ദളിന്റെ ദേശീയ കൺവെൻഷനിൽ വച്ച് എസ്.ആർ.ബൊമ്മെ, വി.പി.സിംഗ്, ജോർജ് ഫെർണാണ്ടസ്, ലാലുപ്രസാദ് യാദവ്, ശരദ്യാദവ്, അജിത്സിംഗ്, രാംവിലാസ് പാസ്വാൻ എന്നീ ജനതാദൾ നേതാക്കളുടെ സാന്നിദ്ധ്യത്തിൽ ലയനം നടന്നതും അങ്ങനെ വീണ്ടും വീരേന്ദ്രകുമാറുമായി ഒരുമിച്ച് ഒരു പാർട്ടിയിൽ പ്രവർത്തിക്കാനുള്ള അവസരം എനിക്കുണ്ടായി. അന്ന് പി.വിശ്വംഭരനായിരുന്നു ജനതാപാർട്ടിയുടെ സംസ്ഥാന പ്രസിഡന്റ്, സംസ്ഥാനതലത്തിൽ പ്രവർത്തിച്ചിരുന്ന പാർട്ടി കോർ കമ്മിറ്റിയിൽ ഞാനും

വീരേന്ദ്രകുമാറും അംഗങ്ങളായിരുന്നു. ജനതാദളിന്റെ ദേശീയ നിർവാഹകസമിതിയിൽ ഞാനും വീരേന്ദ്രകുമാറിനൊപ്പമുണ്ടായിരുന്നു.


1993 ൽ ദേശീയ തലത്തിൽ ജനതാദളിന്റെ സംഘടനാ തെരഞ്ഞെടുപ്പ് നടന്നപ്പോൾ സംസ്ഥാന പ്രസിഡന്റ് സ്ഥാനത്തേക്ക് എം.പി വീരേന്ദ്രകുമാറിനു വേണ്ടി സമർപ്പിക്കപ്പെട്ട നാമനിർദ്ദേശ പത്രികകളിൽ ഒന്ന് എന്റെ ഒപ്പോടുകൂടിയതായിരുന്നു. വീരേന്ദ്രകുമാർ പ്രസിഡന്റായശേഷം എന്നെ സംസ്ഥാന ജനറൽ സെക്രട്ടറിമാരിൽ ഒരാളായി നിയോഗിക്കുകയുണ്ടായി. 1996 ൽ സംസ്ഥാന സെക്രട്ടറി ജനറലായിരുന്ന പി.ആർ.കുറുപ്പ് സംസ്ഥാനമന്ത്രി ആയതിനെത്തുടർന്ന് എന്നെ സംസ്ഥാന സെക്രട്ടറി ജനറലായി നോമിനേറ്റ് ചെയ്യുകയുണ്ടായി. 1999 ൽ വീരേന്ദ്രകുമാർ പാർട്ടി സംസ്ഥാന പ്രസിഡന്റായിരിക്കെ തന്നെ ഞാൻ പാർട്ടിയുടെ നിയമസഭാകക്ഷിനേതാവും മന്ത്രിയുമായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. 2001-ലെ നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം വീരേന്ദ്രകുമാർ സംസ്ഥാന പ്രസിഡന്റായിരിക്കെ തന്നെ, പാർട്ടിയുടെ നിയമസഭാ കക്ഷിനേതാവായി വീണ്ടും പ്രവർത്തിക്കാനുള്ള അവസരം എനിക്കുണ്ടായി. അങ്ങനെ വീരേന്ദ്രകുമാർ പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റായിരിക്കെ തന്നെ സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന സെക്രട്ടറി ജനറൽ, നിയമസഭാ കക്ഷിനേതാവ്, മന്ത്രി എന്നീ നിലകളിൽ വീരേന്ദ്രകുമാറിനോടൊപ്പം സമർപ്പിതനായി ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. ഈ കാലയളവിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ രാഷ്ട്രീയപ്രചാരണ ജാഥകളിലും ഞാൻ അദ്ദേഹത്തിനോടൊപ്പം ജാഥാംഗമായി കേരളത്തിലുടനീളം സഞ്ചരിക്കയുണ്ടായി. 1991 മുതൽ പ്രഖ്യാപിച്ചുകൊണ്ട് നടപ്പിലാക്കി തുടങ്ങിയ ഉദാരവത്ക്കരണ-കമ്പോളവത്ക്കരണ-നയങ്ങളുടെ അപകടങ്ങളെക്കുറിച്ച് വീരേന്ദ്രകുമാർ തന്റെ ഉജ്ജ്വലമായ പ്രസംഗങ്ങളിലൂടെ നൽകിയ മുന്നറിയിപ്പുകൾ നേരിൽ കേൾക്കാനും അത് ജനങ്ങളിൽ സൃഷ്ടിക്കുന്ന പ്രതികരണങ്ങളും അനുരണനങ്ങളും നേരിട്ട് മനസ്സിലാക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം സംസ്ഥാന പ്രസിഡന്റായിരിക്കെ പാർട്ടി സംഘടിപ്പിച്ചിട്ടുള്ള രാജ്ഭവൻ മാർച്ച് ഉൾപ്പെടെയുള്ള വിവിധ സമരപരിപാടികൾ, മേഖലാറാലികൾ, സംസ്ഥാനറാലികൾ ഇവ സംഘടിപ്പിക്കുന്നതിന് മുൻപന്തിയിൽ നിന്ന് പ്രവർത്തിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. 2006 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ എന്റെ സ്ഥാനാർത്ഥിത്വം സംസ്ഥാന പാർലമെന്ററി ബോർഡ് അംഗീകരിച്ച് പ്രഖ്യാപിച്ചശേഷം തെരഞ്ഞെടുപ്പ് കൺവെൻഷനും തെരഞ്ഞെടുപ്പ് കമ്മിററി ഓഫീസ് ഉദ്ഘാടനവും നടക്കുകയും ചെയ്തശേഷം, പാർട്ടി കേന്ദ്രനേതൃത്വത്തിന്റെ അറിവും അംഗീകാരവും ഇല്ലാതെ പിൻവലിക്കുകയുണ്ടായി. ആ്സ്ഥാനാർത്ഥിത്വം മാറിനിന്ന് സ്വതന്ത്രനായി മത്സരിച്ച എനിക്ക് രണ്ടാം സ്ഥാനവും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ



ഔദ്യോഗിക സ്ഥാനാർത്ഥിക്ക് മൂന്നാം സ്ഥാനവും ലഭിക്കുകയുണ്ടായി. അതിനുശേഷം ഇക്കഴിഞ്ഞ 16 വർഷക്കാലയളവിൽ വ്യത്യസ്ത രാഷ്ട്രീയപാർട്ടികളിൽ ആയിരുന്നിട്ടും ഞാൻ കോഴിക്കോട് പോകുന്ന സന്ദർഭങ്ങളിലൊക്കെ അദ്ദേഹം കോഴിക്കോട് ഉണ്ടെങ്കിൽ നേരിൽ കാണുകയും സൗഹൃദം പുലർത്തുകയും ദേശീയ-സംസ്ഥാന രാഷ്ട്രീയവും മറ്റ് ആനുകാലിക പ്രശ്നങ്ങളും ചർച്ചചെയ്ത് വിലയിരുത്തുകയും ചെയ്യുമായിരുന്നു. ഏറ്റവും അവസാനമായി ഞാൻ വയനാട്ടിൽ മാനന്തവാടിയിൽ ജനതാ ട്രേഡ് യൂണിയൻ സെന്റർ (ജെ.ടി.യു.സി) ജില്ലാ പ്രവർത്തക യോഗത്തിൽ പങ്കെടുത്ത് മടങ്ങി വരവെ വീരേന്ദ്രകുമാറിന് സുഖമില്ലെന്നറിഞ്ഞ് അല്പം വൈകിയാണെങ്കിലും അദ്ദേഹത്തെ കോഴിക്കോടുള്ള വസതിയിൽ പോയി കാണുകയുണ്ടായി. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി അല്പം മോശമായിരുന്നുവെങ്കിലും ഇത് അവസാനത്തെ കണ്ടുമുട്ടലാണെന്ന് അപ്പോൾ കരുതിയില്ല. വീരേന്ദ്രകുമാറിനോടൊപ്പം വീണ്ടും ഒരേ പാർട്ടിയിൽ പ്രവർത്തിക്കുവാൻ ഇടയുണ്ടാകുന്ന രാഷ്ട്രീയവും സംഘടനാപരവുമായ ചർച്ച പുരോഗമിക്കുമ്പോഴാണ് അദ്ദേഹം എന്നെന്നേക്കുമായി വിടപറഞ്ഞത് എന്നുള്ള വസ്തുത ദുഃഖഭാരം വർദ്ധിപ്പിക്കുന്നു.

മുകളിലെ വരികളിലൂടെ ഞാൻ ശ്രമിച്ചത് വീരേന്ദ്രകുമാറും ഞാനും തമ്മിലുള്ള വ്യക്തിപരവും സംഘടനാപരവും രാഷ്ട്രീയവുമായ ബന്ധത്തെക്കുറിച്ച്

കഴിയുന്നതു ചുരുക്കി പ്രതിപാദിക്കാനാണ്. വീരേന്ദ്രകുമാറിന്റെ സംഭവബഹുലമായ രാഷ്ട്രീയ-സാമൂഹ്യ-സാഹിത്യ-പത്രപ്രവർത്തന ജീവിതത്തെ സംബന്ധിച്ചിടത്തോളം അത് കേവലം അണുസദൃശമായ ഒരംശം മാത്രമാണ്. വീരേന്ദ്രകുമാറിന്റെ 84 വർഷത്തെ ജീവിതം വിലയിരുത്തുമ്പോൾ, ഞാൻ ഏറ്റവും പ്രാധാന്യത്തോടെ കാണുന്നത് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ എല്ലാ ഭിന്നിപ്പുകളിലും പിളർപ്പുകളിലും അദ്ദേഹം ഡോ.മനോഹർ ലോഹ്യയോടൊപ്പം നിലയുറപ്പിച്ചുവെന്ന വസ്തുതയെയാണ്. ദീർഘകാലം കർണ്ണാടകത്തിന്റെ മന്ത്രിയും പിന്നെ മുഖ്യമന്ത്രിയുമായിരുന്ന സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെയും ജനതാപ്രസ്ഥാനത്തിന്റെയും കരുത്തനായ നേതാവ് ജെ.എച്ച്.പാട്ടീൽ ഒരിക്കൽ സംഭാഷണമധ്യേ എന്നോട് പറഞ്ഞു. "തന്നെപ്പോലെ ജമീന്ദാരി കുടുംബങ്ങളിൽ നിന്നും വന്നവരെപ്പോലും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞുവെന്നുള്ളതാണ് ഡോ.ലോഹ്യയുടെ മഹത്വം." അതുപോലെ സമ്പന്നനായ തോട്ടമുടമ എം.കെ.പത്മപ്രഭാഗൗഡരെയും സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലേക്ക് ആകർഷിക്കാൻ ലോഹ്യക്ക് കഴിഞ്ഞു. ആ പത്മപ്രഭാഗൗഡരുടെ മകനായിട്ടാണ് വീരേന്ദ്രകുമാർ ജനിക്കുന്നത്. വീരേന്ദ്രകുമാർ ഫിലോസഫിയിൽ ബിരുദാനന്തര ബിരുദവും അമേരിക്കയിലെ സിൻസിനാറ്റി സർവ്വകലാശാലയിൽ നിന്നും എം.ബി.എ ബിരുദവും കരസ്ഥമാക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിലാണ് വീരേന്ദ്രകുമാർ, ഡോക്ടർ റാം മനോഹർ ലോഹ്യയുടെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടനാകുന്നത്.




ഡോക്ടർ റാം മനോഹർ ലോഹ്യയുടെയും ജയപ്രകാശ് നാരായണന്റെയും നേതൃത്വത്തിൽ കോൺഗ്രസ് വിട്ട് പുറത്തുവന്ന കോൺഗ്രസ്സ് സോഷ്യലിസ്റ്റുകൾ സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു. പിന്നീട് ആചാര്യ കൃപലാനിയുടെ നേതൃത്വത്തിൽ കോൺഗ്രസ് വിട്ട് പുറത്ത് വന്നവർ കിസാൻ മസ്ദൂർ പ്രജാപാർട്ടി രൂപീകരിച്ചു കുറച്ച് കഴിഞ്ഞ് സോഷ്യലിസ്റ്റ് പാർട്ടിയും കിസാൻ മസ്ദൂർ പ്രജാപാർട്ടിയും ചേർന്ന് പ്രജാ സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു. ആ പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ മന്ത്രിസഭ പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ തിരു-കൊച്ചിയിൽ ഭരണം നടത്തുകയുണ്ടായി. അപ്പോൾ ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടന ആവശ്യപ്പെട്ടുകൊണ്ട് തെക്കൻ തിരുവിതാംകൂറിലെ തമിഴ് സംസാരിക്കുന്ന ജനങ്ങൾ പ്രക്ഷോഭ രംഗത്തുവന്നു. ആ പ്രക്ഷോഭകരുടെ നേർക്ക് പോലീസ് വെടിവച്ചു. ആ വെടിവെപ്പിൽ ചിലർ കൊല്ലപ്പെടുകയും ചിലർക്ക് പരിക്കേൽക്കുകയും ചെയ്തു. ജനങ്ങളെ വെടിവച്ചുകൊന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കണമെന്നും മുഖ്യമന്ത്രി പട്ടം താണുപിള്ള മുഖ്യമന്ത്രി പദം രാജിവയ്ക്കണമെന്നും അന്ന് പി.എസ്.പി യുടെ ദേശീയ സെക്രട്ടറിയായിരുന്ന ഡോ.റാം മനോഹർ ലോഹ്യ ആവശ്യപ്പെട്ടു. പി.എസ്.പി യുടെ ദേശീയ നേതാക്കളിൽ പലരും ലോഹ്യയുടെ അഭിപ്രായത്തോട് യോജിച്ചില്ല. പി.എസ്.പി യുടെ ദേശീയ എക്സിക്യൂട്ടീവും സ്പെഷ്യൽ കൺവെൻഷനും ചേർന്നപ്പോൾ ലോഹ്യയുടെ അഭിപ്രായത്തിന് ഭൂരിപക്ഷം ലഭിച്ചിട്ടില്ല. എന്നാൽ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിൽ നിന്നുകൊണ്ട് തന്നെ തന്റെ അഭിപ്രായങ്ങളും ആശയങ്ങളും നേരത്തെ അലഹബാദിൽ ചേർന്ന പി.എസ്.പി.ദേശീയ കൺവെൻഷനംഗീകരിച്ച അലഹബാദ് തിസിസിന്റെ അടിസ്ഥാനത്തിൽ പ്രചരിപ്പിക്കുന്നതിന് ലോഹ്യ ശ്രമിച്ചു. എന്നാൽ ലോഹ്യക്കും സഹപ്രവർത്തകർക്കുമെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനാണ് അന്നത്തെ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വം ശ്രമിച്ചത്. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ ഒരു പുതിയ സമരാത്മക സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിക്കാൻ ഡോ.ലോഹ്യ തീരുമാനിച്ചു. 1955 ഡിസംബർ 30-ാം തീയതി ഇന്ത്യയുടെ എല്ലാ സ്റ്റേറ്റുകളിൽ നിന്നുമായി 1200 യുവ സോഷ്യലിസ്റ്റുകൾ പങ്കെടുത്ത ഹൈദരാബാദിലെ സമ്മേളനത്തിൽ വച്ച് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു. ആ സോഷ്യലിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിന് തികച്ചും യുവാവായിരുന്ന എം.പി വീരേന്ദ്രകുമാർ തന്നെ സ്വയം സമർപ്പിച്ച കാലഘട്ടത്തിൽ പ്രജാസോഷ്യലിസ്റ്റ് പാർട്ടിയും സോഷ്യലിസ്റ്റ് പാർട്ടിയും യോജിച്ച് ചേർന്ന് സംയുക്ത സോഷ്യലിസ്റ്റ് പാർട്ടിയായി അതിനുശേഷം ആദ്യമായി 1965 ൽ കേരള നിയമസഭയിലേക്ക് ഇടക്കാല

തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായി. ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടി സി.പി.ഐ ആയും സി.പി.ഐ (എം) ആയും പിന്നിപ്പിരിഞ്ഞ ശേഷം കേരളത്തിൽ ആദ്യം നടക്കുന്ന തെരഞ്ഞെടുപ്പായിരുന്നു അത്. സി.പി.ഐ (എം)ന്റെ നേതാക്കളെയും പ്രധാന പ്രവർത്തകരെയും ചൈനാ ചാരന്മാരെന്ന് മുദ്രകുത്തി ജയിലിലടച്ചിരിക്കുകയായിരുന്നു. അവരിൽ പലരും ജയിലിൽ കിടന്നുകൊണ്ടുതന്നെ നാമനിർദ്ദേശപത്രിക നിയമസഭാ തെരഞ്ഞെടുപ്പിൽ സമർപ്പിച്ചു. ആ തിരഞ്ഞെടുപ്പിൽ സി.പി.ഐ(എം)വുമായി നേരിട്ട് സഖ്യമുണ്ടാക്കിയ ഏകപാർട്ടി എസ്.എസ്.പി ആയിരുന്നു. 1965-ലെ തെരഞ്ഞെടുപ്പിൽ യുവാവായ വീരേന്ദ്രകുമാർ എസ്.എസ്.പി.യെ പ്രതിനിധീകരിച്ച് കേരളത്തിലുടനീളം ഒരു കൊടുങ്കാറ്റുപോലെ സഞ്ചരിച്ച് തെരഞ്ഞെടുപ്പ് പ്രചാരണ യോഗങ്ങളിൽ ജനാധിപത്യ ധ്വംസനത്തിനെതിരെ ആഞ്ഞടിച്ചു. ആ തെരഞ്ഞെടുപ്പിൽ, സി.പി.ഐ (എം) ഏറ്റവും വലിയ ഒറ്റ കക്ഷിയായി ഉയർന്നുവന്നതിൽ എസ്.എസ്.പിയുടെയും എം.പി.വീരേന്ദ്രകുമാറിന്റെയും പങ്ക് വളരെ വലുതായിരുന്നു.

1967 ലെ പൊതുതെരഞ്ഞെടുപ്പിൽ സി.പി.ഐ (എം) ന്റെ നേതൃത്വത്തിൽ രൂപീകൃതമായ സപ്തകക്ഷി മുന്നണിയിൽ എസ്.എസ്.പി നേതാക്കളായ അരങ്ങിൽ ശ്രീധരൻ പി.വിശ്വംഭരൻ, ജി.പി. മംഗലത്തുമഠം എന്നിവർ ലോക് സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. എസ്.എസ്.പി.യെ പ്രതിനിധീകരിച്ച് കേരളത്തിൽ പി.കെ.കുഞ്ഞും പി.ആർ.കുറുപ്പും മന്ത്രിമാരും ഡി.ദാമോദരൻ പോറ്റി സ്പീക്കറുമായി. ആ സന്ദർഭത്തിൽ, എസ്.എസ്.പി യുടെ ഒരു ദേശീയ നേതൃത്വക്യാമ്പ് തിരുവനന്തപുരത്ത് വച്ച് നടന്നു. ആ ക്യാമ്പിന്റെ സദസ്സിൽ വളരെ ദൂരെ നിന്ന് ഡോ.ലോഹ്യയെ കാണാനുള്ള അവസരം എനിക്ക് ആദ്യമായുണ്ടായി. എസ്.എസ്.പി യുടെ കച്ച് സമരം പ്രഖ്യാപിച്ചു. കച്ച് സമരത്തിൽ പങ്കെടുക്കുന്നതിന് എസ്.എസ്.പി മന്ത്രിമാർ മന്ത്രിസഭയിൽ നിന്നും രാജിവച്ച് പുറത്ത് വരണമെന്ന് ഡോ.ലോഹ്യ ആവശ്യപ്പെട്ടു. എന്നാൽ ആ മന്ത്രിമാരോ കേരളത്തിൽ നിന്നുള്ള എസ്.എസ്.പി യുടെ പാർലമെന്റ് അംഗങ്ങളോ ലോഹ്യയുടെ നിലപാടിനോട് യോജിച്ചില്ല. അവരെല്ലാം ദേശീയ നേതൃത്വത്തിൽ നിന്നും വിട്ടുമാറി കെ.എസ്.എസ്.പി യായി പ്രവർത്തിച്ചു തുടങ്ങി. എന്നാൽ ഡോ.ലോഹ്യയോടും ദേശീയനേതൃത്വത്തോടും യോജിച്ച് നിൽക്കാൻ വീരേന്ദ്രകുമാർ തയ്യാറായി. കെ.എ ശിവരാമഭാരതിയും, കെ.കെ അബുവും അദ്ദേഹത്തിനോടൊപ്പം ഉണ്ടായിരുന്നു. 1967-ൽ തന്നെ ഒരു നിസ്സാരമായ ഓപ്പറേഷനെ തുടർന്നുണ്ടായ അണുബാധ കാരണം തികച്ചും അപ്രതീക്ഷിതമായി അന്നത്തെ വെല്ലിംഗ്ടൺ ആശുപത്രിയിൽ വച്ച് ഡോ.ലോഹ്യ അന്തരിച്ചു. അങ്ങനെ ഡോ.റാം മനോഹർ ലോഹ്യയുടെ ജീവിതാന്ത്യം വരെ വീരേന്ദ്രകുമാർ അദ്ദേഹത്തിനോടൊപ്പം ഉണ്ടായിരുന്നു. മാത്രവുമല്ല ലോഹ്യയുടെ നിര്യാണശേഷം കഴിഞ്ഞ 53 വർഷങ്ങൾ തന്റെ പ്രഭാഷണങ്ങളിലൂടെയും, രചനകളിലൂടെയും ലോഹ്യൻ തത്വചിന്ത പ്രചരിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം വിനിയോഗിക്കുകയുണ്ടായി. ഒരു പക്ഷേ ലോഹ്യൻ തത്വചിന്ത പ്രചരിപ്പിക്കുന്നതിനുവേണ്ടി ഇത്രയധികം സംഭാവന നൽകിയിട്ടുള്ള മറ്റൊരു സോഷ്യലിസ്റ്റ് നേതാവ് ഉണ്ടാകുമോയെന്ന് സംശയമാണ്. ലോഹ്യയുടെ അടുത്ത സഹപ്രവർത്തകനായിരുന്ന കർപ്പൂരി താക്കൂർ, ലോകനാഥ് ജോഷി, മധുലിമായേ, രാജ് നാരായണൻ, മണിറാം ബാഗ്രി, രാംഅവധേശ്സിംഗ്, രാംനരേശ് കുശ്വാഹ തുടങ്ങിയവരുമായി വളരെ അടുത്തിടപഴകാനും പ്രവർത്തിക്കാനും കഴിഞ്ഞിട്ടുള്ള ഒരാളെന്ന നിലയിലാണ് ഞാൻ ഇത് പറയുന്നത്.

'ഗാട്ടും കാണാച്ചരടുകളും' എന്ന ഗ്രന്ഥത്തിൽ വീരേന്ദ്രകുമാർ ആഗോളവത്കരണ-ഉദാരവത്കരണ-കമ്പോളവത്ക്കരണ സാമ്പത്തികനയങ്ങളെ ലോഹ്യൻ സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് സമീപിച്ചിരിക്കുന്നത്. 'ഹൈമവതഭൂവിൽ' 'വിവേകാനന്ദൻ-സന്യാസിയും മനുഷ്യനും' എന്നീ ഗ്രന്ഥങ്ങളിൽ ഇന്ത്യൻ സംസ്കാരത്തെ ഡോ.ലോഹ്യ എങ്ങനെ സമീപിച്ചിരുന്നോ, ആ രീതിയിൽ തന്നെയാണ് വീരേന്ദ്രകുമാറും സമീപിച്ചിട്ടുള്ളതെന്നും കാണാൻ കഴിയും. രാമനെ ഉപയോഗിച്ച് മതമൂട്ടി രാഷ്ട്രീയമുതലെടുപ്പ് നടത്താൻ ശ്രമിച്ച വർഗ്ഗീയ-ഫാസിസ്റ്റ് ശക്തികൾക്കെതിരെ തികച്ചും വ്യത്യസ്തനായ രാമനെ അവതരിപ്പിക്കാനാണ് വീരേന്ദ്രകുമാർ 'രാമന്റെ ദുഃഖ' ത്തിലൂടെ ശ്രമിച്ചത്. വീരേന്ദ്രകുമാറിന്റെ ആ രാമസങ്കല്പം ഗാന്ധിജിയുടെയും ലോഹ്യയുടെയും രാമസങ്കല്പത്തിൽ നിന്നും വ്യത്യസ്തമല്ല. പ്രകൃതിയെയും കുടിവെള്ളത്തെയും മുൻനിർത്തി പ്ലാച്ചിമടയെയും ഹിമാലയത്തെയും ചൂണ്ടിക്കാട്ടിയും 'ആമസോണിന്റെ വ്യാകുലതകൾ' എന്ന ഗ്രന്ഥത്തിലൂടെയും വീരേന്ദ്രകുമാർ പറഞ്ഞ കാര്യങ്ങൾ, പ്രകൃതിയെ സംബന്ധിച്ചും മനുഷ്യനെ സംബന്ധിച്ചുമുള്ള ലോഹ്യൻ വീക്ഷണത്തിന്റെ പ്രതിഫലമാണെന്നു കാണാൻ കഴിയും. നമ്മുടെ രാഷ്ട്രീയ ഭരണനേതൃത്വങ്ങൾക്ക് അവ മുന്നറിയിപ്പുകളും വഴികാട്ടികളുമായി മാറേണ്ടതായിട്ടുണ്ട്. എക്സ്പ്രസ്സ് ഹൈവേയ്ക്കെതിരെ വീരേന്ദ്രകുമാർ സ്വീകരിച്ച സമീപനവും നാം ഓർക്കേണ്ടതുണ്ട്.

എഴുത്തിന്റെ മേഖലയിൽ ശരാശരി രാഷ്ട്രീയത്തിന്റെ പരിമിതികളെ മറികടന്ന് ഉയരങ്ങളിലെത്താൻ വീരേന്ദ്രകുമാറിനു കഴിഞ്ഞു. നിരന്തരം യാത്ര ചെയ്യുന്നതിനും വായിക്കുന്നതിനും ആ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്ക് വയ്ക്കുന്നതിനും അദ്ദേഹം എപ്പോഴും തയ്യാറായിരുന്നു. ചർച്ചകളും സംവാദങ്ങളും ജനാധിപത്യത്തിന്റെ അടിസ്ഥാനമായി കണ്ട വീരേന്ദ്രകുമാർ ഒരു തികഞ്ഞ ജനാധിപത്യവാദിയായിരുന്നു. പരിസ്ഥിതിയുടെയും ജലത്തിന്റെയും ഉപാസകനായി ഇത്രയധികം ഉയർന്നു നിന്ന മറ്റൊരു നേതാവിനെ വീരേന്ദ്രകുമാറിനെപോലെ കാണാൻകഴിയുകയില്ല. നിയമസഭയിലും



പാർലമെന്റിലും ഭരണ-പ്രതിപക്ഷങ്ങളുടെ ആദരവ് ഒരേപോലെ പിടിച്ചുപറ്റാൻ വീരേന്ദ്രകുമാറിന് കഴിഞ്ഞു. 1987-91 കാലയളവിൽ വീരേന്ദ്രകുമാർ അംഗമായിരുന്ന നിയമസഭയിൽ ഞാനുമുണ്ടായിരുന്നു. അന്ന് സ്വാതന്ത്ര്യപ്രാപ്തിയുടെ 40-ാം വാർഷികത്തോടനുബന്ധിച്ച് നിയമസഭയിൽ നടന്ന ചർച്ചയിൽ ക്വിറ്റിന്ത്യാ സമരത്തിൽ ജയപ്രകാശ് നാരായണനും ഡോ.റാം മനോഹർ ലോഹ്യയും വഹിച്ച പങ്കിനെയും പിന്നീടുള്ള ജീവിതത്തിൽ അവർ സ്വീകരിച്ച നിലപാടുകളെയും കുറിച്ച് ഞാൻ സംസാരിച്ചത് വളരെ നന്നായിയെന്ന് വീരേന്ദ്രകുമാർ എന്നോടു പറഞ്ഞു.

എം.പി.വീരേന്ദ്രകുമാറിന് ലോഹ്യൻ ദർശനത്തിൽ അധിഷ്ഠിതമായ തന്റേതായ വികസന സങ്കല്പം ഉണ്ടായിരുന്നു. കേന്ദ്ര തൊഴിൽ മന്ത്രി എന്ന നിലയിലും അല്ലാതെയും തൊഴിലാളികളുടെ താല്പര്യങ്ങൾ മാറ്റിവച്ചുകൊണ്ടും സ്വാശ്രയലക്ഷ്യം കൈവെടിഞ്ഞുകൊണ്ടുമുള്ള വികസനത്തിനും പരിഷ്കാരങ്ങൾക്കുമെതിരെ അദ്ദേഹം ശക്തമായി നിലകൊണ്ടു. രാഷ്ട്രീയത്തിന്റെ പ്രിയപ്പെട്ട മൂല്യങ്ങൾക്ക് നേരെ ഏതുതരം വെല്ലുവിളി ഉണ്ടായാലും പതറാതെയും തളരാതെയും മുന്നോട്ടുപോകണമെന്ന് സ്വന്തം സഹപ്രവർത്തകരോടും ജനങ്ങളോടും അദ്ദേഹം എന്നും അഭ്യർത്ഥിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്കും രചനകൾക്കും ഒരു സർഗ്ഗാത്മക ശൈലി ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഒരു കവി ഹൃദയമുണ്ടായിരുന്നു. അദ്ദേഹം കവിതകൾ എഴുതിയിരുന്നുവെങ്കിൽ വലിയ കവി ആകുമായിരുന്നു. തന്നെ ക്ഷണിക്കുന്ന പുസ്തകപ്രകാശന ചടങ്ങുകൾക്ക് അതാത് പുസ്തകങ്ങൾ വായിച്ചശേഷമേ അദ്ദേഹം എത്തുമായിരുന്നുള്ളൂ. ചില യോഗങ്ങളിൽ സദസ്സിന്റെ മുൻനിരയിൽ ശ്രോതാവായി വീരേന്ദ്രകുമാറിനെ കാണാൻ കഴിയുമായിരുന്നു.

അതിരുകടന്ന വിനയം പെരുമാറ്റത്തിൽ എപ്പോഴും പുലർത്തിയിരുന്നു. രാഷ്ട്രീയ നിലപാടുകൾക്കതീതമായി വ്യക്തിബന്ധം എല്ലാവരോടുമുണ്ടായിരുന്നു. ബന്ധപ്പെട്ട എല്ലാവരുമായി സ്നേഹവും സൗഹൃദവും പുലർത്തിയിരുന്നു. വലിപ്പച്ചെറുപ്പമില്ലാതെ എല്ലാവരോടും ഒരുപോലെ പെരുമാറുകയും സംവദിക്കുകയും ചെയ്യുമായിരുന്നു. സ്വയം ഇരുത്തി സംസാരിക്കുകയും മറ്റുള്ളവർ പറയുന്നത് കേൾക്കാനുള്ള ക്ഷമ പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. ഒരേ സമയം ചിന്തിക്കുകയും ചിരിപ്പിക്കുകയും ചെയ്യുന്ന ഭാഷാശൈലി അദ്ദേഹത്തിന് ഉണ്ടായിരുന്നു. നർമ്മത്തിലും ചിന്തോദ്ദീപകങ്ങളായ കാര്യങ്ങൾ സമാവേശിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ക്വിറ്റ് ഇന്ത്യാ സമരകാലത്ത് ഡോ.റാംമനോഹർ ലോഹ്യയും, ജയപ്രകാശ് നാരായണനും ഒളിവിലും ജയിലിൽ കിടന്നും ജയിൽ ചാടിയും പോരാടിയതുപോലെ, ഒളിവിൽ കഴിഞ്ഞും ജയിലിൽ കിടന്നും അടിയന്തരാവസ്ഥയ്ക്കെതിരെ അദ്ദേഹം പോരാടി. അടിയന്തരാവസ്ഥ കാലത്ത് അതിക്രമങ്ങളെക്കുറിച്ച് വീരേന്ദ്രകുമാറിനെ പ്പോലെ ഇത്രയും വികാരനിർഭരമായി സംസാരിക്കാൻ കേരളത്തിൽ ആർക്കും കഴിഞ്ഞിട്ടില്ല. രാഷ്ട്രീയത്തിലും

സാഹിത്യത്തിലും തത്വചിന്തയിലുമുള്ള അറിവ് ആദ്ദേഹത്തിന്റെ ഏത് പ്രഭാഷണത്തിന്റെയും നിലവാരം ഉയർത്തിയിരുന്നു. അദ്ദേഹം ഡോ.റാം മനോഹർ ലോഹ്യയെപ്പോലെ പുരാണങ്ങളും ഇതിഹാസങ്ങളും ഇന്ത്യാചരിത്രവുമെല്ലാം ആഴത്തിൽ പഠിക്കുകയും തന്റേതായ നിലയിൽ അപഗ്രഥിക്കുകയും ചെയ്തിരുന്നു. രാഷ്ട്രീയവും സാഹിത്യവും സംസ്കാരവും പരിസ്ഥിതി പ്രവർത്തനവുമെല്ലാം ആ വ്യക്തിത്വത്തിൽ സമന്വയിക്കുന്നത് കാണാൻ കഴിയും. കൊറോണ വൈറസ് ബാധയും കോവിഡ് മഹാമാരിയും പടർന്നുകൊണ്ടിരുന്നപ്പോൾ അദ്ദേഹം എഴുതിയ ലേഖനം പ്രകൃതിയേയും മനുഷ്യരേയും ഇഴചേർക്കുന്നതായിരുന്നു.

രാഷ്ട്രീയത്തിൽ സ്ഥാനമാനങ്ങൾക്കുവേണ്ടി പരക്കംപാഞ്ഞുനടന്നില്ല. 1980 ലും 1982 ലും 1987 ന ശേഷവും താൻ ജനിച്ചുവളർന്ന കല്പറ്റ നിയോജകമണ്ഡലത്തിൽ നിന്നും പാർട്ടിയിലെ മറ്റ് സഹപ്രവർത്തകരെ




മത്സരിപ്പിക്കാനാണ് അദ്ദേഹം താല്പര്യമെടുത്തത്. പിന്നീടൊരിക്കൽ താൻ പ്രതിനിധാനം ചെയ്തിരുന്ന കോഴിക്കോട് ലോക് സഭാ മണ്ഡലത്തിൽ നിന്നും ഒരിക്കൽ കേന്ദ്രമന്ത്രിയായിരുന്ന പാർട്ടി നേതാവ് സി.എം.ഇബ്രാഹിം മത്സരിക്കട്ടെയെന്ന് പറഞ്ഞ് പിന്മാറിയതിന് ഞാൻ സാക്ഷിയാണ്. എന്നോട് ചില സന്ദർഭങ്ങളിൽ ചില ഗൗരവമായ കാര്യങ്ങൾ ചോദിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒരിക്കൽ എന്റെ സ്വന്തം പഞ്ചായത്തായ കാഞ്ഞിരംകുളത്ത് പാർട്ടി പഞ്ചായത്ത് സമ്മേളനത്തോടനുബന്ധിച്ച് ഒരു പ്രകടനവും പൊതുയോഗവും നടക്കുകയുണ്ടായി. സന്ദർഭവശാൽ അന്ന് ഉത്തർപ്രദേശ് നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം വന്ന ദിവസമായിരുന്നു. ജനതാദൾ ദയനീയമായി പരാജയപ്പെടുകയും മുലായംസിംഗ് യാദവിന്റെ സമാജ്‌വാദി പാർട്ടിയും കാൻഷിറാമിന്റെ ബഹുജൻസമാജ് പാർട്ടിയും ചേർന്നുള്ള സഖ്യം വിജയം നേടുകയും ചെയ്തിരുന്നു. സ്റ്റേജിൽ വന്നിരുന്നശേഷം വീരേന്ദ്രകുമാർ എന്നോട് ചോദിച്ചു. എന്താണ് പ്രസംഗിക്കേണ്ടതെന്ന്. മുലായംസിംഗ് യാദവും നമ്മുടെ ആൾതന്നെയെന്ന് പ്രസംഗിച്ചാൽ മതിയെന്ന് ഞാൻ പറഞ്ഞു. തന്റേതായ ശൈലിയിൽ ഗംഭീരമായ രീതിയിൽ അദ്ദേഹം അത് അവതരിപ്പിച്ചു. ആൾദൈവം അമൃതാനന്ദമയിയെ കാണാൻ വീരേന്ദ്രകുമാർ പോയതിനെ സംബന്ധിച്ച് പത്രവാർത്ത വന്നിരുന്നു. അതുകഴിഞ്ഞ് ആദ്യം ഞങ്ങൾ തമ്മിൽ കണ്ടപ്പോൾ ഞാൻ അതിനെ വിമർശിച്ച് സംസാരിച്ചു. ഒന്നുമില്ലെങ്കിലും, പിന്നോക്കമല്ലേ എന്നുപറഞ്ഞ് എന്റെ നാവ് അടച്ചു. കോൺഗ്രസിന്റെയോ സി.പി.ഐ (എം) ന്റെയോ നേതാക്കളെ കണ്ടുമുട്ടുമ്പോൾ ഞങ്ങളുടേത് ഒരു കൊച്ചു പാർട്ടിയാണെന്ന് വിനയപുരസ്സരം അദ്ദേഹം പറയാറുണ്ടായിരുന്നു. കൊച്ചുപാർട്ടിയാണെങ്കിലും വലിയ നാക്കുണ്ടല്ലോയെന്ന് പറഞ്ഞ് വീരന്റെ പ്രഭാഷണ കലയിലേക്ക് അവർ വിരൽ ചൂണ്ടിയതിന് ഞാൻ സാക്ഷ്യം വഹിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റുകാർ മാത്രമല്ല, ചില സോഷ്യലിസ്റ്റ് നേതാക്കളും ഡോ.മനോഹർ ലോഹ്യയെ മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്താൻ അദ്ദേഹം എന്നോട് പറഞ്ഞിട്ടുണ്ടായിരുന്നു.

' ഇരുൾ പരക്കുന്ന കാലം' എന്ന് അദ്ദേഹം തന്നെ തന്റെ ഒരു ഗ്രന്ഥത്തിലൂടെ ചൂണ്ടിക്കാണിച്ചിട്ടുള്ള കാലഘട്ടത്തിലൂടെയാണ് വർഗ്ഗീയ ഫാസിസത്തിന്റെ ശക്തികൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടിയിരുന്ന വീരേന്ദ്രകുമാറിനെ നമുക്ക് നഷ്ടപ്പെട്ടത്. ഓരോ മനുഷ്യനും ഓരോ പ്രപഞ്ചമാണെന്ന് കരുതുകയും എന്തൊക്കെ ഉള്ളിലൊതുക്കിയാണ് ഓരോരുത്തരും ജീവിക്കുന്നതെന്ന് നിരീക്ഷിക്കുകയും അവരെക്കുറിച്ചൊക്കെ എഴുതാൻ തനിക്ക് കൂടുതൽ ജീവിക്കാൻ തോന്നുന്നുവെന്ന് പറയുകയും ചെയ്തിരുന്ന ഒരാളാണ് നഷ്ടപ്പെട്ടിരിക്കുന്നത്. മരണം മനുഷ്യജീവിതത്തിലെ ശാശ്വതസത്യമാണ്. മരണം വീരേന്ദ്രകുമാറിനെ നമ്മളിൽ നിന്നും അകറ്റിയിരിക്കുന്നു. ആ കനത്ത ശബ്ദവും തെളിച്ചമുള്ള വാക്കുകളും ഉറച്ച നിലപാടുകളും നമുക്കിനി കേൾക്കാൻ കഴിയുകയില്ല. ഓർമ്മകൾ മാത്രം അവശേഷിക്കുന്നു. ആ ഓർമ്മകൾ ഇന്നു ജീവിച്ചിരിക്കുന്ന തലമുറയേയും വരും തലമുറകളെയും പ്രചോദിപ്പിച്ചുകൊണ്ടിരിക്കും. ആ ഓർമ്മകൾക്കുമുമ്പിൽ ഞാൻ തലകുനിക്കുന്നു.



**ഇ.ടി മുഹമ്മദ് ബഷീർ**

7,9,10,11 കേരള നിയമസഭകളിൽ അംഗം
1991-1996, 2004-2006 എന്നീ വർഷങ്ങളിൽ വിദ്യാഭ്യാസ മന്ത്രി
15,16,17 ലോക് സഭകളിൽ അംഗം

# പാർലമെന്ററി ജനാധിപത്യം മെലിയുന്നു



നിയമ നിർമ്മാണ സഭാ മന്ദിരങ്ങൾ മനോഹരമാവുകയാണ്. കേരള നിയമ സഭയുടെ പഴയ മന്ദിരത്തിൽ നിന്ന് പുതിയ കെട്ടിടത്തിലേക്ക് സഭ സമ്മേളിക്കുന്ന പരിവർത്തന കാലഘട്ടത്തിൽ സഭയിൽ ഞാനുമുണ്ടായിരുന്നു. ദീർഘകാലം പഴക്കമുള്ളതും പാരമ്പര്യമുള്ളതും ഇന്ത്യയുടെ നിയമ നിർമ്മാണ ചരിത്രത്തിലെ ഒട്ടനവധി ശുഭ മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ചതുമായ കെട്ടിടത്തിൽ നിന്ന് പാർലമെന്റ് മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റാനുള്ള അംഗീകാരം ഗവണ്മെന്റ് തത്വത്തിൽ കൊടുത്തു കഴിഞ്ഞു. ഏതാണ്ട് 992 കോടി രൂപയുടെ പുതിയ സമുച്ചയവും അതിനോടനുബന്ധിച്ച സെൻട്രൽ സെക്രട്ടേറിയറ്റും കൂടി നിർമ്മിക്കാൻ പോവുകയാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെയും നിയമസഭാ മന്ദിരങ്ങൾ പോയി കാണാൻ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. പലതും മാറിയ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ മനോഹരവും സാങ്കേതിക മികവുകളുള്ളതും സൗകര്യപ്രദവും സൗന്ദര്യവൽക്കരിക്കപ്പെട്ടതുമൊക്കെയാണ്. ഇതൊക്കെ യാഥാർഥ്യം തന്നെയാണ്; ഇതെല്ലാം വേണമോ വേണ്ടയോ എന്നുള്ള പല ചർച്ചകളും നടന്നു വരുന്നുണ്ട്. എന്നാൽ നിയമ നിർമ്മാണ സഭകളുടെ അകത്തു നടക്കുന്ന പാർലമെന്ററി ജനാധിപത്യത്തിന്റെ ഉദാത്തമായ മൂല്യങ്ങൾ ചോരുന്നുവോ എന്ന സംശയം ബലപ്പെട്ടുവരികയാണ്.

**ഇപ്പോൾ നിയമ നിർമ്മാണം അധികവും നടക്കുന്നതുതന്നെ ഓർഡിനൻസ് രൂപത്തിലാണ്. ഓർഡിനൻസുകൾ എത്ര ഇറക്കിയാലും യാതൊരു ചോദ്യം ചെയ്യലും ഉണ്ടാവില്ല എന്ന തോന്നലാണ് ഭരണകർത്താക്കൾക്കുള്ളത്. ചില തടസ്സ വാദങ്ങൾ ഉയർന്നു വരാറുണ്ടെങ്കിലും ആ തടസ്സ വാദങ്ങളെയെല്ലാം പുച്ഛിക്കുന്ന സമീപനമാണ് ഇന്നുള്ളത്.**

ഇന്ത്യയുടെ നിയമ നിർമ്മാണ ചരിത്രം ലോകത്തിലെ തന്നെ പല നിയമ നിർമ്മാണ സഭകൾക്കും മാതൃകയാണ്. നമ്മൾ നിർമ്മിക്കപ്പെട്ട നിയമങ്ങൾ ലോകത്തിന് തന്നെ ദിശാബോധം നൽകുന്നവയാണ്. എന്നാൽ പാർലമെന്ററി ജനാധിപത്യത്തെ സ്നേഹിക്കുന്ന എല്ലാവരും ഇന്ന് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. നമ്മുടെ നിയമ നിർമ്മാണ സഭകളുടെ ഗുണനിലവാരം മെലിഞ്ഞു വരികയാണോ എന്നതാണ് ആ ചോദ്യം. പാർലമെന്റിലും അസംബ്ലിയിലും ഒക്കെ നടക്കുന്ന ചർച്ചകൾ, നിയമ നിർമ്മാണ പ്രക്രിയ, എന്നിവയുടെ ഗുണനിലവാരം താഴോട്ട് പോവുന്നതായാണ് നമുക്കെല്ലാം കാണാൻ കഴിയുന്നത്. പാർലമെന്റിൽ ഏറ്റവും പ്രധാനമായ ഒരു കാര്യം നിയമ നിർമ്മാണം



തന്നെയാണ്. നിയമ നിർമ്മാണ സഭകളുടെ പ്രധാന ദൗത്യം നിയമം നിർമ്മിക്കൽ തന്നെയാണ്. പക്ഷേ അങ്ങനെ നടക്കുന്ന നിയമ നിർമ്മാണ പ്രക്രിയ ഇന്ന് ഗൗരവ ബുദ്ധിയോടു കൂടി കാണുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇന്ത്യയിലെ പോലെ ബഹുസ്വരതയുള്ള, അതോടൊപ്പം തന്നെ സാമൂഹിക സാമ്പത്തിക മേഖലകളിൽ പ്രാന്തവൽക്കരിക്കപ്പെട്ട ജനസമൂഹത്തിന് ബഹുഭൂരിപക്ഷമുള്ള ഒരു രാജ്യത്ത് അനിവാര്യമായും വേണ്ട നിയമ നിർമ്മാണങ്ങൾ കാര്യമായൊന്നും ഉയർന്നു വരുന്നില്ല എന്നുള്ളതൊരു യാഥാർത്ഥ്യമാണ്.


പക്ഷേ പുതിയ നിയമ നിർമ്മാണങ്ങളിൽ ഊന്നൽ എന്തിനാണ്? ഇത് രാഷ്ട്രത്തെ സംബന്ധിച്ചാണോ ഭരിക്കുന്നവരുടെ രാഷ്ട്രീയത്തിന് അനുബന്ധിച്ചോ എന്നതിൽ ആത്മപരിശോധന നടത്തേണ്ടുന്ന സന്ദർഭം ആയിരിക്കുന്നു. ഒരു നിയമ നിർമ്മാണത്തിന്റെ ചിത്രം നമ്മുടെ മുന്നിൽ വരുമ്പോൾ നമ്മൾ ആലോചിക്കേണ്ടത് നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ എത്രമാത്രം സൂക്ഷ്മതയോടുകൂടിയാണ് നിയമ നിർമ്മാണ പ്രക്രിയ എഴുതി വെച്ചിട്ടുള്ളത് എന്നതാണ്. ഒട്ടേറെ സമയം ചെലവഴിച്ചിട്ടാണ് ഒരു നിയമം നിയമമാകുന്നത്. ക്യാബിനറ്റ് ക്ലിയറൻസ് കഴിഞ്ഞ് അസംബ്ലിയിൽ/ പാർലമെന്റിൽ വന്ന് അത് ഡിബേറ്റ് ചെയ്ത്, ബന്ധപ്പെട്ട കമ്മിറ്റിക്ക് ഒന്നാകെ പോയി ആ കമ്മറ്റി അതിനെ കുറിച്ച് ചർച്ച ചെയ്ത് വീണ്ടും സഭയിൽ വന്നതിനു ശേഷം ബിൽ ഖണ്ഡം ഖണ്ഡമായി (clause by clause) ചർച്ച ചെയ്ത് ഒന്നും രണ്ടും മൂന്നും വായനകളിൽ എല്ലാവിധ നടപടിക്രമങ്ങളും പൂർത്തിയാക്കിയതിന് ശേഷമാണ് ഒരു നിയമം നിയമമാകുന്നത്. ഇന്ന് എല്ലാം ചടങ്ങ് കഴിക്കുന്നതുപോലെ ചെയ്യുന്ന ഒരു സാഹചര്യത്തിലേക്ക് പോയിരിക്കുകയാണ്.

മാത്രമല്ല ഇപ്പോൾ നിയമ നിർമ്മാണം അധികവും നടക്കുന്നതുതന്നെ ഓർഡിനൻസ് രൂപത്തിലാണ്. ഓർഡിനൻസുകൾ എത്ര ഇറക്കിയാലും യാതൊരു ചോദ്യം ചെയ്യലും ഉണ്ടാവില്ല എന്ന തോന്നലാണ് ഭരണ കർത്താക്കൾക്കുള്ളത്. ചില തടസ്സ വാദങ്ങൾ ഉയർന്നു വരാറുണ്ടെങ്കിലും ആ തടസ്സ വാദങ്ങളെയെല്ലാം പുച്ഛിക്കുന്ന സമീപനമാണ് ഇന്നുള്ളത്. ഓർഡിനൻസുകൾ ഏത് ഭരണത്തിലും ഉണ്ടായിട്ടുണ്ട്. പക്ഷേ ഓർഡിനൻസ് മുഖേന നിയമമായി വരുന്ന കാര്യങ്ങൾ അസംബ്ലിയിലോ പാർലമെന്റിലോ ചർച്ചയ്ക്ക് വരുന്ന സമയത്ത് കാര്യമായിട്ടുള്ള വിട്ടുവീഴ്ചകളോ ഭേദഗതികളോ ഓർഡിനൻസ് നിയമമാകുന്ന സമയത്ത് വരാറില്ല. തീരെ ഇല്ലെന്ന് ഞാൻ പറയുന്നില്ല. ഓർഡിനൻസ് തന്നെയാണ് നിയമമായിട്ട് വരുന്നത്. ഓർഡിനൻസ് കൊണ്ടു വന്നാൽ ഗവൺമെന്റിന്റെ താൽപര്യങ്ങൾക്ക് വിധേയമായി അല്ലെങ്കിൽ തകിടം മറിക്കുന്ന രൂപത്തിൽ വരുന്നത് വളരെ ചുരുക്കം കാര്യങ്ങളാണ്. ഓർഡിനൻസ് രാജ് കൂടുന്നുവെന്നും ഇത് ജനാധിപത്യത്തിന്റെ, നിയമ നിർമാണ പ്രക്രിയയുടെ തെറ്റായ ഒരു കാര്യമാണെന്നൊക്കെ ഇത്രയും കാലം പറഞ്ഞിട്ടുണ്ടെങ്കിലും അതിലൊന്നും കാര്യമായിട്ടുള്ള തിരുത്തൽ നടപടികളൊന്നും നടന്നിട്ടില്ല. പിന്നെ എക്സിക്യൂട്ടീവിന്റെ അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ പാർലമെന്റിന്റെ മറ്റൊരു ബാധ്യതയാണ്. അതിലും ഗൗരവകരമായ ഇടപെടലുകൾ നടക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. രാജ്യത്തിന്റെ പൊതുഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ചും പാർലമെന്റിന്റെ ഇടപെടലുകൾ ഗൗരവകരമായി നടക്കാറില്ല.

വിവിധ വകുപ്പുകളുടെ വകുപ്പ് തിരിച്ചുള്ള ചർച്ച പലപ്പോഴും പ്രഹസനമാവുന്നു. അല്ലെങ്കിൽ സർക്കാരിന് അതിനെ വേഗം ബൈപാസ് ചെയ്യാൻ കഴിയുന്ന വിധത്തിൽ വളരെ മർമ്മ പ്രധാനമായ ഡിപ്പാർട്ട്മെന്റുകളുടെ ചർച്ചകൾ പോലും കാര്യമായി നടത്താതെ എല്ലാ ഡിമാന്റുകളും ഒരുമിച്ച് ഗില്ലറ്റിൻ ചെയ്യുന്ന സമ്പ്രദായം പെരുകി വരികയാണ്. ഒരു മന്ത്രിയുടെയോ അല്ലെങ്കിൽ



ആ ഡിപ്പാർട്ട്മെന്റിന്റെയോ ഏറ്റവും വലിയ അഗ്നിപരീക്ഷയുടെ മുഹൂർത്തമാണ് ബന്ധപ്പെട്ട സഭകളിൽ ഡിമാന്റുകൾ ചർച്ചക്ക് വരുന്ന ദിവസം. എന്നാൽ അത്തരം ദിവസങ്ങളിൽ ഗവൺമെന്റിനെ കൃത്യമായി വിമർശിക്കുകയും തിരുത്തുകയും ചെയ്യാനുള്ള സന്ദർഭങ്ങൾ ഇല്ലാതെ വന്ന അവയെല്ലാം കൂടി ഗില്ലറ്റിൻ ചെയ്ത് സഭ പിരിയുന്നത് വേദനയോട് കൂടി നാട് കണ്ടുകൊണ്ടിരിക്കുകയാണ്. പാർലമെന്റിലെ നിയമ നിർമ്മാണ പ്രക്രിയ തന്നെ ദോശ ചുട്ടെടുക്കുന്ന ലാഘവത്തോട് കൂടി ചെയ്യുന്ന എന്നുള്ള പരാതിയും ഗൗരവമായി വരുന്നുണ്ട്. കൊച്ചു കൊച്ചു രാഷ്ട്രീയ താൽപ്പര്യങ്ങൾ വെച്ചുകൊണ്ട് പാർലമെന്റിന്റെ വിലപ്പെട്ട സമയം ചെലവഴിക്കുകയും അത് വഴി കിട്ടുന്ന രാഷ്ട്രീയ ലാഭം കൊയ്തെടുക്കാൻ പാർലമെന്റിനെ ഉപയോഗപ്പെടുത്തുന്ന സ്ഥിതിയും. ക്രിയാത്മകമായ വിമർശനങ്ങൾ അതിനെ ശബ്ദത്തിന്റെ ശക്തികൊണ്ടോ മൃഗീയ ഭൂരിപക്ഷത്തിന്റെ പിന്തുണ കൊണ്ടോ നിശബ്ദമാക്കുന്ന നടപടിയും കാണാൻ നമുക്ക് സാധിക്കും. ഇവിടെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നമ്മുടെ മുമ്പിൽ അദ്ദേഹത്തിന്റെ പാർലമെന്റിലുള്ള ഒരു സമീപനം വീണ്ടും ഓർമ്മിപ്പിക്കുകയാണ്. പാർലമെന്റിൽ കനത്ത ഭൂരിപക്ഷമുണ്ടായിരുന്ന സമയത്തും അദ്ദേഹം പ്രതിപക്ഷത്തിന്റെ, അല്ലെങ്കിൽ മെമ്പർമാരുടെ ഉയർന്ന അഭിപ്രായങ്ങൾ വളരെ താൽപ്പര്യപൂർവ്വം പരിഗണിച്ചു എന്ന് നമുക്ക് കാണാൻ സാധിക്കും. നല്ല ചർച്ചകൾക്ക് പാർലമെന്റിൽ വഴിയൊരുക്കാനായി ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻ പറഞ്ഞത് എത്രയോ ശരിയാണ്. അദ്ദേഹം പറഞ്ഞു'Parliament is not only a legislative but also a deliberative body'. ആ തത്വത്തിൽ അധിഷ്ഠിതമായിട്ടുള്ള ചർച്ചകൾ നന്നേ വിരളമായിട്ടേ നമ്മൾ കാണാറുള്ളൂ. മറ്റൊരു കാര്യം എക്കാലത്തും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ് പ്രൈവറ്റ് മെമ്പർമാരുടെ ബില്ലിന്റെ കാര്യം. പ്രൈവറ്റ് മെമ്പർമാരുടെ ദിവസം പൊതുവെ അംഗങ്ങൾക്ക് നാട്ടിലേക്ക് പോകാനുള്ള ദിവസമാണ് എന്ന് തമാശ രൂപത്തിൽ പറയാറുണ്ട്. ആരും അതിനെ ഗൗരവമായിട്ട് കാണുന്നില്ല. പാർലമെന്റിൽ അല്ലെങ്കിൽ അസംബ്ലിയിൽ വരുന്ന സ്വകാര്യ അംഗങ്ങളുടെ ബില്ലിന്റെ പ്രൊവിഷൻ നമ്മുടെ മുൻഗാമികൾ നടപടി ക്രമത്തിൽ വെച്ചത് പാർലമെന്റ് രാഷ്ട്രീയത്തിലെ ആരോഗ്യകരമായ ഒരു ഇടം എന്ന



രീതിയിലാണ്. പക്ഷേ അത് സ്തുതിപാഠത്തിലേക്ക് പോവുകയാണ് ഇപ്പോൾ. ഇന്നത്തെ ദിവസം കാര്യമായിട്ടുള്ള ഒരു ദിവസമല്ല എന്ന തോന്നൽ ഉണ്ടാക്കിക്കൊണ്ടാണ് ഓരോ അനൗദ്യോഗിക മെമ്പർമാരുടെയും അന്നേ ദിവസം കടന്നു പോവുന്നത് എന്നതാണ് സത്യം. കേരളത്തിൽ കൊണ്ടു വന്ന സബ്ജക്ട് കമ്മിറ്റികൾ ഇന്ത്യക്ക് മാതൃകയാണ്. പാർലമെന്റിൽ ഡിപ്പാർട്ട്മെന്റ് കമ്മിറ്റികൾ അത് പോലെ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉണ്ട്. ഞാൻ സയൻസ് ആന്റ് ടെക്നോളജി പരിസ്ഥിതി കമ്മിറ്റി മെമ്പർ ആണ്. അങ്ങനെ എല്ലാ സബ്ജക്റ്റിലും ഓരോ കമ്മറ്റികൾ ഉണ്ട്. ഈ കമ്മിറ്റികൾ മിനി പാർലമെന്റ് എന്നാണ് അറിയപ്പെടുന്നത് . കാരണം പാർലമെന്റിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും എല്ലാം ഒരുമിച്ചിരുന്ന ചർച്ച ചെയ്യുന്നില്ല. എന്നാൽ മിനി പാർലമെന്റ് എന്ന് നമ്മൾ വിളിക്കുന്ന ഇതിൽ എല്ലാ പാർട്ടികളുടെയും പ്രതിനിധികൾ ഉണ്ട്. ശരിക്കും ഒരു ഡിബേറ്റ് ഫോറം ആയി ഉപയോഗിക്കാൻ കഴിയുന്നതാണ്. അവിടെ ഇതു പോലെ അംഗങ്ങൾ കേവലം നാമമാത്രമായി മാറുന്ന ഒരു സ്ഥിതിയിലേക്ക് പോവുകയാണ്. ഇവിടെയും മറ്റൊരു പ്രശ്നമുണ്ട്. സബ്ജക്ട് കമ്മിറ്റി അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റി അത്തരം ചർച്ചകളും നടപടികളും പുറത്തേക്ക് പത്രങ്ങൾക്കോ മറ്റുള്ളവർക്കോ കൊടുക്കാൻ പാടില്ലെന്നതാണ് അതിന്റെ നിയമം. എന്നാൽ നിർഭാഗ്യവശാൽ ഈ കൃത്രിമമായ സുതാര്യതയുടെ രാഷ്ട്രീയം ഇപ്പോഴും വ്യക്തമല്ല. അത് പൊളിച്ചെഴുതേണ്ടതാണ് എന്നാണെന്റെ പക്ഷം.

കേരള അസംബ്ലിയും ഇന്ത്യൻ പാർലമെന്റും നല്ലൊരു മാതൃക കാണിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ സഭകളിൽ നടക്കുന്ന ചർച്ചകൾ എന്താണെന്ന് ലോകം അറിയാൻ വേണ്ടി സംസ്ഥാന അടിസ്ഥാനത്തിലും ദേശീയ അടിസ്ഥാനത്തിലും സഭകളുടെ നടപടി ക്രമങ്ങൾ കാണിക്കാൻ ഔദ്യോഗിക ടി.വി. സംവിധാനങ്ങൾ ഉണ്ട്. അതുപോലെ തന്നെ കമ്മിറ്റികളുടെ കാര്യത്തിലുള്ള സുതാര്യതയും ആളുകൾ അറിയേണ്ട ബാധ്യത ഉണ്ട് എന്നതാണ് ആ കാര്യത്തിൽ ചിന്തിക്കേണ്ട മറ്റൊരു സംഗതി. പിന്നെ നമുക്കിവിടെ എത്തിക്സ് കമ്മിറ്റികളെ പറ്റിയെല്ലാം പറയാറുണ്ട്. നല്ലത് തന്നെയാണ്. പക്ഷേ എത്തിക്സ് കമ്മറ്റിയോ പാർലമെന്റ് എത്തിക്സുമായി ബന്ധപ്പെട്ടിട്ടുള്ള ആരും തന്നെയോ പരിശോധിക്കുന്നില്ല എന്നതാണ് വാസ്തവം. ഒരംഗത്തെപ്പറ്റി ഒരു പരാതി വരികയാണെങ്കിൽ ഭരണ മുന്നണിയിലാണെങ്കിൽ അവർ അതിനെ സപ്പോർട്ട് ചെയ്യുന്നു, മറ്റുള്ളവർ അത് മറിച്ചും ആവും. ഇതെല്ലാം നോക്കുന്ന സമയത്ത് ഇത്തരം സംഗതികളിൽ കുറ്റകരമായ അനാസ്ഥ കാണാൻ സാധിക്കും. ഡിബേറ്റുകളുടെ കാര്യം പറഞ്ഞാൽ നമ്മുടെ പൂർവകാല നേതാക്കന്മാർ നടത്തിയിട്ടുള്ള ചർച്ചകൾ വിദ്യാർത്ഥികളെപ്പോലെ ഇന്നുള്ളവർ മറിച്ചു നോക്കുകയാണെങ്കിൽ എത്ര ഗഹനമായിരുന്നു അവരുടെ ചർച്ചകൾ എന്ന് നമുക്ക് തോന്നും. ഇങ്ങനെ ഒരു ചർച്ച അവതരിപ്പിക്കാൻ അവർ എത്രമാത്രം പഠിച്ചിട്ടുണ്ടാവും എന്നൊക്കെ നാം ചിന്തിച്ചു പോകും. ഇന്ന് അസംബ്ലിയിലെ പാർലമെന്റിലെ ഉള്ള അംഗങ്ങളുടെ ഔദ്യോഗിക ക്വാളിഫിക്കേഷൻ എടുത്തു നോക്കിയാൽ അത് വളരെ കൂടുതലാണ്, പണ്ടത്തേതിനേക്കാളേറെ. എന്നാലും അത്രയൊന്നും അക്കാദമിക് ക്വാളിഫിക്കേഷൻ നേടിയിട്ടില്ലാത്ത ആ നേതാക്കന്മാരുടെ മാനം എത്രമാത്രമായിരുന്നു എന്ന് നാം മനസ്സിലാക്കണം. പാർലമെന്ററി ജനാധിപത്യത്തെ സംബന്ധിച്ച ചില നല്ല സങ്കൽപങ്ങൾ എല്ലാവരുടെയും മനസ്സിലുണ്ട്. പക്ഷേ ആ സങ്കൽപ്പങ്ങൾക്ക് മങ്ങലേൽക്കാറുണ്ട്. അവ സജീവമാക്കണമെന്ന് മാത്രമല്ല അതിന്റെ പ്രസരിപ്പും ഗാംഭീര്യവും ലക്ഷ്യസാക്ഷാത്കാരവുമെല്ലാം ശരിയായി നടക്കുന്ന എന്നുറപ്പുവരുത്തേണ്ടത് അന്നത്തെയും ഇന്നത്തെയും എക്കാലത്തെയും സാമാജികന്മാരുടെ ബാധ്യതയാണ് എന്നുള്ളത് നമ്മളെല്ലാം കാണേണ്ടതുണ്ട്. പാർലമെന്ററി ജനാധിപത്യത്തിന്റെ നഷ്ട വസന്തങ്ങൾ നമുക്ക് തിരിച്ചു പിടിക്കണം.

# വരുന്നു, വനിതാ സംരംഭകരുടെ നാളുകൾ



**ഇ.പി.ജയരാജൻ**

വ്യവസായവും, കായികവും, യുവജനകാര്യവും വകുപ്പുമന്ത്രി
9,13,14 കേരള നിയമസഭകളിൽ അംഗം

**വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങളിൽ വനിതാ സംരംഭകർക്ക് അതിനിർണായകമായ സ്ഥാനമുണ്ട്. ജനസംഖ്യയിൽ പകുതി സ്ത്രീകളാണ്. അവരുടെ ഉന്നമനത്തിലൂടെ മാത്രമേ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി പൂർണ്ണതയിൽ എത്തിക്കാനാകൂ.**



കോവിഡ് സൃഷ്ടിച്ച പ്രതിസന്ധിയിൽ നിന്ന് പുറത്തുകടക്കാനുള്ള കഠിനപരിശ്രമത്തിലാണ് ലോകം. രോഗപ്രതിരോധം ശക്തമാക്കുന്നതിനൊപ്പം ജനജീവിതം സാധാരണനിലയിലാക്കാനും കേരള ഗവൺമെന്റ് ഫലപ്രദമായ നടപടികളുമായി മുന്നോട്ടുപോവുകയാണ്. കോവിഡ് അതിജീവന പ്രവർത്തനങ്ങളിൽ കൃഷിക്കും വ്യവസായത്തിനും കൂടുതൽ പ്രാധാന്യം നൽകണമെന്നാണ്



തീരുമാനം. വ്യവസായ, കാർഷിക മേഖലകളുടെ പുരോഗതിയിലൂടെ തിരിച്ചടികൾ മറികടക്കാനാകും. ഉത്പാദന വർധന, കൂടുതൽ തൊഴിൽ, ഭക്ഷ്യ സുരക്ഷ തുടങ്ങിയ കാര്യങ്ങൾ ഉറപ്പാക്കുകയും അതിലൂടെ പ്രതിസന്ധി മറികടക്കുകയുമാണ് ലക്ഷ്യം.

നിക്ഷേപരംഗത്തെ പ്രതിസന്ധികൾ മറികടക്കാനുള്ള ദൗത്യത്തിന് വലിയ പരിഗണനയാണ് നൽകുന്നത്. വ്യവസായ-വാണിജ്യ മേഖലയെ കൈപിടിച്ച് ഉയർത്താൻ വിപുലമായ പദ്ധതികളാണ് സ്വീകരിക്കുന്നത്. ചെറുകിട വ്യവസായ മേഖലയ്ക്കായി 3434 കോടി രൂപയുടെ വ്യവസായ ഭദ്രതാ പാക്കേജ് നടപ്പാക്കുകയാണ്. എം എസ് എം ഇകൾക്ക് കേരള ബാങ്ക് വഴി നബാർഡിന്റെ 225 കോടി മൂലധന സഹായം നൽകുന്നുണ്ട്. എം എസ് എം ഇ കൾക്ക് സാമ്പത്തികസഹായം ലഭ്യമാക്കാൻ മൈക്രോ ഫിനാൻസ് കോർപ്പറേഷൻ എന്ന പേരിൽ ധനകാര്യ സ്ഥാപനം വ്യവസായ വകുപ്പ് ഉടൻ തുടങ്ങും.

വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങളിൽ വനിതാ സംരംഭകർക്ക് അതിനിർണായകമായ സ്ഥാനമുണ്ട്. ജനസംഖ്യയിൽ പകുതി സ്ത്രീകളാണ്. അവരുടെ ഉന്നമനത്തിലൂടെ മാത്രമേ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി പൂർണ്ണതയിൽ എത്തിക്കാനാകൂ. എല്ലാ മേഖലകളിലും സ്ത്രീകൾ അവരുടെ സാന്നിധ്യം ശക്തമാക്കി കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാനത്തെ വനിതാ സംരംഭക രംഗത്തും നല്ല പുരോഗതി ദൃശ്യമാകുന്നുണ്ട്.

രാജ്യത്തെ ചെറുകിട വ്യവസായ മേഖലയുടെ വളർച്ചാനിരക്കിൽ കേരളം മുന്നിലാണ്. സ്ത്രീകളും യുവാക്കളും കൂടുതലായി ഈ രംഗത്തേക്ക് കടന്നുവരുന്നതാണ് ഈ മികവിന് അടിസ്ഥാനം. നമ്മുടെ വ്യവസായ പാർക്കുകളിലും മറ്റുമായി നിരവധി വനിതകൾ സംരംഭങ്ങൾ നടത്തുന്നുണ്ട്. വസ്ത്ര നിർമ്മാണം, ഭക്ഷ്യ സംസ്കരണം തുടങ്ങിയ മേഖലകളിലേക്ക് സ്ത്രീകൾ വലിയതോതിൽ കടന്നുവന്നിട്ടുണ്ട്. സ്റ്റാർട്ടപ്പ് രംഗത്തും സ്ത്രീസാന്നിധ്യം സജീവമാണ്. ഇന്ത്യയിൽ ഒന്നരക്കോടി വനിതാ സംരംഭകരാണുള്ളത്. ഇത് ആകെ സംരംഭകരുടെ 20 ശതമാനം മാത്രമാണ്. എന്നാൽ, വനിതാ സംരംഭകരുടെ കാര്യത്തിൽ കേരളം, തമിഴ്നാട് സംസ്ഥാനങ്ങൾ മുന്നിലാണെന്ന് ദേശീയ സാമ്പിൾ സർവെ ഓർഗനൈസേഷന്റെ കണക്കുകൾ പറയുന്നു.

ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനായി സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച ക്രിയാത്മകമായ നടപടികൾ വലിയ പുരോഗതിക്ക് വഴിവെച്ചിട്ടുണ്ട്. എം എസ് എം ഇ യൂണിറ്റ് തുടങ്ങാൻ മുൻകൂർ അനുമതി വേണ്ട എന്ന നിയമം വന്നത് വലിയ മാറ്റത്തിനാണ് വഴിയൊരുക്കിയത്. വ്യവസായ ലൈസൻസും അനുമതികളും പൂർണ്ണമായി ഓൺലൈനാക്കിയത് ഏറ്റവും ഗുണമായത് വനിതാ

സംരംഭകർക്കാണ്. നേരത്തെയുണ്ടായിരുന്ന അവസ്ഥയിൽ ഓഫീസുകൾ കയറിയിറങ്ങുക സ്ത്രീകളെ സംബന്ധിച്ച് എളുപ്പമായിരുന്നില്ല. എന്നാൽ, ഓൺലൈനായതോടെ ഈ പ്രയാസം മാറി. കൂടുതൽ സ്ത്രീകൾ സംരംഭക രംഗത്തേക്ക് വരാൻ ഇത് സഹായിച്ചിട്ടുണ്ടെന്ന് കണക്കുകൾ തെളിയിക്കുന്നു.

സ്ത്രീ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ ചില നടപടികൾ നേരത്തെ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ സംരംഭകത്വ സഹായ പദ്ധതിയുടെ ഭാഗമായി എം എസ് എം ഇകൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% അല്ലെങ്കിൽ പരമാവധി 20 ലക്ഷം രൂപയാണ് സഹായം. വനിതകൾക്കും യുവജനങ്ങൾക്കും 20 % അല്ലെങ്കിൽ പരമാവധി 30 ലക്ഷം രൂപ നൽകുന്നുണ്ട്. വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ ആലപ്പുഴയിലെ പുന്നപ്രയിലും തൃശൂരിലെ പുഴക്കൽപാടത്തുമായി നിർമ്മിക്കുന്ന വ്യവസായ സമുച്ചയങ്ങളിൽ വനിതകൾക്ക് 20 ശതമാനം സ്പേസ് സംവരണം ചെയ്യും. വനിതാ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനും പിന്തുണ നൽകാനും വി മിഷൻ എന്ന പദ്ധതി കെ എസ് ഐ ഡി സി നടപ്പാക്കുന്നുണ്ട്. ഇതുപ്രകാരം സംരംഭം തുടങ്ങാൻ ആവശ്യമായ തുകയുടെ 80% അല്ലെങ്കിൽ പരമാവധി 25 ലക്ഷം രൂപ, 7.5 % പലിശ നിരക്കിൽ നൽകുന്നുണ്ട്. അങ്കമാലിയിൽ ഇൻകെലിന്റെ ഭൂമിയിലെ 42,228 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടം വനിതാ സംരംഭകർക്ക് മാത്രമായി അനുവദിച്ചു. നിലവിൽ വിമൺ അപ്പാരൽ പാർക്കായി ഇതു പ്രവർത്തിക്കുന്നു. വനിതാ സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ ജില്ലകളിൽ സംരംഭകത്വ വികസന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

എം എസ് എം ഇകൾക്ക് മെച്ചപ്പെട്ട വിപണനം ലഭ്യമാക്കാൻ കേരള ഇ മാർക്കറ്റ് എന്ന വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ഉത്പന്നങ്ങളുടെ ചിത്രവും ചെറിയ വിവരണവും വിലവിവരവും നൽകാൻ സൗകര്യമുണ്ട്. ഇത് വനിതാ സംരംഭകർക്ക് ഏറെ പ്രയോജനപ്പെടുന്നതാണ്. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ കൂടുതൽ നടപടികൾക്ക് ഒരുങ്ങുകയാണ് വ്യവസായ വകുപ്പ്. സ്ത്രീകൾ കൂടുതലായി ഈ രംഗത്തേക്ക് കടന്നുവരാൻ സഹായകമായ പ്രോത്സാഹനനടപടികൾ ആസൂത്രണം ചെയ്തു വരികയാണ്. നിലവിൽ സംരംഭം നടത്തുന്നവരെ കൂടുതൽ ഉയർത്തുകയും പുതിയ സംരംഭകരെ ആകർഷിക്കുകയുമാണ് ലക്ഷ്യം. വ്യവസായ വകുപ്പിന്റെ സംരംഭക സഹായ പദ്ധതികളിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകുന്നത് ആലോചിക്കും.

ആശയങ്ങൾ കൈയിലുണ്ടെങ്കിലും വേണ്ട പിന്തുണയില്ലാത്തതിനാൽ വീടുകളിൽ ഒതുങ്ങി കഴിയുന്ന നിരവധി സ്ത്രീകളുണ്ട്. ഇവർക്ക്



പ്രചോദനം നൽകാൻ വിപുലമായ സംരംഭകത്വ സെമിനാറുകൾ സംഘടിപ്പിക്കുകയും ഹെൽപ്പ്ലൈൻ ഏർപ്പെടുത്തുകയും ചെയ്യും. സാങ്കേതികസഹായം, ഉത്പാദനം, മാർക്കറ്റിങ് തുടങ്ങിയ മേഖലകളിൽ വനിതാ സംരംഭകർക്ക് വിദഗ്ധ പരിശീലനം നൽകാൻ നടപടി സ്വീകരിക്കും. ഭൂരിപക്ഷം സ്ത്രീകളുടെയും ചെറുകിട സംരംഭങ്ങളാണ്. ഇത്തരം സംരംഭങ്ങളെ കോർത്തിണക്കി ഓരോ മേഖലയിലും ക്ലസ്റ്റർ രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കും.




സ്വന്തമായി വരുമാനമുണ്ടാക്കാൻ പുരുഷൻമാരെക്കാൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നതും പരിശ്രമിക്കുന്നതും സ്ത്രീകളാണ് എന്ന് ചില പഠനങ്ങൾ തന്നെ പറയുന്നു. സംരംഭകരംഗത്തും സ്ഥിതി വ്യത്യസ്തമല്ല. സ്ത്രീകൾക്ക് ഏറ്റവും നന്നായി ശോഭിക്കാൻ കഴിയുന്ന മേഖലയാണ് സംരംഭകത്വം. ഈ സംരംഭങ്ങളിൽ കൂടുതൽ സ്ത്രീകൾക്ക് തൊഴിൽ നൽകാനുമാകും. സ്ത്രീശാക്തീകരണത്തിന് ഇതിനേക്കാൾ നല്ല മാർഗ്ഗമില്ല. സ്ത്രീകളുടെയും ഒപ്പം നാടിന്റെയും സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിക്ക് ഇത് വഴിയൊരുക്കും. സംരംഭക രംഗത്ത് സ്വയം അതിരുകൾ നിശ്ചയിക്കരുത്. ചുറ്റും അവസരങ്ങൾ ഏറെയുണ്ട്. അത് തിരിച്ചറിയണം. പുതിയ കാലത്തെ മാറ്റങ്ങൾ തിരിച്ചറിയാനും അതിനനുസരിച്ച് പുതിയ ഉൽപ്പാദന രീതികൾ സ്വീകരിക്കാനും ഉൽപ്പന്ന വൈവിധ്യത്തിനും തയ്യാറാകണം.

# ചിത്രകലാ ആസ്ഥാനമായി മാറുന്ന കിളിമാനൂർ



ബി.സത്യൻ

13,14 കേരള നിയമസഭകളിൽ അംഗം

തിരുവിതാംകൂറിന്റെ ചരിത്രത്തിൽ നിസ്തർക്കമായ സ്ഥാനമുള്ള കിളിമാനൂർ കൊട്ടാരത്തിലാണ് ലോകപ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മയുടെ ജനനം. കിളിമാനൂർ കൊട്ടാരത്തിന് ഏതാണ്ട് 400 വർഷത്തോളം പഴക്കമുണ്ട്.





ചരിത്രപ്രാധാന്യം കൊണ്ട് സമ്പന്നമാണ് കിളിമാനൂർ. ഒരിക്കൽ കിളിയും മാനും അടക്കമുള്ള വന്യജീവികൾ ഏറെയുണ്ടായിരുന്ന ഒരു പ്രദേശമായിരുന്നു ഇവിടം. അങ്ങനെ കിളിയും മാനും സ്വാതന്ത്ര്യത്തോടെ ജീവിച്ചിരുന്ന ഈ നാട് പിന്നീട് കിളിമാനൂർ ആയി എന്ന് പറയപ്പെടുന്നു.

തിരുവനന്തപുരം ജില്ലയിലെ വടക്കേ അറ്റത്ത് കൊല്ലം ജില്ലയുമായി അതിർത്തി പങ്കിടുന്ന പ്രധാന പട്ടണങ്ങളിലൊന്നാണ് കിളിമാനൂർ. നിയമസഭാമണ്ഡലം പുനഃസംഘടനയിൽ ഇത് ഇപ്പോൾ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിന്റെ ഭാഗമാണ്.

തിരുവിതാംകൂറിന്റെ ചരിത്രത്തിൽ നിസ്തുലമായ സ്ഥാനമുള്ള കിളിമാനൂർ കൊട്ടാരത്തിലാണ് ലോകപ്രശസ്ത ചിത്രകാരനായ രാജാരവിവർമ്മയുടെ ജനനം. കിളിമാനൂർ കൊട്ടാരത്തിന് ഏതാണ്ട് 400 വർഷത്തോളം പഴക്കമുണ്ട്. വേണാട് സ്വരൂപത്തിന്റെ ആദ്യ ആസ്ഥാനം കിളിമാനൂരിനടുത്ത കീഴ്പേരൂരിലാണ്. ബേപ്പൂർ തട്ടാരി കോവിലകത്ത് നിന്നും കിളിമാനൂർ കോവിലകത്ത് നിന്നും ഉമയമ്മ റാണിയുടെ കാലത്ത് ദത്ത് വന്നവരിൽ നിന്നാണ് തിരുവിതാംകൂർ രാജകുടുംബത്തിന്റെ ഉത്ഭവം എന്ന് ചരിത്രം. ആധുനിക തിരുവിതാംകൂറിന്റെ സ്രഷ്ടാവായ മാർത്താണ്ഡവർമ്മയുടെ പിതാവ് വീരരാഘവ വർമ്മയും കിളിമാനൂർ രാജകുടുംബത്തിലെ അംഗമാണ്.

മൂന്ന് ദശാബ്ദക്കാലത്തിനുള്ളിൽ കലാ-സാഹിത്യ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച നിരവധി വ്യക്തികൾക്ക് കിളിമാനൂർ കൊട്ടാരം ജന്മം നൽകിയിട്ടുണ്ട്. പ്രശസ്ത ആട്ടക്കഥാരചയിതാവായ കരീന്ദ്രൻ കോയിത്തമ്പുരാൻ, ലോകപ്രശസ്ത ചിത്രകാരനായിരുന്ന രാജാരവിവർമ്മ, അദ്ദേഹത്തിന്റെ സഹോദരൻ ആർട്ടിസ്റ്റ് രാജരാജവർമ്മ കോയിത്തമ്പുരാൻ, സഹോദരി ആർട്ടിസ്റ്റ് മംഗളാദേവി തമ്പുരാട്ടി, ചരിത്ര പണ്ഡിതൻ ഡോക്ടർ മാർത്താണ്ഡവർമ്മ, ആർട്ടിസ്റ്റ് ഭവാനിത്തമ്പുരാട്ടി എന്നിങ്ങനെ ആ നിര നീളുന്നു. എന്നാൽ കേരളത്തിന്റെ പേര് ലോകമെമ്പാടും തന്റെ വരകളിലൂടെ എത്തിച്ച രാജാരവിവർമ്മ തന്നെയാണ് ഈ നിരയിൽ പ്രമുഖൻ.

തിരുവിതാംകൂർ രാജവംശത്തിലെ തായ്‌വഴി തേടുന്നവർക്ക് കിളിമാനൂർ കൊട്ടാരത്തിൽ എത്താതെ





പോകാൻ കഴിയില്ല. രചന സൗകുമാര്യതക്ക് കീർത്തികേട്ട രവിവർമ്മ ചിത്രങ്ങളുടെ നിറക്കൂട്ടുകൾ അടിരമിച്ച ചിത്രശാല ഇന്നും ഇവിടെയുണ്ട്. രവിവർമ്മ ചിത്രങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്ന ചിത്രശാലയിൽ 110 വർഷം പഴക്കമുള്ള പുതിയ മാളികയും നാടകശാലയും സംരക്ഷിത സ്മാരകങ്ങളായി ഇവിടെയുണ്ട്.

ഭാരതീയ ചിത്രകലയുടെ നവോത്ഥാന നായകനായി ഇദ്ദേഹത്തെ അറിയപ്പെടുന്നു. ഭാരതീയ ദേവതാ സങ്കൽപ്പങ്ങൾക്ക് മാനുഷിക മുഖ ചൈതന്യം നൽകിയ കലാകാരൻ കൂടിയാണ് രാജാരവിവർമ്മ. അതുവരെ ദൈവത്തിന്റെ മുഖം എന്തെന്നറിയാത്ത ഹൈന്ദവ സമൂഹത്തിലെ താഴ്ന്ന ജാതിക്കാർക്ക് അവരുടെ പൂജാമുറിയിൽ ആരാധിക്കാൻ ദൈവത്തെ നൽകിയ കലാകാരനായ രാജാവാണ് രാജാരവിവർമ്മയെന്ന് പല പ്രമുഖ ചിത്രകാരൻമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

സ്വന്തമായി റസിഡൻസി സ്റ്റുഡിയോ ഉണ്ടായിരുന്ന രാജാരവിവർമ്മ സഞ്ചരിക്കുന്ന ചിത്രകാരൻ എന്നും അറിയപ്പെട്ടിരുന്നു. ഇന്ത്യയിൽ ആദ്യമായി പൂനെയിൽ ലിത്തോ പ്രസ് സ്ഥാപിച്ച രവിവർമ്മ ഓളിയോഗ്രാഫ് പ്രിന്റിങ് ഇന്ത്യയിൽ ഉടലെടുക്കുന്നതിനും കാരണഭൂതനായി. ചുമർചിത്രങ്ങളിൽ കേന്ദ്രീകരിച്ചിരുന്ന ഇന്ത്യൻ ചിത്രരചന സംവിധാനങ്ങളിൽ ഇവ വരുത്തിയ മാറ്റം പറഞ്ഞറിയിക്കാനാവാത്തതാണ്.

രാജാരവിവർമ്മയുടെ കാലത്തിനു മുമ്പു വരെ ചിത്രരചന യൂറോപ്യൻമാരുടെ മാത്രം കുത്തകയായിരുന്നു. ഈ കുത്തക അവസാനിപ്പിച്ചത് രാജാരവിവർമ്മയുടെ മാന്ത്രിക വിരലുകളിൽ വിരിഞ്ഞ നയനമനോഹര ചിത്രങ്ങളിലൂടെ ആയിരുന്നു. രാജാക്കന്മാരിലെ ചിത്രകാരനും ചിത്രകാരനിൽ രാജാവും എന്ന ബഹുമതിയും രാജാരവിവർമ്മയ്ക്ക് സ്വന്തം.

ഉച്ചനീചത്വങ്ങളുടെയും തൊട്ടുകൂടായ്മയുടെയും വേലിക്കെട്ടുകളിൽ തളച്ചിരുന്ന ഇന്ത്യൻ സ്ത്രീരൂപങ്ങളെ രാജാ രവിവർമ്മ ആധുനിക ചിത്രകലയുടെ സഹായത്തോടെ ക്യാൻവാസിലേക്ക് പകർത്തിയപ്പോൾ അവ കാണാനും സ്വന്തമാക്കാനും ലോകത്തെ പ്രമുഖ ആർട്ട് മ്യൂസിയങ്ങളും മത്സരിച്ചത് ചരിത്രം.

പുരാണേതിഹാസങ്ങളും കഥകളും കവിതകളും സമകാലിക ജീവിതവും വരെ രവിവർമ്മ ചിത്രങ്ങൾക്ക് വിഷയമായി. അക്കാലത്ത് നിരവധി അന്താരാഷ്ട്ര





വേദികളിൽ രവിവർമ്മ ചിത്രങ്ങൾ പുരസ്കാരങ്ങൾ വാരിക്കൂട്ടി. ഒരു ജീവിതം മുഴുവൻ വരകൾക്കും വർണ്ണങ്ങൾക്കും വേണ്ടി മാറ്റി വെച്ച ചിത്രമെഴുത്ത് തമ്പുരാന്റെ വളരെ കുറച്ച് രചനകൾ മാത്രമേ ഇന്ന് ഇന്ത്യയിൽ ഉള്ളൂ. രവിവർമ്മയുടെ പ്രസിദ്ധ ചിത്രങ്ങളിൽ പലതും വിവിധ വിദേശ ആർട്ട് ഗാലറികളിൽ അലങ്കാരമാവുകയാണ് ഇന്നും.

രാജാരവിവർമ്മയ്ക്ക് സമുചിത സ്മാരകം നിർമ്മിക്കണമെന്ന ആഗ്രഹത്തോടെ 1968 ൽ കിളിമാനൂർ കൊട്ടാരത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ടേക്കർ സ്ഥലം വിട്ട് നൽകുകയായിരുന്നു. ഇവിടെ സാംസ്കാരിക വകുപ്പിന് കീഴിലുള്ള ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ രാജാരവിവർമ്മ ആർട്ട് ഗാലറി പ്രവർത്തിക്കുന്നു. രാജാരവിവർമ്മയുടെ ഏറ്റവും പ്രശസ്തമായ നൂറിലധികം ചിത്രങ്ങളുടെ പകർപ്പുകൾ ഇന്ന് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നു. ചിത്രകലയെ സ്നേഹിക്കുന്ന ആയിരക്കണക്കിന് പേരാണ് ചിത്രമെഴുത്ത് തമ്പുരാന്റെ ഈ സ്മാരകം കാണാൻ എത്തുന്നത്.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ലോകോത്തര നിലവാരത്തിലുള്ള ചിത്രരചനാ സങ്കേതത്തിന് തുക അനുവദിച്ചു. ലോകത്തെ ചരിത്രാന്വേഷികൾക്കും ചിത്രകാരൻമാർക്കും ഇവിടെ താമസിച്ച് കിളിമാനൂരിന്റെ ഗ്രാമീണഭംഗി ആസ്വദിച്ച് രവിവർമ്മ ചിത്രങ്ങളെ അടുത്തറിയാനും ചിത്രരചന നടത്താനും കഴിയുന്ന തരത്തിലുള്ള ആർട്ടിസ്റ്റ് റസിഡൻസി സ്റ്റുഡിയോകൾ ലളിതകലാ അക്കാദമി ഇവിടെ നിർമ്മിക്കും. ഇത്തരമൊരു സംരംഭം സംസ്ഥാനത്ത് രണ്ടാമതാണ്.

ലളിതകലാ അക്കാദമിക്ക്, ചിത്രരചനാ ക്യാമ്പുകളും വിശിഷ്ട ചിത്രകാരൻമാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള സദസ്സുകൾക്കുള്ള ക്രമീകരണങ്ങളും ഇതിന്റെ ഭാഗമായി ഏർപ്പെടുത്താനാകും. രവിവർമ്മയെ സ്നേഹിക്കുന്നവർക്കായി വഡോദര മ്യൂസിയത്തിലും മൈസൂർ കൊട്ടാരത്തിലും കവടിയാർ കൊട്ടാരത്തിലും തിരുവനന്തപുരത്തെ ശ്രീചിത്രാ മ്യൂസിയത്തിലുമൊക്കെയായി ചിതറിക്കിടക്കുന്ന ചിത്രങ്ങളെല്ലാം ഒരു കുടക്കീഴിലേക്ക് കൊണ്ടുവരുവാനുള്ള വലിയ ദൗത്യത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യം പങ്കുവെക്കുന്നു.





കുട്ടികളുടെ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ 26.10.2019 ന് നടത്തിയ ഏകദിന പരിപാടിയിൽ കരവാരം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ ബഹു.സത്യൻ എം.എൽ.എ യോടൊപ്പം.



കുട്ടികളുടെ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ കരവാരം വൊക്കേഷണൽ ഹയർ സെക്കൻഡറി സ്‌കൂളിലെ വിദ്യാർത്ഥികൾക്കായി 26.10.2019 ന് നടത്തിയ ഏകദിന പരിപാടി ബഹു.നിയമസഭാ സെക്രട്ടറി ഉദ്ഘാടനം ചെയ്യുന്നു.





പ്രൊഫ. സാവിത്രി ലക്ഷ്മണൻ

10,11 കേരള നിയമസഭകളിൽ അംഗം
9,10 ലോക് സഭകളിലെ അംഗം

കേരള നിയമസഭ വരുന്നതിനുമുൻപ് സ്വാതന്ത്ര്യ സമ്പ്രാപ്തിക്കുശേഷം, തിരുവിതാംകൂറും കൊച്ചിയും ചേർന്ന് ട്രാവൻകൂർ-കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലി രൂപീകരിക്കുകയുണ്ടായി. 1949 തൊട്ട് 1956 വരെ 3 നിയമസഭകൾ ഇങ്ങനെ രൂപം കൊണ്ടിട്ടുണ്ട്.

# വനിതാ പ്രാതിനിധ്യം 1888 മുതൽ

ഇന്ന് നാം കാണുന്ന നിയമസഭയുടെ രൂപം 1957 മുതലുള്ളതാണ്. ഐക്യകേരളം ഉടലെടുത്തതിനുശേഷം നടത്തിയ ആദ്യപൊതു തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലേറിയ ആദ്യമന്ത്രിസഭ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ നിലവിൽ വന്നു. 1960 തൊട്ട് 1964 വരെയുണ്ടായിരുന്ന രണ്ടാം കേരള നിയമസഭയ്ക്കുശേഷം മൂന്നാം നിയമസഭയ്ക്കുവേണ്ടി തിരഞ്ഞെടുപ്പ് നടന്നെങ്കിലും ആർക്കും ഭൂരിപക്ഷമില്ലാതെ പോയതുകൊണ്ട് അംഗങ്ങൾക്ക് സത്യപ്രതിജ്ഞ നടത്താനായില്ല. തുടർന്ന് 1967-ൽ നടന്ന തിരഞ്ഞെടുപ്പിലൂടെയാണ് മൂന്നാമത്തെ കേരള നിയമസഭയ്ക്ക് ജീവൻ ലഭിച്ചത്. 1970 ൽ നാലാമത്തെയും 1977 ൽ അഞ്ചാമത്തെയും 1980-ൽ ആറാമത്തെയും 1982-ൽ ഏഴാമത്തെയും 1987-ൽ എട്ടാമത്തെയും ആയ നിയമസഭകളെ കേരളീയർ കണ്ടു. എന്നാൽ 1987 പൂർത്തിയായതോടെ, കേരളം നിയമനിർമ്മാണ രംഗങ്ങളിലെ പൊതുജനപങ്കാളിത്തത്തിന്റെ നൂറ് വർഷം പൂർത്തിയാക്കി കഴിഞ്ഞിരുന്നു.



1947-ൽ ഇന്ത്യ സ്വതന്ത്രയായി എന്നും ആദ്യത്തെ കേരള നിയമസഭ വരുന്ന 1957 ന് മുൻപുതന്നെ ജനാധിപത്യ സമ്പ്രദായം ഇവിടെ പച്ചപിടിച്ചിരുന്നു എന്നും പഴയതലമുറയ്ക്ക് കൃത്യമായിട്ടറിയാം. കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലി, തിരുവിതാംകൂർ ലെജിസ്ലേറ്റീവ് അസംബ്ലി, ട്രാവൻകൂർ കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലി, മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിലെ പഴയ മലബാർ ഡിസ്ട്രിക്റ്റിന്റെ തൊട്ട് നമ്മുടെ പ്രാതിനിധ്യം എന്നിങ്ങനെ 4 ഇടങ്ങളിലായി ചിതറിക്കിടക്കുന്നു, അന്നത്തെ കേരളത്തിന് സ്വന്തമായ നിയമനിർമ്മാണസഭകൾ. എന്നാൽ നാം അഭിമാനത്തോടെ അനുസ്മരിക്കേണ്ട ഒരു കാര്യം, 1988 ൽ നൂറ് വർഷം തികയാൻ നാം 1888 തൊട്ട് കൂട്ടണമെന്നും 1888 തൊട്ടേ, നമ്മുടെ നാട്ടിൽ നിയമനിർമ്മാണത്തിന് ജനപ്രാതിനിധ്യത്തോടുകൂടി ആധികാരികമായ വേദി ഉണ്ടായിരുന്നു എന്നും ഉള്ളതാണ്. ഇടയ്ക്കിടെ പുതിയ തലമുറയെ പഴയ കാലത്തേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നത് നല്ലതാണ്.



1888-ൽ ഉണ്ടായത് പഴയ തിരുവിതാംകൂറിൽ തന്നെയാണ്. 1888 തൊട്ട് 1920 വരെ ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ എന്ന പേരിലാണ് സഭ പ്രവർത്തിച്ചത്. കൊച്ചിയിലോ മലബാർ പ്രദേശത്തോ ഒന്നും തത്തുല്യമായ ഒന്നും ആ കാലഘട്ടത്തിൽ ഇല്ല. 1919-ൽ ഒരു റഗുലേഷൻ ആക്ട് വന്നു.



പ്രസ്തുത റഗുലേഷൻ ആക്ട് അനുസരിച്ച് രൂപീകൃതമായ ന്യൂകൗൺസിൽ 1920 തൊട്ട് 1922 വരെയാണ് പ്രവർത്തിച്ചത്. 02.10.1921-ൽ മറ്റൊരു റഗുലേഷൻ വന്നതോടുകൂടി ന്യൂ ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ പ്രാബല്യത്തിൽ വരികയും 1932 വരെ നിലനില്ക്കുകയും ചെയ്തു. എങ്കിലും 1904 തൊട്ടേ പ്രവർത്തനം തുടങ്ങിയിരുന്ന ശ്രീമൂലം പോപ്പുലർ അസംബ്ലി 1932 വരെ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിനോടൊപ്പമുണ്ട്. കോട്ടയം ഡിവിഷൻ, കൊയിലോൺ ഡിവിഷൻ, തിരുവനന്തപുരം ഡിവിഷൻ, സതേൺ ഡിവിഷൻ എന്നിങ്ങനെ നാല് ഡിവിഷനുകളോടുകൂടിയാണ് 1904-ൽ പോപ്പുലർ അസംബ്ലിക്ക് പ്രവർത്തിക്കാനായത്. 1905 ആയപ്പോൾ സതേൺ ഡിവിഷൻ പത്മനാഭപുരം ഡിവിഷൻ ആയി. ഡെപ്യൂട്ട് ചെയ്യപ്പെട്ടവരും നോമിനേറ്റ് ചെയ്യപ്പെട്ടവരും ആയ അംഗങ്ങളും അസംബ്ലിയിൽ വന്നുതുടങ്ങി. 1906 ൽ ഡെപ്യൂട്ട് ചെയ്യപ്പെട്ടവരെത്തന്നെ രണ്ടാക്കിത്തിരിച്ചു. 1911 ആയപ്പോഴാണ് ദേവികുളം ഡിവിഷനും കൂടി ആയത്. എന്നാലും തോട്ടമുടമകൾ, വ്യവസായികളും കച്ചവടക്കാരും, ടൗൺ ഇംപ്രൂവ്മെന്റ് കമ്മിറ്റിക്കാർ, ജന്മിമാർ എന്നിവർക്കും പ്രാതിനിധ്യം നല്കപ്പെട്ട നോമിനേറ്റഡ് ആവുന്നവർ വേറെയുമുണ്ടായിരുന്നതാണ്. 1923 വരെ ഏതാണ്ട് ഈ നില തുടർന്നു. 1923-ൽ ടൗൺ ഇംപ്രൂവ്മെന്റ് കമ്മിറ്റിയുടെ സ്ഥാനത്ത് മുനിസിപ്പൽകൗൺസിൽ വന്നു. 1931 ൽ ആണ് ശ്രീമൂലം പോപ്പുലർ അസംബ്ലിയിൽ വനിതകൾക്ക് ആദ്യമായി ഇടം കിട്ടിയത്. 1933 തൊട്ട് 1947 വരെ ശ്രീമൂലം പോപ്പുലർ അസംബ്ലി തിരുവിതാംകൂർ ശ്രീമൂലം അസംബ്ലിയായി പേരുമാറുകയും ഇതേ കാലയളവിൽതന്നെ 1933 തൊട്ട് 1947 വരെ ശ്രീചിത്ര സ്റ്റേറ്റ് കൗൺസിൽ കൂടി സമാന്തരമായി പ്രവർത്തിക്കുകയും ചെയ്തു. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് അസംബ്ലി 1948-49 കാലയളവിലാണ് പ്രവർത്തിച്ചത്.

പഴയകൊച്ചിയിൽ പേരുമാറ്റങ്ങളും മറ്റും ഇത്ര വിപുലമായിട്ടുണ്ടായില്ല. തിരുവിതാംകൂറിൽ തുടങ്ങി 37 വർഷങ്ങൾക്കുശേഷം 1925 ൽ ആണ് കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ പ്രവർത്തിച്ചുതുടങ്ങിയത്. 1925 തൊട്ട് 1948 വരെ ആറ് കൗൺസിലുകളോടെ, കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ പ്രവർത്തനം പൂർത്തിയായി. തുടക്കം തൊട്ടേ വനിതകൾക്കും അംഗീകാരം ലഭിക്കുന്നുണ്ട്. തിരുവിതാംകൂറിനെപ്പോലെ 1948-49 ൽ കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയും ഉണ്ടായിരുന്നു.

പഴയ മലബാർ ഏരിയയിൽ ഉള്ളവർക്ക് മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിൽ അസംബ്ലിയിൽ ആയിരുന്നു പ്രാതിനിധ്യം. 1921 തൊട്ടുതന്നെ ഈ പ്രാതിനിധ്യം ഉണ്ടായിരുന്നു. 1921 തൊട്ട് 1936 വരെ 4 കൗൺസിലുകളിലായി മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിലിൽ പഴയ മലബാറുകാർക്ക് പ്രവേശനം കിട്ടി. 1935-ലെ ഗവ.ഓഫ് ഇന്ത്യാ ആക്ട് അനുസരിച്ച് രൂപീകൃതമായി പ്രവർത്തനം തുടങ്ങിയ മദ്രാസ് ലെജിസ്ലേറ്റീവ് കൗൺസിലിൽ തുടക്കവർഷമായ 1937 തൊട്ട് 1951 വരെയും മലബാറുകാരുണ്ട്. ഇന്ത്യൻ ഭരണഘടന അനുസരിച്ച് 1951-ൽ രൂപീകൃതമായ മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിലും ഈ പ്രാതിനിധ്യം 1956 വരെ തുടർന്നു. അഥവാ കേരളപ്പിറവിവരെ കാത്തിരിക്കേണ്ടിവന്നു, പഴയ മലബാറുകാർക്ക് കേരളീയരാവാൻ എന്നർത്ഥം.

കേരള നിയമസഭ വരുന്നതിനുമുൻപ് സ്വാതന്ത്ര്യ സമ്പ്രാപ്തിക്കുശേഷം, തിരുവിതാംകൂറും കൊച്ചിയും ചേർന്ന് ട്രാവൻകൂർ-കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലി രൂപീകരിക്കുകയുണ്ടായി. 1949 തൊട്ട് 1956 വരെ 3 നിയമസഭകൾ ഇങ്ങനെ രൂപം കൊണ്ടിട്ടുണ്ട്. പിന്നീടാണ് 1957 ൽ ഒന്നാമത്തെ കേരള ലെജിസ്ലേറ്റീവ്

അസംബ്ലി രൂപം കൊള്ളുകയും 1987 ലെ എട്ടാമത്തെ നിയമസഭയുടെ ഉദയത്തോടെ, കേരളത്തിൽ നിയമനിർമ്മാണ പ്രവർത്തനങ്ങൾക്ക് നൂറ്റാണ്ട് തികയ്ക്കാൻ സാധിക്കുകയും ചെയ്തു.

കേരളത്തിലെ നിയമനിർമ്മാണ സഭകളുടെ ഒരു നൂറ്റാണ്ടിലെ ചരിത്രം ഇപ്രകാരം അടുക്കിയൊതുക്കി അവതരിപ്പിച്ചത് ഗൗരവമുള്ള ഒരു വിഷയത്തിലേയ്ക്ക് ശ്രദ്ധതിരിക്കാനും കൂടി വേണ്ടിയാണ്. 100 വർഷത്തിനിടയിൽ 100 വനിതകളെപ്പോലും നിയമനിർമ്മാണ സഭയിലേയ്ക്ക് എത്തിക്കാൻ കേരളത്തിനായിട്ടില്ല. ആദ്യത്തെ ഈ 100 കൊല്ലത്തിനിടയിൽ 15 ഇടങ്ങളിലായി 78 പ്രാവശ്യമാണ് ഇലക്ഷൻ, നോമിനേഷൻ, ഡെപ്യൂട്ടേഷൻ, റിസർവ്വേഷൻ തുടങ്ങി ഏതെങ്കിലും മാർഗ്ഗത്തിലൂടെ ഈ സഭകൾക്കകത്ത് കയറാനുള്ള അവസരങ്ങൾ ഉണ്ടായത്. 1888 തൊട്ട് 1922 വരെ ഇവ പുരുഷന്മാരുടെ മാത്രം കുത്തകയായിരുന്നു.

1922 തൊട്ട് 1925 വരെയുണ്ടായിരുന്ന ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിലിലേയ്ക്ക് ഡോ.മേരി പുന്നൻലൂക്കോസ് എന്ന സർജൻ നാമനിർദ്ദേശം ചെയ്യപ്പെട്ടതാണ് വനിതാ ചരിത്രത്തിലെ സഭാപ്രവേശത്തിന്റെ ആദ്യത്തെ അനുഭവം. കൊട്ടാരം ഫിസിഷ്യൻ പി.എൻ.ലക്ഷ്മണൻ വേറെയുണ്ടായിട്ടും ഈ യുവതിയായ സർജനെക്കൂടി നാമനിർദ്ദേശം ചെയ്യണമെന്ന് ബന്ധപ്പെട്ടവർക്ക് തോന്നിയത് അവരുടെ വൈദഗ്ദ്ധ്യത്തെക്കുറിച്ചുള്ള മതിപ്പ് നിമിത്തമാണല്ലോ. 1944 വരെ ആകെ 7 പ്രാവശ്യം അവർതന്നെ വീണ്ടും വീണ്ടും നോമിനേറ്റ് ചെയ്യപ്പെടുകയും ചെയ്തു.

സ്ത്രീകളിൽ, ഈ അംഗത്വം ലഭിക്കുക എന്ന വിഷയത്തിൽ ഡോ.മേരിപുന്നൻ ലൂക്കോസിനു പിന്നാലെ രണ്ടാം സ്ഥാനത്തെത്തുന്നത് തോട്ടയ്ക്കാട്ട് മാധവിയമ്മയാണ്. മന്നത്തുപത്മനാഭന്റെ സഹധർമ്മിണി. 1925 തൊട്ട് 1928 വരെയുണ്ടായിരുന്ന കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ ആണ് അവരെ നോമിനേറ്റ് ചെയ്ത് അവർക്ക് അവസരമൊരുക്കിയത്. അഥവാ കൊച്ചിയിലെ ആദ്യത്തെ ലെജിസ്ലേറ്റീവ് കൗൺസിലിൽത്തന്നെ അംഗമായി തോട്ടയ്ക്കാട്ട് ഇക്കാവമ്മ. എന്നൊരു ബഹുമതിയും നമുക്ക് ചാർത്തിക്കൊടുക്കാം.

1928-31 കാലത്ത് തിരുവിതാംകൂറിലും കൊച്ചിയിലും ആയി എലിസബത്ത് കുരുവിള, ഗോമതിനായകംപിള്ള, മിസ്സിസ്സ് ജി.പവിത്രൻ എന്നിങ്ങനെ 3 സ്ത്രീകൾകൂടി അംഗങ്ങളായി. ഡോ.മേരി പുന്നൂസാകട്ടെ, തുടർച്ചയായ മൂന്നാം പ്രാവശ്യവും. അങ്ങനെ 9 വർഷങ്ങൾക്കുള്ളിൽ 5 സ്ത്രീകൾക്ക് ഇരുസഭകളിലുമായെത്താൻ സാധിച്ചു. 1931 ൽ അന്നാ ചാണ്ടി, മിസ്സിസ്സ് എ.ശങ്കരപ്പിള്ള, കൊടിവീട്ടിൽ രമാദേവി, മിസ് പെന്നിന മോസ്കോ, പി.മീനാക്ഷി, പാർവ്വതിനെന്മിനിമംഗലം, മിസ്സിസ്സ് സ്വാമിസ് എന്നിങ്ങനെ വിദേശവനിതകളടക്കം 7 പേർ കൂടി മുറയടിയ്ക്കെത്തി. വി.ടി യുടെ ' അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക് ' മന്ത്രം തിളപ്പിച്ചിരുന്ന കാലമായിരുന്ന അത് എന്ന് സ്ത്രീകൾ നന്ദിപൂർവ്വം ഓർമ്മിക്കേണ്ടിയിരിക്കുന്നു.

തുടർന്നുള്ള 17 കൊല്ലങ്ങളിലൂടെ ഈ 12 വനിതകൾക്ക് പിന്നാലെ യോഗ്യരായവർ വേറെയുമുണ്ട് എന്ന്, ചരിത്രത്തിൽ രേഖപ്പെടുത്താൻ പാകത്തിൽ ടി.വി.നാരായണി, മിസ്സിസ്സ് വാൾസലാം റോസ്, മേരിഅലക്സാണ്ടർ, കെ.രാഗിണി അമ്മ, മിസ് ജി.എം.ഡിസൂസ, പി.മീനാക്ഷിക്കുട്ടിയമ്മ, കെ.ദേവകി അന്തർജ്ജനം, ടി.നാരായണി അമ്മ, സി.ഒ.പൊന്നമ്മ, മിസ്.സി.എച്ച്.വാട്സ്, രംഗനായകി അമ്മാൾ, തെരേസ കോര , മിസ്സിസ് സി.ആർ.ഇരുമ്പി, മിസ്സിസ്സ് കെ.ജോഷ്വ, തങ്കമ്മ എൻ.മേനോൻ, പി.തങ്കമ്മ, ത്രേസ്യാമ്മ കോര, ആനി ജോസഫ്, നാരായണി വേലായുധൻ, മിസ്സിസ്സ് ടി.ഫ്രാൻസിസ്, മിസ്സിസ്സ് കെ.എം.ആർ മേനോൻ എന്നീ 21 പേർ കൂടി വന്നതോടെ സ്വാതന്ത്ര്യത്തിനു മുൻപ് 60 കൊല്ലം കൊണ്ട് 33 പേരായി. മേരി പുന്നൻ ലൂക്കോസ് 7 പ്രാവശ്യവും അന്നാചാണ്ടി, ടി.നാരായണിയമ്മ എന്നിവർ 2 പ്രാവശ്യം വീതവും ഈ കാലയളവിൽ അംഗങ്ങളായി എന്നതിനാൽ ആകെ അവസരങ്ങൾ 41 എന്ന് വേണമെങ്കിൽ ആശ്വസിക്കാം.

സ്വാതന്ത്ര്യത്തിനുശേഷം, കേരള ലെജിസ്ലേറ്റീവ് അസംബ്ലി വന്ന 1957 ന് മുൻപ് 1948 തൊട്ടുള്ള 9 വർഷങ്ങളിൽ കൊച്ചിയിലും തിരുവിതാംകൂറിലും തിരുകൊച്ചിയിലും മദ്രാസിലും കൂടെ 6 അവസരങ്ങൾ ഉണ്ടായപ്പോൾ 9 വനിതകൾ കഷ്ടിച്ചെത്തി. മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിൽ 1946-1951 കാലഘട്ടത്തിൽ (സ്വാതന്ത്ര്യത്തിന് മുൻപും പിൻപും ആയി) എ.വി. കുട്ടിമാളുഅമ്മ മാത്രം. ആനി ജോസഫ്, മിസ്സിസ്സ് ടി.ഫ്രാൻസിസ്, അക്കാമ്മ ചെറിയാൻ, ആനി മസ്ക്രീൻ, ദേവകി ഗോപിദാസ്, മേരി ആന്റണി, കെ.ആർ.ഗൗരി, ടി.സി.ലീലാദേവിയമ്മ എന്നീ എട്ടുപേർ പുതുമുഖങ്ങൾ. തങ്കമ്മ എൻ. മേനോൻ 1938-45 കാലഘട്ടത്തിലും ഉണ്ടായിരുന്ന സ്ത്രീ. പുതുമുഖങ്ങളായിരുന്ന 8 പേരിൽ മേരി ആന്റണിയും ലീലാദേവിയമ്മയും ഒഴിച്ചുള്ള 6 പേരും ഈരണ്ട് പ്രാവശ്യം എത്തിയവരാണ്. കേരള നിയമസഭയിൽ ആദ്യത്തെ 30 വർഷത്തിലൂടെ 14 വനിതകളെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളൂ എന്ന കണക്കും മറക്കാൻ പാടില്ല-1987-ൽ 9-ാം പ്രാവശ്യവും സഭയിലെത്തിയ കെ.ആർ.ഗൗരിയമ്മയെ മാറ്റിനിർത്തിയാൽ.

കേരള നിയമസഭയിൽ 1957-'87 കാലയളവിൽ ലീലാദാമോദരമേനോൻ 3 പ്രാവശ്യവും കെ.ഒ.അയിഷാബീവി, കുസുമം ജോസഫ്, റോസമ്മ പുന്നൂസ്, ശാരദാകൃഷ്ണൻ,കെ.ആർ.സരസ്വതി അമ്മ, ഭാർഗ്ഗവിതങ്കപ്പൻ, പി.ദേവൂട്ടി, എം.കമലം എന്നിങ്ങനെ 8 പേർ 1987 വരെയുള്ള തിരഞ്ഞെടുപ്പുകളിൽ ഈ രണ്ട് പ്രാവശ്യവും വിജയിച്ചവരാണ്. 1960 -ൽ ജയിച്ച എ.നഫീസത്ത് ബീവിയും 1970-1977 ൽ ജയിച്ച പെണ്ണമ്മ ജേക്കബും 1987-ൽ വിജയിച്ച മേഴ്സിക്കുട്ടിയമ്മ, നബീസ ഉമ്മാൾ, എം.ടി പത്മ, റോസമ്മ ചാക്കോ എന്നിവരും മാത്രമാണ് ഒരു പ്രാവശ്യം സഭ കണ്ടവർ. 1987-ൽ ജയിച്ചവർ 1991-ലും തുടർന്നും നടന്ന തിരഞ്ഞെടുപ്പുകളിൽ ആവർത്തിച്ച്




വിജയം നേടിയവരാണെന്ന് ആധുനികർക്കും അറിയാമല്ലോ. അഥവാ 1957-88 കാലഘട്ടത്തിൽ തിരഞ്ഞെടുപ്പുവിജയം നേടിയെടുത്ത വനിതകൾ ആവർത്തന വിജയങ്ങളിലൂടെ ജനപ്രാതിനിധ്യത്തിന്റെ കരുത്ത് തെളിയിച്ചവരാണ്-അവസരം കിട്ടിയാൽ സ്ത്രീകൾ കൊയ്യുകയും എന്ന് അസന്നിഗ്ദ്ധമായി കാണിച്ചുകൊടുത്തവർ.

കേരളത്തിൽ നിയമനിർമ്മാണസഭകളുടെ പ്രവർത്തനം നൂറ്റാണ്ട് തികച്ചതിനുശേഷം ഇപ്പോൾ മൂന്ന ദശകങ്ങളിലധികം കഴിഞ്ഞുവല്ലോ. 1991, 1996, 2001, 2006, 2011, 2016 എന്നീ വർഷങ്ങളിലായി 6 തിരഞ്ഞെടുപ്പുകൾ കൂടി കഴിയുകയും 6 നിയമസഭകൾകൂടി പ്രാബല്യത്തിൽ വരികയും ചെയ്തു. ഈ ആറ് നിയമസഭകളിലും ഒരു നോമിനേറ്റഡ് മെമ്പർ ഉൾപ്പെടെ 141 അംഗങ്ങൾക്ക് കടന്നുവരാം. എന്നുവച്ചാൽ 846 അംഗങ്ങൾക്ക് അർഹതയുണ്ട് എന്നർത്ഥം. എന്നിട്ടും പക്ഷേ, 1991-ന് ശേഷം 3 പ്രാവശ്യം വീതം അംഗങ്ങളായ കെ.ആർ.ഗൗരിഅമ്മ, കെ.കെ.ശൈലജ, ശോഭന ജോർജ്, ഐഷാപോറ്റി എന്നിവരെ 12 അംഗങ്ങളുടെ സ്ഥാനത്തും 2 പ്രാവശ്യം വീതം അംഗങ്ങളായ റോസമ്മ ചാക്കോ, മീനാക്ഷിതമ്പാൻ, എൻ.കെ.രാധ, രാധ രാഘവൻ, ഗിരിജാ സുരേന്ദ്രൻ, സാവിത്രിലക്ഷ്മണൻ, ജെ.മേഴ്സിക്കുട്ടിയമ്മ, പി.കെ.ശ്രീമതി ടീച്ചർ, കെ.കെ. ലതിക, കെ.എസ്.സലീഖ, ഇ.എസ്.ബിജിമോൾ, ഗീതാഗോപി എന്നീ 12 പേരെ 24 അംഗങ്ങളുടെ സ്ഥാനത്തും എ.നഫീസത്ത്ബീവി, സുശീലാഗോപാലൻ, ആർ.ലതാദേവി, മാർഗ്ഗരി തങ്കപ്പൻ, മേഴ്സിരവി, മാലേത്ത് സരളാദേവി, ജെ.അരുന്ധതി, ജയലക്ഷ്മി, ജമീലാപ്രകാശം, സി.കെ.ആശ,യു.പ്രതിഭ, വീണാ ജോർജ്ജ്, അൽഫോൻസാ ജോൺ, എം.ടി.പത്മ, കെ.സി.റോസക്കുട്ടി, എലിസബത്ത്, ഷാനിമോൾ ഉസ്മാൻ എന്നീ 17 പേരെ 17പേരുടെ സ്ഥാനത്തും ചേർത്തുനിർത്തി എണ്ണിത്തിട്ടപ്പെടുത്തിയാലും കേരളത്തിലെ നിയമസഭാ പ്രവർത്തനങ്ങളുടെ രണ്ടാം നൂറ്റാണ്ടിൽ വെറും 53 അംഗപ്രാവശ്യങ്ങൾ മാത്രമേ വനിതകൾക്ക് കരസ്ഥമാക്കാനായുള്ളൂ. അതിൽതന്നെ 2 പേർ 2 ഉപതിരഞ്ഞെടുപ്പുകളിലൂടെ കടന്നുവന്നവരാണുതാനും. ഔദ്യോഗികമായി 846 പേർക്ക് കടന്നുവരാനുള്ള അവസരങ്ങളിൽ വെറും 51 പേർ മാത്രം.

ആദ്യത്തെ നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപ്പത്തുശതമാനം പിന്നിട്ടകാലയളവിലും സ്ത്രീകൾക്കുള്ള വിലക്കുകൾക്ക് വ്യത്യാസമില്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേകമായ സംവരണം നിയമംമൂലം പ്രാവർത്തികമാക്കാൻ നിർദ്ദേശം വന്നതിനുശേഷം 1996-ൽ നിയമസഭയിലേയ്ക്ക് നടന്ന തിരഞ്ഞെടുപ്പിൽ മാത്രം, 13 പേർക്ക് വിജയിക്കാനായി. അതിനുമുമ്പോ പിൻപോ കേരളാനിയമസഭയിൽ അംഗസംഖ്യ 10 പോലും തികയ്ക്കാൻ വനിതകളെക്കൊണ്ട് കഴിഞ്ഞിട്ടില്ല. പ്രത്യേക സംവരണത്തിന്റെ സംരക്ഷണം ഇവിടെയും വനിതകളെ തുണയ്ക്കാൻ കൂടിയേ തീരൂ.

അവസാനിപ്പിക്കുന്നതിനുമുൻപ് കെ.ആർ. ഗൗരിയമ്മയ്ക്ക് ഒരു പ്രത്യേക പ്രണാമം അർപ്പിക്കേണ്ടത് അത്യാവശ്യമാണ്. അവർ 1988-നു മുൻപ് 9 പ്രാവശ്യവും 1988-ന് ശേഷം 3 പ്രാവശ്യവും ആയി ഒരു ഡസൻ തവണകളിൽ നിയമനിർമ്മാണ സഭകളിൽ അക്ഷീണം പ്രയത്നിച്ചു. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗമായിട്ടാണെങ്കിൽപ്പോലും ഡോ.മേരിപുന്നൻ ലൂക്കോസ്, ആദ്യത്തെ ഒരു നൂറ്റാണ്ടിൽ 1944 വരെയുള്ള കാലയളവിൽ ഏഴ് സഭകളിൽ സേവനമനുഷ്ഠിച്ച മഹദ്‌വ്യക്തിയായി മാറി. ഈ ശ്രേഷ്ഠ മാതൃകകൾ പിന്തുടരാൻ ഭാവികേരളത്തിനാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# അടിയന്തരാവസ്ഥ:
## ജയിലിലെ ഓർമ്മകൾ



**ഒ.രാജഗോപാൽ**

14-ാം കേരള നിയമസഭയിൽ അംഗം. 1992-94 ൽ രാജ്യസഭാംഗം, ലോ, ജസ്റ്റിസ് ആന്റ് കമ്പനി അഫയേഴ്സ്, പാർലമെന്ററി അഫയേഴ്സ്, റെയിൽവേ, നഗരവികസനവും ദാരിദ്ര്യനിർമ്മാർജനവും, പ്രതിരോധമന്ത്രാലയം- എന്നിവയിൽ കേന്ദ്ര സഹമന്ത്രി

**ജയിലിൽ എന്റെ സഹമുറിയൻ മന്മഥൻസാർ ആയിരുന്നു. ഇന്നോർക്കുമ്പോൾ അദ്ദേഹത്തിന്റെ ചിത്രം എന്റെ മനസ്സിൽ തെളിയുന്നത് സംഭാഷണ ചതുരനായ ഒരധ്യാപകനായിട്ടാണ്. നാടകീയമായി കാര്യങ്ങൾ അവതരിപ്പിക്കുന്ന അദ്ദേഹത്തിന്റെ ശൈലി ആകർഷകമാണ്.**

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും മലിനീകരിക്കപ്പെട്ട കാലം ആഭ്യന്തര അടിയന്തരാവസ്ഥ ഏർപ്പെടുത്തിയ കാലമാണ്. അധികാരം നിലനിർത്താൻവേണ്ടി ജനാധിപത്യത്തെ കശാപ്പുചെയ്ത കാലം. 1947-ൽ സ്വാതന്ത്ര്യം ആഘോഷിക്കുന്ന സമയത്ത് ഇങ്ങനെ ഒരു കാലത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്ന് ആരുംതന്നെ കരുതിയിട്ടുണ്ടാവില്ല. അതു സംഭവിച്ചു. ആ സംഭവവികാസങ്ങൾ രാജ്യത്തുണ്ടാക്കിയ കെടുതികൾ



ചില്ലറയല്ല. സ്വാതന്ത്ര്യസമര കാലത്ത് ആ സമരങ്ങളിൽ പങ്കെടുത്ത് ജയിലിൽ പോയവർ പോലും അനുഭവിച്ചിരിക്കാൻ ഇടയില്ലാത്ത ഒരു അരക്ഷിതാവസ്ഥയും അനുഭവവുമാണ് അടിയന്തരാവസ്ഥക്കാലത്തുണ്ടായത്. മേഖലകളിലുള്ളവർ അടിയന്തരാവസ്ഥയ്ക്കെതിരെ പ്രവർത്തനം നടത്തിയെങ്കിലും അതിൽ ഏറ്റവും ആത്മാർത്ഥമായും തീവ്രമായും പ്രവർത്തിച്ചത് ജനസംഘം പ്രവർത്തകരും ഇതര സംഘപരിവാര സംഘടനാ പ്രവർത്തകരുമായിരുന്നു. കേരളത്തിൽ അടിയന്തരാവസ്ഥക്കാലത്ത് രേഖപ്പെടുത്തപ്പെട്ട അറസ്റ്റുകൾ 4645 ആണ്. അതിൽ 3500 ഓളം പേരും സംഘപരിവാരത്തിന്റെ പ്രവർത്തകരായിരുന്നു.

അടിയന്തരാവസ്ഥയുടെ ഭാഗമായി അറസ്റ്റിലായി ഞാൻ തിരുവനന്തപുരം സെൻട്രൽ ജയിലിൽ വരുമ്പോൾ ഇഎംഎസ് അവിടെയുണ്ട്. ആകർഷകമായ വ്യക്തിത്വം കൊണ്ടാണ് ജയിലിലും ഇഎംഎസ് ശ്രദ്ധേയനായത്. എല്ലാക്കാര്യത്തിലും കൃത്യമായ ചിട്ടകളുണ്ടായിരുന്നു അദ്ദേഹത്തിന്. കാര്യക്ഷമമായ വായന, നടത്തം, ഭക്ഷണരീതി ഇടങ്ങി എല്ലാകാര്യത്തിലും സവിശേഷ ശ്രദ്ധ നിലനിർത്തുന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിത ശൈലി. ജയിലിലും അദ്ദേഹത്തിന് സ്പെഷ്യൽ ഫുഡ് അനുവദിച്ചിരുന്നു. ഇതിന്റെ ഭാഗമായി കാളയിറച്ചി കൊണ്ടുവന്നിരുന്നത് ഞാനോർക്കുന്നു. പണ്ട് ചികിത്സയുടെ ഭാഗമായി ജർമ്മൻ ഡോക്ടർമാർ ഭക്ഷണത്തിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നുവത്രേ. കുറച്ചുനാൾ മാത്രമേ അദ്ദേഹം ജയിലിലുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് ഏറെനാൾ അടുത്തിടപഴകാൻ സാധിച്ചില്ല.

അടിയന്തരാവസ്ഥയ്ക്കെതിരെ രൂപീകൃതമായ ലോക് സംഘർഷ സമിതി ജയിലിന് പുറത്ത് കഴിയും മട്ടിൽ സമര പരിപാടികൾ നടത്തിവരുന്നുണ്ടായിരുന്നു. ആ സമരങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.രാമൻപിള്ളയും രാംബാബു ഗോഡ്ബോലെയും കൂടി ഇഎംഎസിനെ കാണാൻ പോയി. അടിയന്തരാവസ്ഥയ്ക്കെതിരെ ഞങ്ങളോടൊപ്പം സമരം ചെയ്യാൻ തയ്യാറല്ല എന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. പകരം ബോണസ് വെട്ടിക്കുറച്ചതിനെതിരെ സമരം ചെയ്യാനാണ് തങ്ങളുടെ തീരുമാനം എന്നും അറിയിച്ചു. കൂട്ടായ സമരത്തിൽ നിന്നും അദ്ദേഹം കൗശലപൂർവ്വം



വിട്ടുനിന്നു. എന്നാൽ എകെജിയുടെ നിലപാട് വ്യത്യസ്തമായിരുന്നു. കിട്ടുന്ന എല്ലാ വേദികളിലും അടിയന്തരാവസ്ഥയ്ക്കെതിരെ സംസാരിച്ചിരുന്ന അദ്ദേഹം ലോക് സംഘർഷ സമിതിയുമായി സഹകരിക്കാനുള്ള സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. അന്ന് കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസിയിൽ ചികിത്സയിലായിരുന്ന എകെജിയെ ലോക് സംഘർഷ സമിതിയുടെ സംഘാടക ചുമതല വഹിച്ചിരുന്ന രാമകൃഷ്ണമൂർത്തി അവിടെച്ചെന്ന് സംസാരിച്ചു. സംഭാഷണത്തിനിടെ ഇതു സംബന്ധിച്ച് തന്റെപാർട്ടി കൈക്കൊണ്ടിട്ടുള്ള നിലപാടുകളിൽ അദ്ദേഹം വിയോജിപ്പ് പ്രകടിപ്പിച്ചു. തന്റെ ആരോഗ്യം നന്നായാൽ അടിയന്തരാവസ്ഥയ്ക്കെതിരായ സമരത്തിൽ തീർച്ചയായും സഹകരിക്കും എന്നദ്ദേഹം ഉറപ്പുകൊടുത്തു. എന്നാൽ അതിനുശേഷം ആരോഗ്യം വീണ്ടെടുത്ത് സജീവപ്രവർത്തനം നടത്താൻ അദ്ദേഹത്തിനായില്ല.

അടിയന്തരാവസ്ഥക്കാലത്ത് ജയിൽവാസമനുഷ്ഠിക്കാൻ പ്രേരിപ്പിച്ചത് ചില മൂല്യവിചാരങ്ങളാണ്. രാജ്യം സ്വേച്ഛാധിപത്യത്തിനു കീഴടങ്ങുമ്പോൾ ആവുംമട്ടിൽ പ്രതിഷേധിച്ചു എന്ന് സ്വയം തൃപ്തിപ്പെടുത്താനുള്ള ഉൾവിളി. എന്നാൽ കൗതുകകരമായ ചില കാര്യങ്ങളും അനുഭവങ്ങളും ജയിലിലുണ്ടായി. ഒരു ദിവസം കേരളാ കോൺഗ്രസ്സ് നേതാവ് ആർ. ബാലകൃഷ്ണപിള്ള എന്റെ സെല്ലിൽ വന്നിട്ട് പേനയുണ്ടോ എന്ന് അന്വേഷിച്ചു. അദ്ദേഹത്തിന് പേനയും പേപ്പറും കൊടുത്തു. അടുത്തദിവസമറിയുന്നത് ആർ.ബാലകൃഷ്ണപിള്ള ജയിൽമോചിതനായ വാർത്തയാണ്. കേരള കോൺഗ്രസ്സിന്റെ എംഎൽഎ ആയിരുന്ന അദ്ദേഹം ജയിൽവിട്ട് ചെന്നുചേർന്നത് മന്ത്രിസഭയിലാണ്. തിരുവനന്തപുരത്തുനിന്നും എന്നെ വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റിയ സന്ദർഭത്തിൽ ജയിൽമന്ത്രി എന്ന നിലയിൽ അദ്ദേഹം അവിടെ വന്നപ്പോഴാണ് പിന്നീട് കാണുന്നത്. സംഘടനാ കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റായിരുന്ന കെ.ശങ്കരനാരായണനും ഒപ്പം ജയിൽവാസമനുഷ്ഠിച്ചിരുന്നു. അടിയന്തരാവസ്ഥ അനന്തമായി നീളുമെന്നും ഇനി മൈതാനത്ത് പ്രസംഗിക്കാൻ അവസരം ലഭിക്കുകയില്ലെന്നും അദ്ദേഹം വിശ്വസിച്ചുപോന്നു. ഇന്ദിരാഗാന്ധിയെ നിങ്ങൾക്കറിയില്ല, എനിക്കറിയാം. സ്റ്റാലിന്റെ റഷ്യയിലെ അനുഭവങ്ങൾ അദ്ദേഹം ഓർമിപ്പിച്ചു. ഒരുദിവസം റേഡിയോയിൽ കാമരാജിന്റെ മരണവാർത്ത കേട്ട് ഞാൻ പറഞ്ഞു

നിങ്ങൾക്ക് എന്തുകൊണ്ട് മരണമടിയന്തരത്തിന് പങ്കെടുക്കാൻ പരോളിന് അപേക്ഷിച്ചുകൂടാ. എന്റെ പ്രേരണയെത്തുടർന്ന് പരോളിന് അപേക്ഷിക്കുകയും അതനുവദിച്ചുകിട്ടുകയും ചെയ്തു. അദ്ദേഹം പരോൾ കഴിഞ്ഞ് തിരിച്ചുവരുമ്പോൾ പുറത്ത് എന്തു നടക്കുന്നുവെന്ന് മനസ്സിലാക്കാം എന്നായിരുന്നു എന്റെ സ്വാർത്ഥചിന്ത. എന്നാൽ പരോൾ വാങ്ങി പുറത്തുപോയ ശങ്കരനാരായണൻ തിരിച്ചുവന്നില്ല.



പിന്നീട് അദ്ദേഹം ഇന്ദിരാകോൺഗ്രസ്സ് നേതാവും മന്ത്രിയും ഒക്കെയായി.

ജയിലിൽ വച്ച് വി.എസ്.അച്യുതാനന്ദനുമായി അടുത്തു പെരുമാറാൻ സാധിച്ചു. അദ്ദേഹവും ജീവിതശൈലിയിൽ വളരെയേറെ ചിട്ടകൾ സൂക്ഷിച്ചാണ് ജീവിച്ചിരുന്നത്. കുളിക്കാൻ സോപ്പുപയോഗിക്കില്ല. ചായയും കാപ്പിയും കഴിക്കില്ല. യോഗാഭ്യാസവും ശീർഷാസനവും പതിവാണ്. നിരന്തരമുള്ള വായന ശീലമാണെങ്കിലും കമ്യൂണിസ്റ്റ് സാഹിത്യത്തിനപ്പുറമുള്ളതൊന്നും വായിച്ച് കണ്ടിട്ടില്ല. കമ്യൂണിസ്റ്റ് നേതാക്കൾ ജയിലിൽ ഉണ്ടായിരുന്നപ്പോൾ തന്നെയാണ് നക്സലൈറ്റ് നേതാവായ കോസല രാമദാസിനെ അറസ്റ്റ് ചെയ്തു കൊണ്ടുവരുന്നത്. സമാന രാഷ്ട്രീയ വിശ്വാസങ്ങളുള്ള കമ്യൂണിസ്റ്റുകളും നക്സലൈറ്റുകളും



പരസ്പരം സഹകരിക്കുന്നവരായിരിക്കും എന്നാണ് കരുതിയിരുന്നത്. എന്നാൽ അവർ പരസ്പരം സംസാരിക്കുകകൂടി ചെയ്തില്ല എന്നതാണ് വസ്തുത. എങ്കിലും ഇരുകൂട്ടരും എന്നോട് നല്ല സൗഹൃദമാണ് പ്രകടിപ്പിച്ചിരുന്നത്. ജയിലിൽ എന്റെ സഹമുറിയൻ മന്മഥൻസാർ ആയിരുന്നു. ഇന്നോർക്കുമ്പോൾ അദ്ദേഹത്തിന്റെ ചിത്രം എന്റെ മനസ്സിൽ തെളിയുന്നത് സംഭാഷണ ചതുരനായ അധ്യാപകനായിട്ടാണ്. നാടകീയമായി കാര്യങ്ങൾ അവതരിപ്പിക്കുന്ന അദ്ദേഹത്തിന്റെ ശൈലി ആകർഷകമാണ്. സ്വന്തം ജീവിതാനുഭവങ്ങൾ തന്മയത്വത്തോടെ പറയുന്ന അദ്ദേഹത്തിൽ നിന്നാണ് ഞാൻ തെക്കൻ കേരളത്തിന്റെ ചരിത്ര-സാമൂഹ്യാവസ്ഥകൾ മനസ്സിലാക്കിയത്. സ്ഥിരമായി മുറുക്കിയിരുന്ന മന്മഥൻ സാറിന് ജയിലിൽ വെറ്റില മുറുക്കാൻ അനുവദിക്കാതിരുന്നത് ഏറെ പ്രയാസമുണ്ടാക്കിയിരുന്നു. എന്നാൽ ജയിലറുടെയും മറ്റ് ജയിലുദ്യോഗസ്ഥന്മാരുടെയും അധ്യാപകൻ കൂടിയായ അദ്ദേഹത്തിന് അവർ രഹസ്യമായി മുറുക്കാൻ എത്തിച്ചുകൊടുത്തിരുന്നു. അതിന് അവർ ഒരു വ്യവസ്ഥ വച്ചിട്ടുണ്ടായിരുന്നു. പുറത്ത് മുറുക്കി തുപ്പരുത്. ആ വ്യവസ്ഥ അനുസരിച്ചുകൊണ്ട് അദ്ദേഹം ജയിലിലുണ്ടായിരുന്ന കാലമത്രയും മുറുക്കിത്തന്നെ കഴിച്ചു. ജയിലിൽ വച്ച് മന്മഥൻസാർ എനിക്ക് ചരിത്രവും സർവ്വോദയവും എൻഎസ്എസുമൊക്കെ പറഞ്ഞുതന്നപ്പോൾ ഞാൻ അദ്ദേഹത്തോട് സംഘത്തെക്കുറിച്ചും ജനസംഘത്തെക്കുറിച്ചും പറഞ്ഞു. ഈ സംഭാഷണങ്ങൾ അദ്ദേഹത്തിന്റെ പല തെറ്റിദ്ധാരണകളും മാറ്റാൻ സഹായിച്ചു പിന്നീട് ജന്മഭൂമിയുടെ പത്രാധിപത്യ മേറ്റെടുക്കാൻ ഇതദ്ദേഹത്തെ സഹായിച്ചു



കേരളപ്പിറവിയോടനുബന്ധിച്ച് 2020 നവംബർ2-ാം തിയതി ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വച്ച് നിയമസഭാലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ഉണരുന്ന വായന-വളരുന്ന മലയാളം' പരിപാടി ബഹു.മുഖ്യമന്ത്രി ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നു.






**കെ.കെ.ശൈലജ ടീച്ചർ**

ആരോഗ്യവും, സാമൂഹിക നീതിയും, വനിതാ-ശിശുവികസനവും വകുപ്പ്മന്ത്രി
10,12,14 കേരള നിയമസഭകളിൽ അംഗം


# കൊറോണ വൈറസിനെ അതിജീവിക്കാൻ

# കരുതലോടെ കേരളം

ലോകമാകമാനം കോവിഡ്-19 രോഗത്തിന്റെ പിടിയിലാണ്. ഇന്ത്യയിലാദ്യമായി കോവിഡ് 19 റിപ്പോർട്ട് ചെയ്തത് കേരളത്തിലാണെങ്കിലും അത്യധികം കൃത്യനിഷ്ഠയോടെ നാം നടത്തിയ ഇടപെടലുകൾ വൈറസിന്റെ വ്യാപനം കുറയ്ക്കുവാനും മരണനിരക്ക് കുറയ്ക്കുവാനും സഹായിച്ചു. ജനുവരി രണ്ടാമത്തെ ആഴ്ച മുതൽ ചൈനയിൽ ഒരു പ്രത്യേക തരം സാർസ് (SARS) വൈറസ് പടരുന്നുവെന്ന് വായിച്ചറിയാൻ ഇടയായപ്പോൾ തന്നെ കേരളത്തിലെ ആരോഗ്യ വകുപ്പ് ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ഇതേക്കുറിച്ചുള്ള കാര്യങ്ങൾ പ്ലാൻ ചെയ്യാൻ ആരംഭിച്ചിരുന്നു. വുഹാനിൽ ധാരാളം മലയാളികൾ ഉണ്ട് എന്നതിനാൽ അവർ വഴി വൈറസ് ഇവിടെയെത്താനുള്ള സാധ്യത കണക്കിലെടുത്താണ് നാം നേരത്തെ തന്നെ പ്രതിരോധത്തിനുള്ള തയ്യാറെടുപ്പ് നടത്തിയത്. ആരോഗ്യ വകുപ്പ് റാപ്പിഡ് റെസ്പോൺസ് ടീമിനെ ഊർജസ്വലമാക്കുകയും സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കൺട്രോൾ റൂം ഇറക്കുകയും ആരോഗ്യ പ്രവർത്തകരെയാകെ നോവൽ കൊറോണ വൈറസിന്റെ ആക്രമണ സാധ്യതയെക്കുറിച്ച് ബോധവത്ക്കരിക്കുന്ന പ്രവർത്തനങ്ങൾ

> എയർപോർട്ടിലും റെയിൽവേ സ്റ്റേഷനിലും റോഡിലുമെല്ലാം പോലീസും ആരോഗ്യ പ്രവർത്തകരും റവന്യു ഉദ്യോഗസ്ഥരുമടങ്ങിയ ടീമുകൾ രാപകൽ ഭേദമില്ലാതെ പ്രവർത്തിച്ചതുകൊണ്ടാണ് വൈറസ് വാഹകരായ ആളുകളെ കണ്ടെത്താൻ ശ്രമം നടത്തിയത്.



ആരംഭിക്കുകയും ചെയ്തു. നാം തയ്യാറാക്കിയ പ്രോട്ടോകോളും പ്രവർത്തന രൂപരേഖയും (SOP) നിർദേശങ്ങളും (Advisory) പിന്നീട് ലോക രാജ്യങ്ങൾ തന്നെ ചർച്ച ചെയ്യുന്ന സ്ഥിതിയുണ്ടായി. വിശ്രമമില്ലാതെ നാം നടത്തിയ പ്രവർത്തനങ്ങൾ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും നമുക്ക് നല്ല ഫലം ഉണ്ടാക്കുന്നതിന് സഹായകരമായി.

2020 ജനവരി 30, ഫെബ്രുവരി 2, 4 തീയതികളിൽ വുഹാനിൽ നിന്നും വന്നവരെ പരിശോധിച്ചപ്പോൾ, സംശയം തോന്നി നാം ആശുപത്രിയിലേക്ക് മാറ്റിയ മൂന്ന് കേസുകളാണ് പോസിറ്റീവായത്. സസൂക്ഷ്മം കൈകാര്യം ചെയ്തതുകൊണ്ട് ഇവരിൽ നിന്നും മറ്റാളുകളിലേക്ക് രോഗപ്പകർച്ച ഉണ്ടായില്ല. തുടർന്ന് രണ്ടാഴ്ചക്കാലം നമുക്ക് ആശ്വാസത്തിന്റെ നാളുകളായിരുന്നു. എന്നാൽ ആരെയും ആശ്വസിക്കാൻ അനുവദിക്കാത്ത വിധം ഈ വൈറസ് ലോകമാകെ പടരുന്ന കാഴ്ചയാണ് നാം കണ്ടത്. കേരളത്തിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും കോവിഡ് 19 ന്റെ രണ്ടാം വരവിൽ കേസുകളുണ്ടായി. ഇറ്റലി, അമേരിക്ക, യു.കെ, ഫ്രാൻസ്, സ്പെയിൻ തുടങ്ങി ഒട്ടേറെ രാജ്യങ്ങളിൽ നിന്ന് കേരളത്തിലേക്ക് വൈറസ് എത്തിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ നിന്നുകൂടി വരാൻ തുടങ്ങിയപ്പോൾ അത് പേടിപ്പെടുത്തുന്ന ഒരു വസ്തുതയായി മാറി. വെളിയിൽ നിന്നും വരുന്നവരെ കർശനമായ പരിശോധനകൾക്ക് വിധേയമാക്കി മറ്റുള്ളവരിൽ നിന്നും മാറ്റി നിർത്തുകയും രോഗലക്ഷണമുള്ളവർക്ക് വൈറസ് പരിശോധന നടത്തി ചികിത്സ ലഭ്യമാക്കുകയും ചെയ്യുക എന്ന മാർഗം മാത്രമാണ് നമ്മുടെ മുന്നിലുള്ളത്. അതാകട്ടെ അത്ര എളുപ്പമുള്ള



കാര്യവുമല്ല. ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു കൊറോണ പ്രതിരോധം തന്നെയാണ് സ്വീകരിച്ചത്. എയർപോർട്ടിലും റെയിൽവേ സ്റ്റേഷനിലും റോഡിലുമെല്ലാം പോലീസും ആരോഗ്യ പ്രവർത്തകരും റവന്യൂ ഉദ്യോഗസ്ഥരുമടങ്ങിയ ടീമുകൾ രാപകൽ ഭേദമില്ലാതെ പ്രവർത്തിച്ചുകൊണ്ടാണ് വൈറസ് വാഹകരായ ആളുകളെ കണ്ടെത്താൻ ശ്രമം നടത്തിയത്.

നിരീക്ഷണ വ്യവസ്ഥകൾ എല്ലാവരും കൃത്യമായി പാലിച്ചാൽ കൂടുതൽ ആളുകളിലേക്ക് രോഗം പകരാതെ രക്ഷപ്പെടാൻ സാധിക്കും. എന്നാൽ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ മറികടന്ന് മറ്റുള്ളവരുമായി ചിലർ ഇടപെടാൻ ശ്രമിച്ചത് കാരണം കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും രോഗപ്പകർച്ചയുണ്ടായി. അങ്ങനെയാണ് രണ്ടാം ഘട്ടത്തിൽ നമുക്ക് 499 പോസിറ്റീവ് കേസ് ഉണ്ടായത്. പക്ഷെ കേരളത്തിന്റെ നിതാന്ത ജാഗ്രതയ്ക്ക് ഫലം കണ്ടു എന്നതിന്റെ തെളിവാണ് ആയിരങ്ങളിലേക്ക് പടരാമായിരുന്ന വൈറസ് ബാധയെ ഈ ചെറിയ നമ്പരിലേക്ക് ഒതുക്കാൻ നമുക്ക് സാധിച്ചത്. ലോകത്തിന് മുന്നിൽ രോഗ പകർച്ചയുടെ ഉയർച്ച കുറയ്ക്കാൻ (Flattening the curve) കഴിഞ്ഞത് വലിയ ചർച്ചാവിഷയമാകുകയും നമുക്ക് ഒട്ടേറെ അഭിനന്ദനങ്ങൾ ലഭിക്കുകയും ചെയ്തു. ആശുപത്രികളിൽ നാം രൂപീകരിച്ച ചികിത്സാപ്രോട്ടോകോളും ജീവനക്കാർക്ക് നാം നൽകിയ പരിശീലനവും മരണനിരക്ക് കുറയ്ക്കാൻ ഏറെ സഹായകരമായി. മരണ നിരക്ക് മറ്റുപല രാജ്യങ്ങളിലും 4 ശതമാനം മുതൽ 10 ശതമാനം വരെ ഉയർന്നുവന്നപ്പോൾ കേരളത്തിൽ 0.56 ശതമാനമായി പിടിച്ചുനിർത്താൻ കഴിഞ്ഞത് യാദൃശ്ചികമായ ഒരു അനുഭവമായിരുന്നില്ല. നാം നടത്തിയ കഠിന പ്രയത്നത്തിന്റെ ഗുണഫലമായിരുന്നു അത്.

കേരളം ഇപ്പോൾ കോവിഡ് 19 ന്റെ മൂന്നാം വരവ് നേരിടുകയാണ്. ആദ്യത്തെ രണ്ട് ഘട്ടങ്ങളെക്കാൾ കുറച്ചുകൂടി പ്രയാസകരമായ ഒരു ഘട്ടമാണിത്. ലോക രാജ്യങ്ങളിൽ ആകെ വൈറസ് ബാധ കുറയുകയല്ല കൂടിക്കൊണ്ടേയിരിക്കുകയാണ് എന്നതും ഇന്ത്യയിലേക്കും കേരളത്തിലേക്കും അത്തരം പ്രദേശങ്ങളിൽ നിന്നുള്ള വരവ് കൂടുന്നു എന്നതും ഉത്കണ്ഠ ഉളവാക്കുന്ന കാര്യമാണ്. ആദ്യത്തെ രണ്ട് ഘട്ടങ്ങളിലേക്കാൾ വൈറസ് സാന്ദ്രത കൂടിയ ഇടങ്ങളിൽ നിന്നാണ് ഇപ്പോൾ ആളുകൾ വരുന്നത് എന്നത് പകർച്ച കൂടാനുള്ള സാധ്യത വർദ്ധിപ്പിക്കുന്ന ഒന്നാണ്. ഇതോടൊപ്പം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ വൈറസ് ബാധയും മരണങ്ങളും അനുദിനം വർധിക്കുന്നു എന്നതും ആശങ്കയുളവാക്കുന്നുണ്ട്.

ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലുകളും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും

അർപ്പണ മനോഭാവവും ജനങ്ങളുടെ ഉത്തരവാദിത്തത്തോടുകൂടിയുള്ള പെരുമാറ്റവും കൂടിയാണ് രക്ഷപ്പെടാൻ നമ്മെ പ്രാപ്തരാക്കുന്നത്. മൂന്നാം ഘട്ടത്തിൽ കോവിഡ് കേസുകളുടെ എണ്ണം കുതിച്ചുയരുന്ന കാഴ്ചയാണ് കാണുന്നത്. തിരുവനന്തപുരത്ത് രണ്ട് പ്രദേശങ്ങളിൽ സമൂഹ വ്യാപനമുണ്ടായെങ്കിലും പിടിച്ചു നിർത്താൻ സർക്കാരിനായി.

ക്ലസ്റ്റർ കെയറിലൂടെ ശക്തമായ പ്രവർത്തനങ്ങളാണ് നടത്തിയത്. ഫീൽഡ് നിരീക്ഷണം, ചെക്ക് പോസ്റ്റ് നിരീക്ഷണം, റോഡ്, റെയിൽ നിരീക്ഷണം, വിമാനത്താവള നിരീക്ഷണം (ആഭ്യന്തര/അന്താരാഷ്ട്ര) എന്നിവ ശക്തിപ്പെടുത്തി. സെന്റിനൽ സർവയലൻസ് ഊർജിതപ്പെടുത്തുകയും ആന്റിജൻ പരിശോധന വ്യാപകമാക്കുകയും ചെയ്തു. കേസ് വ്യാപനത്തിന്റെ ഭൂമിശാസ്ത്രപരമായ മാപ്പിംഗും അതനുസരിച്ച് പകർച്ചവ്യാധി നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ച് വരുന്നു. പ്രൈമറി കോൺടാക്ട്, സെക്കന്ററി കോൺടാക്ട് എന്നിവ തരംതിരിച്ച് കോൺടാക്ട് ട്രെയ്സിംഗ് വിപുലമാക്കി. കണ്ടെയിൻമെന്റ് സോൺ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കണ്ടെയിൻമെന്റ് സോൺ പ്രദേശത്തെ എല്ലാ ആളുകളെയും ക്വാറന്റൈൻ ചെയ്യുകയും അനാവശ്യ സഞ്ചാരം ഒഴിവാക്കുന്നതിന് സമൂഹ മാധ്യമങ്ങളിലൂടെ ബോധവാന്മാരാക്കുകയും ചെയ്തു.

എൻസിഡിസി പോർട്ടൽ, കോവിഡ് ജാഗ്രത പോർട്ടൽ എന്നിവയുടെ സഹായത്തോടെ മതിയായ നടപടികൾ സ്വീകരിച്ചു. ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ/ഹോം ക്വാറന്റൈൻ എന്നിവയിൽ ആരോഗ്യ പ്രവർത്തകരുടെ നിരന്തര ഇടപെടൽ ഉറപ്പുവരുത്തി. കേസുകളുടെ ട്രെന്റും ദൈനംദിന റിപ്പോർട്ടുകളും വിലയിരുത്തി നടപടി സ്വീകരിക്കുന്നു. അവബോധം എല്ലാവരിലും എത്തിക്കാൻ ബോധവത്ക്കരണം ശക്തിപ്പെടുത്തി. ആരോഗ്യം, പോലീസ്, മീഡിയ, ഫയർ ഫോഴ്സ്, റവന്യൂ, ഭക്ഷ്യസുരക്ഷ, റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, ടൂറിസം എന്നിവയുമായി ഏകോപനം ഉറപ്പാക്കി. ആരോഗ്യ പ്രവർത്തകർ, ആർആർടി ടീം, പോലീസ്, ടൂറിസം വകുപ്പ് തുടങ്ങിയവയ്ക്ക് പരിശീലനങ്ങളും നടത്തുന്നുണ്ട്. ഇതോടൊപ്പം കോവിഡുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ സർക്കാർ, സ്വകാര്യ മേഖലകളിൽ നടക്കുന്നു.

കോവിഡ്-19 സമ്പർക്ക രോഗികളുടെ എണ്ണം കൂടിയ പശ്ചാത്തലത്തിൽ സൂപ്പർ സ്പ്രെഡ് ഒഴിവാക്കാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കി. സൂപ്പർ സ്പ്രെഡിലേക്ക് പോയ പ്രദേശങ്ങളിൽ പ്രത്യേകം ക്ലസ്റ്ററായി തിരിച്ച് കർശന നടപടികൾ സ്വീകരിച്ചു. രോഗ വ്യാപനം കൂടിയ പ്രദേശങ്ങളിൽ പരിശോധനകൾ വ്യാപിപ്പിച്ചു. എത്രയും വേഗം രോഗബാധിതരെ കണ്ടെത്തുകയും അവരുമായി സമ്പർക്കത്തിലുള്ളവരെ



ക്വാറന്റൈനിലാക്കുന്നതുമാണ്. എല്ലാ ദിവസവും യോഗം കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. അതിർത്തിക്കപ്പുറത്ത് നിന്നും വരുന്നവർക്കായി ആശുപത്രികളിൽ പ്രത്യേകം ഒ.പി തുടങ്ങുകയും കിടത്തി ചികിത്സയുള്ള സൗകര്യമൊരുക്കുകയും ചെയ്തു.

രോഗബാധിതരെ നേരത്തെ തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനും ക്വാറന്റൈനിലാക്കുന്നതിന്റെയും ഭാഗമായി വിവിധ വിഭാഗങ്ങളെ ക്ലസ്റ്ററുകളായി തിരിച്ച് വിപുലമായ പരിശോധനകളാണ് നടത്തുന്നത്. ഇതിന്റെ ഭാഗമായി ഗൈഡ്‌ലൈനും ആരോഗ്യ വകുപ്പ് പുറത്തിറക്കി. റുട്ടീൻ ആർ.ടി.പി.സി.ആർ പരിശോധനയ്ക്ക് പുറമെ സെന്റിനൽ സർവയലൻസിന്റെ ഭാഗമായി റാപ്പിഡ് ആന്റിജൻ ബേസ്ഡ് ടെസ്റ്റിംഗും നടത്തുന്നു.

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ജില്ലാ മെഡിക്കൽ ഓഫീസറും ജില്ലാ പ്രോഗ്രാം മാനേജരും സാങ്കേതിക ഉപദേശങ്ങൾ നൽകുകയും ചെയ്തു. പ്രാദേശിക നേതാക്കളുമായും പുരോഹിതരുമായും യോഗം ചേർന്നു. സാമൂഹിക അകലം, പരിസ്ഥിതി ശുചിത്വം, കൈകളുടെ ശുചിത്വം, പ്രധാനപ്പെട്ട കോവിഡ് 19 രോഗലക്ഷണങ്ങൾ, ഗുരുതര രോഗമുള്ളവർ, ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങളുള്ളവർ എന്നിവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയിൽ അവബോധം നടത്തി.

റിവേഴ്സ് ക്വാറന്റൈൻ എന്ന പേരിൽ പ്രായം ചെന്നവർ, ഗർഭിണികൾ, ചെറിയ കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് അനുബന്ധ രോഗങ്ങളുള്ളവർ എന്നിവരെ കൊറോണ ബാധിത മേഖലകളിൽ നിന്ന് വരുന്നവരിൽ നിന്നും പൂർണമായി മാറ്റി



നിർത്തുന്നതിനും സമ്പർക്കം ഒഴിവാക്കുന്നതിനും വലിയ പദ്ധതി തന്നെ തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന് പുറമെ പോലീസ്, സാമൂഹ്യ നീതി വകുപ്പ് (അങ്കണവാടി വർക്കർമാർ), ആശാ വർക്കർമാർ, വോളന്റിയർമാർ തുടങ്ങിയവർ മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ആളുകളുള്ള ഓരോ വീടുമായും ബന്ധപ്പെട്ട് അവരുടെ സമ്പർക്ക വിലക്ക് ഉറപ്പാക്കുകയാണ്. 44 ലക്ഷം പേരെയാണ് ഇതിനിടയിൽ ബന്ധപ്പെട്ടിട്ടുള്ളത്. ഇതോടൊപ്പം ജീവിതശൈലീ രോഗങ്ങളടക്കം ദൈനംദിനം മരുന്നുകൾ കഴിക്കുന്ന ആളുകളുടെ കാര്യവും നാം മുൻകൂട്ടി പ്ലാൻ ചെയ്യുകയുണ്ടായി.

രോഗികൾ കൂടുന്ന അവസ്ഥയിൽ എല്ലാ ജില്ലകളിലും കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ സ്ഥാപിച്ചു. കോവിഡ് വ്യാപനത്തെ നേരിടുന്നതിന് വേണ്ടി പ്രത്യേകമായി തയ്യാറാക്കുന്ന ജനകീയ ആരോഗ്യ പരിപാലന കേന്ദ്രങ്ങളാണ് കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ. ഈ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ആവശ്യത്തിന ഡോക്ടർമാരെയും മറ്റ് സ്റ്റാഫിനെയും ഈ സ്ഥലങ്ങളിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. കോവിഡ് ടെസ്റ്റ് റിസൾട്ട് പോസിറ്റീവ് ആയ കേസുകളിൽ കോവിഡ് രോഗലക്ഷണങ്ങൾ പ്രകടമായി ഇല്ലാത്തവരെയും നേരിയ രോഗ ലക്ഷണങ്ങൾ ഉള്ളവരെയുമാണ് കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ കിടത്തി ചികിത്സിക്കുന്നത്. ഒരേ തരം രോഗലക്ഷണങ്ങൾ ഉള്ള ടെസ്റ്റ് റിസൾട്ട് പോസിറ്റീവ് ആയവരെയും ഇങ്ങനെ ചികിത്സിക്കാവുന്നതാണ്. ഇതിലൂടെ ആശുപത്രികളിലെ തിരക്ക് കുറയ്ക്കാനും മികച്ച ചികിത്സ ലഭ്യമാക്കാനും സാധിക്കുന്നു.

കോവിഡ് കാലത്ത് വീട്ടിലിരുന്ന് മികച്ച ചികിത്സ ലഭ്യമാക്കാനായി ടെലിമെഡിസിൻ ആരംഭിച്ചു. പ്രവർത്തനം തുടങ്ങി രണ്ടാഴ്ചയ്ക്കുള്ളിൽ സംസ്ഥാനത്തിന്റെ ടെലി മെഡിസിൻ സംവിധാനം രാജ്യത്ത് ഒന്നാമതായി. കോവിഡ് കാലത്ത് വലിയ സേവനമാണ് ഇതിലൂടെ നൽകാൻ ശ്രമിക്കുന്നത്. കൂടുതൽ ആരോഗ്യ സ്ഥാപനങ്ങളെയും വിദഗ്ധ ഡോക്ടർമാരെയും ഈ സംവിധാനത്തിൽ ഉൾപ്പെടുത്തി വരികയാണ്. മഹാമാരി കാലത്തെ പതിവ് ചികിത്സക്കായുള്ള ആശുപത്രി സന്ദർശനങ്ങൾ ഇതിലൂടെ ഒഴിവാക്കാൻ സാധിക്കുന്നതാണ്. കൂടുതൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. മാത്രമല്ല ആർസിസി, എംസിസി തുടങ്ങിയ സ്ഥാപനങ്ങൾ ഇ-സഞ്ജീവനിയുമായി കൈകോർത്ത് പരിശീലനം ആരംഭിച്ചിട്ടുണ്ട്. ജീവിതശൈലീരോഗങ്ങളാൽ ക്ലേശത അനുഭവിക്കുന്ന വ്യക്തികൾ അനാവശ്യ ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കി പകരം ടെലി മെഡിസിനെ പതിവ് ചികിത്സകൾക്കായി ആശ്രയിക്കേണ്ടതാണ്.

കോവിഡ് പരിശോധനകൾ വർധിപ്പിക്കാനായി വലിയ സൗകര്യങ്ങളാണ് ഒരുക്കിയത്. തുടക്കത്തിൽ എൻഐവി ആലപ്പുഴയിൽ മാത്രമുണ്ടായിരുന്ന കോവിഡ് പരിശോധനാ സംവിധാനം വിപുലീകരിച്ചു. 15 സർക്കാർ ലാബുകളിലും 6 സ്വകാര്യ ലാബുകളിലുമുൾപ്പെടെ 21 സ്ഥലങ്ങളിലാണ് കോവിഡ്-19 പരിശോധിക്കാനുള്ള സംവിധാനങ്ങളുള്ളത്. തുടക്കത്തിൽ 100 ന് താഴെ മാത്രമുണ്ടായിരുന്ന പ്രതിദിന പരിശോധനകൾ 20,000 ത്തോളമെത്തിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു.

കൊറോണയോടൊപ്പം ജീവിക്കേണ്ട അവസ്ഥയാണ് ലോകത്തിന്. ലോകാരോഗ്യ സംഘടനയും ഇത് സൂചിപ്പിച്ചു കഴിഞ്ഞു. പ്രതിരോധ വാക്സിനോ മരുന്നുകളോ കണ്ടെത്തുന്നതുവരെ കർശനമായ നിയന്ത്രണങ്ങളോടെ ജീവിതവൃത്തികൾ നടത്താൻ നിർബന്ധിതനാണ് ഓരോരുത്തരുമെന്ന് മറന്ന് പോകരുത്. രോഗ പകർച്ചയുടെ കണ്ണിപൊട്ടിക്കുക എന്ന ക്യാമ്പയിൻ (ബ്രേക്ക് ദ ചെയിൻ) കൂടുതൽ ശക്തമായി ഏറ്റെടുക്കണം. സോപ്പുപയോഗിച്ച് കൈകഴുകുക, മാസ്ക് ധരിക്കുക, വ്യക്തിപരമായി അകലം പാലിക്കുക. ഇത് നിർബന്ധമാണ്. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഒഴിവാക്കാനാകാത്ത കാര്യമാണ്. ഒരേ മനസായി നമുക്ക് പോരാട്ടം തുടരാം. കക്ഷി രാഷ്ട്രീയത്തിനും ജാതിമത ചിന്തകൾക്കും അതീതമായി ഒരുമിച്ച് നിൽക്കാൻ മലയാളികൾക്ക് കഴിയുമെന്ന് മലയാളികൾ പലപ്പോഴും തെളിയിച്ചിട്ടുണ്ട്. കൊറോണയുടെ ഈ മൂന്നാം വരവിനെയും നാം നേരിടും. ഈ യുദ്ധത്തിൽ മുന്നണി പോരാളികളായി പ്രവർത്തിക്കുന്ന നൂറുകണക്കിന് മനുഷ്യർക്ക് നാം പിന്തുണ നൽകണം. ഒരാളെയും മരണത്തിന് വിട്ടുകൊടുക്കാതെ സംരക്ഷിക്കാൻ നമുക്ക് പോരാട്ടം തുടരാം.



**വി.സി കബീർ മാസ്റ്റർ**

6,7,9,10,11 കേരള
നിയമസഭകളിൽ അംഗം
2000-2001 വർഷത്തിൽ
ആരോഗ്യവും കായിക
ക്ഷേമവും വകുപ്പുമന്ത്രി

# ഈമഞ്ഞും നിലാവും

ഈമഞ്ഞുപെയ്യുന്ന രാത്രിയിലൊറ്റക്കെ-
ന്നുമ്മറത്തിണ്ണയിൽ ഞാനിരിക്കെ,
ഗാഢമാം നിദ്രയിൽ മുങ്ങിയീ പാരിടം
നിശ്ചലം സ്വപ്നങ്ങൾ കണ്ടുറങ്ങേ
പൂർണ്ണേന്ദു വന്നു വിളിക്കുകയാണെന്നെ,
ഹേ കവേ! പോരുകയെന്നു ചൊല്ലി

മുറ്റത്തു ചെന്നു ഞാൻ പാലൊളി ചന്ദ്രന്റെ-
കൂട്ടായി സല്ലാപലോലനായി.
പാതിരാ നേരത്തു കൂമന്റെ കൂവലിൽ
ദൂരെയിണക്കിളി നോവുണർത്തി.
ചീവീടു നിർത്താതെ രാഗമുണർത്തവേ
വവ്വാലു ചീറിപ്പറന്നു പോകെ.
കൊള്ളിയാൻ താഴോട്ടു പാഞ്ഞുവന്നിട്ടെന്റെ-
ചാരത്തു മെല്ലെയണഞ്ഞുപോകെ.
താരകഖണ്ഡങ്ങൾ കണ്ണുകൾ ചിമ്മിയും
മെല്ലെ ഇറനാം ചിരിച്ചുനിൽക്കെ,
ശുക്രൻ വരുന്നു ഞാനെന്നതിയെന്നോതീട്ട-
ഗ്രനായ് മിന്നിത്തെളിഞ്ഞു നിന്നു.

ഉള്ളിൽക്കുളിരു പകരുന്ന വേളയിൽ
നിദ്രവന്നെത്തിയെൻ കൂട്ടിനായി!
പേരെന്തു വിശ്രമം നൽകി ഞാനീരാവിൽ
മെല്ലെക്കിടന്നു മയങ്ങിടട്ടേ!



## കോവിഡാനന്തര കേരളം

# നൈപുണ്യ വികസനവും, സംരംഭകത്വവും അതിജീവനദൗത്യത്തിലെ നിർണായകഘടകം



**ടി.പി.രാമകൃഷ്ണൻ**

തൊഴിലും എക്സൈസും
വകുപ്പ് മന്ത്രി
11,14 കേരള നിയമസഭകളിൽ
അംഗം

നൈപുണ്യ വികസനവും സംരംഭകത്വവും ഭാവികേരളത്തിന്റെ വികസനപ്രക്രിയയിലെ നിർണായകഘടകങ്ങളാവുകയാണ്. നൈപുണ്യവികസന പദ്ധതികൾ ആവിഷ്കരിച്ചും സംരംഭകത്വം പ്രോത്സാഹിപ്പിച്ചും ഈ ദിശയിലുള്ള ശ്രദ്ധേയമായ നടപടികൾക്കാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നേതൃത്വം നൽകുന്നത്. ശാസ്ത്ര-സാങ്കേതിക മേഖലകളിലെ മുന്നേറ്റങ്ങൾക്കനുസൃതമായി ആഗോള തൊഴിൽകമ്പോളം വലിയ തോതിൽ മാറിക്കഴിഞ്ഞു. നിലവിലുള്ള തൊഴിലുകളുടെ ഘടനയും സ്വഭാവവും മാറിയതിനൊപ്പം പുതിയ തൊഴിൽമേഖലകളിൽ അവസരങ്ങൾ ഉയർന്നു വരികയും ചെയ്തു. നവ ഉദാരനയങ്ങളുടെ ഫലമായി വൻതോതിലാണ് തൊഴിൽ നഷ്ടമുണ്ടായത്. ഇന്ത്യയിലും തൊഴിലില്ലായ്മ കുത്തനെ കൂടുന്നതായാണ് ഔദ്യോഗിക

**തൊഴിലധിഷ്ഠിതമായ പരിശീലനം, നൈപുണ്യവികസനം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികളിലൂടെ കേരളത്തിലെ യുവതിയുവാക്കൾക്ക് വിപുലമായ അവസരങ്ങളാണ് സംസ്ഥാന സർക്കാർ ഒരുക്കിയിട്ടുള്ളത്.**



റിപ്പോർട്ടുകൾ കാണിക്കുന്നത്. 2017-18 ൽ രാജ്യത്തെ തൊഴിലില്ലായ്മ 45 വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിൽ എത്തി. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. തൊഴിൽമേഖലയിൽ ഉയർന്നുവരുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്താൻ കേരളയുവതയെ സജ്ജമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ രാജ്യത്തിന് തന്നെ മാതൃകയാണ്. സംസ്ഥാനത്തിന്റേതായ നൈപുണ്യ നയം രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

പരമ്പരാഗത തൊഴിൽ മേഖലകളിൽ അവസരങ്ങൾ ഇല്ലാതാകുകയാണെങ്കിലും ആഗോളതലത്തിൽ പുതിയ തൊഴിലുകൾ ഉയർന്നുവരികയാണ്. ശാസ്ത്രസാങ്കേതികരംഗത്തെ കുതിച്ചുചാട്ടത്തിനനുസൃതമായി വളർന്നുവരുന്ന പുത്തൻ തൊഴിൽമേഖലകൾ നൈപുണ്യശേഷിയിൽ അധിഷ്ഠിതമാണെന്ന് കാണാം. ഇതനുസരിച്ച് തൊഴിൽനൈപുണ്യം ആർജ്ജിച്ചെങ്കിൽ മാത്രമേ തൊഴിൽകമ്പോളത്തിൽ പിടിച്ചുനിൽക്കാനാവൂ. വിദ്യാഭ്യാസ-പരിശീലന പദ്ധതികളിൽ നൈപുണ്യവികസനത്തിന് ഊന്നൽ നൽകേണ്ടതിന്റെ പ്രാധാന്യം അനുദിനം വർധിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിൽകമ്പോളത്തിലെ ആവശ്യങ്ങൾ നിറവേറ്റാനുതകുംവിധം തൊഴിൽശക്തിയെ രൂപപ്പെടുത്തുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വലിയ പ്രാധാന്യമാണ് നൽകുന്നത്. കൂടുതൽ അവസരങ്ങൾ അഭിമുഖീകരിച്ച് മികവ് തെളിയിക്കാൻ കഴിയുന്ന മാനവവിഭവശേഷി വളർത്തിയെടുക്കുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. ലോകത്തെ ഏത് തൊഴിൽമേഖല എടുത്താലും നല്ലതോതിൽ മലയാളിസാന്നിധ്യം കാണാം. കഴിവും കാര്യക്ഷമതയും ജോലിയിലെ മികച്ച പ്രകടനവും മലയാളികളെ പ്രിയപ്പെട്ടവരാക്കുന്നു.



നവഉദാര സാമ്പത്തികനയങ്ങളുടെ ഫലമായുണ്ടായ തൊഴിൽനഷ്ടവും പുതിയ തൊഴിലുകൾ സൃഷ്ടിക്കപ്പെടാത്തതും മൂലം ലോകമെങ്ങും തൊഴിലില്ലായ്മ രൂക്ഷമായ സാഹചര്യത്തിലാണ് ലോകക്രമങ്ങളാകെ മാറ്റി മറിച്ച് കോവിഡ്-19 മാനവരാശിയെ വേട്ടയാടാൻ തുടങ്ങിയത്. തൊഴിൽ മേഖല കോവിഡ് പ്രതിസന്ധിയുടെ ഏറ്റവും രൂക്ഷമായ പ്രത്യാഘാതമാണ് നേരിടുന്നത്. കോടിക്കണക്കിന് തൊഴിലാളികളുടെ വരുമാനമാർഗം അടഞ്ഞു. സമ്പദ്ഘടന തകർന്നു. ഉത്പാദനം, സേവനം, വിതരണം, ഗതാഗതം, വ്യാപാര-വാണിജ്യം തുടങ്ങി എല്ലാ മേഖലകളും സ്തംഭിച്ചു. അഗാധമായ തകർച്ചയിലേക്കാണ് ആഗോളസമ്പദ്‌വ്യവസ്ഥ കൂപ്പുകുത്തിയത്. താത്ക്കാലികമായോ സ്ഥിരമായോ തൊഴിൽ നഷ്ടപ്പെടുമെന്നും നിരവധി സ്ഥാപനങ്ങൾ പൂട്ടാനിടയുണ്ടെന്നും വേതനവും മറ്റ് ആനുകൂല്യങ്ങളും വെട്ടിക്കുറക്കപ്പെടുമെന്നുമാണ് ലോകമെങ്ങും നിന്നുള്ള സൂചനകൾ. ലക്ഷക്കണക്കിന് തൊഴിലാളികളുടെയും സ്വയംതൊഴിൽ സംരംഭകരുടെയും ഉൾപ്പെടെ വരുമാനം മുടങ്ങും. ഉപജീവനമാർഗങ്ങൾ ഇല്ലാതാവും. കേരള സമ്പദ്ഘടനയുടെ കരുത്തായ പ്രവാസിമലയാളികളുടെ ഭാവിക്കുമേലും കോവിഡ് ഇരുൾ വീഴ്ത്തിയിരിക്കുകയാണ്. നല്ലൊരു ശതമാനം പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവരുന്നു. അവരുടെ തിരിച്ചുവരവും പുനരധിവാസവും അടിയന്തരപ്രാധാന്യത്തോടെ കാണേണ്ടതുണ്ട്.

കോവിഡാനന്തരം ആഗോളതലത്തിൽ തന്നെ ഉണ്ടാകാൻ സാധ്യതയുള്ള തൊഴിൽ നഷ്ടം, ഉത്പാദനത്തകർച്ച, സാമ്പത്തിക പ്രതിസന്ധി തുടങ്ങിയവയ്ക്ക് എളുപ്പത്തിലൊന്നും പരിഹാരം കാണാനാവില്ലെന്നാണ് വിലയിരുത്തൽ. നവഉദാര സാമ്പത്തിക നയങ്ങൾ മൂലം തൊഴിലില്ലായ്മയും തൊഴിലാളികൾ കൂട്ടത്തോടെ പുറത്താക്കപ്പെടുന്നതും ക്രമാതീതമായി വർധിച്ചുകൊണ്ടിരുന്ന പശ്ചാത്തലത്തിലാണ് കൊറോണ വൈറസ് ബാധയെ തുടർന്നുള്ള പ്രതിസന്ധി കൂടി രൂപപ്പെടുന്നതും.

കൊറോണ വൈറസ് ബാധയിൽ നിന്ന് ഉടനെയൊന്നും ലോകം മോചിതമാകാനിടയില്ല. കോവിഡ് തുടച്ചുനീക്കിയശേഷം ഈ പ്രതിസന്ധിയുടെ പരിഹാരമാർഗങ്ങൾ തേടാമെന്ന് കരുതുന്നത് മൗഢ്യമാണ്. കോവിഡ് 19 പടരാതെ നിയന്ത്രിക്കുകയും നിതാന്ത ജാഗ്രത പുലർത്തി സാധാരണ ജീവിതത്തിലേക്ക് മടങ്ങുകയും സമ്പദ്ഘടനയെ തിരിച്ചു പിടിക്കുകയും ചെയ്യുകയെന്ന

വഴിയാണ് സമൂഹത്തിനു മുമ്പിലുള്ളത്. കോവിഡ് 19 നെ തുടർന്ന് രൂപപ്പെട്ട അതിരൂക്ഷമായ പ്രതിസന്ധികൾ മറികടന്ന് കേരളത്തിന്റെ സാമൂഹികജീവിതത്തിനും സമ്പദ്ഘടനയ്ക്കും ഊർജ്ജം പകരേണ്ടതുണ്ട്. കാർഷിക-വ്യവസായ-ഉത്പ്പാദനമേഖലകളുടെ ശാക്തീകരണം, തൊഴിൽ മേഖലയുടെ പുനരുജ്ജീവനം, ഉത്പ്പാദനം വർദ്ധിപ്പിക്കൽ, തൊഴിലാളികളുടെ വേതനവും ആനുകൂല്യങ്ങളും തൊഴിലിടങ്ങളിലെ സുരക്ഷിതത്വവും ഉറപ്പുവരുത്തൽ, തൊഴിൽ നിയമങ്ങളുടെ സംരക്ഷണം തുടങ്ങിയ കാര്യങ്ങൾ മുൻനിർത്തിയാണ് ഭാവി ആസൂത്രണം ചെയ്യേണ്ടത്.

ഉത്പ്പാദനം, സേവനം, വിതരണം, ഗതാഗതം, വ്യാപാര-വാണിജ്യം, കൃഷി, നിർമ്മാണം, തൊഴിൽ തുടങ്ങി എല്ലാ മേഖലകളെയും പ്രതിസന്ധികളിൽ നിന്ന് കൈപിടിച്ചുയർത്തി അതിജീവനത്തിന്റെ പാതയിലേക്ക് നയിക്കുകയെന്ന വലിയ ഉത്തരവാദിത്വമാണ് സംസ്ഥാനത്തിന് നിർവ്വഹിക്കാനുള്ളത്. വികേന്ദ്രീകരണ തിലധിഷ്ഠിതമായ വികസനസംവിധാനവും നാടിന്റെ വിഭവശേഷിയും ഉപയോഗപ്പെടുത്തി നവകേരളം യാഥാർത്ഥ്യമാക്കണം. രോഗം ബാധിക്കുന്നത് തടയാനുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിച്ച് വ്യവസായ-വാണിജ്യ-തൊഴിൽ-ഉത്പ്പാദനമേഖലകൾ സജീവമാക്കുകയും ശക്തിപ്പെടുത്തുകയും വേണം. നിലവിലുള്ള തൊഴിലും വരുമാനവും സംരക്ഷിക്കുകയും, സമ്പദ് വ്യവസ്ഥയ്ക്ക് കരുത്തേകുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കുകയും വേണം. ഈ ദിശയിലുള്ള ആസൂത്രിതമായ ഇടപെടലാണ് കോവിഡിനുശേഷമുള്ള കാലം ആവശ്യപ്പെടുന്നത്. ഈ ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ പുതിയ തൊഴിൽമേഖലകളുടെ സാധ്യതകൾ ആരായുകയും നൈപുണ്യശേഷി വികസിപ്പിക്കുകയും ചെയ്യും.

കോവിഡ് പ്രതിസന്ധി അതിജീവിക്കുന്നതിന് കൃഷി, വ്യവസായം, തൊഴിൽ, മൃഗസംരക്ഷണം, ഐ.ടി, ഫിഷറീസ്, ടൂറിസം, വാണിജ്യം തുടങ്ങി വിവിധ മേഖലകളിലെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയും. ഇതിനായി സംരംഭകർക്ക് സർക്കാർ എല്ലാവിധ പ്രോത്സാഹനവും നൽകും. കഴിഞ്ഞ നാലുവർഷത്തിനിടയിൽ കേരളത്തിലെ തൊഴിൽ-നിക്ഷേപ മേഖലകളിൽ രൂപപ്പെട്ട ആരോഗ്യകരമായ അന്തരീക്ഷം അതിജീവന സംരംഭങ്ങൾക്ക് ഏറെ സഹായകമാണ്. തൊഴിലാളി-തൊഴിലുടമാ സൗഹൃദത്തിൽ ഊന്നിനിന്നുകൊണ്ടുള്ള തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞു. ഇത് വ്യവസായ-തൊഴിൽ-സംരംഭകത്വമേഖലകളുടെ അഭിവൃദ്ധിക്ക് അടിസ്ഥാനമാകണം. പശ്ചാത്തല സൗകര്യവികസനത്തിലുണ്ടായ മുന്നേറ്റവും ഏറെ അനുകൂലമായ ഘടകമാണ്. തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വരുന്ന പ്രവാസികളുടെ തൊഴിൽപരമായ കഴിവുകൾ പ്രയോജനപ്പെടുത്താൻ അവസരം നൽകണം. പ്രവാസികളിൽ വിദഗ്ധ-അവിദഗ്ധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുണ്ട്. ഇവരുടെ നൈപുണ്യശേഷി വികസിപ്പിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ ഒരുക്കാൻ കഴിയും.

തൊഴിൽ മേഖലകൾ ആവശ്യപ്പെടുന്ന നൈപുണ്യശേഷി ആർജ്ജിച്ചെങ്കിൽ മാത്രമേ പുതിയ മേഖലകളിലെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്താനാവൂ. തൊഴിലില്ലായ്മയും തൊഴിൽ മേഖലയിലെ മാറ്റങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ അതിജീവിക്കാൻ യുവതലമുറയെ പ്രാപ്തരാക്കുക എന്നത് ഇന്ന് നിർവഹിക്കാനുള്ള പ്രധാന ചുമതലയാണ്. എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിലെത്തിയശേഷം നൈപുണ്യവികസനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയുള്ള സമീപനം സ്വീകരിക്കുകയും വിവിധ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തു. നൂതന ആശയങ്ങൾക്ക് പ്രാമുഖ്യം ലഭിക്കുന്ന സാഹചര്യം തൊഴിൽമേഖലയിൽ വളർന്നുവരികയാണ്. ഓരോവർഷവും ആയിരക്കണക്കിന് വിദ്യാർത്ഥികൾ സാങ്കേതികയോഗ്യത നേടി പുറത്തിറങ്ങുന്നുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവരിൽ ബഹുഭൂരിപക്ഷത്തിനും ആഗ്രഹിച്ച തരത്തിലുള്ള ജോലി ലഭിക്കുന്നില്ല. തൊഴിൽനൈപുണ്യം



വിലയിരുത്തപ്പെടുമ്പോൾ നല്ലൊരുശതമാനവും പിന്തള്ളപ്പെടുകയാണെന്നു കാണാം. ഈ സാഹചര്യം മറികടക്കുന്നതിന് പഠനത്തോടൊപ്പം തന്നെ നൈപുണ്യശേഷി ആർജ്ജിക്കുന്നതിനും പ്രാധാന്യം നൽകേണ്ടതുണ്ട്.

തൊഴിലധിഷ്ഠിതമായ പരിശീലനം, നൈപുണ്യവികസനം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികളിലൂടെ കേരളത്തിലെ യുവതീയുവാക്കൾക്ക് വിപുലമായ അവസരങ്ങളാണ് സംസ്ഥാന സർക്കാർ ഒരുക്കിയിട്ടുള്ളത്. വൈദഗ്ധ്യമുള്ള തൊഴിൽശക്തി രൂപപ്പെടുത്തുന്നതിന് സർക്കാർ പ്രാധാന്യം നൽകുന്നു. അതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പൊതു-സ്വകാര്യമേഖലകളിലെ തൊഴിൽസാധ്യതകൾ പ്രയോജനപ്പെടുത്താൻ സൗകര്യം ഒരുക്കുകയും ചെയ്യുന്നു. ഈ ഗവൺമെന്റ് അധികാരമേറ്റശേഷം പതിനേഴ് പുതിയ സർക്കാർ ഐ.ടി.ഐ കളാണ് സംസ്ഥാനത്ത് അനുവദിച്ചത്. നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിമിന്റെ നിബന്ധനകൾ ഉൾക്കൊണ്ട് തൊഴിൽ സാധ്യതയുള്ള നൂതന ട്രേഡുകൾ ആരംഭിക്കുകയും ചെയ്തു.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ (കെയ്സ്) സംസ്ഥാന നൈപുണ്യവികസന മിഷനായി ചുമതലപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പാക്കി വരികയാണ്. കെയ്സിനു കീഴിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (നൈസ്) എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ മായിൽ ആന്റ് റിഗ് (എൻസ്യർ)സെന്റർ ഫോർ റിസർച്ച് ഇൻ എജ്യുക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ് (ക്രെറ്റ്) സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (കാറ്റ്സ്) സ്കൂൾ ഓഫ് വാട്ടർ ടെക്നോളജി (സ്വാറ്റ്) എന്നീ മികവിന്റെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പരമ്പരാഗത-ആധുനിക രീതികൾ സംയോജിപ്പിച്ച് ഡിസൈൻ മേഖലയിലെ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് മുൻഗണന നൽകിയാണ് കൊല്ലം ചന്ദനത്തോപ്പിലെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ പ്രവർത്തിക്കുന്നത്. നൈപുണ്യ വികസന രംഗത്ത് കേരളത്തിന്റെ സുപ്രധാന ചുവടുവയ്പ്പാണ് ചവറയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ. നിർമ്മാണ മേഖലയിൽ ആഗോളതലത്തിൽ ഉയർന്നുവരുന്ന തൊഴിൽ സാധ്യതകൾ കണക്കിലെടുത്താണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സഹകരണത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചത്.

ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിന് 11 ജില്ലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോട് അനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നു.



ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതർക്ക് കരിയർ സംബന്ധമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചു. പേരാമ്പ്രയിലാണ് സർക്കാർ മേഖലയിൽ രാജ്യത്തെ ആദ്യത്തെ കരിയർ ഡവലപ്മെന്റ് സെന്റർ ആരംഭിച്ചത്. തുടർന്ന് ചിറ്റൂർ, നെയ്യാറ്റിൻകര, പാലോട്, കായംകുളം എന്നിവിടങ്ങളിലും പ്രവർത്തനം തുടങ്ങി. എല്ലാ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് മുഖേന സ്കിൽ രജിസ്ട്രിക്ക് രൂപം നൽകി. ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വൈദഗ്ധ്യമുള്ളവരുടെ സേവനങ്ങൾ നേരിട്ട് ലഭ്യമാക്കാൻ മൊബൈൽ ആപ് ഉപയോഗപ്പെടുത്താം. പ്ലംബർ, ഇലക്ട്രീഷ്യൻ, പെയിന്റർ, ഡ്രൈവർ, ഗാർഹിക തൊഴിൽ തുടങ്ങി 23 സേവന മേഖലകൾ സ്കിൽ രജിസ്ട്രിയിൽ ഉൾപ്പെടുന്നു. വിവിധ ദൈനംദിന സേവനങ്ങൾക്ക് ആവശ്യമായ തൊഴിലാളികളെ ഇതുവഴി ലഭ്യമാക്കാനാവും.



തൊഴിൽദായകരെയും തൊഴിൽ അന്വേഷകരെയും ഒരേ പ്ലാറ്റ് ഫോമിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ സ്റ്റേറ്റ് ജോബ് പോർട്ടലിനും നേരത്തെ രൂപം നൽകിയിരുന്നു. എല്ലാ മേഖലയിലും തൊഴിൽ വൈദഗ്ധ്യമുള്ളവരെ ലഭ്യമാക്കുന്ന സംവിധാനമാണിത്. കാർഷിക-വ്യാവസായിക-സേവന മേഖലകളിലെ നിക്ഷേപകർക്കും സംരംഭകർക്കും നൈപുണ്യമുള്ള തൊഴിലാളികളെയും പ്രൊഫഷണലുകളെയും കണ്ടെത്താൻ ജോബ് പോർട്ടൽ സഹായിക്കുന്നു. പോർട്ടലിലൂടെ അടിസ്ഥാനതലം മുതൽ മാനേജ്മെന്റ് തലം വരെയുള്ള തൊഴിലവസരങ്ങൾ കണ്ടെത്താൻ ഉദ്യോഗാർത്ഥികൾക്കും കഴിയുന്നു.

കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ആധുനികവത്കരണത്തിലൂടെയും ഉത്പാദനക്ഷമത വർദ്ധിപ്പിച്ചും സമ്പദ്ഘടനയ്ക്ക് കരുത്തേകുകയാണ് പ്രധാനം. പുതിയ അവസരങ്ങൾ കണ്ടെത്താനും ഉപയോഗപ്പെടുത്താനുമുള്ള ആസൂത്രിതമായ ഇടപെടലാണ് കോവിഡിനുശേഷമുള്ള കാലം നമ്മോടാവശ്യപ്പെടുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് നൈപുണ്യശേഷി വികസിപ്പിക്കുക എന്നത് ഏറെ പ്രാധാന്യമർഹിക്കുന്നു.

കാർഷികോൽപ്പാദനം വർധിപ്പിച്ച് ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന സർക്കാർ വിപുലമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ രംഗത്ത് ആധുനികവിദ്യകൾ ഉപയോഗപ്പെടുത്താൻ കഴിയും. ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറി, പഴങ്ങൾ എന്നിവയുടെയും ഉത്പാദനം വർധിപ്പിക്കാനുള്ള അനന്തസാധ്യതകൾ കേരളത്തിനു മുമ്പിലുണ്ട്. അത് ഉപയോഗപ്പെടുത്തുന്നതിന് ഏതൊക്കെ വിധത്തിൽ പിന്തുണ നൽകാനാകുമെന്ന് നൈപുണ്യവികസനമേഖലകളിൽ പ്രവർത്തിക്കുന്നവർ ആലോചിക്കണം. കാർഷികോത്പാദന വർധനവിലൂടെ ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന സർക്കാർ മുഖ്യപരിഗണന നൽകുന്നു. ഇതിനായി സുഭിക്ഷകേരളം എന്ന പേരിൽ 3860 കോടിയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളിലൂടെയും പച്ചക്കറി, പഴങ്ങൾ എന്നിവയുടെയും ഉത്പാദനം വർധിക്കുന്നതോടൊപ്പം കാർഷികാധിഷ്ഠിത മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള വലിയ അവസരവും ഉയർന്നുവരും.

സംസ്ഥാനത്ത് 1.85 ലക്ഷത്തോളം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായസംരംഭങ്ങളുണ്ട്. ഈ സംരംഭങ്ങളിലായി എട്ട് ലക്ഷത്തിലധികം തൊഴിലാളികളുണ്ട്. ഇതിനു പുറമെ 22,000 ത്തോളം ഫാക്ടറികളും ഏഴ് ലക്ഷത്തോളം തൊഴിലാളികളുമുണ്ട്. പരമ്പരാഗത വ്യവസായങ്ങൾ അടക്കമുള്ള തൊഴിൽ മേഖലയും വ്യാപാരവാണിജ്യമേഖലകളും ഉൾപ്പെടെ ഉത്പാദന-സേവന മേഖലകളുമായി



ബന്ധപ്പെട്ട് ലക്ഷക്കണക്കിന് പേരടങ്ങുന്ന വിപുലമായ തൊഴിൽശൃംഖല നമുക്കുണ്ട്. ഈ തൊഴിൽമേഖലയുടെ നിലനിൽപ്പും ശാക്തീകരണവും, ഉത്പ്പാദനം വർധിപ്പിക്കൽ, തൊഴിലിടങ്ങളിലെ സുരക്ഷിതത്വവും തൊഴിലാളികളുടെ വേതനവും ആനുകൂല്യങ്ങളും ഉറപ്പുവരുത്തൽ, തൊഴിൽ നിയമങ്ങളുടെ സംരക്ഷണം തുടങ്ങി ഭാരിച്ച ഉത്തരവാദിത്വമാണ് കോവിഡ് കാലം നമ്മിൽ ഏല്പിപ്പിക്കുന്നത്. ഇത് അഭിമുഖീകരിക്കുന്നതിനാവശ്യമായ തയ്യാറെടുപ്പും മാറിയ സാഹചര്യങ്ങൾക്കനുസൃതമായ പരിശീലനം ആർജ്ജിക്കുന്നതും പ്രധാനമാണ്.

തൊഴിൽ, വരുമാനം, ജീവിതം തുടങ്ങിയവയെക്കുറിച്ച് ചിന്തിക്കാതെ കോവിഡ് പ്രതിസന്ധികളിൽ നിന്നുള്ള അതിജീവനം സാധ്യമല്ല. ഇതിന് അനുയോജ്യവും ഫലപ്രദവുമായ പദ്ധതികളാണ് ഇന്നത്തെ ലോകസാഹചര്യം ആവശ്യപ്പെടുന്നത്. എല്ലാ മേഖലകളിലുമുള്ള ജനങ്ങൾക്ക് ജീവിതായോധനമാർഗ്ഗങ്ങൾ കണ്ടെത്തിക്കൊടുക്കുക എന്നതാണ് സർക്കാരുകളുടെ മുമ്പിലുള്ള അടിയന്തരകടമ.

മികച്ച തൊഴിൽക്ഷമതയുള്ള അഭ്യസ്തവിദ്യരായ യുവതലമുറ നമുക്കുണ്ട്. സാങ്കേതികവൈദഗ്ധ്യവും ഭാഷാനൈപുണ്യവും ബൗദ്ധികശേഷിയുമുള്ള യുവത്വം നമ്മുടെ ഏറ്റവും വലിയ സമ്പത്താണ്. അതോടൊപ്പം വിവിധ മേഖലകളിൽ തൊഴിൽവൈദഗ്ധ്യമുള്ള തൊഴിൽശക്തിയും കേരളത്തിന്റെ കരുത്താണ്. പരമ്പരാഗതവ്യവസായമേഖലയെയും അസംഘടിത തൊഴിൽ മേഖലകളെയും അവഗണിച്ച് സമൂഹത്തിന് മുന്നോട്ടുപോകാനാവില്ല. കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടും, ആധുനികവത്കരണത്തിലൂടെയും ഉത്പ്പാദനക്ഷമത വർധിപ്പിച്ച് സമ്പദ്ഘടനയ്ക്ക് കരുത്തേകണം

കോവിഡ് പ്രതിരോധത്തിനൊപ്പം കേരളം ആവിഷ്കരിച്ച അതിജീവനമാർഗങ്ങൾ ലോകശ്രദ്ധ നേടിയിരിക്കുകയാണ്. ഇന്ന് ഏറ്റവും സുരക്ഷിതമായ ഇടമായി ലോകജനത കേരളത്തെ കാണുന്നു. ഇത് വലിയതോതിലുള്ള നിക്ഷേപങ്ങൾക്ക് അവസരം ഒരുക്കുമെന്നതിൽ തർക്കമില്ല. കഴിഞ്ഞ നാലുവർഷത്തിനിടയിൽ തൊഴിൽസൗഹൃദ നിക്ഷേപ സൗഹൃദ സംസ്ഥാനം എന്ന പേരുകേട്ട കേരളത്തിൽ നല്ല തോതിൽ നിക്ഷേപങ്ങൾ നടന്നുകൊണ്ടിരിക്കുന്ന അന്തരീക്ഷവും ഉണ്ട്. ഈ സാഹചര്യം ശക്തിപ്പെടുത്താൻ കഴിഞ്ഞാൽ വലിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിയും കേരളത്തിൽ ചെറുതും വലുതുമായ സംരംഭങ്ങൾ തുടങ്ങാൻ നിക്ഷേപകർ നല്ല താത്പര്യം പ്രകടിപ്പിക്കുന്നുണ്ട്.


വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്കും സർക്കാർ ഊന്നൽ നൽകുന്നുണ്ട്. തിരുവനന്തപുരം ആസ്ഥാനമായി ഡിജിറ്റൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആയിക്കഴിഞ്ഞു. പഠനത്തോടൊപ്പം തൊഴിൽ, എല്ലാ വിദ്യാലയങ്ങളിലും സംരംഭകത്വവികസനക്ലബ്ബുകൾ തുടങ്ങിയ പദ്ധതികളും നടപ്പാക്കുന്നുണ്ട്.

വ്യത്യസ്തമായ അതിജീവനവഴികളിലൂടെയാണ് കേരളം മുന്നോട്ടുപോകുന്നത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ പൊതുവെ കേരളം ഏറെ മുന്നിലാണ്. മാത്രമല്ല, സംരംഭകരും വ്യവസായനിക്ഷേപകരും കേരളത്തോട് നല്ലതാത്പര്യമാണ് കാണിക്കുന്നത്. ഇത് നമുക്ക് ഏറെ പ്രതീക്ഷ നൽകുന്നു. നൈപുണ്യശേഷി വികസനത്തിലൂടെ എല്ലാ മേഖലകളിലെയും തൊഴിൽസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും സംരംഭകരെ പ്രോത്സാഹിപ്പിച്ച് പുതിയ നിക്ഷേപ-തൊഴിൽ സംസ്കാരവും തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുകയും ചെയ്യണം. ഇതാണ് ആനുകാലിക സാഹചര്യങ്ങൾ നമ്മോട് ആവശ്യപ്പെടുന്നത്



ടി ശരത് ചന്ദ്രപ്രസാദ്

9-ാം കേരള നിയമസഭയിലെ അംഗം



# അമ്മ

ലോകമിന്നെന്റെ ചുറ്റുമുണ്ടെന്ന
വേദവാക്യമതുവിട്ടാലും
കാതലായത് ഒന്നുമാത്രം
എന്നുമോർക്കണം അത് മാതാവ്
എത്രകോടികളുണ്ടെങ്കിലെന്ത്
കളത്രം തുണയായ് വന്നാലുമെന്ത്
പ്രാർത്ഥിക്കാൻ സദാ സ്നേഹിക്കാൻ
സ്വാർത്ഥലേശം നോക്കാതെ കാത്തിടാൻ
ജനനിയല്ലാതെ ധരണിയിലാരുണ്ട്
മനസ്സിൽ നമ്മളെ ഏറ്റിടുവാൻ
അർക്കനെക്കാളും പ്രകാശമായ് സദാ
നിൽക്കും നമ്മുടെ വീഥിയിൽ
ദുർഘടങ്ങളിൽ കാത്തിടാൻ
ജഗദീശനോടെന്നും പ്രാർത്ഥിക്കാൻ
അമ്മയല്ലാതെ മറ്റാര ലോകത്തിൽ
നമ്മെക്കാൾ നമ്മെ സ്നേഹിക്കാൻ

# അർത്ഥമില്ലാത്ത ഓട്ടം

അർത്ഥമില്ലാതോട്ടത്തിൻ അറ്റമെത്താൻ
അഞ്ചാറു ജന്മമെനിക്കവേണം
അകാര കാണാക്കടൽപോലെ എൻ
ജീവിതവും ഒരു കടങ്കഥയായ്
കരൾ നൊന്തുകേണാലും കരയാത്തവർ
കഥകളാൽ എന്നെ വരിയുമ്പോഴും
അമ്മേയെന്നോതുന്ന ഒരു നാവു കാണുവാൻ
അകതാരെന്നോ കൊതിച്ചുപോയി
അകലെ ഞാൻ തേടുന്നൊരാത്മപ്രകാശത്തെ
കരുതിക്കലഹിച്ച ചിലർ മൂടിവയ്ക്കുന്നു
കഴിയുമോ ദീപത്തെ ഉള്ളിലാവാഹിക്കാൻ
കദനങ്ങൾ മാറ്റി പ്രഭ ചൊരിയിപ്പിക്കാൻ



# കാലത്തെത്തേടി

ഭ്രാന്തെനിക്കാണെന്ന ഞാനറിഞ്ഞു
ഭ്രാന്തമായി ചിന്തിച്ചു ഞാനറങ്ങി
ജലധാരപോലെന്റെ സ്വർഗങ്ങളെ
സ്വപ്നലോകത്തിൽ ഞാനടക്കിയിട്ടു
ആടാനും പാടാനും അറിയാത്തനോവുകൾ
യവനികയ്ക്കുള്ളിൽ മറച്ചുവച്ചു
കലരാത്ത സ്നേഹമോ കമിളകളാകുന്നു
കലർപ്പുകൾ വേദിയിൽ ആടിത്തിമിർക്കുന്നു
കരയാൻ കഴിയാതെ കാലം കഴിയുമ്പോൾ
കനിവോടൊരുനാൾ നീ വന്നിടില്ല
കർമ്മഫലമെന്ന് ആരോ പറയുന്നു:
പോയ ജന്മഫലമെന്ന് മറ്റുചിലർ
കാലം കഴിയുമ്പോൾ കാണാൻ കഴിയാത്ത
കാലത്തെത്തേടി അലഞ്ഞിടും ഞാൻ






# കോവിഡ് പ്രതിസന്ധിയും
# കേരള ടൂറിസവും

**കടകംപള്ളി സുരേന്ദ്രൻ**

സഹകരണവും
വിനോദസഞ്ചാരവും,
ദേവസ്വവും വകുപ്പുമന്ത്രി
10,14 -ാം കേരള
നിയമസഭകളിൽ അംഗം

**അന്താരാഷ്ട്ര തലത്തിൽ വ്യത്യസ്തവും വിപുലവുമായി നടത്തിയ പ്രചാരണ ക്യാംപയിനുകളിലൂടെയും, നിലവിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളിലൂടെയും, പുതിയ ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കാനായതിന്റെയും ഫലമായാണ് ടൂറിസം മേഖലയിൽ നമുക്ക് ഇക്കഴിഞ്ഞ 4 വർഷത്തിനിടെ മുന്നേറാനായത്.**



സംസ്ഥാനത്തെ ടൂറിസം മേഖല പല വെല്ലുവിളികളെയും അതിജീവിച്ച് വൻ മുന്നേറ്റം നടത്തിക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് കോവിഡ് 19 എന്ന മഹാമാരി നമ്മുടെ രാജ്യത്തും വ്യാപകമായത്. ഇതോടെ വലിയ പ്രതിസന്ധിയുടെ നിലയില്ലാക്കയത്തിലേക്കാണ് നമ്മുടെ ടൂറിസം മേഖല ചെന്നുപതിച്ചത്. നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരുന്ന വിനോദസഞ്ചാരികളെ സുരക്ഷിതരായി മടക്കി അയയ്ക്കാൻ ആ കാലയളവിലും നമുക്ക് സാധിച്ചു. കോവിഡ് സ്ഥിരീകരിച്ച വിനോദസഞ്ചാരികളെ രോഗവിമുക്തരാക്കി അയയ്ക്കാൻ നമുക്ക് കഴിഞ്ഞത് വലിയ നേട്ടമായി അന്താരാഷ്ട്ര മാധ്യമങ്ങൾ വരെ പ്രകീർത്തിക്കുകയും ചെയ്തു.



പ്രത്യക്ഷമായും പരോക്ഷമായും 15ലക്ഷത്തോളം പേരാണ് ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നത്. കേരളത്തിന്റെ വിനോദസഞ്ചാര വ്യവസായ മേഖലയിൽ 45000 കോടി രൂപയാണ് കഴിഞ്ഞ വർഷം എത്തിച്ചേർന്നത്. കഴിഞ്ഞ വർഷം മാത്രം 11.9 ലക്ഷം വിദേശ ടൂറിസ്റ്റുകളും, 1 കോടി 84 ലക്ഷം സ്വദേശി ടൂറിസ്റ്റുകളും നമ്മുടെ കേരളത്തിലെത്തി. വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 8.52 ശതമാനത്തിന്റെയും, സ്വദേശി ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 17.81 ശതമാനത്തിന്റെയും വളർച്ചയാണ് കഴിഞ്ഞവർഷം നമ്മൾ കൈവരിച്ചത്. എടുത്തുപറയാവുന്ന നേട്ടമാണിത്. ഇതിനിടയിലാണ് കോവിഡ് 19 എത്തിയത്. ഇതിലൂടെ ഇരുപത്തയ്യായിരം കോടി രൂപയുടെ നഷ്ടമാണ് കേരളത്തിന്റെ ടൂറിസം വ്യവസായ മേഖലയിൽ ഉണ്ടായത്. അന്താരാഷ്ട്ര - ആഭ്യന്തര വിമാന സർവീസുകളും, ട്രെയിൻ ഗതാഗതവുമടക്കം എല്ലാം നിരോധിച്ചതോടെ ടൂറിസം മേഖല പൂർണ്ണതിലേക്ക് ഇരുപ്പകത്തി. സംസ്ഥാനത്തെ ടൂറിസം ഓപ്പറേറ്റർമാരും, ഹോട്ടലുകളും, റിസോർട്ടുകളും, ആയുർവേദ കേന്ദ്രങ്ങളും, ഹോം സ്റ്റേകളും, ഹൗസ് ബോട്ടുകളും, റസ്റ്റോറന്റുകളും ഇടങ്ങി ടൂറിസ്റ്റ് ഗൈഡുകളും, ടാക്സി ഡ്രൈവർമാരും അടക്കമുള്ള ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരെല്ലാം കടുത്ത പ്രതിസന്ധിയിലായി. കോവിഡ് ഭീഷണി ഒഴിഞ്ഞാലും സാധാരണ ഗതിയിലേക്ക് ടൂറിസം മേഖലയ്ക്ക് മടങ്ങിയെത്താൻ കൂടുതൽ സമയം വേണ്ടിവരും. ഈ സാഹചര്യത്തിൽ ഈ മേഖലയെ സഹായിക്കാനും സംരക്ഷിക്കാനും സംസ്ഥാന സർക്കാരിന് എന്തു ചെയ്യാൻ കഴിയുമെന്നാണ് ടൂറിസം മന്ത്രി എന്ന നിലയിൽ ചിന്തിച്ചത്. ഇതെതുടർന്ന് ടൂറിസം രംഗത്തുള്ളവർ നിലവിൽ നേരിടുന്ന പ്രതിസന്ധിക്ക് ആശ്വാസമേകാൻ ടൂറിസം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു.

കോവിഡ് 19 പശ്ചാത്തലത്തിൽ ടൂറിസം വ്യവസായം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിക്ക് ആശ്വാസമേകാൻ സംസ്ഥാന ടൂറിസം വകുപ്പ് 455 കോടി രൂപയുടെ വായ്പാ സഹായ പദ്ധതികൾ പ്രഖ്യാപിക്കുകയാണ്. സംസ്ഥാന ടൂറിസം വകുപ്പ് പലിശ ഇളവുകളോടെ നടപ്പാക്കുന്ന രണ്ട് തരത്തിൽ പെട്ട ഈ പദ്ധതികളുടെ പ്രയോജനം സംരംഭകർക്കും ടൂറിസം വ്യവസായ മേഖലയിൽ ജോലി ചെയ്യുന്നവർക്കും ലഭിക്കും. കഴിഞ്ഞ 5 മാസത്തോളമായി നിലനിൽക്കുന്ന പ്രതിസന്ധി മറികടക്കാൻ ടൂറിസം വകുപ്പിന്റെ ആവശ്യപ്രകാരം എസ്.എൽ.ബി.സി (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി) വിവിധ ബാങ്കുകൾ വഴി നിലവിലെ സംരംഭകർക്ക് 25 ലക്ഷം രൂപ വരെ വായ്പ

അനുവദിക്കും. ഈ വായ്പയിൽ ആദ്യത്തെ ഒരു വർഷത്തെ പലിശയുടെ അമ്പത് ശതമാനം സംസ്ഥാന ടൂറിസം വകുപ്പ് സബ് സിഡിയായി നൽകും. രണ്ടാമത്തെ പദ്ധതി ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് വേണ്ടിയാണ്. കേരള ബാങ്കുമായി ചേർന്നാണ് 100 കോടി രൂപയുടെ ഈ പദ്ധതി നടപ്പാക്കുന്നത്. ടൂറിസം മേഖലയിലെ തൊഴിലാളികൾക്ക് ഇരുപതിനായിരം രൂപ മുതൽ മുപ്പതിനായിരം രൂപ വരെ കേരള ബാങ്ക് വായ്പ അനുവദിക്കും. 9 ശതമാനമായിരിക്കും വായ്പയുടെ പലിശ. ഈ പലിശയിൽ 3 ശതമാനം മാത്രം ടൂറിസം മേഖലയിലെ തൊഴിലാളികൾ അടച്ചാൽ മതി. 6 ശതമാനം പലിശ സംസ്ഥാന ടൂറിസം വകുപ്പ് വഹിക്കും.

നിലവിൽ ടൂറിസം സംരംഭങ്ങൾ ഉള്ളവർക്ക് വർക്കിംഗ് ക്യാപിറ്റൽ ലോൺ എന്ന നിലയിലാണ് ഈ വായ്പകൾ അനുവദിക്കുന്നത്. രണ്ടായിരത്തി അഞ്ഞൂറ് ചെറുകിട സംരംഭകർക്ക് 1 ലക്ഷം മുതൽ 3 ലക്ഷം രൂപ വരെയും, 2500 വൻകിട സംരംഭകർക്ക് 5 മുതൽ 25 ലക്ഷം രൂപ വരെയുമാണ് വായ്പ നൽകുന്നത്. ഇങ്ങനെ 5000 ടൂറിസം സംരംഭകർക്ക് വായ്പ നൽകുന്നതിന് വേണ്ടി 355 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. ഈ പദ്ധതി പ്രകാരം ആറ് മാസത്തേക്ക് ലോൺ തിരിച്ചടവ് ഒഴിവാക്കിയിട്ടുണ്ട്. ആദ്യത്തെ 1 വർഷം പലിശയുടെ 50 ശതമാനം തുക സർക്കാർ വഹിക്കുകയും ചെയ്യും. 355 കോടി രൂപയുടെ ഈ വായ്പാ പദ്ധതിയിൽ പലിശ സബ് സിഡി നൽകുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് 15 കോടി രൂപയാണ് പ്ലാൻ ഫണ്ടിൽ നിന്ന് നൽകുക.

ടൂറിസം മേഖലയിലെ പ്രതിസന്ധി കാരണം വലിയ പ്രതിസന്ധിയിലാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നവർ. അവരെ സഹായിക്കുന്നതിന് വേണ്ടിയാണ് ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം എന്ന പദ്ധതി പ്രഖ്യാപിക്കുന്നത്. ഓരോ തൊഴിലാളിക്കും ഇരുപതിനായിരം രൂപ മുതൽ മുപ്പതിനായിരം രൂപ വരെ ഈ പദ്ധതിയിലൂടെ നാമ മാത്രമായ പലിശയ്ക്ക് ലോൺ ലഭ്യമാക്കും. കേരള ബാങ്കുമായി ചേർന്ന് നടപ്പാക്കുന്ന ഈ പദ്ധതി വഴി ലോണെടുക്കുന്നവർക്ക് മൂന്ന് ശതമാനം പലിശ അടച്ചാൽ മതി. 9 ശതമാനം പലിശയ്ക്കാണ് കേരള ബാങ്ക് ലോൺ നൽകുന്നതെങ്കിലും ഇതിൽ 6 ശതമാനം പലിശ സംസ്ഥാന സർക്കാർ അടയ്ക്കും. ഇതിനുള്ള അപേക്ഷ അതാത് ജില്ലകളിലെ ടൂറിസം ഡെപ്യൂട്ടി ഡയറക്ടർമാർ വഴി നൽകണം. 4 മാസത്തേക്ക് ലോൺ തിരിച്ചടയ്ക്കേണ്ട. 100 കോടി രൂപയാണ് ടൂറിസം മേഖലയിലെ അമ്പതിനായിരം തൊഴിലാളികൾക്ക് വായ്പ നൽകുന്നതിനായി വേണ്ടതെന്ന് കണക്കാക്കുന്നു. തൊഴിലാളികൾക്ക് പലിശ ഇളവ് നൽകുന്നതിനായി 9 കോടി രൂപയാണ് സംസ്ഥാന ടൂറിസം വകുപ്പ് പ്ലാൻ ഫണ്ടിൽ നിന്നും നീക്കിവെക്കുന്നത്.

ടൂറിസം മേഖലയ്ക്ക് ആശ്വാസം പകരുന്നതിന് മറ്റ് ചില സഹായ പദ്ധതികൾ കൂടി സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ട്. വരുംദിവസങ്ങളിൽ നടപ്പാക്കാൻ പോകുന്ന മറ്റ് പദ്ധതികളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ അറിയിക്കാം. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയിൽ വലിയ പങ്ക് വഹിക്കുന്ന ടൂറിസം വ്യവസായത്തെ സംരക്ഷിച്ചാൽ കൊവിഡാനന്തര കാലത്ത് നമുക്ക് മുന്നേറ്റം നടത്താനാകും.



സംസ്ഥാനത്തെ ടൂറിസം മേഖലയിൽ വൻ വളർച്ച, കഴിഞ്ഞ 4 വർഷത്തിനിടെ ഉണ്ടായിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ വ്യത്യസ്തവും വിപുലവുമായി നടത്തിയ പ്രചാരണ ക്യാംപെയിനുകളിലൂടെയും, നിലവിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങളിലൂടെയും, പുതിയ ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ചെടുക്കാനായതിന്റെയും ഫലമായാണ് ടൂറിസം മേഖലയിൽ നമുക്ക് ഇക്കഴിഞ്ഞ 4 വർഷത്തിനിടെ മുന്നേറാനായത്. ഓഖി, നിപ്പ, പ്രളയം തുടങ്ങി വലിയ പ്രതിസന്ധികളെ അതിജീവിച്ചാണ് ഈ വളർച്ച എന്നത് എടുത്തുപറയേണ്ടതാണ്. സംസ്ഥാനത്ത് നടപ്പാക്കിയതും, നടപ്പിലാക്കി തുടങ്ങിയതുമായ പ്രധാനപ്പെട്ട പദ്ധതികളെ കുറിച്ച് സൂചിപ്പിക്കാം.

കേരളത്തിൽ നടക്കുന്ന വിവിധ വള്ളംകളികൾ കോർത്തിണക്കി ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്ന വിധത്തിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് സംഘടിപ്പിച്ചു. 2019-ൽ കേരളത്തിലെ 12 കേന്ദ്രങ്ങളിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളംകളി മത്സരം വിജയകരമായി അരങ്ങേറി.

തിരുവനന്തപുരം ജില്ലയിലെ ചാല പൈതൃക തെരുവ് നവീകരിച്ച് സംരക്ഷിക്കുന്നതിന് 10 കോടി രൂപയുടെ പൈതൃക പദ്ധതി നടപ്പിലാക്കി വരുന്നു. ഒന്നാം ഘട്ടം ഉദ്ഘാടനം ചെയ്തു. മടവൂർപ്പാറയിൽ 7 കോടി രൂപ ചെലവിൽ ടൂറിസം അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പാക്കി. കോഴിക്കോട് മിഠായി തെരുവ് പൈതൃക പദ്ധതി ആറരക്കോടി രൂപ ചെലവിൽ പൂർത്തിയാക്കി നാടിന് സമർപ്പിച്ചു. സംസ്ഥാനത്ത് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന ആദ്യ ടൂറിസം പദ്ധതി ജടായുപാറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തിയായി.




മൂന്നാംഘട്ടം പ്രവൃത്തി നടന്നു വരുന്നു. സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ 15,518 യൂണിറ്റുകൾ പുതുതായി രൂപീകരിക്കുകയും പ്രത്യക്ഷമായും പരോക്ഷമായും 78000 പേർക്ക് ടൂറിസം മേഖലയിൽ തൊഴിൽ നൽകുവാനും കഴിഞ്ഞു. കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ സഞ്ചാരികൾക്കുള്ള അടിസ്ഥാന സൗകര്യം ഉറപ്പ് വരുത്തുന്ന ഗ്രീൻ കാർപറ്റ് പദ്ധതി ആവിഷ്കരിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യ സംഘടനകൾ, എൻ.ജി.ഒകൾ വിദ്യാർത്ഥി സമൂഹം എന്നിവരുടെ സഹകരണത്തോടെയാണ് ഗ്രീൻ കാർപറ്റ് പദ്ധതി നടപ്പാക്കി വരുന്നത്.

ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ പെപ്പർ പദ്ധതി നടപ്പാക്കി. കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങൾ എല്ലാം തന്നെ ഭിന്നശേഷി സൗഹൃദം ആക്കുന്നതിനുള്ള നടപടിക്ക് തുടക്കം കുറിച്ചു. ആദ്യഘട്ടത്തിൽ നൂറോളം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി.

വേളി ടൂറിസ്റ്റ് വില്ലേജ് ചുറ്റി കാണാൻ സഞ്ചാരികൾക്ക് സൗകര്യമൊരുക്കുന്ന ട്രെയിൻ സർവീസ് കേരളത്തിൽ ആദ്യമായി ആരംഭിക്കാൻ 10 കോടി രൂപയുടെ പദ്ധതി പൂർത്തിയാക്കി. വേളി ടൂറിസ്റ്റ് വില്ലേജിന്റെ സമഗ്രവികസനത്തിനായി 20 വർഷം മുൻപ് ഏറ്റെടുത്ത ഭൂമിയിൽ ആദ്യമായി കൺവെൻഷൻ സെന്റർ, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, ഇക്കോ പാർക്ക്, അർബൻ പാർക്ക് എന്നിവ ആരംഭിക്കാൻ 34 കോടി രൂപയുടെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. തെന്മല ഇക്കോ-ടൂറിസം പദ്ധതി കൂടുതൽ ആകർഷകമാക്കാൻ 5 കോടി രൂപ മുടക്കി ലൈറ്റ് & സൗണ്ട് ഷോ പദ്ധതി നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി സഞ്ചാരികൾക്കായി തുറന്നു കൊടുത്തു. തിരുവനന്തപുരം ജില്ലയിലെ പ്രമുഖ ടൂറിസം കേന്ദ്രങ്ങളായ കോവളം, ശംഖുമുഖം, ആക്കുളം, വർക്കല, എന്നിവിടങ്ങളിൽ 60 കോടി രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിച്ചു.

തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരം സംരക്ഷിക്കുന്നതിനും, സഞ്ചാരികൾക്കായി ഡിജിറ്റൽ മ്യൂസിയം സ്ഥാപിക്കുന്നതിനുമായി 10 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകി നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. വെള്ളാർ ക്രാഫ്റ്റ് വില്ലേജ് സർഗാലയ മാതൃകയിൽ നവീകരിച്ചു. ശ്രീനാരായണഗുരുവിന്റെ ജന്മസ്ഥലമായ ചെമ്പഴന്തി ഗുരുകുലത്തിൽ ശ്രീനാരായണ ഗുരുവിന്റെ ജീവിത ചരിത്രവും ദർശനവും സഞ്ചാരികൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു കൺവെൻഷൻ സെന്ററും ഡിജിറ്റൽ മ്യൂസിയം നിർമ്മാണത്തിനുമായി ആദ്യഘട്ടം 10 കോടി രൂപ അനുവദിച്ചു. നിർമ്മാണ പ്രവൃത്തി ത്വരിതഗതിയിൽ നടന്നു വരുന്നു. ഗുരുവായൂരിൽ 24 കോടി രൂപ ചെലവഴിച്ച് 56 മുറികളുള്ള പുതിയ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. ഒരു വർഷത്തിനുള്ളിൽ പൂർത്തിയാകും. തിരുവനന്തപുരത്ത് പത്മനാഭസ്വാമിക്ഷേത്ര പരിസരം ആകർഷകമാക്കാൻ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ 100 കോടി രൂപയുടെ സ്വദേശി ദർശൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചു. മലബാർ, മലനാട് റിവർ ക്രൂയിസ് പ്രോജക്റ്റിന് സംസ്ഥാന ഗവൺമെന്റ് 50 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും 15 ലധികം ബോട്ട് ടെർമിനലുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയും വരുന്നു. 325 കോടി രൂപ ചെലവ് വരുന്ന മലബാർ, മലനാട് റിവർ ക്രൂയിസ് പ്രോജക്റ്റ് മലബാറിന്റെ ടൂറിസം സാധ്യതകൾ വർദ്ധിപ്പിക്കും. ആലപ്പുഴ, തലശ്ശേരി, പൊന്നാനി എന്നീ കേരളത്തിലെ പഴയ പുരാതന വ്യാപാര കേന്ദ്രങ്ങളിൽ പൈതൃക സംരക്ഷണ പദ്ധതി നടപ്പാക്കി വരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലെ പൈതൃക സ്മാരകങ്ങൾ അടിസ്ഥാനമാക്കി പൈതൃക സംരക്ഷണ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.




മാണി സി. കാപ്പൻ

14-ാം കേരള
നിയമസഭയിൽ അംഗം


# തോമസ് ചാണ്ടിയെ അനുസ്മരിക്കുമ്പോൾ



**ഇതുവരെ ലാഭത്തിലാകാത്ത ഈ റിസോർട്ടിൽ 1-ാം തിയതി ആകുമ്പോൾ 200 ഓളം ജീവനക്കാർക്ക് കൃത്യമായി ശമ്പളം കൊടുക്കുമായിരുന്നു. ഇത് അദ്ദേഹത്തിന്റെ തൊഴിലാളി സ്നേഹം ഉയർത്തിക്കാട്ടുന്ന വസ്തുതയാണ്.**

ജീവിതത്തിന്റെ തുടക്കം ഒന്നുമില്ലായ്മയിൽ നിന്നും. ചെറുപ്രായത്തിൽ തന്നെ സ്വന്തം വീട് വിട്ടിറങ്ങേണ്ടിവന്ന സാഹചര്യം. അതു കൊണ്ടുതന്നെ ജനിച്ച സാഹചര്യങ്ങളോടും പ്രാരാബ്ധങ്ങളോടും പ്രതിസന്ധികളോടുമെല്ലാം പൊരുതി മുന്നേറിയ വ്യക്തിത്വം. വ്യക്തമായ ദീർഘവീക്ഷണത്തോടുകൂടി ആഗ്രഹിച്ചതെല്ലാം കൈപ്പിടിയിലൊതുക്കുവാനുള്ള കഠിന പരിശ്രമം. തുടർന്ന് രാഷ്ട്രീയ പൊതു പ്രവർത്തനം. വിദേശത്ത് സ്വന്തം കഠിനാധ്വാനം കൊണ്ട് വ്യവസായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുമ്പോഴും കുട്ടനാട്ടുകാർക്ക് ഏത് സഹായവും അവരുടെ സങ്കടങ്ങൾ ഇറക്കി പറയാനൊരിടം- ഇതായിരുന്നു തോമസ് ചാണ്ടി എന്ന കുട്ടനാട്ടുകാരുടെ ചാണ്ടിസാർ.

ജീവിതത്തിന് പൂർണ്ണ വിരാമമിടുന്ന ഘട്ടത്തിൽ നിയമസഭാ ലൈബ്രറി

അഡ്വൈസറി കമ്മിറ്റിയുടെ ചെയർമാനായിരുന്ന തോമസ് ചാണ്ടി. അതേ ചുമതലയിലാണ് ഞാൻ ഇപ്പോൾ പ്രവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ സഹോദരതുല്യനായ ആ വലിയ മനുഷ്യസ്നേഹിയുടെ ഓർമ്മകൾ ഞാൻ നിങ്ങൾക്കൊപ്പം പങ്കുവയ്ക്കുന്നു.

തോമസ് ചാണ്ടി, പി.സി.തോമസിന്റെയും ഏലിയാമ്മ തോമസിന്റെയും മകനായി 1947 ആഗസ്റ്റ് 29 ന് ആലപ്പുഴ ജില്ലയിലെ ചേന്നങ്കരിയിൽ ജനിച്ചു. ഇന്ത്യയിലെ അറിയപ്പെടുന്ന വ്യവസായിയായിമാറിയ അദ്ദേഹം തന്റെ രാഷ്ട്രീയ പൊതു ജീവിതം ആരംഭിക്കുന്നത് കെ.എസ്.യു വിലൂടെയാണ്. പത്താം ക്ലാസ് വിദ്യാഭ്യാസവും ടെലി പ്രിന്റിംഗും പഠിച്ച ശേഷം യൂത്ത് കോൺഗ്രസ്സ് രാഷ്ട്രീയവുമായി നടന്നിരുന്നപ്പോഴാണ് ജോലി അന്വേഷിച്ച് ഗൾഫിലേക്ക് വിമാനം കയറിയത്. ഒരു അമേരിക്കൻ കപ്പലിൽ സ്റ്റോറിന്റെ ചുമതലയുമായി ഗൾഫിൽ ജോലി തുടങ്ങിയ തോമസ് ചാണ്ടി 5 മാസം കൊണ്ട് ആ പണി മതിയാക്കി കുവൈറ്റിലെത്തി. അവിടെ അസോസിയേഷൻ ഓഫ് ഗൾഫ് കോൺഗ്രസ്സ് എന്നൊരു സംഘടന ഉണ്ടാക്കി. ഇത് അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിന്റെ ഒരു വഴിത്തിരിവായിരുന്നു. അങ്ങനെ അവിടെ വച്ചാണ് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കെ.കരുണാകരനുമായി നല്ല ബന്ധം ഉണ്ടാകുന്നത്.

1980 കളിലാണ് അദ്ദേഹം കുവൈറ്റിൽ സ്കൂൾ തുടങ്ങുന്നത്. കുവൈറ്റ് യുദ്ധം വന്ന് എല്ലാം നശിച്ച സമയത്ത് വെറും കൈയ്യോടെ നാട്ടിലേക്ക് മടങ്ങി. കുവൈറ്റ് യുദ്ധ സമയത്ത് ഇന്ത്യാക്കാരുടെ പ്രത്യേകിച്ച് മലയാളികളുടെ ആവശ്യങ്ങൾ വിവിധ അധികാര കേന്ദ്രങ്ങളിലെത്തിച്ച് പരിഹാരം കാണാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

കുവൈറ്റ് യുദ്ധം അവസാനിച്ച് കഴിഞ്ഞ് വീണ്ടും കുവൈറ്റിലേക്ക് മടങ്ങി എത്തിയ അദ്ദേഹം സ്കൂളുകൾ, സൂപ്പർ മാർക്കറ്റ്, റസ്റ്റോറന്റ് തുടങ്ങിയ സ്ഥാപനങ്ങൾ തുടങ്ങുകയും അവയെല്ലാം വിജയകരമായി നടത്തിക്കുകയും ചെയ്തു. കുവൈറ്റിലെ യുണൈറ്റഡ് ഇന്ത്യൻ സ്കൂൾ, ഇന്ത്യൻ പബ്ലിക് സ്കൂൾ, ഇന്ത്യൻ സെൻട്രൽ സ്കൂൾ എന്നീ സ്കൂളുകളുടെ ചെയർമാൻ ആയിരുന്നു. റിയാദിലും സൗദി അറേബ്യയിലും അൽ ആലിയ ഇന്റർനാഷണൽ സ്കൂൾ നടത്തിയിരുന്നു. ഒപ്പം നാട്ടിലും ഹോട്ടൽ വ്യവസായത്തിലേക്ക് കടന്നു. ആലപ്പുഴയിൽ ലേക്ക്പാലസ് റിസോർട്ട് ആരംഭിച്ചു. ഇതുവരെ ലാഭത്തിലാകാത്ത ഈ റിസോർട്ടിൽ 1-ാം തീയതി ആകുമ്പോൾ 200 ഓളം ജീവനക്കാർക്ക് കൃത്യമായി ശമ്പളം കൊടുക്കുമായിരുന്നു. ഇത് അദ്ദേഹത്തിന്റെ തൊഴിലാളി സ്നേഹം ഉയർത്തിക്കാട്ടുന്ന വസ്തുതയാണ്.

രാഷ്ട്രീയത്തിൽ സജീവമായിരുന്ന സമയത്ത് 2006, 2011, 2016 എന്നീ വർഷങ്ങളിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽ നിന്നും തോമസ് ചാണ്ടി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 2006 ൽ DIC (K) എന്ന പാർട്ടിയെ ആയിരുന്നു അദ്ദേഹം പ്രതിനിധാനം ചെയ്തത്. DIC(K) എല്ലായിടത്തും പരാജയപ്പെട്ടപ്പോൾ കുട്ടനാട്ടിൽ മാത്രമാണ് വിജയം കൈവരിച്ചത്. ഇത് വ്യക്തിപരമായ നേട്ടമായി ഞാൻ കാണുന്നു. എന്നാൽ 2011 ൽ DIC പാർട്ടി NCP യിൽ ലയിച്ചു. 2016 ലെ പതിനാലാം കേരള നിയമസഭയിലേക്ക് ജയിച്ചുവന്ന തോമസ് ചാണ്ടി 01.04.2017 ൽ ഗതാഗത വകുപ്പുമന്ത്രിയായി. എന്നാൽ കുട്ടനാട്ടിലെ തന്റെ സ്ഥാപനത്തിന്റെ പേരിലുയർന്ന കഴമ്പില്ലാത്ത ആരോപണങ്ങളെ മറികടക്കാൻ സത്യസന്ധനായ അദ്ദേഹത്തിന് കഴിഞ്ഞില്ല. അങ്ങനെ 15.11.2017 ൽ അദ്ദേഹം തന്റെ മന്ത്രി സ്ഥാനം രാജി വച്ചു.

രാഷ്ട്രീയവും വ്യവസായവും മാത്രമല്ല, സ്വന്തമായി പണം മുടക്കിയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളായിരുന്നു തോമസ് ചാണ്ടിയെ എപ്പോഴും വേറിട്ട് നിർത്തിയ വ്യക്തിയാക്കിയത്. അദ്ദേഹം തന്റെ സ്വന്തം 'മാറിദ് പള്ളി ചാരിറ്റബിൾ സൊസൈറ്റി' യിലൂടെയാണ് സാമൂഹിക സേവനത്തിൽ സജീവമായത്. കുട്ടനാട്ടുകാർക്ക് കുടിവെള്ളത്തിന് വേണ്ടി സ്ഥലം ഏറ്റെടുപ്പ് പ്രക്രിയക്ക് കാലതാമസം വന്നപ്പോൾ സ്വന്തം കീശയിൽ നിന്നും പണം മുടക്കി സ്ഥലം വാങ്ങി സർക്കാരിന് നൽകി കുട്ടനാട്ടുകാർക്ക് കുടിവെള്ളം എത്തിച്ചുകൊടുത്തു. പ്രളയമുൾപ്പെടെയുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ കുട്ടനാട്ടുകാർക്കൊപ്പം നിന്ന് അവരുടെ കണ്ണീരൊപ്പി. കുവൈറ്റിലെ ആശുപത്രികളിൽ ജോലി വാഗ്ദാനം ചെയ്ത് കബളിപ്പിക്കപ്പെട്ട നഴ്സുമാരുടെ പുനരധിവാസത്തിനായി അദ്ദേഹം ഒട്ടേറെ ശ്രമങ്ങൾ നടത്തി. കുട്ടനാട്ടിലെ കായൽ ടൂറിസത്തിന് മുതൽ മുടക്കാൻ ധൈര്യം കാണിച്ച് അതിലൂടെ നിരവധി ആളുകൾക്ക് ഉപജീവനമാർഗ്ഗമാക്കി. തികഞ്ഞ ഒരു മനുഷ്യസ്നേഹിയാണ് തോമസ് ചാണ്ടി എന്നത് നിസ്സംശയം പറയാവുന്നതാണ്.

കർഷക കുടുംബത്തിൽ ജനിച്ച തോമസ് ചാണ്ടി ചേന്നങ്കരിക്കാരുടെ ചാണ്ടിസാറായി മാറിയത് സ്വപ്രയത്നം കൊണ്ടാണ്. അദ്ദേഹത്തെ അവസാനം കീഴ്പ്പെടുത്തിയത് അർബുദരോഗമാണ്. മുൻപ് രണ്ട് തവണയും രോഗവിമുക്തി നേടിയ അദ്ദേഹത്തെ മൂന്നാമത്തെ തവണ രോഗം കീഴ്പ്പെടുത്തി. 2019 ഡിസംബർ 20 ന് തോമസ് ചാണ്ടിയെന്ന മനുഷ്യസ്നേഹി ഈ ലോകത്തോട് വിട പറഞ്ഞു.

ഇത് കുട്ടനാട്ടുകാർക്ക് രാഷ്ട്രീയ ജാതി മത വ്യത്യാസമില്ലാതെ തീരാ ദുഃഖമായി മാറി. എന്നാലും ഈ വലിയ മനുഷ്യൻ കുട്ടനാട്ടുകാരുടെ ഓർമ്മകളിലൂടെ ജീവിക്കും.

ഞാൻ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതാവ് എന്നതിലുപരി മനുഷ്യസ്നേഹിയായ ഒരു ജനനേതാവിന്റെ തീരാനഷ്ടമാണ് അദ്ദേഹത്തിന്റെ നിര്യാണത്തിലൂടെ മലയാളികൾക്ക് സംഭവിച്ചത്.




**കെ. കുട്ടി അഹമ്മദ് കുട്ടി**

9,10,11,12 കേരള നിയമസഭകളിൽ അംഗം 2004-2006 വർഷത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി


# വികസനത്തിന്റെ അർത്ഥ തലങ്ങൾ

വികസനം ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. ലോകത്തെമ്പാടുമുള്ള രാജ്യങ്ങളിലെ ഭരണകൂടങ്ങളുടെ ലക്ഷ്യം വികസനമാണ്. ഇതിനായി ഭീമമായ സംഖ്യ എല്ലാ ഗവൺമെന്റുകളും ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായുണ്ടായ സാമ്പത്തിക വളർച്ചയുടെ പേരിൽ അവരെല്ലാവരും ഊറ്റം കൊള്ളാറുണ്ട്. എന്നാൽ നാളിതുവരെ സമത്വാധിഷ്ഠിത വളർച്ച ഒരിടത്തും ഉണ്ടായിട്ടില്ല. ആർക്കാണോ വികസനത്തിന്റെ പ്രയോജനം ലഭിക്കേണ്ടത് അവർക്കൊന്നും തന്നെ വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ല. വംശത്തിന്റെ, വർണ്ണത്തിന്റെ, ജാതിയുടെ പേരിൽ അസ്പൃശ്യരും അടിച്ചമർത്തപ്പെട്ടവരുമായ വ്യത്യസ്ത ജനവിഭാഗങ്ങളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങളെന്തെങ്കിലുമുണ്ടാവുകയോ, അവരുടെ മോചനത്തിന് വഴിയൊരുങ്ങുകയോ വികസനത്തിന്റെ ഫലമായി ഉണ്ടായിട്ടില്ല. ഒരു ന്യൂനപക്ഷത്തിന് മാത്രമേ എന്തെങ്കിലും പ്രയോജനം ലഭിച്ചതായി കാണുന്നുള്ളൂ. സാമൂഹ്യനീതി

**കഷ്ടപ്പാടും ദുരിതങ്ങളും ഇല്ലാതെ എല്ലാവർക്കും ജീവിക്കാൻ കഴിയുക, പരിസ്ഥിതിനാശം ഇല്ലാതിരിക്കുക, സർവ്വോപരി ജനാധിപത്യ അവകാശവും മനുഷ്യാവകാശവും സ്വാതന്ത്ര്യവും പൂർണ്ണാർത്ഥത്തിൽ ജനങ്ങൾക്ക് അനുഭവവേദ്യമാവുക ഇതൊക്കെയായിരിക്കണം വികസനത്തിന്റെ ലക്ഷ്യങ്ങൾ.**



നിഷേധത്തിന്റെയും അധാർമ്മികതയുടെയും ദൃഷ്ടാന്തങ്ങളാണ് വികസനത്തിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന് പറയാവുന്നതാണ്

വിഭവങ്ങൾ നീതിയുക്തമായി വിതരണം ചെയ്യുക, ചൂഷണവും അടിച്ചമർത്തലും ഇല്ലാതിരിക്കുക, ആരോഗ്യ വിദ്യാഭ്യാസ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാവുക, സൗജന്യമായി ജീവിക്കാൻ ആവശ്യമായ വരുമാനം എല്ലാവർക്കും ലഭ്യമാവുക, കഷ്ടപ്പാടും ദുരിതങ്ങളും ഇല്ലാതെ എല്ലാവർക്കും ജീവിക്കാൻ കഴിയുക, പരിസ്ഥിതിനാശം ഇല്ലാതിരിക്കുക, സർവ്വോപരി ജനാധിപത്യ അവകാശവും മനുഷ്യാവകാശവും സ്വാതന്ത്ര്യവും പൂർണ്ണാർത്ഥത്തിൽ ജനങ്ങൾക്ക് അനുഭവവേദ്യമാവുക ഇതൊക്കെയായിരിക്കണം വികസനത്തിന്റെ ലക്ഷ്യങ്ങൾ. മുതലാളിത്തവും അതിന്റെ ഇന്നത്തെ പ്രത്യക്ഷരൂപമായ നവ ലിബറലിസവും അടിച്ചേൽപ്പിച്ച വികസന വീക്ഷണമാണ് ഇന്ന് ലോകത്തിന്റെ മുമ്പാകെയുള്ളത്. ആ വീക്ഷണമനുസരിച്ച് പരിധിയില്ലാത്ത സാമ്പത്തിക വളർച്ച സാധ്യമാക്കുക എന്നതാണ് വികസനം. വ്യവസായ വിപ്ലവത്തിന് ശേഷമുണ്ടായ ശാസ്ത്ര സാങ്കേതികവിദ്യാ രംഗത്തെ കുതിച്ച് ചാട്ടത്തിന് ശേഷമാണ് ഈയൊരു കാഴ്ചപ്പാട് ഉരുത്തിരിഞ്ഞു വന്നത്. നൂതന സാങ്കേതികത ഉപയോഗിച്ച് പ്രകൃതി വിഭവങ്ങൾ കവർന്നെടുത്തും പരിസ്ഥിതി നശിപ്പിച്ചും ഉണ്ടാക്കുന്ന സാമ്പത്തിക വളർച്ച മനുഷ്യ രാശിയുടെ ഭാവി സുരക്ഷിതമാക്കുന്നില്ലെന്നും ചെറിയൊരു വിഭാഗത്തിന്റെ ആർത്തി പൂരണത്തിനും



ഉല്ലാസ ജീവിതത്തിനും മാത്രമേയുതകുമെന്നും വളരെ വൈകിയാണ് നമുക്ക് ബോധ്യമുണ്ടാകുന്നത്. മുതലാളിത്തവും കോർപ്പറേറ്റുകളും താലോലിക്കുന്ന വീക്ഷണമനുസരിച്ച് വികസനമെന്നാൽ ജി.ഡി.പി യിലെ വർദ്ധനവ് സാമ്പത്തിക വളർച്ച വൻകിട അണക്കെട്ടുകൾ (അണക്കെട്ടുകൾ കാർഷിക ജലസേചനത്തിനും, വൈദ്യുതിയുല്പാദനത്തിനുമൊക്കെ ഉപകാരപ്പെടുന്നവയാണെങ്കിലും അതുണ്ടാക്കുന്ന പരിസ്ഥിതി ആഘാതവും അനേകായിരം സസ്യജാലങ്ങളുടെ നാശവും അനേകായിരം മനുഷ്യർ കുടിയിറക്കപ്പെട്ട ദുരന്തങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ മുമ്പ് നൽകിയിരുന്ന പ്രാധാന്യം ഇന്ന് അവയ്ക്ക് നൽകാനാവില്ല) ആകാശംമുട്ടെയുയർന്ന് നിൽക്കുന്ന കെട്ടിടങ്ങൾ, വീതിയേറിയ രാജപാതകൾ, അതിലൂടെയൊഴുകുന്ന ലക്ഷ്വറി കാറുകൾ, അമിതമായ നഗരവത്കരണം, വിപണിയിലെ ഉപഭോഗവസ്തുക്കളുടെ-ആഢംബര വസ്തുക്കളുടെ സമൃദ്ധി, ഇവയൊക്കെയാണ്. ചുരുക്കിപ്പറഞ്ഞാൽ സമ്പന്നരുടെ ജീവിതം ഉത്സവമായി ആഘോഷിക്കാൻ ആവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കൽ ആയിത്തീരുകയാണ് വികസനം. പാർശ്വവത്ക്കരിക്കപ്പെടുന്നവർക്ക് ഒന്നും നൽകാത്ത ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കാത്ത ഒന്നായി മാറുകയാണോ വികസനം?

വികസനം എന്ന ആശയം ദുർവ്യാഖ്യാനം ചെയ്യപ്പെടുകയും തെറ്റായ രീതിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്. പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ എ.ഒ ഹിർഷ്മാൻ പറയുന്നത് Methodological Problem ആണ് ഇതിന്റെ അടിസ്ഥാന കാരണമെന്നാണ്. വിഷയത്തിന്റെ ആഴവും പരപ്പും മനസ്സിലാക്കാതെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്താതെ വികസനം നടപ്പാക്കുന്ന ഭരണാധികാരി വർഗ്ഗത്തിന്റെ വിശ്വാസവും സമീപനവും അനുസരിച്ചാണ് വികസനം നടപ്പാക്കി വന്നത്. വികസനത്തിന്റെ പേരിൽ വന്നിട്ടുള്ള എല്ലാ നയസമീപനങ്ങളും വ്യവസായ വത്ക്കരണത്തെ കേന്ദ്രീകരിച്ച വയും അവ പ്രത്യക്ഷമായോ പരോക്ഷമായോ ധനികർക്ക് പ്രയോജനപ്പെടുന്നതായി തീരുകയും ചെയ്തു. അതിനാൽ വികസനം ഒരു വിഭാഗത്തിന്റെ മാത്രം വികസനമായി പരിമിതപ്പെട്ടു. വികസനത്തിന്റെ അടിസ്ഥാന മൂല്യ പ്രമാണമാകേണ്ട ഇല്യത (Equality) കൊല ചെയ്യപ്പെട്ടു. ഭൂഖണ്ഡങ്ങളും രാജ്യങ്ങളും ഭേദമന്യേ അസമത്വം എല്ലായിടത്തും വ്യാപിക്കാൻ കാരണമാവുകയും വികസനം എന്നത് ഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് സ്വപ്നമായി അവശേഷിക്കുകയും ചെയ്തു. ലോകം സാക്ഷ്യം വഹിച്ച സാമ്പത്തിക നയങ്ങളിൽ ഭൂരിപക്ഷവും ധനിക വർഗ്ഗത്തിന് പ്രയോജനപ്പെടുന്ന ദേശീയ വരുമാനം മൊത്ത വരുമാനം എന്നിവയെ പരിപോഷിപ്പിക്കുന്നവയായിരുന്നു. ദരിദ്രരായ ജനങ്ങളുടെ ആവശ്യങ്ങൾ ഇവിടെ പരിഗണിക്കപ്പെട്ടില്ല. ഇവിടെയാണ് എന്താണ് വികസനം എന്തായിരിക്കണം വികസനം എന്നീ ചോദ്യങ്ങൾക്കുത്തരം കാണേണ്ടത്.

ലോക പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനും നോബൽ ജേതാവുമായ അമർത്യാസെൻ വികസനവുമായി ബന്ധപ്പെട്ട് ഉത്തരം ലഭിക്കേണ്ടത് താഴെ പറയുന്ന ചോദ്യങ്ങൾക്കാണ് എന്ന് പറയുന്നുണ്ട്.

- വികസനം മൂലം മനുഷ്യന്റെ ആയുർദൈർഘ്യം വർദ്ധിച്ചോ
- വികസനം മൂലം ജനതയുടെ രോഗപ്രതിരോധ ശേഷി വർദ്ധിച്ച് സാംക്രമിക രോഗങ്ങളുടെ നിരക്ക് കുറഞ്ഞോ
- വികസനം മൂലം പോഷകാഹാര ലഭ്യത വർദ്ധിച്ചോ
- 4. വികസനം മൂലം സാക്ഷരതയൊപ്പം എഴുതാനും വായിക്കാനും ആശയ വിനിമയം നടത്താനും അതോടൊപ്പം ജീവിക്കാനാവശ്യമായ വരുമാനം നേടാനും വ്യക്തികൾക്ക് കഴിഞ്ഞോ
- നയങ്ങൾ വ്യക്തികളുടെയും സമൂഹത്തിലെല്ലാവരുടെയും ക്ഷേമത്തിനുതകുന്നതാണോ.

വികസന നയം വിലയിരുത്തപ്പെടേണ്ടത് ഈ അടിസ്ഥാനത്തിലായിരിക്കണം. ഇവിടെയാണ് റാൾസിന്റെ (John Rawl) വീക്ഷണം പ്രസക്തമാകുന്നത്. റാൾസിന്റെ വികസന നയം നീതിയുടെ പരിപ്രേക്ഷ്യം (Rawl's concept of Justice) എന്നാണറിയപ്പെടുന്നത്. ഒരു നയം നല്ലതാകണമെങ്കിൽ ആ നയത്തിന്റെ ഫലങ്ങൾ നല്ലതും എല്ലാവർക്കും ലഭ്യമാകുന്നതും ആവണം. ഭൂരിപക്ഷം വരുന്ന അധഃസ്ഥിതരുടെ ജീവിതസ്ഥിതിയെ വികസനമാകുന്ന ഏണിയുടെ താഴത്തെപടിയിൽ നിന്നും ഏറ്റവും ഉയർന്ന പടിയിലേക്ക് എത്തിക്കണം (From the lower rungs to the higher rungs of development ladder)

എന്നാൽ ആധുനിക സാമ്പത്തിക വികസന നയങ്ങൾ ഇതിൽ നിന്ന് എത്രയോ അകലെയാണെന്ന് വിഖ്യാതരായ പല സാമ്പത്തിക ശാസ്ത്രജ്ഞരാരും തെളിവുകൾ സഹിതം വിശദമാക്കിയിട്ടുണ്ട്. അവയിൽ ഏറ്റവും പ്രമുഖനായ സാമ്പത്തിക വിദഗ്ധനാണ് നോബൽ ജേതാവായ സ്റ്റിഗ്ലിറ്റ്സ്. അദ്ദേഹം ഉപയോഗിക്കുന്ന ഒരു പ്രയോഗമാണ് ഒരു ശതമാനവും തൊണ്ണൂറ്റൊമ്പത് ശതമാനവും എന്നത്. ഇതിൽ ഒരു ശതമാനം അമേരിക്കയിലെ വമ്പൻ കോർപ്പറേറ്റ് ഭീമന്മാരെ പ്രതിനിധീകരിക്കുമ്പോൾ 99 ശതമാനമെന്നത് ഭൂരിപക്ഷം വരുന്ന സാധാരണക്കാരെയാണ് പ്രതിനിധീകരിക്കുന്നത്. കൗൺസിൽ ഓഫ് എക്കണോമിക്സ് അഡ്വൈസേഴ്സ് (അമേരിക്ക) ചെയർമാൻ ലോക ബാങ്കിന്റെ മുഖ്യ സാമ്പത്തിക ശാസ്ത്രജ്ഞൻ സീനിയർ വൈസ് പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ച അനുഭവത്തിൽ നിന്നും അദ്ദേഹം വിവരിക്കുന്നത് ഏത് സാമ്പത്തിക നയങ്ങളായാലും അവയുടെ രൂപീകരണത്തിന് മുമ്പ് തന്നെ ആ നയത്തെപ്പറ്റിയുള്ള അഭിപ്രായങ്ങൾ ഒരു ശതമാനത്തിൽ നിന്നും തേടും. അതനുസരിച്ച് രൂപപ്പെടുന്ന നയങ്ങൾ 99 ശതമാനത്തിന്റെ ആഗ്രഹങ്ങൾക്കും ആവശ്യങ്ങൾക്കും ഉപകാരപ്രദമായിരിക്കില്ല. മനുഷ്യ കേന്ദ്രീകൃതവും തുല്യതയിൽ ഊന്നിയുള്ളതുമായ നയങ്ങൾ എങ്ങനെ രൂപപ്പെടുത്താമെന്ന ചിന്തയിൽ നിന്നേ വികസനത്തിന്റെ യഥാർത്ഥപാത തിരിച്ചറിയാൻ കഴിയൂ.

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ലോകത്തിലെ സ്ഥിതിഗതികളാകെ മാറി. തകർന്നടിഞ്ഞ യൂറോപ്പും കൊളോണിയൽ വാഴ്ചയിൽ നിന്ന് മോചിതരായ ഏഷ്യൻ, ആഫ്രിക്കൻ,ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ പട്ടിണിയും ലോകത്തിന് മുമ്പിൽ വലിയൊരു ഭീഷണിയായി നിലകൊണ്ടു. യൂറോപ്പിന്റെ പുനർ നിർമ്മാണത്തിനായിരുന്നു അമേരിക്ക പ്രധാനമായും ലക്ഷ്യമിട്ടത്. പട്ടിണിയിലായ രാജ്യങ്ങളുടെ പ്രശ്നങ്ങൾക്ക് അന്താരാഷ്ട്ര നാണയനിധിയും (IMF) ലോകബാങ്കും



വകയിരുത്തിയ ഫണ്ട് പോലും യൂറോപ്പിന്റെ പുനർ നിർമ്മാണത്തിനായി മാറ്റപ്പെട്ടു. അമേരിക്കയുടെയും സഖ്യകക്ഷികളുടെയും പ്രഥമ പരിഗണന യൂറോപ്പിന്റെ പുനർ നിർമ്മാണമായിരുന്നു.

അർട്ടുറോ എസ്കോബറിന്റെ 'ENCOUNTERING DEVELOPMENT: THE MAKING AND UNMAKING OF THE THIRD WORLD' എന്ന കൃതി തുടക്കത്തിൽ ഉണ്ടായിരുന്ന വികസനത്തിന്റെ അടിസ്ഥാന ലക്ഷ്യത്തിൽ നിന്ന് എത്രത്തോളം വ്യതിചലിച്ചുവെന്നും, അനന്തര ഫലമായി വികസന നയം വികലമാകുന്നതും വികലമായ വികസന നയങ്ങൾ മൂന്നാം ലോക രാജ്യങ്ങളുടെ വികസന രാഹിത്യത്തിന് കാരണമാകുന്നതും വളരെ വിശദമായി വിവരിക്കുന്നുണ്ട്. മാത്രമല്ല വികസനം എല്ലായിടത്തും എത്തണമെങ്കിൽ സാമ്പത്തിക, സാംസ്കാരിക രാഷ്ട്രീയ മേഖലകളിലെ ആഗോള പക്ഷപാതിത്വങ്ങൾ ഇല്ലാതാകണമെന്ന് അദ്ദേഹം പറഞ്ഞുറപ്പിക്കുന്നു.

രണ്ടാം ലോക മഹായുദ്ധകാല ശേഷമാണ് വികസനാധിഷ്ഠിത സമ്പദ് വ്യവസ്ഥക്ക് ഏറ്റവും കൂടുതൽ പ്രാധാന്യം ലഭിക്കുന്നത്. ഇതിനെ തുടർന്നാണ് Development Economics സാമ്പത്തിക ശാസ്ത്രത്തിൽ ഒരു വിഷയമായി ആരംഭിച്ചത്.



അർട്ടുറോ എസ്കോബാറിന്റെ കൃതിയിൽ 1949 ജനുവരി 20 ൽ അമേരിക്കൻ പ്രസിഡന്റായിരുന്ന ഹാരിട്രൂമാൻ നടത്തിയ പ്രസംഗം പരാമർശ വിധേയമാവുന്നുണ്ട്. ഹാരിട്രൂമാന്റെ പ്രസംഗഭാഗം കൃതിയിൽ ഉദ്ധരിക്കുന്നുണ്ട്. മാന്യതയുള്ള ഒരു കരാർ (A Fair Deed) ആഗോളതലത്തിൽ അത്യന്താപേക്ഷിതമാണ്. ഈ സമീപനം മുന്നോട്ട് വെക്കുന്നത് സാമ്പത്തിക സ്ഥിതിയിൽ വളരെ മുന്നോട്ട് നിൽക്കുന്ന ഒരു രാജ്യത്തിന്റെ അധിപൻ തന്നെ ഈ ആശയത്തിൽ വലിയ സ്വീകാര്യത ലഭിച്ചു.

അദ്ദേഹം പറഞ്ഞത് ലോകത്തിലെ പകുതിയിലേറെപ്പേരുള്ള ജനവിഭാഗം പട്ടിണിയിലാണ്. ഭക്ഷണ ദൗർലഭ്യത്തെ പോലെ ഭയാനകമാണ് അവരിലെ അസുഖത്തിന്റെ വ്യാപ്തിയും. ഈ ജനതയിലെ ദാരിദ്ര്യം ലോകസമൂഹത്തിന്റെ മുന്നിൽ ഒരു അംഗവൈകല്യം മാത്രമല്ല അവർക്കും നമ്മൾക്കും അതൊരു ഭീഷണിയും കൂടിയാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. ഈ ഭീഷണി മറികടക്കാൻ സാധിക്കുന്നത് അവർക്ക് മാന്യമായ ഒരു ജീവിതം നയിക്കാനുള്ള അവസ്ഥ ലഭ്യമാക്കുക വഴി മാത്രമാണ്. ഇത് സാധ്യമാക്കുക ജനാധിപത്യമാർഗ്ഗത്തിൽ നാം ഒരു മാന്യമായ വ്യവസ്ഥ (a democratic fair deal) പാലിക്കുമ്പോഴാണ്. അതിനായി അത്യാധുനിക ശാസ്ത്ര-സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉത്പാദനം വർദ്ധിപ്പിക്കുകയും, ഈ ഉത്പ്പന്നങ്ങളും ഉയർന്ന ശാസ്ത്ര സാങ്കേതിക വിദ്യകൾ അവരിലേക്ക് പങ്ക് വെച്ച് നൽകുമ്പോഴാണ്. അതിനായാണ് നാം വികസനം എന്ന ആശയത്തെ ചിട്ടപ്പെടുത്തേണ്ടത്.

വികസിത രാഷ്ട്രങ്ങൾ കരഗതമായിരിക്കുന്ന വമ്പിച്ച വ്യവസായ വത്കരണം,നഗരവത്കരണം, കാർഷിക സാങ്കേതിക വിദ്യകൾ, ഭൗതിക ഉത്പ്പാദന ശേഷിയിലുള്ള വർദ്ധനവ്, അത്യാധുനിക വിദ്യാഭ്യാസവും, സാംസ്കാരിക ത്വരിതപ്പെടുത്തലുമൊക്കെ ആഗോള തലത്തിൽ ലഭ്യമാക്കണമെങ്കിൽ ഒരു വിപ്ലവം തന്നെ ആവശ്യമായി വരും. ഇതേ സമയത്ത് തന്നെ ഐക്യരാഷ്ട്ര സംഘടന വിളിച്ച് ചേർത്ത ഒരു വിദഗ്ദ്ധരുടെ സമിതി (An Expert Group) തയ്യാറാക്കിയ' For the Economic Development of the Under Development Countries' റിപ്പോർട്ടിൽ പറയുന്നത്. കഠിനമായ പ്രയാസങ്ങൾ സഹിച്ചല്ലാതെ പരിപൂർണ്ണമായ ഒരു സാമ്പത്തിക പരിണാമം സാധ്യമല്ല. അതിനായി പൗരാണിക തത്വശാസ്ത്രങ്ങൾ വലിച്ച് കീറേണ്ടി വരും. കാലഹരണപ്പെട്ട സാമൂഹിക വ്യവസ്ഥകൾ തച്ചുടക്കേണ്ടി വരും, മത-ജാതി-വർഗ്ഗ-വർണ്ണ വിവേചനങ്ങൾ പൊളിച്ചെഴുതേണ്ടി വരും. വികസനത്തിന് വിധേയമാകുന്ന മേഖലകളിലെ ഉയർന്ന ജീവിതം നയിക്കുന്നവർക്ക് ചെറുതായെങ്കിലും കുറച്ച് ത്യജിക്കേണ്ടി വരും. (ഐക്യരാഷ്ട്ര സംഘടന, സാമൂഹിക-സാമ്പത്തിക വകുപ്പ് 1951)

വളരെ മനോഹരമായി വിഭാവനം ചെയ്തിരുന്ന ഈ വികസന ലക്ഷ്യങ്ങൾ പ്രയോഗതലത്തിൽ ഒരു പേടി സ്വപ്നമായി മാറി എന്നതാണ് വാസ്തവം. 1950 കളിൽ രൂപപ്പെട്ട നിരവധി സാമ്പത്തിക വികസന തിയറികളിൽ നിന്ന് 1970 കളിൽ ഇത് അടിസ്ഥാന മാനവിക ആവശ്യങ്ങളിലൂന്നിയവയായി മാറി എന്നതാണ് വാസ്തവം. കാരണം മുകളിൽ വിവരിച്ചിരുന്ന രീതി അവലംബിച്ചാൽ സാമ്പത്തിക-ഭൗതിക ജീവിത രീതിയിൽ വരുന്ന മാറ്റം മുന്നിൽ കണ്ടുവരുന്ന ആഗോള ജനസംഖ്യയുടേതാണ് എന്നതാണ്. എന്നാൽ നിരവധിയായ കാരണങ്ങളാൽ മുകളിൽ വിവരിച്ച ലക്ഷ്യങ്ങൾക്ക് കടകവിരുദ്ധമായി വികസന രാഹിത്യവും കടുത്ത ദാരിദ്ര്യവും, ചൂഷണവും അടിച്ചമർത്തലുകളും വർദ്ധിക്കുകയും വികസനം എന്നത് ഒരു മരീചികയായി അവശേഷിക്കുകയും ചെയ്തു.

എന്താണ് വികസന ലക്ഷ്യങ്ങൾകൊണ്ട് ആസൂത്രണം ചെയ്യപ്പെട്ട വികസനം യഥാർത്ഥ വികസനമാകാതിരിക്കുന്നത്?

1949 ജൂലൈ 11 മുതൽ നവംബർ 5 വരെയുള്ള കാലയളവിൽ ഒരു സാമ്പത്തിക ലക്ഷ്യത്തിന്റെ ഭാഗമായി IBRD യുടെ ഒരു സംഘം കൊളംബിയ സന്ദർശിക്കുകയും ആ രാജ്യത്തിനാവശ്യമായി ഒരു സാമ്പത്തിക വികസന പദ്ധതി ആവിഷ്കരിച്ചു. ഈ സംഘത്തിൽ 14 അന്താരാഷ്ട്ര ഉപദേശകന്മാർ ഉണ്ടായിരുന്നു. അവർ ചേർന്ന് ആദ്യമായി 'MULTITUDE OF IMPROVEMENT AND REFORMS' എന്ന പേരിൽ വളരെ ബൃഹത്തായ ഒരു രേഖ അവതരിപ്പിക്കുകയും ചെയ്തു. വികസനത്തെ ആധികാരികമാക്കിയ ആദ്യത്തെ വികസന മാതൃകയായി 1949 World Bank Mission to Columbia എന്നതാണ് ആദ്യമായി ഔദ്യോഗികമായി രൂപപ്പെടുത്തിയ വികസന രേഖ. Multitude of Improvements and Reforms എന്ന റിപ്പോർട്ട് പ്രതിപാദിക്കുന്നത് ഇങ്ങനെയാണ്. വികസനം കൊളോണിവൽക്കരണത്തിൽ നിന്നും മോചനം നേടിയ രാജ്യങ്ങളിൽ നേടിയെടുക്കണമെങ്കിൽ അത് തീർച്ചയും സമഗ്രവും, സ്ഥായിയുമാകേണ്ടതുണ്ട്. അതിന് ചെറിയ തോതിലുള്ള നിക്ഷേപങ്ങൾ നടത്തി ബാഹ്യമായ പുറംമോടി ചമച്ചാൽ സാധിക്കുകയില്ല.


റഗ്നാർ നർക്സ് ചൂണ്ടിക്കാട്ടിയത് പോലെ മറിച്ച് ഇത്തരം രാജ്യങ്ങളിൽ സുസ്ഥിരമായ വികസനം നേടണമെങ്കിൽ ബൃഹത്തായ പദ്ധതികൾ വിഭാവനം ചെയ്യുകയും, ആ വിഭാവനം ചെയ്യുന്ന പദ്ധതികൾ ഭൂരിപക്ഷം വരുന്ന ദരിദ്ര ജനങ്ങളെ ബാധിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യം, ഭവന നിർമ്മാണം, ആഹാരം, ഉൽപ്പാദനക്ഷമത എന്നിവയിൽ അടിസ്ഥാനപ്പെടുത്തി നിലകൊള്ളുന്ന ദാരിദ്ര്യം, അറിവില്ലായ്മ, അനാരോഗ്യം, ഉൽപ്പാദനക്ഷമതയിൽ നിലനിൽക്കുന്ന കുറവ് ഇടങ്ങിയ ദൂഷിത വലയത്തെ ഭേദിക്കാൻ സാധിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ ദൂഷിത വലയത്തെ ഭേദിക്കാൻ ഇത്തരം രാജ്യങ്ങളിൽ മുകളിൽ വിവരിച്ച ഭൂരിപക്ഷം വരുന്ന പാവപ്പെട്ടവരിൽ മാറ്റം വരുത്താൻ സാധിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യം, ഭവന നിർമ്മാണം, ആഹാരം, ഉൽപ്പാദന ക്ഷമത എന്നീ മേഖലയിൽ വൻകിട നിക്ഷേപങ്ങൾ നടത്തണം. അങ്ങനെ നിക്ഷേപം നടത്തിയാൽ ദാരിദ്ര്യത്തിന്റെ ദൂഷിത വലയം ഭേദിക്കപ്പെടും. ഒരിക്കൽ ദാരിദ്ര്യം, അറിവില്ലായ്മ, അനാരോഗ്യം, കുറഞ്ഞ ഉത്പാദന ക്ഷമത എന്നിവയിലൂന്നിയ ദൂഷിത വലയം ഭേദിക്കപ്പെട്ടാൽ പിന്നീട് വികസനം ഈ രാജ്യങ്ങളിൽ സ്വയം നിർമ്മിക്കപ്പെടുന്ന നിർമ്മിതികളാകുകയും ചെയ്യും.

വളരെ രസകരമായ ഒരു വസ്തുതയെന്താണെന്നാൽ മുതലാളിത്ത സമ്പദ് ആശയങ്ങൾക്ക് മേൽക്കോയ്മ ലഭിച്ച് സൃഷ്ടിക്കപ്പെട്ട ലോക ബാങ്കിന് സമർപ്പിച്ച ഈ പ്രശസ്തമായ റിപ്പോർട്ടിൽ കമ്പോള വ്യവസ്ഥയിലൂന്നിയ സ്വമേധയാ നിശ്ചയിക്കപ്പെടുന്ന മൂല്യവ്യവസ്ഥ (MARKET MECHANISM) നീതിപൂർവ്വകമായ സാമ്പത്തിക റിസൾട്ട് ഉണ്ടാക്കിയിട്ടില്ലയെന്ന് പറഞ്ഞിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അവസാന ഖണ്ഡിക അങ്ങനെ തന്നെ ഉദ്ധരിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന തോന്നലിനാൽ അത് അങ്ങനെ തന്നെ വിവരിക്കാം.

കമ്പോള വ്യവസ്ഥയിൽ അധിഷ്ഠിതമായ കമ്പോള ശക്തികൾ നിർണ്ണയിക്കപ്പെടുന്ന മൂല്യ വ്യവസ്ഥ എല്ലാ ജനതക്കും ഒരുപോലെ ക്ഷേമം നൽകില്ലയെന്നത് ആർക്കും നിഷേധിക്കാൻ സാധിക്കാത്ത വസ്തുതയാണ്. ആ സംവിധാനം



കയ്യാളുന്നവൻ കാര്യക്കാരൻ എന്ന ആശയത്തിന്റെ പ്രതിഫലനമാണ്. വികസനം നേടിയെടുക്കാൻ ആത്യന്തികമായി വേണ്ടത് രാജ്യത്തിന്റെ മുകളിൽ പറഞ്ഞ അടിസ്ഥാന മേഖലയിൽ നിലനിൽക്കുന്ന യഥാർത്ഥ അവസ്ഥ ബോധ്യപ്പെടുകയും, അതിനുതകുന്ന ഒരു നയം രൂപപ്പെടുത്തുന്നതിനും, അത് കൃത്യമായി നടപ്പിലാക്കുകയും, കൃത്യമായി മേൽനോട്ടം വഹിക്കുകയും ചെയ്യാൻ സാധിക്കുന്ന ഒരു ആസൂത്രണ സംവിധാനം തയ്യാറാക്കുകയെന്നതാണ്. ഇങ്ങനെ രൂപപ്പെടുത്തുന്ന നയങ്ങൾ അത്യാധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകളെ അടിസ്ഥാനപ്പെടുത്തി നടപ്പിൽ വരുത്തുന്നത് അവയുടെ ചിലവ് ചുരുക്കുന്നതിന് സഹായിക്കും. മാത്രമല്ല രാജ്യത്ത് ലഭ്യമായിട്ടുള്ള പ്രകൃതി വിഭവങ്ങളെ അതിന്റെ പരിപൂർണ്ണതയിൽ ശാസ്ത്രീയമായി ഉപയോഗിക്കപ്പെട്ടാൽ അന്താരാഷ്ട്ര വാണിജ്യ മേഖലയിൽ ഇത്തരം രാഷ്ട്രങ്ങൾക്ക് അനുകൂല സാഹചര്യം ഉണ്ടാക്കാൻ സഹായിക്കും. ഈ അനുകൂല സാഹചര്യം ഉപയോഗപ്പെടുത്തികൊണ്ട് വിദേശ രാജ്യങ്ങളിൽ നിന്നോ, വിദേശ സംഘടനകളുടെ സഹായം വഴിയോ അത്യാധുനിക ഉൽപ്പാദന ഉപകരണങ്ങളും, സാങ്കേതിക വിദ്യയും സ്വായത്തമാക്കാനും ഇവ രാജ്യത്തിന്റെ അവികസിത മേഖലകളെ പരിപോഷിപ്പിക്കാനും സാധിക്കുകയും, വികസനത്തെ സുസ്ഥിര വികസനമാക്കി മാറ്റാനും ഈ മൂന്നാം ലോക രാഷ്ട്രങ്ങൾക്ക് സാധിക്കുകയും ചെയ്യും. കൊളംബിയ എന്ന രാഷ്ട്രം ഈ വിവരിച്ച മാർഗ്ഗത്തിലൂടെ മോക്ഷം (SALVATION) കൈവരിച്ച് രാഷ്ട്രമായി, ഉത്തമ ഉദാഹരണമായി ലോകത്തിന് മുന്നിൽ നിൽക്കുന്നത് കാണേണ്ടതുണ്ട്. (IBRD, 1950, P.615)



എന്നാൽ വിഭാവനം ചെയ്യപ്പെട്ട ഈ വികസന സങ്കല്പങ്ങളെ നിരാശപ്പെടുത്തുന്ന വിധമാണ് മൂന്നാം ലോക രാഷ്ട്രങ്ങൾക്കായുള്ള വികസന നയങ്ങൾ ആവിഷ്കരിക്കപ്പെട്ടത്. അതിനാൽ തന്നെ നിരാശയായിരുന്നു ഫലം. ഇതിന് നിരവധി കാരണങ്ങളുണ്ട് താനും. ആദ്യത്തേത് മൂന്നാം ലോക രാഷ്ട്രങ്ങളോടുള്ള വികസിത രാഷ്ട്രങ്ങളുടെ സമീപനം നയതന്ത്രപരവും രാഷ്ട്രീയ നിലപാടുകൾക്കനുസൃതവുമായിരുന്നുവെന്നതാണ്. മൂന്നാം ലോക രാഷ്ട്രങ്ങൾ എന്ന തരം തിരിവ് തന്നെ രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ആവിർഭവിച്ചതാണ് എന്നതാണ് വസ്തുത. ഇതിനു മുമ്പ് ഇങ്ങനെയൊരു തരംതിരിവില്ലായിരുന്നു. ഇതിൽ ഒന്നാം ലോകം എന്നത് പാശ്ചാത്യ യൂറോപ്യൻ വികസിത രാഷ്ട്രങ്ങളാണ്. രണ്ടാം ലോക രാഷ്ട്രങ്ങളാകട്ടെ കമ്മ്യൂണിസ്റ്റ് വ്യവസായിക ലോക രാഷ്ട്രങ്ങളും. മൂന്നാം ലോക രാഷ്ട്രങ്ങൾ എന്നത് അവികസിത-ദരിദ്ര അവ്യവസായിക രാഷ്ട്രങ്ങളും. ഇതിൽ ആദ്യ ലോകരാഷ്ട്രങ്ങളും, മൂന്നാം ലോക രാഷ്ട്രങ്ങളും തമ്മിൽ പ്രാദേശ-രാഷ്ട്രീയ അടിയൊഴുക്കുകളാൽ സമ്പന്നമായ സമവാക്യങ്ങൾ നിലനിന്നിരുന്നതിനാൽ വികസനം മൂന്നാം ലോക രാഷ്ട്രങ്ങളിൽ സംജാതമാകാൻ ഈ പ്രാദേശ രാഷ്ട്രീയ സമവാക്യങ്ങൾ ശരിയാകേണ്ടതുണ്ടായിരുന്നു. ഒന്നാം ലോക രാഷ്ട്രങ്ങളിലെ നേതൃത്വം വഹിച്ച അമേരിക്കയുടെ പരമപ്രധാനമായ ലക്ഷ്യം യൂറോപ്പിന്റെ പുനരുദ്ധാരണം മാത്രമായിരുന്നുവെന്നതാണ് വസ്തുത. അതിനാൽ തന്നെ ആഫ്രിക്ക, ഏഷ്യ, ലാറ്റിൻ അമേരിക്ക ഇടങ്ങിയ ഭൂഖണ്ഡങ്ങളിലെ പല രാജ്യങ്ങളിലും നിലനിന്നിരുന്ന കോളനിവൽക്കരണം തുടരണമെന്ന് അമേരിക്ക ആഗ്രഹിച്ചു. കാരണം ഈ ഭൂഖണ്ഡങ്ങളിലെ ഒന്നാം ലോക രാഷ്ട്രങ്ങളുടെ കോളനികൾ യൂറോപ്പിന്റെ നവോത്ഥാനത്തിനുള്ള വിഭവങ്ങളെ ലഭ്യമാക്കും എന്നതാണിതിന്റെ കാരണം. ഇതിൽ ഏറ്റവും കൂടുതൽ ശ്രമവും അമേരിക്ക നടത്തിയത് മധ്യ-പൂർവ്വേഷ്യൻ രാജ്യങ്ങളിലെ എണ്ണ സമ്പത്ത് കയ്യാളാനാണ്. ഇതിൽ അമേരിക്കയുടെ കണക്കുകൂട്ടലുകൾ പിഴച്ചത് ലാറ്റിൻ അമേരിക്കൻ രാഷ്ട്രങ്ങളുടെ കാര്യത്തിലാണ്. അമേരിക്ക ആ ജനതയെ തീർത്തും നിസ്സാരമായി വിലയിരുത്തിയെന്നതാണ് വസ്തുത. അവർ കുട്ടിത്തം വിട്ടുമാറാത്ത മടിയരായ ജനതയായി കാണുകയും, സ്വവികസനം അവരിലേക്കെത്തില്ല എന്നവർ ഉറച്ച് വിശ്വസിക്കുകയും ചെയ്തു. എന്നാൽ അമേരിക്കയുടെ കണക്കുകൂട്ടലുകൾക്ക് വിഭിന്നമായി പല ലാറ്റിൻ അമേരിക്കൻ സ്വേച്ഛാധിപത്യ രാജ്യങ്ങളും 1945-1950 കാലയളവിൽ ജനാധിപത്യത്തിലേക്ക് മാറി. ദേശീയത അവരിൽ അതിയായി വളർന്നു. 1927-1932 കാലയളവിലെ വലിയ സാമ്പത്തിക മാന്ദ്യം സ്വയം ഭരണ രാജ്യങ്ങളാകുന്നതിന്റെ അവശ്യകത ബോധ്യപ്പെടുത്തുകയും, ഈ രാജ്യങ്ങളിലെ Middle Class ന്റെ സാമൂഹിക-രാഷ്ട്രീയ പങ്കാളിത്തം വർദ്ധിക്കുകയും, സംഘടിത തൊഴിലാളി വർഗം രാഷ്ട്രീയ പ്രവേശനം നടത്തുകയും സാമൂഹിക നീതിയിലധിഷ്ഠിതമായ ശക്തമായ ആഭ്യന്തര വ്യവസായത്തിന്റെ വളർച്ചക്കാവശ്യമായ അടിത്തറ

സാമ്രാജ്യത്വമാക്കുകയും, ഈ ഭൂഖണ്ഡ രാഷ്ട്രങ്ങളിൽ ഇടത് ദേശീയതയും, ദേശീയ പ്രസ്ഥാനങ്ങളും വളർത്തുകയും ചെയ്യാൻ ഇടങ്ങി എന്നത് അമേരിക്കൻ പൊള്ളത്തരത്തിന്റെ മറ്റൊരുദാഹരണമാണ്.

1945-1955 കാലയളവിൽ മുതലാളിത്ത ചേരിയുടെ പൂർണ്ണാധിപത്യം അമേരിക്കയുടെ കരങ്ങളിൽ അമർന്നു. ആയതിനാൽതന്നെ അമേരിക്കയുടെ ഉയർന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനാവശ്യമായ കമ്പോളങ്ങൾ അമേരിക്കക്ക് അത്യാവശ്യമായി. താഴ്ന്ന നിരക്കിൽ അസംസ്കൃത വസ്തുക്കൾ അമേരിക്കക്ക് ആവശ്യമായി വരികയും, അതിനനുകുന്ന മൂന്നാം ലോക രാഷ്ട്രങ്ങളെ അമേരിക്ക കൂടെ നിർത്താനായി ധാരാളം പണം ചിലവാക്കുകയും ചെയ്തു. ഇത് ഒരു New Imperialistic പ്രവണത ലോകത്ത് വളർത്തി. വികസനത്തിന്റെ സഹായം രാഷ്ട്രീയത്തെ അളവുകോലാക്കിയത് മൂലം അമേരിക്കൻ മുതലാളിത്ത ആശയങ്ങൾക്ക് പിന്തുണ നൽകുന്ന രാഷ്ട്രങ്ങൾക്കും, അവർക്ക് ആവശ്യമായ കുറഞ്ഞ വിലയിലുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനായുള്ള രാജ്യങ്ങൾക്കും ഫണ്ട് ലഭ്യമാക്കുകയും, അവിടെ അമേരിക്കൻ കമ്പോളമായി നിലനിർത്തി അമേരിക്കയുടെയും, യൂറോപ്പിന്റെയും വികസനം സാധ്യമാക്കാനമായി മാർഷൽ പദ്ധതിക്ക് (Marshall Plan) 1948 ൽ അമേരിക്ക ഉൾപ്പെടെയുള്ള ആദ്യ ലോക രാഷ്ട്രങ്ങൾ രൂപം നൽകി. ഇത് വികസന നയങ്ങളെ വികലപ്പെടുത്തി എന്ന് മാത്രമല്ല, ഈ ചേരിയിൽപ്പെടാതെയുള്ള ഏഷ്യ-ആഫ്രിക്ക-ലാറ്റിൻ അമേരിക്കൻ രാഷ്ട്രങ്ങൾ ചേരി-ചേരാ പ്രസ്ഥാനത്തിന് (Non-Alignment Movement) ന് രൂപം കൊടുക്കുകയാണ്ടായത് ചരിത്രം. ചുരുക്കത്തിൽ വികസനത്തിനായുള്ള ധനലഭ്യമാക്കലിന്റെ മാനദണ്ഡം ഭൂമിശാസ്ത്ര- രാഷ്ട്രീയം എന്നിവയാക്കിയ അമേരിക്കയുടെ നേതൃത്വത്തിലുള്ള മുതലാളിത്ത ചേരി ലോക വികസനത്തെ തീർത്തും അസമത്വം നിറഞ്ഞതാക്കി എന്നതിൽ സംശയമില്ല. മാർഷൽ പദ്ധതി വിജയകരമായി എന്ന പറയാതിരിക്കാൻ സാധിക്കില്ല. കാരണം അത് യൂറോപ്പിന്റെ സാമ്പത്തിക നവോത്ഥാനത്തിന് കാരണമായി.

അടുത്തതായുള്ള ഒരു വസ്തുത-ശാസ്ത്ര-സാങ്കേതിക മികവാണ്. ശാസ്ത്രത്തിന്റെ നൂതന വശങ്ങളെ സ്വാംശീകരിച്ചുകൊണ്ട് ഉണ്ടാകുന്ന സാങ്കേതിക വിദ്യകൾ സ്വായത്തമാക്കാൻ ഒരു രാജ്യത്തിന് സാധിച്ചാൽ അത് ഭൗതിക സാമ്പത്തിക വളർച്ചയ്ക്ക് വേഗത കൂട്ടുമെന്ന് മാത്രമല്ല, കൃത്യമായ ദിശയും, പ്രാധാന്യവും അളവുകോൽ നൽകും. അതിനാൽ തന്നെ സാങ്കേതിക വിദ്യകൈമാറ്റം ഈ കാലയളവിലെ ഒരു മുദ്രാവാക്യമായിരുന്നു.ഇവിടെയും ആദ്യ-രണ്ടാം ലോക രാജ്യങ്ങളിൽ വികസനത്തിന്റെ ലക്ഷ്യത്തിന് വിഭിന്നമായ സ്വാർത്ഥതയും, രാഷ്ട്രീയമായും ലക്ഷ്യാടിസ്ഥാനമായതിനാൽ സാങ്കേതിക വിദ്യയുടെ കാര്യത്തിൽ മൂന്നാം ലോക രാജ്യങ്ങളുടെ അവസ്ഥ 1945 ന് മുമ്പുള്ളതിനേക്കാൾ മോശം സ്ഥിതിയിലായി എന്ന മാത്രമല്ല മൂന്നാം ലോക



രാജ്യങ്ങളെക്കാൾ രണ്ടു തലമുറ മുന്നിലുള്ള സാങ്കേതിക വിദ്യ ഒന്ന് രണ്ടു ലോക രാഷ്ട്രങ്ങൾ സ്വന്തമാക്കി കയ്യടക്കി വെച്ചുമൂലം ഉത്പാദന ക്ഷമതയിൽ വൻ വ്യത്യാസമുണ്ടായത് വികസനത്തിന്റെ വ്യത്യാസം മുമ്പുള്ളതിനേക്കാൾ മോശമാക്കിയെന്നുള്ളതാണ് വസ്തുത. സാങ്കേതിക വിദ്യയുടെ കൈമാറ്റം എന്ന ആശയത്തിലൂന്നിയുള്ള അത്യാധുനിക സാധനങ്ങൾ എന്ന പേരിൽ മൂന്നാം ലോക രാഷ്ട്രങ്ങൾക്ക് ഒന്നാം ലോക രാഷ്ട്രങ്ങൾ കൈമാറിയത് പലപ്പോഴും മൂന്നാം തലമുറ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഉപകരണങ്ങളായിരുന്നുവെന്നതാണ് വസ്തുത. ഇത് ഒന്നാം ലോക രാഷ്ട്രങ്ങൾക്കുള്ള ലാഭകരമായ സാങ്കേതികവിദ്യാ കമ്പോളമാക്കി മൂന്നാം ലോക രാഷ്ട്രങ്ങളെ പരിണമിപ്പിക്കുന്നതിൽ കലാശിച്ചു. സാങ്കേതിക വിദ്യയുടെ കൈമാറ്റത്തിലെ വ്യത്യാസം വളരെ ചിലവ് കുറഞ്ഞ രീതിയിൽ ഇന്ധനം ലഭ്യമാക്കി വികസനത്തെ ഉദ്ദീപിപ്പിക്കാൻ കിട്ടുന്ന അവസരത്തെ മൂന്നാം ലോക രാഷ്ട്രങ്ങൾക്ക് നഷ്ടപ്പെടുത്തി. ചുരുക്കത്തിൽ സാങ്കേതിക വിദ്യയെന്നത് തന്നെ മൂന്നാം ലോകരാഷ്ട്രങ്ങൾക്ക് പ്രഹേളികയായി മാറി ഈ കാലയളവിൽ.

വികസനത്തിന്റെ പ്രാരംഭ നയങ്ങളും, അവയുടെ ലക്ഷ്യബോധങ്ങളും എന്നത് നേടിയെടുക്കാൻ സാധിച്ചില്ലായെന്ന അന്വേഷണം എത്തി നിൽക്കുന്നത് അവ നടപ്പിലാക്കാൻ ശ്രമിച്ചതിലെ പാളിച്ചയാണ്. വികസനത്തിനാവശ്യമായ ഫണ്ട്, ശാസ്ത്ര-സാങ്കേതിക വിദ്യകൾ, നയസമീപനങ്ങൾ എല്ലാം, 1945 ന് ശേഷം IBRD വിഭാവനം ചെയ്ത പാതയിൽ നിന്ന് മാറി, സങ്കീർണ്ണങ്ങളായ രാഷ്ട്രീയ, ഭൂപ്രദേശപരമായ, ആശയപരമായ,




സാംസ്കാരികമായ സങ്കുചിത മാർഗ്ഗങ്ങളിലേക്ക് മാറ്റിയ മൂന്നാം ലോക രാജ്യങ്ങളുടെ, പ്രത്യേകിച്ച് അതിനു നേതൃത്വം വഹിക്കുന്ന അമേരിക്കയുടെ സ്വാർത്ഥതയാണ് യഥാർത്ഥത്തിൽ ആഗോള സമ്പദ് വ്യവസ്ഥയിൽ ഇത്രമാത്രം വികസന വിടവ് സൃഷ്ടിച്ചത്. എന്നാൽ ഈ സ്വാർത്ഥതയെ തടുക്കാൻ സാധിക്കുന്ന മൂലധനമോ, നൂതന സാങ്കേതിക വിദ്യയോ മുതലാളിത്ത വിരുദ്ധ ചേരിക്ക് താരതമ്യേന കുറവായിരുന്നുവെന്നതും സ്ഥിതി രൂക്ഷമാകുന്നതിൽ കാരണമായി. ആധുനിക കാലഘട്ടത്തിൽ കാണുന്നത് ഇതിനുള്ള പരിഹാര മാർഗ്ഗമില്ലായെന്നുള്ളതാണ്. മറിച്ച് ഈ സമ്പത്തിന്റെയും, അധികാരത്തിന്റെയും അടിസ്ഥാനത്തിൽ രൂപപ്പെട്ടിരിക്കുന്ന അവസ്ഥ വീണ്ടും ഉടലെടുക്കുന്നതിനാണ് ആധുനിക കാലം സാക്ഷ്യം വഹിക്കുന്നത്. ഒന്ന് സമ്പന്നരാജ്യങ്ങൾ, അവരുടെ പൗരൻ, അവരുടെ സുരക്ഷ, അവരുടെ പ്രാധാന്യം അന്താരാഷ്ട്ര സംഘടനകളെ നിയന്ത്രിക്കുന്നതിനുള്ള കഴിവ് എന്നിവ മാത്രം ലക്ഷ്യം വെക്കുന്നത് മൂലം പഴയ മൂന്നാം ലോക രാഷ്ട്രങ്ങൾ അവരുടെ സ്വയം ആർജ്ജിച്ച കഴിവിനാൽ പുരോഗതി നേടിയെങ്കിലും, ആഗോള നയരൂപീകരണത്തിൽ നിന്നും, തീരുമാനങ്ങൾ എടുക്കുന്നതിൽ നിന്നും അകറ്റി നിർത്തപ്പെടുന്നു. ഉദാഹരണം ഐക്യരാഷ്ട്രസഭയുടെ സുരക്ഷിതത്വ സമിതിയുടെ അഴിച്ചുപണി എന്നേ നടപ്പിലാക്കേണ്ടതായിരുന്നു എന്നത് തന്നെ എടുത്താൽ മതി. അടുത്തത്, ഇന്നും മൂന്നാം ലോക രാഷ്ട്രങ്ങളുടെ എല്ലാ തീരുമാനങ്ങളും ചുറ്റിത്തിരിഞ്ഞ് എത്തിച്ചേരുന്നത് രണ്ട് ലക്ഷ്യങ്ങളിലാണ് എന്നതാണ്. ഒന്ന് ലാഭേച്ഛ, രണ്ട് കമ്പോളങ്ങളെ നേടിയെടുക്കൽ.

ഇവിടെ വികസനം ഇല്ലാത്തതിന്റെ കാരണം അല്ലെങ്കിൽ വികസന വിടവ് എന്ന് പറയുന്നത് ആദ്യ ലോക-മൂന്നാം ലോക രാഷ്ട്രങ്ങൾക്കിടയിലെ വിടവാണെന്നു വ്യക്തം.

ഇതിനെ ഇല്ലായ്മ ചെയ്യാൻ ഉൽപ്പാദനം കൂട്ടുക എന്ന ഒറ്റ ലക്ഷ്യം കൊണ്ട് മാത്രം സാധിക്കില്ലായെന്ന് എസ്കോബാർ തന്റെ കൃതിയിൽ വിവരിക്കുന്നുണ്ട്. മനുഷ്യനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു വികസനത്തിനേ യഥാർത്ഥ വികസനമാകാൻ സാധിക്കൂ. അതിന് വ്യക്തി കേന്ദ്രീകൃതമായി അവന്റെ ശേഷിയെ പരിപോഷിപ്പിക്കേണ്ടതുണ്ട്. ഒരു വ്യക്തിയുടെ കഴിവിന്റെ വികാസം അത് അവന് സ്വായത്തമാക്കാനുള്ള അവസര ലഭ്യതയിൽ അധിഷ്ഠിതമാണ്. ആയതിനാൽ അമർത്യസെൻ പറഞ്ഞത് പോലെ വ്യക്തി കേന്ദ്രീകൃത, അവസര സമത്വ മുന്നേറ്റത്തിന് ഈ ലേഖനത്തിന്റെ ഇടക്കത്തിൽ വിവരിച്ച ദൂഷിത ചക്രത്തെ ഭേദിക്കേണ്ടതുണ്ട്. അതിന് പ്രാപ്യമായ വിദ്യാഭ്യാസം, ആരോഗ്യം, നൈപുണ്യം, സാങ്കേതിക മികവ് എന്നിവയൊക്കെ രാഷ്ട്രത്തിന്റെ ബാധ്യതയായി ജനങ്ങളിലേക്കെത്തിക്കുക മാത്രമേ പോം വഴിയായി ഉള്ളൂ.

കടപ്പാട്


1. Joseph stiglts - Great Divide
2. Albert O Hirschman - Shifting Involvements
3. John Rawls - Theory of Justice
Amartya Kumar Sen - Collective Choice & Social Welfare Exp.Ed.
- Poverty & Income Distribution in India on Economic Inequality
4. Ragnar Nurkse - Problems of Capital Formation in Under Developed Countries
5. Arturo Escobar - Encountering Development : The Making and Unmaking of Third World




**പി.വിശ്വൻ**


10,12 കേരള നിയമസഭകളിൽ അംഗം


ഒരു ചുവന്ന പനിനീർപ്പൂവ് സമ്മാനിച്ചാൽ എന്നോടൊത്ത് നൃത്തം ചെയ്യാമെന്നവൾ പറഞ്ഞിരുന്നു. ഒരു യുവാവിന്റെ വിഷാദം ഓക്കുമരത്തിന്റെ ചില്ലയിലെ കൂട്ടിലിരുന്ന് വാനമ്പാടി കേൾക്കുന്നതാണ് കഥയുടെ തുടക്കം.

# ശ്രീലതയുടെ ലിഡിയ



ഉയർന്ന നിൽക്കുന്ന വലിയ കെട്ടിടത്തിന്റെ മുന്നിൽ അനിയൻ ഏറെ നേരം നിന്നു. പഴയകാല ഓർമ്മകൾ അനിയന്റെ മനസ്സിൽ തളം കെട്ടിനിൽക്കുന്നു. അമ്പത്തിയൊന്ന് വർഷങ്ങൾക്കുശേഷമാണ് അനിയൻ മാഞ്ചേരി എൻ.എസ്.എസ് കോളേജ് അങ്കണത്തിലേക്ക് കടന്നു വരുന്നത്. പഴയകാല വിദ്യാർത്ഥികളുടെ ഒത്തുചേരൽ ഉത്ഘാടനം നിർവ്വഹിച്ചത് പ്രശസ്ത ഗായകനായിരുന്നു. നീണ്ട മെലിഞ്ഞ സുന്ദരിയായ കോളേജ് യൂണിയൻ ചെയർ പേഴ്സൺ സുനന്ദ സ്റ്റേജിലെ വിശിഷ്ടാതിഥികളെ നോക്കി വൈകാരികതയോടെ പറഞ്ഞു 'നിങ്ങളുടെ



പഠനകാലത്തെ അനുഭവങ്ങൾ പഠിക്കുന്ന കാലത്തെ ഏറ്റവും ഇഷ്ടപ്പെട്ട എഴുത്തുകാരൻ- അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ എല്ലാം ഞങ്ങളുമായി പങ്കുവെക്കാമോ?'

കോളേജ് ഓഡിറ്റോറിയത്തിലെ നിറഞ്ഞു കവിഞ്ഞ സദസ്സ് ഒന്നടങ്കം കയ്യടിച്ചംഗീകരിച്ചു.

'അതെ-അതെ ഒന്ന് പറയാമോ? ഞങ്ങളുമായി പങ്കുവെക്കാമോ? എല്ലാ വിദ്യാർത്ഥികളും ഉറക്കെ ആവശ്യപ്പെട്ടു. 'പ്ലീസ് പറയുമോ?'

പൂർവ്വ വിദ്യാർത്ഥി അനിയനെക്കുറിച്ച് എല്ലാവരും കേട്ടിട്ടുണ്ട്. നിയമസഭയിൽ ആംഗല സാഹിത്യത്തിലെ കഥാപാത്രങ്ങളെക്കുറിച്ച് പറയുന്ന സാമാജികൻ. അനിയന്റെ പ്രസംഗത്തിലൂടെ നിരവധി കഥാപാത്രങ്ങൾ അവിടെ ഒഴുകിയെത്തിയിരുന്നു. അനിയൻ തുടർന്നു.... '1968-ൽ ഈ കോളേജിലെ വിദ്യാർത്ഥിയായിരുന്ന എന്റെ മനസ്സിൽ പ്രശസ്ത എഴുത്തുകാരനായ എം.ടി. വാസുദേവൻ നായർ കടന്നുവന്നത് 'ഇരുട്ടിന്റെ ആത്മാവ്' കോളേജ് ലൈബ്രറിയിൽ നിന്നും വായിച്ചതിനു ശേഷമാണ്. വേലായുധൻ എന്ന കഥാപാത്രം എന്റെ മനസ്സിൽ ആണിറങ്ങിയിരുന്നു. വേലായുധന്റെ അമ്മുക്കുട്ടി. എല്ലാവരും വേലായുധനെ ഭ്രാന്തനാക്കുമ്പോൾ അമ്മുക്കുട്ടിയെ ഒന്ന് തൊടാനാഗ്രഹിക്കുന്ന വേലായുധൻ എം.ടി. യുടെ പ്രണയം നിറഞ്ഞ മനസ്സ് എത്രമനോഹരമായിട്ടാണ് പ്രസ്തുത രചനയിൽ കാണാൻ സാധിക്കുന്നത്. പേടിച്ച് പേടിച്ച് കൊണ്ട് വേലായുധൻ ചോദിച്ചു- ഒന്ന് തൊട്ടോട്ടെ അമ്മുക്കുട്ടിയുടെ ചിരി. അവൻ പതുക്കെ അവളുടെ വിരലുകൾ തൊട്ടു. മനസ്സിൽ പ്രണയം കടന്നുവരാൻ എം.ടി. യുടെ കഥാപാത്രങ്ങൾ എന്റെ ഹൃദയത്തിലും ആണിറങ്ങിയിട്ടുണ്ട്. കേട്ടുനിന്ന വിദ്യാർത്ഥികൾ അനിയനോടു വിളിച്ചു ചോദിച്ചു 'നിങ്ങളുടെ മനസ്സിലെ അന്നത്തെ അമ്മുക്കുട്ടി ആരായിരുന്നു.?'

'ഉണ്ടായിരുന്നു ഒരു വനദേവത. കോളേജിന്റെ തെക്കേഭാഗത്തുകൂടെ കടന്നു വരുന്ന വനദേവത' അനിയൻ പ്രസംഗം തുടർന്നു. എം.ടി യുടെ 'ഒരു അധ്യാപകൻ ജനിച്ചു.' എന്ന കഥ വായിക്കുമ്പോൾ നിരവധി അധ്യാപകർ മനസ്സിലൂടെ കടന്നുപോകും. എം.ടി. യുടെ 'ജമന്തി പൂക്കൾ' എന്ന കഥയിലെ ശേഖരൻ പ്രണയത്തെ കൊല്ലാക്കൊല ചെയ്യുമ്പോഴും നിഷ്കളങ്കയായ ശ്യാമയുടെ മനസ്സ് എത്ര മനോഹരമായിട്ടാണ് ആ മഹാനായ എഴുത്തുകാരൻ അവതരിപ്പിച്ചത്. അനിയന്റെ പ്രസംഗം തുടരുമ്പോഴും ആ വിശാലമായ ഹാൾ നിറഞ്ഞു കവിഞ്ഞിരുന്നു.

വിശ്വപ്രസിദ്ധ എഴുത്തുകാരനായ തോമസ് ഹാർഡിയുടെ നോവലുകൾ ആ മഹാനായ

എഴുത്തുകാരന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും നുരഞ്ഞുപൊന്തി ഒഴുകിയ കവിതകളാണെന്ന അനിയന്റെ വികാരപ്രകടനം എല്ലാവരും നിശ്ശബ്ദരായി കേട്ടിരുന്നു.

'എം.ടി. യുടെ മഞ്ഞ് വായിക്കാത്തവരാരെങ്കിലും ഇവിടെയുണ്ടോ?' അനിയന്റെ ചോദ്യത്തിനുത്തരം നിശബ്ദതയായിരുന്നു. 'മനുഷ്യന്റെ തീർന്നു പോവാത്ത കാത്തിരിപ്പിന്റെ കഥയാണ് എം.ടി. യുടെ മഞ്ഞ്.' ഒരിക്കലും വരാത്ത സുധീർകുമാർ മിശ്രയെ കാത്തിരിക്കുന്ന വിമലയുടെ കാത്തിരിപ്പ്.

'വരാതിരിക്കില്ല, അല്ലേ മേംസാബ്?

വിമല തലകുലുക്കി- അവൾ പിറുപിറുത്തു 'വരാതിരിക്കില്ല.'

എത്ര മനോഹരം എം.ടി. 'മഞ്ഞിലൂടെ' അജ്ഞാതരായ വിരുന്നുകാരെ കാത്തിരിക്കുന്ന നൈനിറ്റാൾ എന്ന വിനോദ സഞ്ചാര കേന്ദ്രത്തെ മലയാളികളുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുകയായിരുന്നു. അനിയന്റെ ശബ്ദം ഇടറുകയും ക്ലൈമാക്സിലെത്തുകയും ചെയ്തു.

'എല്ലാ വർഷവും അജ്ഞാതരായ വിരുന്നുകാരെ കാത്തിരിക്കുന്ന നൈനിറ്റാൾ' മനുഷ്യജീവിതത്തിന്റെ നിരന്തര ചലനങ്ങളെ, സുഖ-ദുഃഖങ്ങളെ നിരാശയേയും സ്വപ്നങ്ങളേയും പ്രതിഫലിപ്പിക്കുന്ന നോവലാണ് മഞ്ഞ്.

'എം.ടി. യുടെ നാലുകെട്ട് വായിക്കുമ്പോൾ' അനിയൻ വല്ലാതെ വികാരം കൊണ്ടിരുന്നു. 'കേരളീയ സമൂഹത്തിന്റെ ഒരു കാലഘട്ടത്തെ പ്രതിഫലിപ്പിക്കുന്ന നോവൽ' അനിയൻ പ്രസംഗം തുടർന്നു. അസുരവിത്തിലെ ഗോവിന്ദൻകുട്ടിയും കാലം എന്ന എം.ടി. യുടെ മഹത്തായ സൃഷ്ടി വായിക്കുമ്പോൾ സുമിത്ര എന്ന കഥാപാത്രത്തോടുള്ള വായനക്കാരുടെ വൈകാരികതയും അനിയന്റെ പ്രസംഗത്തിൽ ഉയർന്നു നിന്നു.

വേദിയിൽ നിന്നും ആംഗല സാഹിത്യത്തിൽ BA പഠിക്കുന്ന വിമലയും രേണുകയും ഭാഗ്യരാജും ഉറക്കെ വിളിച്ചു ചോദിച്ചത് എല്ലാവരും കേട്ടു.

'സാറെ ഓസ്കാർ വൈൽഡിന്റെ വാനമ്പാടിയെക്കുറിച്ച് പറയാമോ?.'

അനിയന്റെ മുഖം വല്ലാതെ ചുവന്ന് തുടുത്തു. പഴയകാല വിദ്യാർത്ഥികളുടെ സംഗമത്തിൽ പങ്കെടുക്കാൻ കോളേജിലേക്ക് പുറപ്പെടുമ്പോൾ തന്നെ അനിയന്റെ ഹൃദയത്തിൽ വാനമ്പാടിയുടെ ഓർമ്മകൾ നിറഞ്ഞിരുന്നു. എൻ.എസ്.എസ് കോളേജിൽ രണ്ടാം വർഷ പ്രീഡിഗ്രിക്ക് പഠിക്കുമ്പോൾ അനിയനും കൂട്ടുകാരും താമസിച്ചിരുന്ന വീടിന്റെ വടക്കേഭാഗത്തെ വീട്ടിലെ ഗായിക ശ്രീലത. ശ്രീലതയുടെ സംഗീതം





കേൾക്കാത്ത ദിവസങ്ങളില്ലായിരുന്നു. ഓരോ രാത്രിയിലും ശ്രീലത അവനു വേണ്ടി പാടിയിരുന്നു. അവളെന്റെ ചെറുമാമ്പഴത്തിന്റെ പൂമൊട്ടായിരുന്നു.

അനിയന്റെ പ്രസംഗത്തിന്റെ അവസാന നിമിഷങ്ങൾ. നിറഞ്ഞു നിൽക്കുന്ന കോളേജ് അങ്കണത്തിലെ യുവ ഹൃദയങ്ങളിൽ പ്രണയം ജനിപ്പിക്കുന്നതായിരുന്നു.

'ഓസ്കാർ വൈൽഡിന്റെ സുപ്രസിദ്ധ കഥയാണ് വാനമ്പാടിയും പനിനീർപ്പൂവും'. ആ മഹാനായ എഴുത്തുകാരൻ കഥകൾ പറഞ്ഞുകൊണ്ടേയിരുന്നു.

ഒരു ചുവന്ന പനിനീർപ്പൂവ് സമ്മാനിച്ചാൽ എന്നോടൊത്ത് നൃത്തം ചെയ്യാമെന്നവൾ പറഞ്ഞിരുന്നു. ഒരു യുവാവിന്റെ വിഷാദം ഓക്കുമരത്തിന്റെ ചില്ലയിലെ കൂട്ടിലിരുന്ന് വാനമ്പാടി കേൾക്കുന്നതാണ് കഥയുടെ തുടക്കം.

'ഒരിടത്തും ഒരു ചുവന്ന റോസാപ്പൂ കാണാനില്ലല്ലോ? ' അവൾ ദുഃഖം കൊണ്ട് തകർന്നപ്പോൾ രാക്കിളി പറഞ്ഞു 'നിനക്ക് നാളെയൊരു ചെമ്പനീർപ്പൂവ് കിട്ടുകതന്നെ ചെയ്യും'

'എന്റെ ഹൃദയരക്തം കൊണ്ട് ഞാനാപ്പൂവിനെ ചുവപ്പിക്കും'

' 'മാതൃകയായ കോടീശ്വരനും സ്വാർത്ഥനായ രാക്ഷസനും', 'മുക്കുവനും ആത്മാവും' ഓസ്കാർ വൈൽഡിന്റെ അനശ്വര കഥകളാണ്'.


അനിയൻ പ്രസംഗം അവസാനിപ്പിക്കുമ്പോൾ കോളേജ് അങ്കണം നിശ്ശബ്ദമായിരുന്നു.

എല്ലാവരെയും അതിശയിപ്പിച്ചുകൊണ്ടായിരുന്നു രേണുക സ്റ്റേജിലേക്ക് കയറി വന്നത്. വിദ്യാർത്ഥികളുടെ പ്രിയപ്പെട്ട കൂട്ടുകാരി. അവരുടെ 'ലിഡിയ' കഥപറയാൻ പോകുകയാണോ? പലരും വിളിച്ചു ചോദിച്ചു.

സ്റ്റേജിൽ അനിയന്റെ മുമ്പിൽ എല്ലാം മറന്ന് ചിരിച്ചു കൊണ്ട് നിൽക്കുന്ന രേണുകയെ നോക്കി ജമീല ടീച്ചർ ചോദിച്ചു 'കുട്ടിക്കെന്തെങ്കിലും പറയാനുണ്ടോ? എങ്കിൽ പറയൂ'. അദ്ധ്യക്ഷൻ താങ്ങിക്കൊടുത്ത മൈക്കിലൂടെ എല്ലാവരിലും അവളുടെ ശബ്ദം ആഴ്ന്നിറങ്ങി.

'അതെ ഞാൻ വാനമ്പാടി ശ്രീലതയുടെ കൊച്ചുമോൾ ഒരു കൊച്ചു കവിത ഞാൻ ചൊല്ലട്ടെ. എന്റെ പേര് രേണുക. എന്നെ നിങ്ങൾ 'ലിഡിയ' എന്ന് വിളിക്കുന്നു. ചെഗുവേരയുടെ 'ഓർമ്മകളിലെ പോരാളി ' ക്യൂബൻ സ്വാതന്ത്ര്യസമര പോരാളി 'ലിഡിയ'. പൂർവ്വ വിദ്യാർത്ഥി സംഗമം പോരാട്ടത്തിന്റെ ഓർമ്മകളിൽ ജ്വലിക്കട്ടെ. ഞാൻ ചൊല്ലുന്ന കവിതകൾ എന്നെന്നും അമ്മയുടെ ഓർമ്മകളാവട്ടെ'.


# മഹാഭാരതവും കാറൽ മാർക്സും ഡാർവിനും മാക്സ് മുള്ളറും



ഡി.സുഗതൻ

11-ാം കേരള നിയമസഭയിലെ അംഗം

**മഹാഭാരതത്തിലൂടെ പലതവണ സഞ്ചരിച്ചപ്പോൾ പരിണാമസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ചാൾസ് ഡാർവിനും കമ്മ്യൂണിസം എന്ന സമൂഹഘടന ലോകത്തിനു മുന്നിൽ അവതരിപ്പിച്ച കാറൽ മാർക്സും മഹാഭാരതത്തിൽ നിന്നും കടം കൊണ്ടതായി കാണുന്നു.**




ഈയിടെയായി വളരെയേറെ വായിക്കാൻ കഴിഞ്ഞു. സുഖമായ വായന. വായനയുടെ ഫലമായി ചിലതൊക്കെ എഴുതണമെന്നും തോന്നി.

വേദങ്ങൾ നാലും മനസ്സിരുത്തി വായിച്ചുതീർത്തു. അതിന്റെ തുടർച്ചയെന്നോണം നൂറ്റിയെട്ട് ഉപനിഷത്തുകളിലൂടെയും സഞ്ചരിച്ചു. തുടർന്ന താളിയോലകൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ എല്ലാം വായിച്ചെങ്കിലും


മഹാഭാരതത്തിലെത്തിയപ്പോൾ മനസ്സ് അവിടെ ഉടക്കി. എഴുത്തച്ഛന്റെ മഹാഭാരതം കിളിപ്പാട്ടിലൂടെ, കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഗദ്യതർജ്ജിമയിലൂടെ എല്ലാം ഒന്നിലധികം തവണ സഞ്ചരിച്ച ചിന്തകൾക്ക ചിറകുവയ്ക്കുകയാണ് .ഒരായിരം ചിന്തകൾ, പുതിയ നിഗമനങ്ങൾ, പുതിയ അഭിപ്രായങ്ങൾ, സംശയങ്ങൾ എല്ലാം ഇപ്പോൾ ഉണ്ടായിരിക്കുന്നു.

ഇതിൽ ഉള്ളത് അന്യത്ര കണ്ടേയ്ക്കാം
ഇതിലില്ലാത്തത് മറ്റെങ്ങുമില്ല

എന്ന് മഹാഭാരതകവി അഹങ്കാരത്തോടെയും ആത്മ വിശ്വാസത്തോടെയും പറഞ്ഞത് ഇപ്പോൾ മനസ്സിലായി.

യദിഹാസ്തി തദന്യത്ര
യന്നേഹാസ്തി നതത്ക്വചിത്

എന്നാണ് കവി വ്യാസമഹർഷി ലോകസാഹിത്യചരിത്രത്തിലെ വിസ്മയമായ മഹാഭാരതമെന്ന ഇതിഹാസം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നത്. ഇതിഹാസമെന്നാൽ ഇതിലടങ്ങിയത് എന്നർത്ഥം. ഇവിടെ സംഭവിച്ചതും, സംഭവിച്ചുകൊണ്ടിരിക്കുന്നതും, ഇനി സംഭവിക്കാനിരിക്കുന്നതുമായ എല്ലാം ഇതാണ്.




ഭാരതത്തിലും വിദേശത്തും ഉള്ള കവികളും കലാകാരന്മാരും ചിന്തകരും അതിൽനിന്നും എന്തെങ്കിലും കടം കൊണ്ടിട്ടുണ്ടാകാം. കാളിദാസൻതൊട്ട് ഇങ്ങോട്ട് ഇന്നേവരെയുള്ള തലമുറകൾ മഹാഭാരതം എന്ന ഈ മഹാസാഗരത്തിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ട് എഴുതി. ഇന്നും എഴുതിക്കൊണ്ടിരിക്കുന്നു.

വ്യാസമഹർഷിയാൽ രചിക്കപ്പെട്ട മഹാഭാരതത്തിൽ ആദ്യം എണ്ണായിരത്തി എണ്ണൂറ് ശ്ലോകങ്ങളെ ഉണ്ടായിരുന്നുള്ളൂ. മഹാഭാരതത്തിന്റെ ആദ്യ രൂപത്തിന് 'ജയം' എന്നായിരുന്നു പേര്. അതൊരു വീരഗാഥയും ഗോത്രസംസ്കാരത്തിന്റെ കഥയും യുദ്ധകഥയുമായിരുന്നു. എങ്കിലും, അതിൽ ചരിത്രവും ഭൂമിശാസ്ത്രവും ദർശനങ്ങളും ജീവിതവും സമന്വയിപ്പിച്ചിരുന്നു. ധർമ്മാർത്ഥകാമമോക്ഷങ്ങളെ ഉപദേശിക്കുന്ന ജയത്തിൽ എല്ലാം അടങ്ങിയിരുന്നു. രാജാധികാരത്തിനുവേണ്ടിയുള്ള കിടമത്സരം, സഹോദര സ്ഥാനീയർക്കിടയിലെ കുടിപ്പക, ഒടുവിൽ ഒരു മഹായുദ്ധവും. ഇതാണ് ഈ ഇതിഹാസത്തിന്റെ ചുരുക്കം. രണ്ടുവാക്കിൽപറഞ്ഞാൽ 'മണ്ണാലെ ചത്തത്'. ഇതിഹാസം ഒരു പാഠം കൂടി പറഞ്ഞുതരുന്നുണ്ട്. യുദ്ധങ്ങൾ ആർക്കും ജയം സമ്മാനിക്കുന്നില്ല. ആത്യന്തികമായി അത് മനുഷ്യന്റെ പരാജയമാകുന്നു എന്നതാണ്. ജയപരാജയങ്ങൾ അവസാനം അർത്ഥശൂന്യമാകുന്ന ജീവിതത്തിന്റെ ചിത്രമാണ് ഈ ഇതിഹാസം. ജയം എന്ന ആദിരൂപം ജനമേജയന്റെ സർപ്പസത്രത്തിൽ എത്തിയപ്പോൾ വൈശമ്പായനൻ ഇരുപത്തിനാലായിരം ശ്ലോകങ്ങൾ കൂട്ടിച്ചേർത്തു. ജനമേജയന്റെ സർപ്പസത്രത്തിൽ അതുകേട്ട് ഹൃദിസ്ഥമാക്കിയ ഒരു സൂതൻ നൈമിഷാരണ്യത്തിൽ ശൗനകൻ ആരംഭിച്ച യജ്ഞത്തിൽ വിരസത തീർക്കാൻ പാടിയപ്പോൾ ഒരു ലക്ഷം ശ്ലോകങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു. അതാണ് ഇന്നുകാണുന്ന മഹാഭാരതം.

ഇക്കാലത്തിനിടയിൽ പല കൂട്ടിച്ചേർക്കലുകളും ഉണ്ടായിട്ടുണ്ട്. ഇപ്പോൾ അതിൽകാണുന്ന പല ഉപകഥകളും തത്വദർശനങ്ങളും 'ജയ' ത്തിനു ശേഷം കൂട്ടിച്ചേർക്കപ്പെട്ടവയാണ്. എന്തിനധികം പറയുന്നു, ഗീതോപദേശവും പാഞ്ചാലിയുടെ വസ്ത്രാക്ഷേപസമയത്ത് അന്തരീക്ഷത്തിൽ നിന്നും വസ്ത്രം വന്നുകൊണ്ടിരുന്നു എന്ന കഥയും ഇപ്രകാരം കൂട്ടിച്ചേർക്കപ്പെട്ടവയാണെന്നാണ് ഗവേഷകർ കണ്ടെത്തിയിട്ടുള്ളത്. വായ്മൊഴിയായി തലമുറകളായി സൂതരും മാഗധരും പ്രചരിപ്പിച്ചപ്പോൾ സ്വാഭാവികമായി ഉണ്ടായ കൂട്ടിച്ചേർക്കലുകളാണിത്. മഹാഭാരതത്തെ ആസ്പദമാക്കി കൃതികൾ രചിച്ച പലരും സ്വന്തം കഥാപാത്രസൃഷ്ടിക്കുവേണ്ടി മൂലകഥ മാറ്റിയെഴുതിയതായികാണാം. മഹാപ്രസ്ഥാനത്തിനുപോയ പാണ്ഡവരുടെ കൂട്ടത്തിൽ നിന്ന് എം.ടി വാസുദേവൻ നായർ ഭീമനെ തിരിച്ചുനടത്തിയില്ലേ? കർണ്ണന്റെ ജന്മരഹസ്യം സൂതൻ വിശോകൻ വഴി ഭീമനെ നേരത്തെ

അറിയിക്കുന്നതായും എം.ടി. 'രണ്ടാമൂഴ'ത്തിൽ എഴുതിയിരിക്കുന്നു. ഇത് മൂലകഥയ്ക്ക് വിരുദ്ധമാണ്.


മഹാഭാരതത്തിലൂടെ പലതവണ സഞ്ചരിച്ചപ്പോൾ പരിണാമസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ് ചാൾസ് ഡാർവിനും കമ്മ്യൂണിസം എന്ന സമൂഹഘടന ലോകത്തിനു മുന്നിൽ അവതരിപ്പിച്ച കാറൽ മാർക്സും മഹാഭാരതത്തിൽ നിന്നും കടം കൊണ്ടതായി കാണുന്നു. അതാണ് ഈ ലേഖനത്തിലെ മുഖ്യവിഷയം. ഇതുവരെ പറഞ്ഞത് ആമുഖം മാത്രമാണ്.

പ്രപഞ്ചത്തിലെ ജീവജാലങ്ങളുടെ ഉല്പത്തിയെക്കുറിച്ച് മഹാഭാരതമെന്ന ഇതിഹാസം ഇങ്ങനെ പറയുന്നു. പ്രപഞ്ചം അന്ധകാരാവൃതമായിരുന്ന കാലത്ത് വളരെ വലിയ ഒരു അണ്ഡം ഉണ്ടായി. സകല ജീവരാശികളുടെയും ഉല്പത്തിക്ക് കാരണം ആ അണ്ഡമായിരുന്നു. അത് ദിവ്യവും ജ്യോതിർമയവുമായിരുന്നു. അതിനെത്തന്നെയാണ് ബ്രഹ്മമെന്ന് പണ്ഡിതന്മാർ പറയുന്നത്. ആ അണ്ഡത്തിൽ നിന്ന് ബ്രഹ്മാവുണ്ടായി. പിന്നീട് പ്രചേതസുകൾ പത്തും ദക്ഷപ്രജാപതിയും ഉണ്ടായി. ദക്ഷപ്രജാപതിയുടെ കാലത്തെ സത്യയുഗം എന്നു പറയുന്നു. സത്യയുഗത്തിൽ ദക്ഷപ്രജാപതിയുടെ രണ്ടുപുത്രിമാരായിരുന്നു കദ്രുവും വിനതയും. കശ്യപ മഹർഷി അവരെ വിവാഹം കഴിച്ചു. ഒരിക്കൽ കശ്യപമഹർഷി അവരോട് ഇഷ്ടമുള്ള വരങ്ങൾ ചോദിച്ചുകൊള്ളുവാൻ പറഞ്ഞു. അതനുസരിച്ച് കദ്രു തനിക്ക് ഉഗ്രപ്രതാപികളായ ആയിരം നാഗങ്ങൾ പുത്രന്മാരായി ഉണ്ടാകാൻ വരം ചോദിച്ചു. വിനതയ്ക്ക് കദ്രുവിന്റെ മക്കളെക്കാൾ തേജസ്സിലും ബലപരാക്രമങ്ങളിലും ശരീരശക്തിയിലും ശ്രേഷ്ഠരായ രണ്ടു പുത്രന്മാരുണ്ടാകാൻ വരം വേണമെന്നായിരുന്നു ആവശ്യം. അങ്ങനെയാകട്ടെ എന്നനുഗ്രഹിച്ചിട്ട് കശ്യപൻ തപസ്സിനായി വനത്തിലേക്ക് പോയി.

കുറച്ചുകാലം കഴിഞ്ഞപ്പോൾ കദ്രു ആയിരം മുട്ടയിട്ടു. വിനത രണ്ടു മുട്ടയിട്ടു. കദ്രുവിന്റെ മുട്ടകൾ വിരിഞ്ഞ് ആയിരം നാഗങ്ങളും വിനതയുടെ മുട്ട വിരിഞ്ഞ് ഗരുഡനും ഉണ്ടാകുന്നു. പരിണാമ ദശയിലെ ജന്തുക്കളുടെയും പക്ഷികളുടെയും പിറവിയാണീ കഥ സൂചിപ്പിക്കുന്നത്. ഇത് സത്യയുഗത്തിലെ കാര്യം.

സത്യയുഗത്തിലെ സമൂഹഘടനയെക്കുറിച്ചും ഇതിഹാസത്തിൽ പറഞ്ഞിട്ടുണ്ട്. ഭൂമി കണ്ട ഏറ്റവും വലിയ കരയുദ്ധമായിരുന്നു കുരുക്ഷേത്രത്തിൽ വെച്ച് കൗരവ-പാണ്ഡവന്മാർ തമ്മിൽ നടന്നത്. പതിനെട്ട് അക്ഷൗഹിണിപ്പടയാണ് യുദ്ധത്തിൽ രണ്ടു ഭാഗങ്ങളുമായി പങ്കെടുത്തത്. പത്തൊൻപതു ലക്ഷത്തി അറുപത്തെണ്ണായിരത്തിമുന്നൂറ് കാലാളും പതിനൊന്നുലക്ഷത്തി എൺപതിനായിരത്തി തൊള്ളായിരത്തി എൺപത് കുതിരകളും മൂന്നുലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി അറുനൂറ്റി അറുപത് ആനകളും അത്രയും തേരുകളുമാണ് മഹായുദ്ധത്തിൽ പങ്കെടുത്തത്. പതിനെട്ടു ദിവസത്തെ യുദ്ധം കഴിഞ്ഞപ്പോൾ അവസാനം ജീവനോടെ ബാക്കിയുണ്ടായിരുന്നത് പത്തുപേർ മാത്രം. പാണ്ഡവ പക്ഷത്ത് ഏഴുപേർ. പാണ്ഡവർ അഞ്ചുപേരും ശ്രീകൃഷ്ണനും സാത്യകിയും മാത്രം. കൗരവ പക്ഷത്ത് മൂന്നു പേർ മാത്രം. കൃപർ, കൃതവർമ്മാവ്, അശ്വത്ഥാമാവ് എന്നിവർ. യുദ്ധത്തിൽ പങ്കെടുത്ത ബാക്കിയുള്ളവരെല്ലാം ഈ മഹായുദ്ധത്തിൽ കുരുക്ഷേത്രത്തിൽ മരിച്ചുവീണു.

ഈ യുദ്ധം ആരംഭിക്കുമ്പോൾ കൗരവപക്ഷത്തെ



സർവ്വ സൈന്യാധിപൻ ഭീഷ്മരായിരുന്നു. പാണ്ഡവ പക്ഷത്ത് ധൃഷ്ടദ്യുമ്നനും. പത്തു ദിവസം ഭീഷ്മർ ധീരമായിപ്പൊരുതി. പത്താം ദിവസം ഭീഷ്മർ വീണു ശരശയ്യയിലായി. എന്നാൽ സ്വന്തം പിതാവ് ശന്തനുവിൽ നിന്നും അദ്ദേഹത്തിന് സ്വച്ഛന്ദമരണം എന്ന വരം ലഭിച്ചിരുന്നതിനാൽ വീണു കഴിഞ്ഞും അമ്പത്തെട്ടു ദിവസം കൂടി അദ്ദേഹം ശരശയ്യയിൽ കിടന്നു. ഉത്തരായണം ആരംഭിക്കുമ്പോൾ മാത്രമേ അദ്ദേഹം മരിച്ചുള്ളൂ. ശരശയ്യയിൽ കിടന്ന സമയത്ത് യുദ്ധം ജയിച്ച് കുരുജാംഗലത്തിന്റെ അധികാരികളായിക്കഴിഞ്ഞ യുധിഷ്ഠിരാദികൾ ഭീഷ്മരെ സന്ദർശിക്കുകയുണ്ടായി. ശ്രീകൃഷ്ണന്റെ നിർദ്ദേശപ്രകാരമായിരുന്നു ഇത്. പുരുഷാർത്ഥങ്ങൾ, യജ്ഞാദി കർമ്മങ്ങൾ, രാജധർമ്മം ഇങ്ങനെയുള്ളതിനെക്കുറിച്ചെല്ലാം ആധികാരികമായി പറയാൻ ഭീഷ്മർക്കുമാത്രമേ കഴിയുമായിരുന്നുള്ളൂ. ഭീഷ്മർ മരിച്ചുകഴിഞ്ഞാൽ ഈ ജ്ഞാനങ്ങളെല്ലാം

ഭീഷ്മർക്കൊപ്പം അസ്തമിക്കും. അതുകൊണ്ട് ഈ അന്ത്യവേളയിൽ ഈ വിജ്ഞാന ശാഖകളിലുള്ള സന്ദേഹങ്ങൾക്ക് നിവൃത്തിവരുത്താൻ ഭീഷ്മരെ കാണണമെന്നുള്ള നിർദ്ദേശമായിരുന്നു ശ്രീകൃഷ്ണൻ യുധിഷ്ഠിരനു നൽകിയത്. ഭീഷ്മ സന്നിധിയിലെത്തിയ യുധിഷ്ഠിരനോടും സഹോദരന്മാരോടും ശരശയ്യയിൽ കിടന്നുകൊണ്ട് ഭീഷ്മർ രാജധർമ്മത്തെക്കുറിച്ചുള്ള ഉപദേശങ്ങൾ നൽകി.

സത്യയുഗത്തിന്റെ ആരംഭത്തിൽ ഈ ഭൂമിയിൽ ഉണ്ടായിരുന്ന സമൂഹ ഘടനയെക്കുറിച്ച് ഭീഷ്മർ



ഇങ്ങനെ പറഞ്ഞു.


'സത്യയുഗത്തിന്റെ ആരംഭത്തിൽ രാജ്യവും രാജാവും ഒന്നുമുണ്ടായിരുന്നില്ല. അന്ന് ശിക്ഷാരീതികളോ ശിക്ഷനൽകുന്നവരോ ഇല്ലായിരുന്നു. ധർമ്മത്തിനുവേണ്ടി പരസ്പരം രക്ഷകരായി പ്രവർത്തിച്ചിരുന്ന ജനതയ്ക്ക് നിയമങ്ങളുടെ ആവശ്യം ഇല്ലായിരുന്നു. പിന്നീട് മോഹങ്ങളിൽ മുങ്ങിയ ജനങ്ങളുടെ വിവേകം നഷ്ടപ്പെട്ടു. ധർമ്മബുദ്ധിയും അസ്തമിച്ചു.' (ഭരണകൂടം ഇല്ലാതാകുന്ന അവസ്ഥയാണ് കമ്മ്യൂണിസം എന്നോർക്കുക)

ഇതിനുശേഷം രാജാവും നിയമങ്ങളും ദണ്ഡനീതിയും ഉണ്ടായതായി ഭീഷ്മർ തുടർന്നു പറയുന്നുണ്ട്.

ഇത്രയും പറഞ്ഞത് ഒരു പ്രത്യേക കാര്യം സൂചിപ്പിക്കാൻ വേണ്ടിയാണ്. വേദങ്ങളും ഇതിഹാസങ്ങളും ജർമ്മൻ പണ്ഡിതനായിരുന്ന മാക്സ്മുള്ളർ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ ജീവിതകാലം 1823 മുതൽ മുതൽ 1900 വരെയായിരുന്നു. കാറൽ മാർക്സ് ഇതേ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ജർമ്മൻ ചിന്തകനായിരുന്നു. മാർക്സിന്റെ ജീവിതകാലം 1818 മുതൽ 1883 വരെയാണ് പരിണാമസിദ്ധാന്തത്തിന്റെ കണ്ടുപിടുത്തക്കാരൻ ചാൾസ് ഡാർവിന്റെ ജീവിതകാലം 1809 മുതൽ 1882 വരെയാണ്. ചുരുക്കത്തിൽ ഇവർ മൂന്നുപേരും ഒരേ കാലഘട്ടത്തിൽ ജീവിച്ചിരുന്നവരാണ്. അങ്ങനെ നോക്കിയാൽ കാറൽമാർക്സിന്റെ കമ്മ്യൂണിസം എന്ന സമൂഹഘടനാ സിദ്ധാന്തവും ഡാർവിന്റെ പരിണാമ സിദ്ധാന്തവും മഹാഭാരതത്തിൽ നിന്ന് മാക്സ്മുള്ളറുടെ സഹായത്തോടെ കടംകൊണ്ടതല്ലേ?

ഇവർ ജീവിച്ചിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിനും എത്രയോ സഹസ്രാബ്ദങ്ങൾക്ക് മുമ്പുതന്നെ മഹാഭാരതം ലോകത്തിനുമുമ്പിൽ അവതരിപ്പിച്ചുകഴിഞ്ഞിരുന്നു.

ഇതേക്കുറിച്ച് പഠനവും ഗവേഷണവും ആവശ്യമല്ലേ? മഹത്തായ നമ്മുടെ സംസ്കൃതിയിലേയ്ക്കുള്ള ഒരു തിരിച്ചുവരവായിരിക്കണത്.




**ഫ്രാൻസിസ് ജോർജ്**

13,14 ലോകസഭകളിലെ അംഗം

My warm felicitations to my esteemed friend Shri Jairam Ramesh, with whom I had the privilege to be in Parliament, for bringing out an outstanding work on two eminent personalities of our country.

# INTERTWINED LIVES - P.N. HAKSAR AND INDIRA GANDHI
# BY JAIRAM RAMESH



# THE POWER BEHIND BANK ATIONALISATION

"Dear Haksar Saheb, I have hesitated to write or to speak. Some thing's are too deep for words...during a period which has spanned so many crises you have stood like a rock. Your wise guidance has been invaluable in helping us to negotiate the obstacles and steer clear of the many pitfalls endangering our onward journey, and even our survival. There is perhaps no dearth of worthy, intelligent, even sincere or conscientious persons. But the need is for something over and above that - as you yourself are well aware. These qualities can be useful only if they are combined with a depth of judgement which is based on long experience of men, especially in government, and affairs of India as well as the world; on an insight into trends and forces... your retirement will greatly diminish the efficacy of the PM's secretariat and will be a great loss to me...'

Thus goes the letter written by Smt. Indira Gandhi, the Prime Minister to Shri P.N. Haksar, her Principal Private Secretary, on his demitting office in rather unhappy circumstances. The letter, in an apologetic tone, coming from a person like Smt. Gandhi, tells what kind of a personality was the addressee and also the kind of role played by him while in office.

The full text of the letter is given on the dust jacket of the biography on late Shri P.N. Haksar and his association with Smt. Indira Gandhi, written by Shri Jairam Ramesh MP, former Union Minister and Congress leader. It shows the high esteem she had of Mr. Haksar and the pivotal role played by him as her secretary in running the affairs of the government and even of the Congress party on many critical times.

Parameswar Narain Haksar, was born in Gujranwala, now part of Pakistan's Punjab, in a Kashmiri Pandit family. His father, Jagdish Narain

Haksar was in the judicial service and so Haksar spent his childhood in various places and it was while stationed in Nagpur in 1921, at the age 8, he first saw Indira Gandhi, his mother lavishing attention on her and telling him that the child was the daughter of Kamala, Jawaharlal Nehru's wife. His recollection of that first meeting is like this – 'I have few other recollections of that child except that her eyes seemed to get bigger and bigger the more my mother fussed over her'.

As a child he studied Sanksrit, Urdu and Hindi and had passing knowledge in Persian as well. After schooling he joined Allahabad University for the Bachelor of Science degree course and passed out only in third division and later enrolled for MSc in mathematics and then moved on to London to join University College, London for the MSc course in Anthropology. He also studied at the London School of Economics, and appeared for the ICS exam but did not qualify. Later he took his law degree and spent eight years in London being part of V.K. Krishna Menon's India League bandwagon and also being associated with the left students' movement, being attached with the world students association, a Communist front organization. In London, he got associated with the leading lights of post independent India, V.K. Krishna Menon, Feroz Gandhi, Indira Nehru, Jyoti Basu, Bhupesh Gupta, Indrajit Gupta, Parvathi Kumaramangalam, N.K. Krishnan, Nikhil Chakravarthy and also people like Mulk Raj Anand who described Haksar as 'Student Molotov', meaning the kind of studious man who loves books above other things, as Molotov is said to do.

Haksar returned to India in 1942 and was active in Nagpur as a member of the Communist Party of India, and later became its District Secretary. But by mid 1943 he left for Allahabad to take up legal practice. It seems that as a young man he took to communism, he later on confessed to his close friends his objection to 'the Indian communists mechanically obeying Comintern dictat without any possibility of civilized debate and discussion'. But there was always a lingering doubt in the minds of many like me, that whether people like Haksar was part of the 'Kumaramangalam Thesis' strategy of the CPI to infiltrate the Congress Party and take over the reins of power through the back door, as a straight electoral victory for the communist movement in India was not possible in the near future.

Later on, he was inducted into the Foreign Service at the initiative of Prime Minister Jawaharlal Nehru. He served in London, Geneva, Korea, Nigeria and Austria for 18 years and while in Delhi, he closely worked with Prime Minister Nehru. During his stint in London, Indira Gandhi wanted him to be the local guardian of her sons, Rajeev and Sanjay, who were studying there. He was close to the Nehru-Gandhi family and probably that close family ties and his reputation as an intelligent and able administrator, which made Indira Gandhi to pluck him out of the Foreign Service and appoint him as her Private Secretary when she became Prime Minister of the country years later.

From 1967 to 1972 as the Secretary in charge of the PMO, he was part of, in fact was prime mover of all the momentous decisions taken by Smt. Gandhi which hoisted her to the centre stage of Indian political life. To quote the author, 'Haksar was her ideological anchor and moral compass in this momentous period'. He played a pivotal role in her much-heralded achievements, including the nationalization of banks, abolition of privy purses and princely privileges, the Indo-Soviet Treaty, the creation of Bangladesh, rapprochement with Sheikh Abdullah, the Simla and New Delhi Agreements with Pakistan, the emergence of the country as an agricultural, space and nuclear power and later the integration of Sikkim with India. Later on he became the Deputy Chairman of the Planning Commission. There was no area of administration where he did not leave his distinct foot print. He always committed his ideas, comments, advice and counsel to writing, and gave the Prime Minister dispassionate options to decide on important matters of state. Though a Marxist by belief, he was a very pragmatic man when it came to the vital interest of the country. He was a champion of the public sector, but was against the public sector turning out to be a drain on the public exchequer, expressing his disappointment in an essay 'Public Sector: Hope or Despair'.

When Indira Gandhi became Prime Minister, she was very much unsure of herself and the powerful 'Syndicate' led by Shri K.Kamaraj was watching over her shoulders in all matters of policy and administration. She also didn't have much hold over the congress party, which made her hesistant and ambivalent in taking major decisions. Haksar almost chaperoned with her in the initial years and gave her the necessary intellectual and administrative inputs and managed the vast administrative machinery for her. He even drafted the congress party resolutions on crucial policy issues and gave her precise guidelines on what to say and how to manage her senior cabinet colleagues. After the Congress Party split and Bangladesh war, she became on her own and became the undisputed leader of the party and





the nation, and was hailed as 'Durga' by the opposition leader Shri A.B. Vajpayee.

Haksar was a man having the courage of his convictions. He was against the Maruti small car project of Sanjay Gandhi, and he told this to Mrs. Gandhi without mincing words. He considered the project an extravaganza the country can't afford at that point of time, and instead recommended the production of two wheelers for mass transport. He also expressed his disagreement in the Prime Minister's son involving himself in such a big project without enough financial means, that too staying at the PM's House. The estrangement began here, and it was very pithily put by Shri Sharada Prasad, another important aid of Mrs. Gandhi - '...there was growing friction between the sovereign and chamberlain over the doings of the prince'.

Sanjay Gandhi never forgave Haksar for his opposition to the Maruti Project and during the emergency got the police to raid, 'Pandit Brothers', the shop of Haksar's Uncle and Brother-in-law, and they were handcuffed and paraded to the police station, obviously to humiliate Haksar, but he refused to intervene, saying 'They want to bend me, I would rather brake'.

This is the story of an extraordinary man: wise, erudite, visionary, a model civil servant, diplomat par excellence and someone who was well versed in the diversities and intricacies of Indian public life; an aide or help anyone in office would like to have by his or her side. That sentiment was amply expressed by Smt. Gandhi in her letter to him quoted at the beginning. In the end, was Shri P.N. Haksar was sore at Mrs. Gandhi?. It seems so, as is evident from the way he reacted to being termed as the 'conscience keeper' of her; 'I could not become a 'keeper' of something which did not exist'. But that was the only comment he made against Mrs. Gandhi after he left office, but it was damning enough.

This book is a must read for all in public life, to students and research scholars on politics, especially to understand the behind-the-scene happenings during a very crucial period in our countries history, and also to understand the working of the top echelons of the union government.

My warm felicitations to my esteemed friend Shri Jairam Ramesh, with whom I had the privilege to be in Parliament, for bringing out an outstanding work on two eminent personalities of our country.


# കേരള സൃഷ്ടിയിൽ ആർക്കാണ് പങ്ക്?



ജോൺ ഫെർണാണ്ടസ്

13,14 കേരള
നിയമസഭകളിൽ അംഗം

സാധാരണ മനുഷ്യന്റെ ചിന്തകൾക്ക് വളർച്ചയും വികാസവും നല്കുന്ന മാതൃഭാഷയെ തകർക്കുന്നതുവഴി ആധിപത്യശക്തികൾക്ക് അടക്കിഭരിക്കാനുള്ള അവസരമൊരുക്കുകയാണ് ചെയ്യുന്നത്.



വളരെയേറെ സംശയങ്ങൾ സൃഷ്ടിക്കാവുന്ന ഒന്നാണ് മേൽ തലക്കെട്ട്.

കേരളം സൃഷ്ടിച്ചതാണോ അതോ രൂപപ്പെടുത്തിയതാണോ? പ്രാചീന കേരളമാണോ അതോ ആധുനിക കേരളമാണോ?

ഭൂപരമായ സൃഷ്ടിക്കലിനെക്കുറിച്ചാണോ അതോ സാമൂഹ്യമായ കേരള സൃഷ്ടിയെക്കുറിച്ചാണോ?

ഒട്ടേറെ സംശയങ്ങൾ മാത്രമല്ല വിവാദങ്ങൾക്കും വഴിതെളിക്കാം.. വിവാദങ്ങൾ വ്യവസായമായി കൊണ്ടാടുന്നവരെ ഒഴിവാക്കുന്നു. കെട്ടുകഥകളുടെ അടിസ്ഥാനത്തിലല്ല കേരളത്തെ സംബന്ധിച്ച എല്ലാ

പഠനവും ആരംഭിക്കേണ്ടത്. 'കേരളോല്പത്തി'യിലെ ചിലതെങ്കിലും പാറ്റി കഴിയുമ്പോൾ പതിരാണെന്നു കാണാം. അങ്ങിനെയെങ്കിൽ തലക്കെട്ടുതന്നെ മാറ്റേണ്ടതല്ലേ?

തലക്കെട്ടെന്തായാലും ഉള്ളടക്കം പ്രധാനമാണ്.

ഭൂപരമായ കേരളം സൃഷ്ടിച്ചവർ എന്നതിനേക്കാൾ ഭാഷാപരമായ കേരളം രൂപപ്പെടുത്തിയവരെയാണ് 'സ്രഷ്ടാക്കൾ ' എന്നു വിളിക്കേണ്ടതെന്ന പക്ഷക്കാരനാണ് ഞാൻ .

'കേരളം മലയാളികളുടെ മാതൃഭൂമി' എന്നത് ഒരു പുസ്തകത്തിന്റെ തലക്കെട്ടാകുന്നതിനപ്പുറം ആധുനിക കേരളത്തിന്റെ ഈറ്റുപുരയെന്ന സ്ഥാനം അടയാളപ്പെടുത്തുന്നു.

മലയാളം എന്നതാണ് മുഖ്യം. കേരളീയരുടെ മാതൃഭാഷ മലയാളം. ഭാഷാ സംസ്ഥാന രൂപീകരണ പോരാട്ടങ്ങൾ ഇന്ത്യയിൽ നിറഞ്ഞുനിന്ന കാലമാണ് സ്വാതന്ത്ര്യാനന്തര ദശകങ്ങൾ . ഇവയെ മുഖ്യമായും മൂന്നായി മുറിഞ്ഞുകിടന്നിരുന്ന ഭൂവിഭാഗങ്ങളെ ഭാഷ എന്ന ചരടിൽ കോർക്കാനുള്ള പരിശ്രമമായിരുന്നു ഐക്യകേരള പോരാട്ടം.

ഈ ഉജ്ജ്വല സമരത്തിന്റെ 'മുഖ്യഘടകം ഭാഷ തന്നെയായിരുന്നു'. അതുകൊണ്ടുതന്നെ കേരളസൃഷ്ടിയിൽ മലയാളഭാഷക്ക് മുഖ്യപങ്കുണ്ട്.

ഇതരഭാഷകളുടെ സമ്മർദ്ദങ്ങളെ അതിജീവിച്ച് മൃതമാകാതെ മലയാള ഭാഷയെ കാത്തവരാണ് കേരളസ്രഷ്ടാക്കൾ .

ഭാഷാപിതാവ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ മുതൽ ഇങ്ങ് ഐക്യകേരള പിറവി കാലം വരെ ഭാഷയെ സമ്പന്നമാക്കിയ മഹത്തുക്കളായ എല്ലാവരുംതന്നെ ആദരവർഹിക്കുന്നു .

എഴുത്തച്ഛനു പിന്നാലെ, ചെറുശ്ശേരിയും, കുഞ്ചൻ നമ്പ്യാരും സൃഷ്ടിച്ച ഭാഷയുടെ 'നവലോകം' വലിയ ഈടുവയ്പായിരുന്നു എന്നു കാണാം. ഭാഷയ്ക്കായി ആദ്യനിഘണ്ടു രൂപപ്പെടുത്തിയത് മലയാളി അല്ലായിരുന്നുവെന്നത് ഇന്നും അത്ഭുതാദരവോടെ സ്മരിക്കപ്പെടണം . ജർമ്മനിയിൽ നിന്നെത്തിയ ഡോക്ടർ ഹെർമ്മൻ ഗുണ്ടർട്ട് കേരളീയ സൃഷ്ടിയിൽ വഹിച്ച പങ്ക് വിസ്മരിക്കാനാവുന്നതല്ല. .

ആധുനിക കവിത്രയങ്ങളും, അപ്പനുതമ്പുരാനും, ചന്തുമേനോനും മുതൽ ചങ്ങമ്പുഴയടക്കമുള്ളവർ നല്കിയ വിലമതിക്കാനാവാത്ത സംഭാവന മറക്കാനാവില്ലല്ലോ !

പദ്യത്തിലുംഗദ്യത്തിലും പച്ചമനുഷ്യന്റെ ഭാഷയിൽ രചിക്കപ്പെട്ടതും പ്രചരിക്കപ്പെട്ടതുമായ വിവിധ സാഹിത്യരൂപങ്ങൾ തന്നെയാണ് മലയാളികളെ ഒന്നിപ്പിച്ചത്. ഈ ഒന്നിപ്പിക്കലാണ് കേരളസൃഷ്ടിയുടെ പോരാട്ട വീറിന് ശക്തി പകർന്നത്.

നവകേരളത്തിലേക്കുള്ള പ്രയാണത്തിൽ സാമൂഹ്യ അനാചാരങ്ങൾക്കെതിരായ സമരങ്ങളും അതേറ്റവാങ്ങിയുള്ള പ്രത്യക്ഷപോരാട്ടങ്ങളും മലയാളഭാഷയേയും ശക്തിപ്പെടുത്തി എന്നു കാണാം.

മണ്ണും, മനുഷ്യനും തമ്മിലുള്ള ജൈവബന്ധം പോലെ തന്നെ മലയാളഭാഷയും ഉടർന്നുള്ള സമരപോരാട്ടങ്ങൾക്ക് കരുത്തായി.

സാഹോദര്യത്തിന്റെയും സമഭാവനയുടേതുമായ കേരളം എന്നത് നിലനില്ക്കുന്നതുതന്നെ ഭാഷയുടെ നിലനില്പിലൂടെയാണ്.

അതുകൊണ്ടുതന്നെ ഒരു രാഷ്ട്രം, ഒരു ഭാഷ, ഒരു സംസ്കാരം എന്ന നിലയിലുള്ള പ്രചരണവക്താക്കളുടെ ഇന്നത്തെ ലക്ഷ്യം മലയാളമടക്കമുള്ള ഭാഷകളുടെ നാശമാണ്.

ഭാഷ മരിക്കുമ്പോൾ ഒരു സംസ്കാരം തന്നെ മരിക്കുന്നു. അതുകൊണ്ട് മലയാള ഭാഷയെ സംരക്ഷിക്കേണ്ടത് പരമപ്രധാനമാണ്. ഏകഭാഷാധിപത്യത്തിനുള്ള അടിച്ചമർത്തലാണ് ഭാരതത്തിൽ പ്രചാരമുണ്ടായിരുന്ന പല ഭാഷകളുടെയും നാശത്തിനുഹേതു.

സാധാരണ മനുഷ്യന്റെ ചിന്തകൾക്ക് വളർച്ചയും വികാസവും നല്കുന്ന മാതൃഭാഷയെ തകർക്കുന്നതുവഴി ആധിപത്യശക്തികൾക്ക് അടക്കിഭരിക്കാനുള്ള അരങ്ങൊരുക്കുകയാണ് ചെയ്യുന്നത്.

ഭാഷാസംരക്ഷണം അതുകൊണ്ടുതന്നെ പരമപ്രധാനമായി മാറുന്നു.

നവകേരളം രൂപപ്പെടുന്നതിൽ ജനങ്ങളുടെ ഐക്യവും പോരാട്ടവും പ്രധാനമാകുമ്പോൾ അതിനുള്ള ഊർജ്ജം ഭാഷയിൽ നിന്നുകൂടി ലഭ്യമാകുന്നു.

'ആധുനിക മലയാളം' ആധുനിക കേരളത്തിന്റെ ഭാഗമാണ്. കേരള സൃഷ്ടിയിൽ ഭാഷയ്ക്ക് വലിയ പങ്കുണ്ട്; ഈ കാലത്തും.

കൊണ്ടാടി നാനാവിചിന്തനതന്തുക്കൾ
കൊണ്ടാമരമരഭാഷയെ വാഴ്ത്തിക്കൊള്ളുകിൽ
കേരളത്തിന്നീയിതൾക്കൊണ്ടിൽനിന്നൊന്നു
കേറാൻ പിടിക്കയൊന്നുള്ളുവോ?

(എന്റെ ഭാഷ-വള്ളത്തോൾ)

എന്ന വള്ളത്തോൾ കവിത പ്രസക്തമാകുന്നതും അതുകൊണ്ടാണ്.




**ബി.ബാബു പ്രസാദ്**

12-ാം കേരള നിയമസഭയിലെ അംഗം


# ശ്രീകുമാരൻതമ്പി:
## പകൽ സ്വപ്നത്തിൻ പവനുരുക്കിയ പ്രണയരാജശിൽപി

1986-ൽ റിലീസായ യുവജനോത്സവം എന്ന ശ്രീകുമാരൻതമ്പി സംവിധാനം ചെയ്ത ചിത്രത്തിൽ ശ്രീകുമാരൻതമ്പി രചിച്ച് രവീന്ദ്രൻ സംഗീതം പകർന്ന

*പാടാം നമുക്ക് പാടാം വീണ്ടുമൊരു പ്രേമഗാനം ..*
*പാടിപ്പതിഞ്ഞ ഗാനം പ്രാണനിൽ ഉണരും ഗാനം ഗാനം..*

ഈ ഈരടികൾ എഴുതുമ്പോൾ അദ്ദേഹം ചലചിത്ര ഗാനരചനയിൽ നിന്ന് മാറി നിന്ന ചെറിയ ഇടവേളയെക്കുറിച്ചും അതിനുമുമ്പ് രചിച്ച നിരവധി പ്രേമഗാനങ്ങളെക്കുറിച്ചും നമ്മളെ ഓർമ്മിപ്പിക്കുക കൂടിയാണ് ചെയ്തത്. "വീണ്ടുമൊരുപ്രേമഗാനം..." എന്ന ഓർമ്മപ്പെടുത്തൽ അദ്ദേഹത്തിന്റെ ചലച്ചിത്ര ഗാനപ്രപഞ്ചത്തിലേക്ക് നമ്മളെ മടക്കി കൊണ്ടു പോകുന്നതാണ്. ശ്രദ്ധേയനായ ഒരു കവിയായ അദ്ദേഹം തന്റെ സാന്നിദ്ധ്യം ഏറ്റവും കൂടുതൽ തെളിയിച്ചത് ചലച്ചിത്ര ഗാനശാഖയിലായിരുന്നു. 70 കളിലെ യുവത്വം നിറഞ്ഞ അദ്ദേഹത്തിന്റെ കരിയറിൽ ഏറ്റവും മികവുറ്റ ഈരടികൾ എഴുതി. ഒരു നിത്യകാമുകനെ ഉള്ളിൽ പ്രതിഷ്ഠിച്ചു കൊണ്ട് എഴുതിയ ആ റൊമാന്റിക് ഈരടികൾ മലയാള ചലച്ചിത്ര ഗാന ശാഖയ്ക്ക് ലഭിച്ച വിലമതിക്കാനാവാത്ത സംഭാവനയാണ്.

*'ആ നിമിഷത്തിന്റെ നിർവൃതിയിൽ ഞാനൊരാവണി തെന്നലായ് മാറി'*


എന്ന രചനയിലും (ചിത്രം ചന്ദ്രകാന്തം-1974, സംഗീതം - എം.എസ്. വിശ്വനാഥൻ)

*'ഹൃദയേശ്വരി നിൻ നെടുവീർപ്പിൽ ഞാനൊരു മധുര സംഗീതം കേട്ടു*
*ഹൃദയത്തിൻ രാഗാലാപനമായൊരു സുഗമ സംഗീതം കേട്ടു'*
(ചിത്രം പഞ്ചാമൃതം-1977, സംഗീതം - ജി. ദേവരാജൻ)

*'മംഗലപാല തൻപൂമണമൊഴുകി മനസ്സിലെ മണിനാഗക്കാവുകളിൽ*
*ഇന്ദ്രവല്ലരിതൻ പോലൊരാൾ എൻസഖി പൂചൂടി വരുന്നു'*
(ചിത്രം മധുരസ്വപ്നം-1977, സംഗീതം - എം.കെ. അർജ്ജുനൻ)

*'ഉറങ്ങാൻ കിടന്നാൽ ഓമനേ നീ ഉറക്കുപാട്ടാകും*
*നിന്റെമടിയിൽ ഞാൻ തലചായ്ച്ചാൽ നിറമായ*
*മാണിക്യ മഞ്ചട്ടിലാകും*
*കനകം വിളയും ചിരിയുടെ മുത്തുകൾ*
*കളയരുതേ വെറുതേ*

**മധ്യ തിരുവിതാംകൂറിന്റെ സാംസ്കാരിക സാമൂഹിക പൈതൃകങ്ങൾ, ക്ഷേത്രങ്ങൾ, ക്ഷേത്രാചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഗ്രാമജീവിതങ്ങൾ, നാട്ടുവഴികൾ, വയലേലകൾ, നദികൾ പുഞ്ചപ്പാടങ്ങൾ മാറി മാറി വന്ന കാർഷികവൃത്തികൾ, മഴ, വേനൽ, മഞ്ഞ് എന്നീ ഋതുഭേദങ്ങളിൽ തുടങ്ങി എല്ലാം അദ്ദേഹത്തിന്റെ ഗാനങ്ങളിൽ ഇടം പിടിച്ചതായിക്കാണാം.**



*ഒരു മുത്തമായാമുത്തുകൾ കോർത്തെൻ*
*അധരത്തിൽ ചാർത്തുക നീ'*
(ചിത്രം പത്മരാഗം-1975, സംഗീതം - എം.കെ. അർജ്ജുനൻ)

പ്രണയാതുരനായ ഒരു കാമുകന് കാമിനിയോട് പാടി കേൾപ്പിക്കാവുന്നതും കാമുകിയുടെ ഹൃദയം കീഴടക്കാൻ സാധിക്കുന്നതുമായ ഏറ്റവും മധുരം തുളുമ്പുന്ന ഈരടികളാണ് ഇവയൊക്കെ.

ശ്രീകുമാരൻതമ്പിയുടെ രചനയിൽ അർജ്ജുനൻ മാസ്റ്റർ ആദ്യമായി സംഗീതം നിർവ്വഹിച്ച 'റസ്റ്റ് ഹൗസ് 'എന്ന ചിത്രത്തിലെ

*'പാടാത്ത വീണയും പാടും*
*പ്രേമത്തിൻ ഗന്ധർവ്വ വിരൽതൊട്ടാൽ*
*പാടാത്ത മാനസ വീണയും പാടും'*
ഈ വരികളിലെ കാൽപ്പനിക ഭംഗി എക്കാലവും വേറിട്ടു നിൽക്കും.

*'മാനസഭാജനവും പുഞ്ചിരിച്ചാൽ ഒരു*
*നൂറിതളുള്ളപൂവിരിയും*
*ഓരോ ഇതളും വസന്തമാകും*
*ഓരോ വസന്തവും കഥപറയും*
*പ്രേമകഥപറയും'*
(ചിത്രം അജ്ഞാതവാസം-1973, സംഗീതം - എം.കെ. അർജ്ജുനൻ)

ഹൃദയേശ്വരിയുടെ നെടുവീർപ്പിൽപ്പോലും മധുരസംഗീതം ശ്രവിച്ച കാമുകഹൃദയവും, പ്രണയഭാജനത്തിന്റെ പുഞ്ചിരിയിൽ നൂറിതളുള്ള പൂവിരിയുമെന്നും അത് ഒരു പ്രേമകഥയെ ആവിഷ്കരിക്കുമെന്നും എഴുതിയ രണ്ടു ഗാനങ്ങളിലും കവി, മുഗ്ദ്ധമായ പ്രണയത്തിന്റെ അവാച്യമായ അനുഭൂതികളെയാണ് വരച്ചുകാട്ടുന്നത്.

*'മാണിക്യ ശ്രീകോവിൽ നടയിൽ -അതിൽ*
*മായാവിഗ്രഹം ഞാനല്ലേ?*
*കാഞ്ചനമണിദീപം നടയിൽ-അതിൽ*
*കർപ്പൂരത്തിരിനാളം ഞാനല്ലേ?''*
(ചിത്രം പ്രിയംവദ-1976, സംഗീതം - ദക്ഷിണാമൂർത്തി)

ഇവിടെ കാമുകനും കാമുകിയും ഒരിക്കലും വേർതിരിച്ചു കാണാനാവാത്ത വിധം അതിവിശിഷ്ടമായ ഉപമയാൽ വർണ്ണിക്കപ്പെടുന്നു.

നീ ശ്രീകോവിലാണെങ്കിൽ ഞാൻ
മായാവിഗ്രഹമാണ് നീ ദീപമാണെങ്കിൽ ഞാൻ
കർപ്പൂരത്തിരിനാളമാകുന്നു.

ഇത്ര സമ്പന്നമായ ഉപമകളെ സരളമായ വാക്കുകളിലൂടെ ആവിഷ്കരിക്കുന്ന പ്രേമസന്ദർഭങ്ങൾ ശ്രീകുമാരൻ തമ്പിയുടെ നിരവധി ഗാനങ്ങളിൽ നമുക്കനുഭവപ്പെടുന്നു. 1972-ൽ പുറത്തിറങ്ങിയ 'മായ' എന്ന സിനിമയിൽ ശ്രീകുമാരൻതമ്പി രചിച്ച് ദക്ഷിണാമൂർത്തി സംഗീതം നൽകിയ

*'ചമ്പകത്തൈകൾ പൂത്ത മാനത്തു പൊന്നമ്പിളി'*
എന്നു തുടങ്ങുന്ന ഗാനത്തിന്റെ അനുപല്ലവിയിൽ
*'അല്ലിക്കൈ മെയ്യാണെ കൊണ്ടെന്റെ മേനിയിൽ*
*അവൾ പടം വരച്ചില്ലല്ലോ*
*മാണിക്യ മണിമുത്തുമണിയിലെന്റെ കവിളിലെ*
*മണലിൽ തിളങ്ങിയില്ലല്ലോ."*

ഭാവനാ പൂർണ്ണമായ ഈ വരികളിൽ ഭാവാത്മകമായ അതിഗൂഢ ദാഹത്തിന്റെ ധ്വനിപ്പിക്കൽ കൂടിയുണ്ട്.

1971-ൽ പുറത്തുവന്ന 'കൊച്ചനിയത്തി' എന്ന സിനിമയിൽ പുകഴേന്തി സംഗീത സംവിധാനം നിർവ്വഹിച്ച ശ്രീകുമാരൻതമ്പിയുടെ

*'സുന്ദരരാവിൽ ചന്ദനമുകിൽ*
*മന്ത്രങ്ങളെഴുതും ചന്ദ്രികേ*
*അനുരാഗത്തിൻ ആത്മനൊമ്പരം*




*ആത്മനാഥനോടെങ്ങിനെപറയും'*

ഇവിടെ അനുരാഗം കൊണ്ട് വിവശയായിരിക്കുന്നത് കാമുകിയാണ്. ചന്ദ്രികയോട് അനുരാഗത്തിന്റെ ആത്മനൊമ്പരം എങ്ങനെയറിയിക്കും? പ്രണയിനിയുടെ ചോദ്യം മിക്ക സന്ദർഭങ്ങളിലും കാമുകിയോട് പ്രണയാഭ്യർത്ഥന സമർപ്പിക്കുന്ന കാമുകനെയാണ് നമുക്ക് പരിചിതമായിട്ടുള്ളത്. ഈ ഈരടികളിൽ തനിക്ക് അടക്കിവെക്കാൻ കഴിയാത്ത പ്രണയം എങ്ങനെയും കാമുകനെ അറിയിക്കുകയും വേണം. നായികയത് മാനത്തു ചിരിതൂകി നിൽക്കുന്ന ചന്ദ്രികയോട് പങ്കു വയ്ക്കുകയാണ്.

മഹാകാവ്യങ്ങളിൽ വർണ്ണിക്കപ്പെടുന്ന




നായികമാരെപ്പോലെ ഈ ഗാനത്തിലെ നായിക ചന്ദ്രികയെ തന്റെ തോഴിയായി സങ്കൽപ്പിക്കുന്നു. ചന്ദ്രികയാവട്ടെ ഈ സുന്ദരരാവിൽ ചന്ദനനിറമുള്ള മുകിൽ മന്ത്രങ്ങൾ എഴുതിക്കൊണ്ടിരിക്കുകയാണ്. അതു പ്രണയസ്പർശത്തിന്റെ വിശേഷണമാണ്.

ഭാവനയുടെ ഗഗനതലത്തിൽ നിന്ന് നിർവ്വഹിച്ച കാണുന്ന അപൂർവ്വ സന്ദർഭമാണ് ഈ ഗാനത്തിന്റെ രചനയിൽ സംഭവിച്ചിട്ടുള്ളത്. കാമുകൻ പ്രിയയോട് പാടി കേൾപ്പിക്കുന്ന

*'ആവണിപ്പുലരികൾ ശാരദസന്ധ്യകൾ*
*ആയിരങ്ങൾ കൊഴിഞ്ഞാലും*
*പതിനായിരങ്ങൾ കൊഴിഞ്ഞാലും*
*തളരാതെ കൊഴിയാതെ ഒളിമങ്ങാതെ നിത്യ*
*പൗർണ്ണമി പോൽ വളരുമീയനുരാഗം."*

അവന്റെ പ്രണയം തളരാതെ കൊഴിയാതെ ഒളിമങ്ങാതെ നിത്യപൗർണ്ണമി പോൽ എന്നും പടർന്നു പന്തലിച്ച നിൽക്കും. ആയിരമോ പതിനായിരമോ ആവണിപ്പുലരികളോ ശാരദസന്ധ്യകളോ തന്നെ കൊഴിഞ്ഞാലും തന്റെ അനുരാഗം അനശ്വരമായി നിലനിൽക്കും എന്ന ഉജ്ജ്വലമായ പ്രണയസങ്കൽപ്പം

*'പുലരിയോടോ സന്ധ്യയോടോ*
*പ്രിയതര പ്രേമം?"* എന്നു ചോദിക്കുന്ന കാമുകിയോട് (ചിത്രം സിംഹാസനം-1979, സംഗീതം - എം.എസ്. വിശ്വനാഥൻ)

'പുലരിയോട് ആവണിപ്പുലരിയോട്!'എന്നാണ് മറുപടി.

ശാരദസന്ധ്യകളോടാണ് തനിക്ക് പ്രേമം എന്നു മൊഴിയുന്ന കാമുകി. കാമുകന്റെ മറുപടിയാണ് ആദ്യം എഴുതിയ ഈ ഗാനത്തിന്റെ ആവണിപ്പുലരികൾ എന്നു തുടങ്ങുന്ന പല്ലവി.

*'ആശകൾ കൈകൂപ്പി നിൽക്കും*
*ആ മനോഹര നിമിഷത്തിൽ*
*ആയിരം ത്രികാർത്തിക കണ്ടു - പൂമാരികണ്ടു*
*കളഭാഭിഷേകം കണ്ടു-കവിളിൽ*
*കളഭാഭിഷേകം കണ്ടു'*
1970 ലിറങ്ങിയ കാക്കത്തമ്പുരാട്ടി എന്ന ചിത്രത്തിൽ കെ. രാഘവൻ സംഗീതം പകർന്ന

ശ്രീകുമാരൻതമ്പിയുടെ

*'അമ്പലപ്പുഴ വേല കണ്ടു ഞാൻ*
*തമ്പുരാട്ടി നിന്റെ നടയിൽ*
*അംഗവിഗ്രഹ ദേഹ വടിവിൽ*
*അമ്പലപ്പുഴ വേല കണ്ടു ഞാൻ'*

എന്ന ഗാനത്തിന്റെ പല്ലവിയാണ് ആദ്യം സൂചിപ്പിച്ചത്. കാമുകിയെ അംഗപ്രത്യംഗം നിരീക്ഷിക്കുകയാണ് കാമുകൻ. തനിക്കുടക്കാൻ കഴിയാത്തവണ്ണം വൈകാരികതലത്തിൽ നിന്ന് കാമുകിയുടെ ദേഹവർണ്ണനയാണ് വരികളിൽ. ആശകൾ കൈ കൂപ്പി നിൽക്കുന്ന അവളുടെ നീലമിഴികളിൽ തുടങ്ങി ആപാദചൂഡം വേലകളി, തൃക്കാർത്തിക, കളഭാഭിഷേകം തുടങ്ങി അമ്പലപ്പുഴ ക്ഷേത്രത്തിലെ ഉത്സവത്തിന്റെ അനുഷ്ഠാന ആചാരങ്ങളിലൂടെ വർണ്ണിക്കപ്പെടുകയാണ്. പ്രണയപരവശനായ കാമുകൻ കാമുകിയെ അവളുടെ താരുണ്യത്തെ നോക്കുമ്പോൾ തന്റെ പ്രണയാർദ്രതയും വീക്ഷണത്തിൽ ലഭ്യമായ അനുഭൂതിയും വർണ്ണിക്കുന്നതിൽ കടന്നു വരുന്ന ശൃംഗാരവും ഗാനത്തിൽ കവി മറച്ചു വയ്ക്കുന്നില്ല.

*'താരക രൂപിണീ നീയെന്നുമെന്നുടെ*
*ഭാവനാരോമാഞ്ചമായിരിക്കും*
*ഏകാന്തചിന്തതൻ ചില്ലയിൽ പൂവിടും*
*ഏഴിലം പാലപ്പൂവായിരിക്കും'*

(ചിത്രം ശാസ്ത്രം ജയിച്ചു മനുഷ്യൻ തോറ്റു, സംഗീതം - ദക്ഷിണാമൂർത്തി)

*'കാവ്യവൃത്തങ്ങളിലോമനേ നീ നവ*
*മാകന്ദ മഞ്ജരിയായിരിക്കും*
*എൻമണിവീണതൻ രാഗങ്ങളിൽ സഖീ*
*സുന്ദരമോഹനമായിരിക്കും'*

കവികൾ അവരുടെ കാവ്യരചനാപ്രക്രിയയിൽ ഏറ്റവും ഇഷ്ടപ്പെടുന്ന വൃത്തമാണ് മഞ്ജരി. സംഗീത സംവിധായകർ സംഗീതം ചിട്ടപ്പെടുത്തുമ്പോൾ ഏറ്റവും പ്രിയപ്പെട്ടതായി കരുതുന്ന രാഗമാണ് മോഹനം. കവിത, ഗാനം, സംഗീതം ഇതായിരുന്നു ശ്രീകുമാരൻതമ്പിയുടെ ലോകം. ഈ ഈരടികളിൽ കാമുകൻ കാമുകിയെ കാവ്യവൃത്തങ്ങളിലെ ശ്രേഷ്ഠമായ മഞ്ജരിയോടും രാഗങ്ങളിലെ ഹൃദ്യമായ മോഹനത്തോടുമാണ് ഉപമിക്കുന്നത്. ഇത് അപൂർവ്വമായ ഉപമയാണ്. ഒരു പക്ഷേ മഞ്ജരിയും മോഹനവും അദ്ദേഹത്തിനും ഏറെ പ്രിയപ്പെട്ട വൃത്തവും രാഗവുമായിരിക്കണം. ശ്രീകുമാരൻ തമ്പിയുടെ ഈരടികളിൽ ഒരു മദ്ധ്യതിരുവിതാംകൂർ പശ്ചാത്തലമാണ് വരച്ചിടുന്നത്. സിനിമയുടെ കഥ ഗ്രാമീണ-നാഗരിക പശ്ചാത്തലത്തിൽ വളർന്നു വികസിക്കുന്നവയാകാം. അദ്ദേഹത്തിന്റെ നായകനും നായികയും പാടുന്ന ഈരടികളിലെ വൈവിധ്യങ്ങളെക്കുറിച്ചുള്ള വിവരണം മദ്ധ്യ തിരുവിതാംകൂറുമായി ബന്ധപ്പെട്ടുകിടക്കുന്നതായി കാണാം. 1973ൽ പുറത്തുവന്ന എം.കെ. അർജ്ജുനൻ സംഗീതം നൽകിയ പത്മവ്യൂഹം എന്ന സിനിമയിലെ

*'നക്ഷത്രക്കണ്ണുള്ള സുന്ദരിപ്പെണ്ണേ*
*നാടൻപെണ്ണഴകിപ്പെണ്ണേ*
*കണ്ടാൽ നല്ല കലാകാരി- എന്റെ*
*കരളിൽ നിറയാതകാന്താരി..*
*കരളിൽ നിറയാതകാന്താരി..*
*കാന്താരി ...... കാന്താരി..."*

ഈ ഗാനത്തിന്റെ പല്ലവിയിൽ ജലോത്സവത്തിന്റെ സന്ദർഭം വർണ്ണിച്ചാണ് നായികയെക്കുറിച്ച് പാടുന്നത്. അതിൽ വർഷം തോറും ചുണ്ടൻവള്ളങ്ങളുടെ മത്സരം നടക്കുന്ന മദ്ധ്യതിരുവിതാംകൂറിലെ സുപ്രധാന ജലമേളയായ പായിപ്പാട്ടു ജലോത്സവത്തെ വേദിയാക്കി ഭാവനാസമ്പന്നമായ വരികളും

*'പായിപ്പാട്ടാറ്റിലെ ചതയം കളിക്കെന്റെ*
*ചുണ്ടനുമായ് ഞാൻ വന്നപ്പോൾ*
*കരയിൽ കസവുള്ള കവണിയണിഞ്ഞു നീ*
*കണ്ണിൽ നയമ്പുമായ് നിന്നിരുന്നു.*
*ഓളത്തിൽ തോണി ചരിഞ്ഞപ്പോൾ-നിന്റെ*
*നീലക്കണ്ണ് ഇഴയെന്റെ തോഴിയായി."*

വള്ളം കളികൾ കുട്ടനാടിന്റെയും അപ്പർ കുട്ടനാടിന്റെയും സ്വന്തം നിറഞ്ഞ മഹോത്സവങ്ങളാണ്. ചുണ്ടൻ, വെപ്പ്, ഓടി, ചുരുളൻ വള്ളങ്ങൾ മത്സരവള്ളം കളിയിൽ മാറ്റുരയ്ക്കുന്ന അനേകം ജലോത്സവങ്ങൾ കുട്ടനാടിന്റെയും ഹരിപ്പാടിന്റെയും പ്രത്യേകതയാണ്.

കായൽപ്പരപ്പും നദികളും കൊണ്ട് സമ്പന്നമായ ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലും ഹരിപ്പാട്ടുമായി 20 ചുണ്ടൻ വള്ളങ്ങളുണ്ട്. ഈ പ്രദേശം നിരവധി ജലോത്സവങ്ങളുടെ വേദിയാണ്.

തിരുവോണം, അവിട്ടം, ചതയം നാളുകളിലായിട്ടാണ് പായിപ്പാട് ജലോത്സവം അരങ്ങേറുക. മത്സരവള്ളം കളി ചതയം നാളിലാണ്. ശ്രീകുമാരൻ തമ്പിയുടെ ഈരടിയിലെ നായകൻ തന്റെ ചുരുളൻ വള്ളവുമായി ചതയം നാളിലെ വള്ളം കളിക്കെത്തുന്നതാണ് സന്ദർഭം. കസവു കവണിയണിഞ്ഞാണ് നായിക കരയിൽ നിൽക്കുന്നത്. നായകന്റെ നായികയുമായുള്ള കണ്ടുമുട്ടൽ മനോഹരമായ ഒരു വർണ്ണനയാണ്. തന്റെ ചുരുളൻ വള്ളം ഇഴയാനുള്ള നയമ്പ് (ഇഴ) കാമുകിയുടെ കണ്ണുകളിലാണ് നായകൻ കാണുന്നത്. ഉയർന്നു താഴുന്ന ഇഴകളെപ്പോലെ ആ കണ്ണുകൾ കഥപറയുന്നു. അനേകം വള്ളങ്ങൾ ജലപ്പരപ്പിൽ അതിവേഗം മുന്നേറുമ്പോൾ അതിന്റെ അലതല്ലലിൽ നായകൻ തുഴയുന്ന ചുരുളൻ ചരിഞ്ഞു പോകുന്നു. പക്ഷേ നായികയുടെ നീലക്കണ്ണ് ഇഴകൊണ്ടുള്ള കടാക്ഷത്തിലാണ് ആ സന്ദർഭത്തിലും നായകൻ ആകർഷിക്കപ്പെടുന്നത്.

ഈ ഗാനത്തിന്റെ അനുപല്ലവിയിൽ -

*'പുതിയകാവിൽ പോയി കരിമ്പാന കണ്ടു ഞാൻ*
*പുത്തരിക്കാറ്റിൽ മടങ്ങുമ്പോൾ*
*കരിങ്കൺ തൊടിയിൽ നിഴലുപോലൊരു*
*കസ്തൂരിപ്പൂമിഴിയുമായ് നിന്നിരുന്നു*



*മഴയിലെൻ മേനി നനഞ്ഞപ്പോൾ നിന്റെ*
*മനസ്സിലെന്റെ പൊൻകുടയായ്".*

ഈ വരികളിലും മധ്യതിരുവിതാംകൂറിലെ ഏറ്റവും പുരാതനമായ മാവേലിക്കര പുതിയകാവ് പള്ളിയിൽ നായകൻ നായികയെ കണ്ടുമുട്ടുന്ന സന്ദർഭം ഭാവനയിൽ വിരിയുകയാണ്. പള്ളിയിൽ കുർബാന കണ്ടു മടങ്ങുന്ന നായകൻ പുതുമഴയിലും കാറ്റിലും നനഞ്ഞു നിൽക്കുകയാണ്. കരിങ്ങിനരികിൽ കന്യതിപ്പിതിയുമായി കാമുകി മഴയിൽ നനഞ്ഞ കാമുകനെ നോക്കി മന്ദഹസിക്കുന്നു. കുടയില്ലാതെ നനഞ്ഞു കുതിർന്നിട്ടും കാമുകിയുടെ മനസ്സിനെ പുത്തൻ അനുഭൂതിയുടെ കുടയായി സങ്കല്പിക്കുകയാണ്.

1993 ൽ ശ്രീകുമാരൻ തമ്പി സംവിധാനം നിർവ്വഹിച്ച് പുറത്തുവന്ന 'ബന്ധുക്കൾ ശത്രുക്കൾ' എന്ന സിനിമ ഹൃദ്യമായ ഗാനങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു. ഈ ചിത്രത്തിലെ ഗാനങ്ങളുടെ രചനയും സംഗീതവും നിർവ്വഹിച്ചത് ശ്രീകുമാരൻ തമ്പിയായിരുന്നു. ഇതിൽ:-

*'ആലപ്പുഴ പട്ടണത്തിൽ അതിമധുരം വിതറിയോളേ*
*കണ്ണും കണ്ണും കടം പറഞ്ഞു*
*കടക്കണ്ണിൽ മനം പുകഞ്ഞു*
*കൊതിപ്പിച്ചു കടന്നതെന്തേ കുട്ടനാട്ടുകാരീ എന്നെ*
*കൊതിപ്പിച്ചു കടന്നതെന്തേ കുട്ടനാട്ടുകാരീ*

*ഒമ്പതാം ഉത്സവത്തിന് അമ്പലപ്പുഴ നിന്നും വന്നു.*
*എത്ര നല്ല പാൽപ്പായസം നിന്റെ കൊച്ചുവർത്തമാനം*
*ചന്ദനമെഴും മേനികണ്ടോ കൊമ്പനാന മദിളകി*
*തിരുവട്ടിയിൽ നിന്നൊരു തീ തുള്ളി നിന്റെ മാറിൽ വീണു*
*കള്ളനില്ല, കളങ്കമില്ല പൊള്ളിയെന്റെ കയ്യും മെയ്യും*
*മുള്ളുവാക്ക പറഞ്ഞതെന്തേ മുളിയലങ്കാരീ*

*ഹരിപ്പാട്ടാറാട്ടിന് ആനക്കൊട്ടിലിൽ നിന്നെ കണ്ടു*
*തിരുവിഴ തൻമധുര നാഗസ്വരത്തെനോക്കി*
*കല്യാണി രാഗത്തിന്റെ കല്ലോലമാലകളിൽ*
*മണ്ടൻ ഞാൻ നിന്റെ കണ്ണിൽ വിണ്ടലങ്ങൾ തേടി നിന്നു.*
*കൺമഷിയും വളയും ചാന്തും ചില്ലറകൾ തിന്നു തീർത്തു*
*കഥ പൊളിപ്പിച്ചതെന്തേ കരകൗശലക്കാരീ'*

ഈ രചനയും ആലപ്പുഴ പട്ടണത്തിൽ വച്ച് കുട്ടനാട്ടുകാരിയായ കാമുകിയുമായുള്ള ആദ്യത്തെ കണ്ടുമുട്ടലിനെക്കുറിച്ചാണ്. ഇടർന്ന് അമ്പലപ്പുഴ ക്ഷേത്രത്തിലെ ഒൻപതാം ഉത്സവത്തിന് കണ്ടപ്പോൾ കേട്ട കാമുകിയുടെ വാക്കുകളുടെ മധുരം അമ്പലപ്പുഴ പാൽപ്പായസത്തോടാണ് ഉപമിച്ചിട്ടുള്ളത്. അവളുടെ ചന്ദനമെഴും മേനി എഴുന്നെള്ളിപ്പിന് നിർത്തിയിരിക്കുന്ന കൊമ്പന്റെ പോലും മദം ഇളക്കുന്നതായിരുന്നു എന്ന വർണ്ണനയിലൂടെ പ്രേമം കൊണ്ട് വാചാലനായ കാമുകനെ വരച്ചു കാട്ടുന്നു. മദമിളകിയപ്പോൾ എഴുന്നെള്ളിപ്പ് നിർത്തിയ കൊമ്പന്റെ അരികിൽ ആനക്കൊട്ടിലിൽ കത്തി നിന്ന തിരിവട്ടിയിൽ നിന്ന് ഒരു തീത്തുള്ളി കാമുകിയുടെ മാറിൽ വീണു. നായകൻ ഇടയുന്നു. ഞാൻ കള്ളനും കളങ്കവുമില്ലാതെ പറയാം നിന്റെ മാറിലെ തീത്തുള്ളി കെട്ടുത്തുന്നതിനിടയിൽ എന്റെ കയ്യും മെയ്യും പൊള്ളി. എന്താണ് നടന്നത് എന്നത് ശ്രോതാവിന് വിട്ടുകൊണ്ട് അവൾ മുള്ളുവാക്ക് പറഞ്ഞു നിന്ന മുളിയലങ്കാരിയാണ് എന്ന വിവരിക്കുകയാണ് കാമുകനെകൊണ്ട് കവി.

ഇടർന്ന് കുട്ടനാട്ടുകാരിയായ കാമുകിയെ ഹരിപ്പാട്ട് ആറാട്ടിനാണ് കാമുകൻ കണ്ടുമുട്ടുന്നത് അതും ആനക്കൊട്ടിലിൽ വച്ച്. തിരുവിഴാ ജയശങ്കറിന്റെ നാഗസ്വരകച്ചേരി തേൻ പോലെ മധുരമായി ഒഴുകിക്കൊണ്ടിരുന്നു. കല്യാണി രാഗമാണ് തിരുവിഴ വായിച്ചുകൊണ്ടിരുന്നത്. ആ കച്ചേരിയുടെ സ്വരരാഗ സുധയിൽപ്പോലും കാമുകൻ കാമുകിയുടെ കണ്ണുകളിൽ നോട്ടമെറിഞ്ഞു നിന്നു. അവളുടെ കടാക്ഷത്തിൽ നിന്ന സ്വർഗ്ഗീയ അനുഭൂതി തേടി മണ്ടനായ കാമുകൻ നിൽക്കുമ്പോൾ തിരുവിഴയുടെ നാഗസ്വര കച്ചേരിയിൽ പോലും പഞ്ചേന്ദ്രിയങ്ങൾ ഉടക്കി നിന്നില്ല. അവന്റെ പോക്കറ്റിലെ ചില്ലറകൾ കൊണ്ട് കൺമഷിയും ചാന്തും വളയും വാങ്ങി കഥ പറഞ്ഞു കരം കൊണ്ട് കൗശലം കാണിക്കുന്ന കാമുകി കടന്നു കളഞ്ഞു എന്ന് കാമുകന്റെ പരിദേവനം. ഹരിപ്പാട് ക്ഷേത്രത്തിനടുത്തുള്ള കരിമ്പാലേത്ത് തറവാട്ടിലായിരുന്നു ശ്രീകുമാരൻ തമ്പി ജനിച്ചതും ബാല്യ-കൗമാര-യൗവ്വനങ്ങൾ ജീവിച്ചതും .

മധ്യ തിരുവിതാംകൂറിന്റെ സാംസ്കാരിക സാമൂഹിക പൈതൃകങ്ങൾ, ക്ഷേത്രങ്ങൾ, ക്ഷേത്രാചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഗ്രാമജീവിതങ്ങൾ, നാട്ടുവഴികൾ, വയലേലകൾ, നദികൾ പുഞ്ചപ്പാടങ്ങൾ മാറി മാറി വന്ന കാർഷികവൃത്തികൾ, മഴ, വേനൽ, മഞ്ഞ് എന്നീ ഋതുഭേദങ്ങളിൽ ഇടങ്ങി എല്ലാം അദ്ദേഹത്തിന്റെ ഗാനങ്ങളിൽ ഇടം പിടിച്ചതായിക്കാണാം. സ്വയം സംവിധാനം ചെയ്ത 'ബന്ധുക്കൾ ശത്രുക്കൾ' എന്ന ചിത്രത്തിലെ ഗാനങ്ങളിലും ഈ ബിംബങ്ങൾ സജീവമായി പകർത്തിയിരിക്കുന്നു.

*'ചെട്ടികുളങ്ങര ഭരണി നാളിൽ...*
*ഉത്സവം കണ്ടു നടക്കുമ്പോൾ..."*

*'പായിപ്പാട്ടാറ്റിൽ വള്ളം കളി*
*പമ്പാനദിയിലെ ആർപ്പുവിളി*
*കാർത്തികചുണ്ടനും, കാവാലം ചുണ്ടനും, ആനാരി*
*ചുണ്ടനും പോർവിളിയിൽ*
*ആ വലിയ ദിവാൻജിയും ഇവി നിരയിൽ'*
(ആരഭി)

*'അച്ചൻകോവിലാറ്റിലെ കൊച്ചോളങ്ങളേ*
*അക്കരെ നിന്നു ഇളനുന്ന തെൻകടം എന്തിനിട്ടിക്കാമോ'*
(ചിത്രം അനാഥ ശിൽപ്പങ്ങൾ, സംഗീതം. ആർ.കെ. ശേഖർ)

*'തെയ്യ-ത്തക-കാവടിയാട്ടം*
*തകയിൽ-ചിലമ്പിയാട്ടം*
*മനസ്സിലെ അമ്പലത്തിൽ തെരോട്ടം'*

ഇടങ്ങിയ നിരവധി ഗാനങ്ങളുടെ ഈരടികളിൽ

ശ്രീകുമാരൻ തമ്പിയുടെ ജന്മദേശമായ ഹരിപ്പാടുമായി ബന്ധപ്പെട്ട ബിംബകല്പനകൾ കടന്നു വരുന്നു.

പായിപ്പാട്ടാറ്റിൽ വള്ളംകളി.. എന്ന ഗാനത്തിൽ ജലമേളകളെ മനസ്സോട് ചേർത്ത് അതു ജീവവായുവാക്കിയ കുട്ടനാടൻ-അപ്പർ കുട്ടനാടൻ ഗ്രാമങ്ങളിലെ ആവേശവും ബലിഷ്ഠയുവത്വത്തിന്റെ കൈക്കരുത്തും മെയ്ക്കരുത്തും ശ്രീകുമാരൻ തമ്പി വിശദീകരിക്കുന്നു.

*'മന്നനാം ചുണ്ടന് അമരം പിടിക്കുന്ന*
*പൊന്നിനും പൊന്നായ തമ്പുരാനേ ...'*




എന്ന് പല്ലവിയിലെ വരികൾ കുറിക്കുമ്പോൾ ജലോത്സവങ്ങളിലെ തലപ്പൊക്കമുള്ള ഒന്നാം തുഴക്കാരൻ കുട്ടനാടിന്റെ കരുത്തിന്റെ പ്രതീകമാണ് അല്ലാതെ മറ്റാരുമല്ല 'മിത്തല്ല' എന്ന വിശദീകരിക്കുകയാണ്.

എന്നാൽ ഓണാട്ടുകരയിലെയോ മദ്ധ്യതിരുവിതാംകൂറിലെയോ പ്രദേശങ്ങൾ മാത്രമല്ല അദ്ദേഹത്തിന്റെ ഈരടികളിൽ ഇടംപിടിച്ചിട്ടുള്ളത്.

*'ചാലക്കമ്പോളത്തിൽ വച്ച് നിന്നെക്കണ്ടപ്പോൾ*
*നാലണയ്ക്ക് വളയും വാങ്ങി നീ നടന്നപ്പോൾ*
*നാലായിരം പവനേക്കാൾ നിന്റെ മേനിയിൽ*
*ഒരു നല്ല കസവുമുണ്ടാകാൻ ഞാൻ കൊതിച്ചു*
*പോയി."*

എന്ന ഗാനത്തിന് ദൃഷ്ടാന്തമാണ്. ഇനിയും ഏറെ ഗാനങ്ങൾ ആ ഗണത്തിൽ രചിക്കപ്പെട്ടവയായുണ്ട്.

*'താമരപ്പൂ നാണിച്ചു–നിന്റെ*
*തങ്കവിഗ്രഹം വിജയിച്ചു*
*പുളകം പൂക്കും പൊന്നു പറഞ്ഞു*
*യുവതി നീയൊരു പൂവായ് വിടരൂ*
*പൂവായ് വിടരൂ*
*പൂവായാലോ നീ വാടുമോ–നിന്നെ*
*പുൽകാം ഞാനൊരു മധുകണമായ്*
*പുഴയായൊഴുകാമോ*
*പുണരാം ഞാനൊരു കുളിർകാറ്റായ്*
*കുളിർകാറ്റായ്''*

(ചിത്രം ടാക്സികാർ- 1972, സംഗീതം. ആർ.കെ. ശേഖർ)

*'മലയാളഭാഷതൻ മാദകഭംഗിനിൻ*
*മലർ മന്ദഹാസമായ് വിരിയുന്നു*
*കിളികൊഞ്ചും നാടിന്റെ ഗ്രാമീണശൈലി നിൻ*
*പുളിയിലക്കര മുണ്ടിൽ തെളിയുന്നു.*

*കളമൊഴി നീ പൊട്ടിച്ചിരിക്കുന്ന നേരത്ത്*
*കൈകൊട്ടിക്കളിത്താളം ഉയരുന്നു.*
*പരിഭവം പറഞ്ഞു നീ പിണങ്ങുമ്പോൾ കതിർമൺ*
*പളുങ്കണിയൊച്ച ഞാൻ കേൾക്കുന്നു...*
*കേൾക്കുന്നു ....."*

(ചിത്രം പ്രേതങ്ങളുടെ താഴ്വര 1973 , സംഗീതം. ജി. ദേവരാജൻ.)

*'മല്ലികപ്പൂവിൻ മധുരഗന്ധം*
*നിന്റെ മന്ദസ്മിതം പൊഴിയുന്ന വസന്തം*
*മാലാഖമാരുടെ മാലായ നീ*
*മമ ഭാവനയുടെ ചാരുത നീ.*

*എൻ മനോരാജ്യത്തിൻ സിംഹാസനത്തിൽ*
*ഏകാന്ത സ്വപ്നമായ് വന്നു*
*സൗഗന്ധികങ്ങളിൽ ചിന്തകളാലൊന്നിൽ*
*സംഗീതമാല ചൊരിഞ്ഞു.*
*നീയെന്ന മോഹനരാഗമില്ലെങ്കിൽ ഞാൻ*
*നിശബ്ദവീണയായേനെ."*

(ചിത്രം. ഹണിമൂൺ 1974 , സംഗീതം. എം.കെ. അർജ്ജുനൻ.)

മോഹനരാഗമാണ് നീ, നീയില്ലായിരുന്നെങ്കിൽ ഞാനെന്ന വീണ നിശബ്ദമായി പ്പോകുമായിരുന്നു. ശ്രീകുമാരൻ തമ്പി മോഹനരാഗത്തോടുള്ള തന്റെ ആകർഷണം ഈ വരികളിലും വ്യക്തമാക്കുന്നു.

*'ആഷാഢം മയങ്ങി നിൻ മിഴികളിൽ മൗനിയായ്*
*ആകാശം തിളങ്ങി നിൻ നയനങ്ങളിൽ*
*രാഗം നിന്നധരത്തിൽ തപസ്സിരുന്നു–അതേ*
*രാഗമെൻ മനതാരിൽ ഉദിച്ചുയർന്നു.*

*അംഗനാലാവണ്യ വർണ്ണങ്ങൾ കടംവാങ്ങും*
*ആരണ്യപുഷ്പങ്ങൾ മാറും മനോ*
*നിറവും മണവും മധുവും നിന്നിലെ*
*നിത്യവസന്തം തൻ നിധികളാണ് !*
*എന്നെയോ നിധികാക്കും ഭൂതമാക്കി!*

(ചിത്രം. സത്യവാൻ സാവിത്രി 1977 , സംഗീതം. ജി. ദേവരാജൻ.)

*'മനോഹരി നിൻ മനോരഥത്തിൽ*
*മലരോടു മലർതൂവും മണിമഞ്ചത്തിൽ*
*മയങ്ങുന്ന മണിവർണ്ണനാരോ....!*

ആരാധകനാണോ—ഈ ആരാധകനാണോ!

ഹൃദയവതിനിൻ മധുരവനത്തിലെ
മലർവാടമൊരു വട്ടം ഇറങ്ങുകയില്ലേ
അറിയാതെ പൊഴിയുന്ന മധുകണങ്ങളെങ്കിലും
നുകരുവാനനുവാദം തരികയില്ലേ
അധരപുടം നീ വിടർത്തിടുമ്പോൾ
അതിലൊരു ശലഭമായ് ഞാനണയും'
(ചിത്രം. ലോട്ടറി ടിക്കറ്റ്- 1970 , സംഗീതം. വി. ദക്ഷിണാമൂർത്തി.)

'പൂമാനം പൂത്തുലഞ്ഞേ
പൂവള്ളിക്കുടിലിലെന്റെ കരളുണർന്നോ കിളി
തെളിഞ്ഞു പുഴയും വയലും
പൊന്നോണം കാത്തിരുന്നു
പൂമാനം.... പൂത്തുലഞ്ഞേ

ഇനിക്കും നാവിലെൻ പാട്ടുണ്ടല്ലോ
ഇടക്കും കവിളിലെൻ പാട്ടുണ്ടല്ലോ
ഇടിക്കും മാറ്റും
ഇളനും ചുണ്ടും തേനുണ്ടല്ലോ
കടിയുണർന്നോ കണി വിടർന്നോ കനവാകിളിയേ
തെളിഞ്ഞു പുഴയും വയലും
പൊന്നോണം കാത്ത മനസ്സും
പൂമാനം.... പൂത്തുലഞ്ഞേ'
(ചിത്രം. ഏതോ ഒരു സ്വപ്നം- 1978 , സംഗീതം. സലിൽ ചൗധരി.)

'പകൽ സ്വപ്നത്തിൻ പവനുരുക്കും
പ്രണയരാജ ശില്പി
ഇന്ന സന്ധ്യ കവർന്നെടുത്ത സ്വപ്നം
എത്ര പവൻ'
(ചിത്രം. അമ്പലവിളക്ക്- 1980 , സംഗീതം. വി. ദക്ഷിണാമൂർത്തി.)

*Let us sing the song of love*
*Let us Play the tune of love*
*Let us share the pangs of love*
*Let us wear the thorns of love*
ഒരു മലർ കൊണ്ടു നമ്മൾ ഒരു വസന്തം തീർക്കും

ഒരു ചിരികൊണ്ടു നമ്മൾ ഒരു കാർത്തിക തീർക്കും
പാലരുവി ഒരു പാൽക്കടലായ്
അണിചാർത്തിടും അനുരാഗമാം പൂവനത്തിൻ താര

പാടാം നമുക്ക് പാടാം
വീണ്ടുമൊരു പ്രേമഗാനം
പാടിപ്പതിഞ്ഞഗാനം
പ്രാണനുരുകും ഗാനം (ചരണം)
(ചിത്രം. യുവജനോത്സവം- 1986 , സംഗീതം. രവീന്ദ്രൻ.)

'ഏഴിലംപാല പൂത്തു പൂമരങ്ങൾ കുടപിടിച്ചു
വെള്ളിമലയിൽ വെളിമലയിൽ
ഏലവും പാടിവരും കതിർമണികൾ കരയിട്ടു
വെള്ളിമലയിൽ വെളിമലയിൽ

പൊൻകിനാവിൻ പുഷ്പരഥത്തിൽ
പാരിജാതം പൂത്തുലഞ്ഞു
എൻ മനസ്സിൻ മലനികകൾ
പൊന്നശോക മലരണിഞ്ഞു'
(ചിത്രം. കാട്- 1973 , സംഗീതം. വേദ്പാൽവർമ്മ.)

'ഇന്ദ്രനീലാംബരമന്ദിരം
നിന്നിലുമെന്നിലുമലയടിച്ചു
അന്ന് നിൻ കണ്ണിലെ സ്വപ്നമായി
ഇന്നെന്നിലോർമ്മ തൻ ഗാനമായി

പുഞ്ചിരിപ്പൂന്തിയ സ്വർണ്ണാധരങ്ങളിൽ
പുഞ്ചിരിയായ് നിന്റെ പൊൻപരാഗം
ആ പരാഗത്തിന്റെ പത്മരാഗദ്യുതി
ആറായി നിൽക്കയാണിന്നെന്നിൽ
ആയിരം താരകൾ തെളിക്കും മട്ടിൽ
എൻ പുഞ്ചിരിമൊട്ടാ രാഗമുണ്ട്
നിൻപുഞ്ചിരി പത്മരാഗമുണ്ടോ?"
(ചിത്രം. പാൽക്കടൽ - 1976 , സംഗീതം. എ.ടി. ഉമ്മർ.)

പ്രണയം മാത്രമായിരുന്നില്ല ശ്രീകുമാരൻ തമ്പിയുടെ ഈരടികളിൽ അടങ്ങിയിട്ടുള്ളത്. അദ്ദേഹം ശോകം, ഭക്തി, തത്വചിന്ത, പ്രായോഗിക ജീവിതത്തിൽ മനുഷ്യന് അഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധികൾ, സ്നേഹം, ഹൃദയശൂന്യത, സമ്പത്തിന്റെ നശ്വരത, ബന്ധങ്ങളുടെ സുഗന്ധം, ബന്ധങ്ങളുടെ വ്യർത്ഥത, കൃതാർത്ഥത, കൃതഘ്നത ഇങ്ങനെ മനുഷ്യജീവിതത്തിലെ എല്ലാ വികാരങ്ങളെയും വിഷമസന്ധികളെയും കുറിച്ച് ഗാനങ്ങൾ എഴുതി.

'അമ്മയല്ലാതൊരു ദൈവമുണ്ടോ
അതിലും വലിയൊരു കോവിലുണ്ടോ
ആരും മറക്കാത്ത ത്യാഗമല്ലേ അമ്മ
കാണപ്പെടുന്നതാം ദൈവമല്ലേ' എന്ന് അമ്മയെക്കുറിച്ച് നമ്മൾ കേട്ട ഏറ്റവും ശ്രേഷ്ഠമായ വരികൾ എഴുതി

'വിടർന്നാൽ കൊഴിയാത്ത വസന്തമുണ്ടോ
മണ്ണിൽ നിറഞ്ഞാലൊഴിയാത്ത ചഷകമുണ്ടോ' എന്നും
'സ്വന്തമെന്നപദത്തിനെന്തർത്ഥം
ബന്ധമെന്നപദത്തിനെന്തർത്ഥം'
'അകലെകാണുമ്പോൾ സുന്ദരമാം മന്ദിരം
അകപ്പെട്ട ഹൃദയങ്ങൾക്കുള്ളതാൻ കാരാഗൃഹം
നിലകൾ എണ്ണുന്നതിൻ കഥയെന്ത് പൊരുളെന്ത്
ഹൃദയമേ തരും മനസ്സേ മണിമാളിക'
എന്നും തത്വചിന്താപരമായി എഴുതി.


ശ്രീകുമാരൻതമ്പിയുടെ ആയിരക്കണക്കിന് ഗാനങ്ങൾ ഇനിയും പരിശോധിക്കേണ്ടതായിട്ടുണ്ട് പരിമിതികൾ കൊണ്ട് അതിന് കഴിയുന്നില്ല.

'മറക്കില്ല മറക്കില്ല
ഈ ഗാനം നമ്മൾ മറക്കില്ല'
എന്ന അദ്ദേഹത്തിന്റെ വരികൾ ഉദ്ധരിച്ച് ആ മഹാപ്രതിഭയെ പ്രണമിക്കുന്നു.




ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് 2019 നവംബർ 1 മുതൽ 7 വരെ നിയമസഭാലൈബ്രറിയിൽ സംഘടിപ്പിച്ച പുസ്തകപ്രദർശനം ബഹു.നിയമസഭാ സ്പീക്കർ ഉദ്ഘാടനം ചെയ്യുന്നു






**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**

14-ാം കേരള നിയമസഭയിൽ അംഗം


# കോവിഡും
## കേന്ദ്ര- കേരള സമ്പദ് വ്യവസ്ഥയുടെ
# സ്ഥിതിയും ഗമനവും

ഇന്ത്യയിലെയും കേരളത്തിലെയും സാമ്പത്തിക വ്യവസ്ഥയുടെ നില പരുങ്ങലിലേക്കും തകർച്ചയിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്നു. കോവിഡ് മൂലമുള്ള പ്രതിസന്ധിക്ക് മുൻപ് തന്നെ സാമ്പത്തിക വ്യവസ്ഥയുടെ പ്രയാണം തകർച്ചയിലേക്ക് തന്നെയാണ് എന്നാണ് വിലയിരുത്തപ്പെടുന്നത്. കോവിഡ് മൂലമുള്ള പ്രതിസന്ധി കൂടി കടന്നു വന്നപ്പോൾ ധനകമ്മിയും പൊതുകടവും വർദ്ധിതമായ അളവിൽ കൂടി വരുന്നതായാണ് കാണാൻ കഴിയുന്നത്. 2020 -ലെ കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സർവ്വെ, സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവായ ആഡംസ്മിത്തിന്റെ സമ്പദ്ഘടനയിലെ അദൃശ്യകരങ്ങൾ സാമ്പത്തിക വ്യവസ്ഥയുടെ സന്തുലനത്തിന് എങ്ങനെ സഹായിക്കുന്നുവെന്ന തത്വം ഉദ്ധരിച്ചിട്ടുണ്ടായിരുന്നു. മനുഷ്യന് ആവശ്യമായ പ്രകൃതി വിഭവങ്ങളുടെ കണ്ടെത്തലുകളിലൂടെയും അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിലൂടെയും സാമ്പത്തിക അഭിവൃദ്ധി കൈവരിക്കാൻ കഴിയുമെന്ന് കേന്ദ്ര ബജറ്റിന്റെ തലേന്ന് പാർലമെന്റിൽ വച്ച, കേന്ദ്ര ധനമന്ത്രാലയം തയ്യാറാക്കിയ സാമ്പത്തിക സർവ്വേയിൽ വ്യക്തമാക്കുന്നു. ഇതിനുവേണ്ടിയുള്ള ഒരു നിലപാടും കേന്ദ്ര സംസ്ഥാന സർക്കാരുകൾ

**നമ്മുടെ വായ്പ എടുക്കലിന്റെ രീതി തന്നെ മാറ്റേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനം വായ്പകൾക്ക് കഴിഞ്ഞ കുറെ നാളുകളായി നൽകുന്ന പലിശ 5.65 ശതമാനം മുതൽ 8.96 ശതമാനം വരെയാണ്. എന്നാൽ മറ്റ് പല സംസ്ഥാനങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാകുന്നുണ്ട്.**



പുതുതായൊന്നും സ്വീകരിച്ച് കണ്ടില്ല. കോവിഡ് പ്രതിസന്ധിക്ക് മുൻപ് തന്നെ സംസ്ഥാന ബജറ്റിൽ, സംസ്ഥാനത്തിന് കടമെടുക്കാവുന്ന തുക ഈ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ (GDP) 3 ശതമാനമായ 29295.39 കോടി രൂപയായിരുന്നു. കേരളത്തിന്റെ ജി.ഡി.പി 9.78 ട്രില്യൻ രൂപയാണ്. എന്നാൽ ഇതിൽ 15 ശതമാനം കുറവ് ഉണ്ടാകുമെന്ന് ധനമന്ത്രി തോമസ് ഐസക് പ്രഖ്യാപിച്ചിരുന്നു. (മാധ്യമം മെയ് 27, 2020).

കേരളത്തിന്റെ പൊതു കട ബാധ്യത 2015-16 കാലയളവിൽ ഒരു ലക്ഷത്തി പതിനാറായിരം കോടി രൂപയായിരുന്നത്, 2020-21 കാലയളവിൽ രണ്ട് ലക്ഷത്തി തൊണ്ണൂറ്റി എണ്ണായിരം കോടി രൂപയായി ഉയരുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഇന്നത്തെ സാഹചര്യത്തിൽ അത് വീണ്ടും കൂടും. ഏതാണ്ട് 3 ലക്ഷം കോടി വരും. അത് ഇന്ത്യൻ സംസ്ഥാനങ്ങളുടെ ആകെ കടത്തിന്റെ 5.68% വരും- ഒരു കേരളീയന്റെ ശരാശരി കടം ഒരിന്ത്യാക്കാരന്റെ ശരാശരി കടത്തിന്റെ ഇരട്ടി വരും.

പലിശ ഇനത്തിൽ മാത്രം നാം ഒരു വർഷം കൊടുക്കേണ്ടത് ഏകദേശം ഇരുപതിനായിരം കോടി രൂപയാണ്. സംസ്ഥാനങ്ങളുടെ വായ്പയായി ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കേന്ദ്രസർക്കാർ ഉയർത്തിയിട്ടുണ്ട്. വായ്പാ പരിധി കൂടുമ്പോൾ തിരിച്ചടവിന്റെ ബാധ്യതയും പലിശയും കൂടും.

കോവിഡ് മഹാമാരി കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും സാമ്പത്തിക രംഗത്ത് വലിയ ആഘാതം ഏല്പിച്ചിട്ടുണ്ട്. എന്നാൽ കോവിഡിന് മുൻപ് തന്നെ ദൈനംദിന ചിലവുകൾക്ക് വഴിമുട്ടി നില്ക്കുന്ന അവസ്ഥയിലായിരുന്നു കേരളം.

സംസ്ഥാന സർക്കാരിന് എടുക്കാവുന്ന വായ്പയുടെ പരിധി കേന്ദ്രം ഇപ്പോൾ ജി.ഡി.പി യുടെ 5 ശതമാനമായി ഉയർത്തിയത് വഴി 2020-21 സാമ്പത്തിക വർഷം കേരളത്തിന് 45,217 കോടി രൂപ കടമെടുക്കാനുള്ള അനുമതി ലഭിച്ചു. ഇതുവരെ സംസ്ഥാന സർക്കാർ ഈ സാമ്പത്തിക വർഷം 11,430 കോടി രൂപ കടമെടുത്തിട്ടുണ്ട് (മനോരമ ജൂൺ 10, 2020)

കേരളത്തിന്റെ ആഭ്യന്തര കടം 2,40,570 കോടി രൂപയാകുമെന്നാണ് 2021 ലെ കണക്ക്. കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പയും മുൻകൂറുകളും കൂടെ കൂട്ടുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 24,878 കോടി രൂപയായിരിക്കുമെന്നാണ് കണക്ക് കൂട്ടിയിരുന്നത്. എന്നാൽ കേരള സർക്കാരിന്റെ പൊതുകടം ഉൾപ്പെടെയുള്ള ബാധ്യത 2,98,724 കോടി രൂപയാണ്. കേരളത്തിന്റെ ബാധ്യതയും ജി.ഡി.പി യും തമ്മിലുള്ള അനുബന്ധം 30:54 ശതമാനമാണ്. ഇത് വർദ്ധിക്കുന്നത് ഒട്ടും ആശാസ്യമല്ല.ജി.ഡി.പി യിലെ കുറവും കടത്തിന്റെ വർദ്ധനവും ഈ അനുപാതം വർദ്ധിപ്പിക്കുമെന്ന് വ്യക്തമാക്കേണ്ടതില്ലല്ലോ. രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനം (ജി.ഡി.പി) 2020-21 ൽ 203 ട്രില്യൻ രൂപയാകുമെന്നാണ് കണക്കാക്കിയിരുന്നത്. ഇതിൽ കോവിഡ് മൂലം ഇടിവ് സംഭവിക്കുമെന്നാണ് കരുതുന്നത്. റിസർവ് ബാങ്കിന്റെ കണക്ക് പ്രകാരം സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും കൂടിയുള്ള ബാധ്യത 147 ട്രില്യൻ രൂപയാണ്. അങ്ങനെ വരുമ്പോൾ ബാധ്യതയും ജി.ഡി.പി യും തമ്മിലുള്ള അംശബന്ധം 72:1 ശതമാനമാണ്.

ഈ സാമ്പത്തിക വർഷം കേന്ദ്ര സംസ്ഥാന സർക്കാരുകൾ 25 ട്രില്യൻ കടമെടുത്ത് ബാധ്യതയും ജി.ഡി.പി യും തമ്മിലുള്ള അംശബന്ധം 80 ശതമാനമായി വർദ്ധിക്കും. ഇതിന്റെ കൂടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ദേശീയപാതാ അതോറിറ്റി, FCI, Indian Railway, Finance Corporation, NTPC, ONGC, Power Grid എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ കടമെടുപ്പ് കൂടി കണക്കിലെടുക്കുമ്പോൾ ഉയർന്ന സംഖ്യയാണെന്ന് കാണാം. ഈ വർഷത്തെ ധനകമ്മി ജി.ഡി.പി യുടെ 5.3 ശതമാനമായിരിക്കുമെന്ന് കേന്ദ്ര സർക്കാരിന്റെ ധനകാര്യ മുഖ്യ ഉപദേശകനായ കൃഷ്ണമൂർത്തി സുബ്രഹ്മണ്യൻ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഇത് 7 ശതമാനമായിരിക്ക മെന്നാണ് റിസർവ് ബാങ്ക് മുൻ മേധാവി സി.രംഗരാജൻ പറയുന്നത്. പ്രതീക്ഷിത വരുമാനത്തെക്കാൾ കുറവ് വരുമാനം മാത്രമാണ് ഈ സാമ്പത്തിക വർഷം ലഭിക്കുന്നത് എന്നത് സർവ്വാംഗീകൃതമായ സത്യമാണ്. ആയതിനാൽ ഇന്ത്യയുടെ പൊതു കടവും ജി.ഡി.പി യും തമ്മിലുള്ള അംശബന്ധം ഉയരുമെന്നും കരുതപ്പെടുന്നു.



KIFB ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്തിന്റെ കടവും വളരെ വലുതാകും. 2020 മേയ് മാസമാണ് കേന്ദ്രം സംസ്ഥാനങ്ങളുടെ കടമെടുക്കാനുള്ള പരിധി ആഭ്യന്തര ഉൽപാദനത്തിന്റെ 3 ശതമാനത്തിൽ നിന്നും 5 ശതമാനമായി ഉയർത്തിയത്. അതിൻപ്രകാരം ഇന്ത്യയിലെ സംസ്ഥാന സർക്കാരുകൾക്കെല്ലാം കൂടി 10.2 ട്രില്യൻ രൂപ കടമെടുക്കാനാകും. സംസ്ഥാനത്തിന്റെ വായ്പ എടുക്കാനുള്ള പരിധി കോവിഡിന്റെ വെളിച്ചത്തിൽ ജിഡിപി യുടെ 5 ശതമാനമായി ഉയർത്തണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നു. 2004 ൽ കടത്തിന്റെയും ജി.ഡി.പി യുടെയും അനുപാതം 84 ശതമാനമായിരുന്നു. കടുത്ത സാമ്പത്തിക നയത്തിന്റെയും അച്ചടക്കത്തിന്റെയും, 12-ാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ധന ഉത്തരവാദിത്വ നിയമത്തിന്റെയും വെളിച്ചത്തിൽ അതും 66 ശതമാനമാക്കി കുറച്ചുകൊണ്ട് വന്നിരുന്നു. ഇതാണ് ഇപ്പോൾ 80-100 ശതമാനത്തിലേക്ക് എടുത്തു ചാടാൻ പോകുന്നത്. പുതിയ ബജറ്റിന്റെ മഹാത്മ്യത്തെ കുറിച്ച് മതിവരാതെ വാചാലമായി സംസാരിച്ചിരുന്ന ധനകാര്യമന്ത്രി തോമസ് ഐസക് ഇപ്പോൾ കടത്തിന്റെ ആധിക്യത്തെ കുറിച്ച് മിണ്ടുന്നതേയില്ല. സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങൾ എടുത്ത വായ്പ കൂടി പരിഗണിക്കുമ്പോൾ പൊതുകടത്തിന്റെ ചിത്രം ഭീതിജനകമാകും. കിഫ്ബിയുടെ പേരിൽ 55000 കോടി രൂപയുടെ കടമാണ് ജനങ്ങളുടെ മേൽ ഭാരമാകാൻ പോകുന്നത്.

നമ്മുടെ വായ്പ എടുക്കലിന്റെ രീതി തന്നെ മാറ്റേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനം വായ്പകൾക്ക് കഴിഞ്ഞ കുറെ നാളുകളായി നൽകുന്ന പലിശ 5.65 ശതമാനം മുതൽ 8.96 ശതമാനം വരെയാണ്. എന്നാൽ മറ്റ് പല സംസ്ഥാനങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ ലഭ്യമാകുന്നുണ്ട്. വായ്പാ കാലാവധി നീളുമ്പോൾ അത്രയും അധിക പലിശ നാം നൽകുന്നു. സംസ്ഥാനങ്ങളുടെ ബാങ്കർ ആയിട്ടുള്ള റിസർവ് ബാങ്ക്, വായ്പാ കാലയളവ് സംബന്ധിച്ച് നിബന്ധനകൾ നിഷ്കർഷിക്കുന്നില്ല. അത് സംസ്ഥാനങ്ങൾക്ക് നിശ്ചയിക്കാവുന്നതാണ്. അതിനാൽ കാര്യക്ഷമമായ വായ്പയെടുക്കൽ ആണ് അഭികാമ്യം. അതായത് ഹ്രസ്വകാല വായ്പയെടുക്കുക പലിശഭാരം കുറക്കുക.

സംസ്ഥാനം ഇന്ന് കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ വരവ് വർദ്ധിപ്പിച്ചും ചെലവ് ചുരുക്കിയും സാമ്പത്തിക രംഗത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഇന്ന് കോവിഡ് പ്രതിരോധത്തിൽ ഒരു വലിയ പങ്കാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നത്. അവർക്ക് അതിന് വേണ്ട രീതിയിൽ വിഭവശേഷി ഉണ്ടാകേണ്ടിയിരിക്കുന്നു.

കേരളം നേരിടേണ്ടിവരുന്ന പ്രധാനപ്പെട്ട സാമ്പത്തിക വിഷയമാണ്, ഗൾഫ് മേഖലയിൽ ജോലി ചെയ്തിരുന്ന വലിയ ജന സമൂഹത്തിന് COVID ഏല്പിച്ചിട്ടുള്ള സാമ്പത്തിക തിരിച്ചടികൾ. കോവിഡ് ലോക സാമ്പത്തിക രംഗത്ത് ഉണ്ടാക്കുന്ന വലിയ മാറ്റങ്ങൾ ഏറെപ്പേർ വിദേശത്ത് ജോലിചെയ്യുന്ന കേരളത്തെ വലിയ തോതിൽ ബാധിക്കും. ഏതാണ്ട് 30 ലക്ഷത്തിലധികം കേരളീയർ വിവിധ ഗൾഫ് രാജ്യങ്ങളിലും വിദേശ രാജ്യങ്ങളിലുമായി ജോലി ചെയ്യുന്നുണ്ട്. അവർ ഉണ്ടാക്കുന്ന റവന്യൂ വരുമാനം ഏതാണ്ട് 1.5 ലക്ഷം കോടി രൂപയുടേതാണ്. ആ മേഖലയിൽ ഉണ്ടാകുന്ന സാമ്പത്തിക തിരിച്ചടികൾ വലുതായിരിക്കും.



കോവിഡ് ടൂറിസം രംഗത്ത് വലിയ ആഘാതമാണ് ഏല്പിച്ചിട്ടുള്ളത്. കേരളത്തിന്റെ ഹോട്ടൽ റസ്റ്റോറന്റ് രംഗവും അനുബന്ധ തൊഴിൽ മേഖലയും ഏതാണ്ട് തകർന്നിരിക്കുന്നു. ഒരു തിരിച്ചുവരവുണ്ടാകാൻ രണ്ടോ മൂന്നോ വർഷങ്ങൾ വേണ്ടിവരും. കോവിഡ് അനന്തരം, ലോക ക്രമത്തിലുണ്ടാകുന്ന മാറ്റങ്ങൾ ഈ മേഖലയെ വലിയ തോതിൽ പ്രതികൂലമായി ബാധിക്കും.

ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും മാനവവിഭവശേഷി സൃഷ്ടിക്കുന്നതിനും കൂടുതൽ ബഡ്ജറ്റ് വിഹിതം സംസ്ഥാനങ്ങൾ നീക്കി വയ്ക്കേണ്ടിയും വരും.

കേന്ദ്ര സർക്കാർ പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റ് ഇളച്ചിട്ട് പോലും ധനകമ്മിയോ

പൊതുകടമോ പിടിച്ച് കെട്ടാൻ കഴിയുന്നില്ല. പോസ്റ്റ് ഓഫീസ് നിക്ഷേപത്തിലൂടെ ശേഖരിക്കുന്ന 2.4 ട്രില്യൻ നിക്ഷേപത്തിനുപുറമെ ഈ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ 12 ട്രില്യൻ കോടി രൂപ കമ്പോളത്തിൽ നിന്നും കടമെടുക്കാൻ നീക്കം ഉണ്ടായിരിക്കുന്നു. ധന ഉത്തരവാദിത്വ നിയമങ്ങൾക്കോ ചെലവ് നിയന്ത്രണപരിപാടികൾക്കോ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താൻ കഴിയുന്നില്ല. ധന ഉത്തരവാദിത്വ നിയമം 2003 കാറ്റിൽ പറത്തിക്കൊണ്ടാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുന്നോട്ട് പോകുന്നത്.

കേന്ദ്ര സർക്കാർ മാർക്കറ്റിൽ നിന്നും വിവേചനം




ഇല്ലാതെ കടം വാങ്ങുന്നത് കൂടാതെ നാഷണൽ ഹൈവേ അതോറിറ്റി , ഫുഡ് കോർപ്പറേഷൻ, റയിൽവേ ഫിനാൻസ് കോർപ്പറേഷൻ, എൻ.ടി.പി.സി (NTPC) ഓയിൽ ആന്റ് നാച്ചുറൽ ഗ്യാസ് കോർപ്പറേഷൻ, പവ്വർ ഗ്രിഡ് ഇവയെല്ലാം പ്രത്യേകമായി പൊതുവിപണിയിൽ നിന്നും കടമെടുക്കുന്നു.

2020 ഏപ്രിൽ മാസം മുതൽ 1.8 കോടി ശമ്പളക്കാർക്ക് ജോലി നഷ്ടമായതായി സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ എക്കണോമി (CMIE) യുടെ കണക്കുകൾ വ്യക്തമാക്കുന്നു. ജൂലൈയിൽ മാത്രം 50 ലക്ഷം തൊഴിൽ നഷ്ടമുണ്ടായതായാണ് റിപ്പോർട്ട് . ഗ്രാമീണമേഖലയിലും അനൗപചാരിക മേഖലയിലും തൊഴിൽ ലഭ്യതയിൽ വലിയ കോട്ടം വന്നില്ല എന്നത് ആശ്വാസകരമാണ്. തൊഴിൽ നഷ്ടം രാജ്യത്തിന് ഏൽപ്പിക്കുന്ന സാമ്പത്തിക-സാമൂഹിക ക്ലേശങ്ങൾ അതി രൂക്ഷമായിരിക്കും. അതിനെ അതിജീവിക്കുവാൻ Short Term, Long Term പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

ഡൽഹി JNU വിലെ സാമ്പത്തിക ശാസ്ത്ര പ്രൊഫസറായ ഡോ.മെഹ്‌റോത്രയുടെ അഭിപ്രായം COVID മഹാമാരിയെത്തുടർന്ന് ഉണ്ടായ കുടിയേറ്റ തൊഴിലാളികളുടെ മടക്കയാത്ര സാമ്പത്തിക വളർച്ചയെ 15 വർഷങ്ങൾ പിന്നിലാക്കുമെന്നാണ്. ഇന്ത്യ റേറ്റിംഗ് & റിസർച്ച് (IRR) എന്ന സ്ഥാപനം പറയുന്നത് തൊഴിലാളികളുടെ ഉല്പാദനക്ഷമതയിൽ 6.3% മെച്ചപ്പെടുത്തിയാൽ മാത്രമേ 8% GDP വളർച്ചാ നിരക്ക് സാധ്യമാകൂ എന്നാണ്. എന്നാൽ COVID-ന് മുൻപത്തെ GDP വളർച്ചാനിരക്ക് വളരെ പിന്നിലാണ്. കേരളം 5.2% അതിഥി തൊഴിലാളികളുടെ മടക്കയാത്ര (Reverse Migration) സ്ഥിതി കൂടുതൽ വഷളാക്കിയിട്ടുണ്ട്.

ലഭ്യമായ പ്രകൃതി വിഭവങ്ങൾ (ഉദാ.മണൽ) പോലും മനുഷ്യന്റെ നാഗരികമായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താതെ തികഞ്ഞ വിഭവനിരാസമാണ് സർക്കാർ കാണിക്കുന്നത്. സമ്പദ് വ്യവസ്ഥയുടെ ആവശ്യകതങ്ങൾ അല്പം കൂട്ടണമെന്ന് ആവശ്യപ്പെടുമ്പോഴും കയ്യിൽ കിട്ടിയ പ്രകൃതി വിഭവങ്ങൾപോലും മനുഷ്യൻ ഉപയോഗപ്പെടുത്താതെ പാഴാക്കി കളയുന്ന വിഭവ ആസൂത്രണമാണ് ഇപ്പോൾ കാണാൻ കഴിയുന്നത്.

നാഗരികതയുടെ ശക്തി സമ്പദ് വ്യവസ്ഥയുടെയും വിഭവങ്ങളുടെയും ശരിയായ ആസൂത്രണമാണ്. 4 വർഷത്തെ ഇടതുപക്ഷ മുന്നണി ഭരണവും 6 വർഷത്തെ നരേന്ദ്രമോദി സർക്കാരിന്റെ കേന്ദ്ര ഭരണവും നാടിന്റെ സമ്പദ് വ്യവസ്ഥ ഉണർവ്വേകിയിട്ടില്ല. കൂടാതെ യു.പി.എ സർക്കാർ അധികാരത്തിൽ ഇരുന്നപ്പോൾ ക്രൂഡ് ഓയിലിന് ബാരലിന 147 ഡോളർ വരെ ഉയർന്നിരുന്നു. മോദി സർക്കാർ അധികാരത്തിൽ വന്നശേഷം അന്താരാഷ്ട്ര മാർക്കറ്റിൽ എണ്ണ വില വളരെ കുറഞ്ഞു. ഇതിന്റെ ഗുണഫലം ഉപഭോക്താക്കൾക്ക് നൽകാതെ കേന്ദ്ര സർക്കാരിന്റെ ഖജനാവിലേക്ക് മുതൽക്കൂട്ടി. 2020 മാർച്ചിലെ ബ്രന്റ് ക്രൂഡ് വില 26.69 ഡോളർ വരെ എത്തിച്ചെങ്കിലും എക്സൈസ് തീരുവ വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാരിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുകയായിരുന്നു. ഈ ഇനത്തിൽ നേടിയ അധിക നികുതി വരുമാനം ട്രില്യൻ കണക്കിന് രൂപയാണ്. ഇതു കൂടി ഉണ്ടായിട്ടാണ് ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി എന്ന് വിശദീകരിക്കുമ്പോഴാണ് മൻമോഹൻ സിംഗ് സർക്കാരിന്റെ സാമ്പത്തിക ആസൂത്രണത്തിന്റെ മികവ് വ്യക്തമാകുന്നത്. സമ്പദ് ഘടനയിലെ അദൃശ്യ ശക്തിയുടെ കഴിവ് മോദി സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾക്ക് എതിരെ തിരിഞ്ഞിരിക്കുന്നതെന്ന് കാണാൻ കഴിയും.



**കെ.പ്രകാശ് ബാബു**

9,10 കേരള നിയമസഭകളിൽ അംഗം

**എക്സിക്യൂട്ടീവ് അഥവാ ഗവൺമെന്റ് കൊണ്ടുവരുന്ന ബില്ലുകൾ നിയമമാക്കുന്നതും ബഡ്ജറ്റിന്റെ അനുബന്ധ ധനാഭ്യർത്ഥനകളും ധനവിനിയോഗവുമെല്ലാം ലെജിസ്ലേച്ചറാണ് അംഗീകരിക്കേണ്ടത്.**

# ഭരണ നിർവ്വഹണവും ജനപ്രതിനിധികളും



ഇന്ത്യയുടെ ജനാധിപത്യ സംവിധാനം മൂന്ന തൂണുകളുടെ ബലത്തിലാണ് നിലനിൽക്കുന്നത് എന്ന് പറയപ്പെടുന്നുണ്ട്. എങ്കിലും മൊണ്ടസ്ക്യൂനെയനുസരിച്ച് ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയാണ് പരമ പ്രധാനമായ ആ തൂണുകൾ. മാധ്യമങ്ങളുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യം കണക്കിലെടുത്താണ് സാമൂഹ്യ രാഷ്ട്രീയ നിരീക്ഷകർ മാധ്യമങ്ങളെ നാലാമത്തെ തൂണായി കണക്കാക്കുന്നത്.



ഇന്ത്യൻ ഭരണഘടന മേൽ പറഞ്ഞ മൂന്നു ഘടകങ്ങൾക്കും പ്രത്യേകം പ്രത്യേകം അധികാരാവകാശങ്ങൾ നിർവചിച്ചിട്ടുണ്ട്. എന്നുമാത്രമല്ല ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ ആർട്ടിക്കിൾ 50 പ്രകാരം ജുഡീഷ്യറി പൂർണമായും എക്സിക്യൂട്ടീവിൽ നിന്നും വേർതിരിക്കപ്പെടണമെന്ന കാര്യവും വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യൻ ജുഡീഷ്യറിയുടെ 'സ്വതന്ത്രത' ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണ് ഈ കമ്പാർട്ട്മെന്റ്വൽക്കരണം ഭരണഘടനയിൽ നടത്തിയിട്ടുള്ളത്. എന്നാൽ ലെജിസ്ലേച്ചറും എക്സിക്യൂട്ടീവും തമ്മിൽ ഇത്തരത്തിലുള്ള കർശനമായ ഒരു വേർതിരിവ് സാധ്യമല്ല. കാരണം എക്സിക്യൂട്ടീവിന്റെ പല നടപടികൾക്കും ജനങ്ങളോടും ജനപ്രതിനിധിസഭകളോടും അവർ മറുപടി പറയേണ്ടതായിട്ടുണ്ട്. എക്സിക്യൂട്ടീവ് അഥവാ ഗവൺമെന്റ് കൊണ്ടുവരുന്ന ബില്ലുകൾ നിയമമാക്കുന്നതും ബഡ്ജറ്റിന്റെ അനുബന്ധ ധനാഭ്യർത്ഥനകളും ധനവിനിയോഗവുമെല്ലാം ലെജിസ്ലേച്ചറാണ് അംഗീകരിക്കേണ്ടത്. കൂടാതെ എക്സിക്യൂട്ടീവിന്റെ ഭാഗമായ ഓരോ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങളുടെ സൂക്ഷ്മപരിശോധന നടത്തുവാനുള്ള നിയമസഭ കമ്മിറ്റികളും ലെജിസ്ലേച്ചറിന്റെ ഭാഗമായിട്ടുണ്ട്. അങ്ങനെയുള്ള ലെജിസ്ലേച്ചർ സ്വയം എക്സിക്യൂട്ടീവ് ആകാമോ? പാടില്ലായെന്നാണ് ഇവിടെ രേഖപ്പെടുത്തുന്ന അഭിപ്രായം.

എം.പി മാരുടെ പ്രാദേശിക വികസന ഫണ്ട് എന്ന പേരിൽ ഒരു പുതിയ പദ്ധതി കേന്ദ്ര ഗവൺമെന്റ് ആരംഭിച്ചത് 1993 ഡിസംബറിൽ പി.വി.നരസിംഹറാവു പ്രധാനമന്ത്രിയായിരുന്ന സന്ദർഭത്തിലാണ്.

73 ഉം 74 ഉം ഭരണഘടനാ ഭേദഗതികളിലൂടെ പഞ്ചായത്തുരാജ്-മുനിസിപ്പാലിറ്റി സംവിധാനങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ ഭാഗമായി. ഈ ഭേദഗതികളിലൂടെ നിരവധി പുതിയ അധികാരങ്ങൾ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് ലഭ്യമായി. കേരളത്തിലാണെങ്കിൽ 1995 സെപ്റ്റംബർ 18 ന് ജി.ഒ (പി) നമ്പർ 189/95-ാം നമ്പരായി തദ്ദേശ സ്വയംഭരണ വകുപ്പ് പുറത്തിറക്കിയ ഉത്തരവിലൂടെ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ചെറുകിട വ്യവസായങ്ങൾ, ഭവന നിർമാണം, വിദ്യാഭ്യാസം, ദാരിദ്ര്യനിർമാർജ്ജനം, ഗ്രാമവികസന പരിപാടികൾ, പൊതുജനാരോഗ്യം, ശുചീകരണം, സാമൂഹ്യക്ഷേമം-പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം ഇടങ്ങി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട നിരവധി സ്ഥാപനങ്ങളും പദ്ധതികളും ത്രിതല പഞ്ചായത്തു സംവിധാനത്തിന

കൈമാറി. 1996-2001 കാലഘട്ടത്തിൽ അധികാരത്തിൽ വന്ന നായനാർ ഗവൺമെന്റ് അധികാര കൈമാറ്റം കൂടുതൽ അർത്ഥപൂർണമാക്കി. അധികാരവും അവ വിനിയോഗിക്കാനുള്ള സമ്പത്തും ത്രിതല പഞ്ചായത്തുകൾക്ക് നൽകി.



പാർലമെന്റിൽ 73-74 ഭരണഘടനാ ഭേദഗതികൾ പാസ്സായ സമയം മുതൽ എം.പി. മാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കാൻ പോകുന്ന സമഗ്ര വികസന പ്രക്രിയയിൽ തങ്ങൾക്ക് ഒരു പങ്കാളിത്തവും ഇല്ലാതെ പോകുന്നു. അതുകൊണ്ട്, പാർലമെന്റ് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളിൽ അഥവാ നിർമാണ പ്രവർത്തനങ്ങളിൽ എം.പി മാരുടെ പങ്കാളിത്തമുറപ്പിക്കാൻ ഒരു പദ്ധതി ഉണ്ടാകണം എന്ന മുറവിളി ഭരണപക്ഷ എം.പി മാരുടെ ഭാഗത്തുനിന്നും ശക്തമായി ഉണ്ടായി. പ്രതിപക്ഷത്തുള്ള ചില എം.പി മാരും ഈ വാദഗതിയെ പിന്തുണച്ചു. എം.പി.മാരുടെ ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ലായിരുന്നു എങ്കിലും പ്രധാനമന്ത്രി നരസിംഹറാവു എം.പി മാർക്ക് വേണ്ടി ഒരു ലോക്കൽ ഏരിയാ ഡെവലപ്മെന്റ് പദ്ധതി ആരംഭിക്കുകയായിരുന്നു. അവരുടെ ആശങ്കയ്ക്ക് അടിസ്ഥാനമില്ലായെന്നു പറഞ്ഞത് കേന്ദ്ര ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളുടെ അധികാരവും പദ്ധതിയും ത്രിതല പഞ്ചായത്തുകൾക്ക കൈമാറിയിട്ടില്ലായെന്നതുകൊണ്ടാണ്. ഭരണഘടനാ ഭേദഗതിയിൽക്കൂടി കൈമാറിയതെല്ലാം സംസ്ഥാന ഗവൺമെന്റുകൾ കൈവശം വച്ചിരുന്ന അധികാരങ്ങളാണ്. കേന്ദ്ര ഗവൺമെന്റിന്റെ അധികാരത്തിൽ വരുന്ന റെയിൽവേ, ടെലികമ്മ്യൂണിക്കേഷൻ, പോസ്റ്റൽ സർവ്വീസ്, ഇൻകംടാക്സ്, പെട്രോളിയം, കൽക്കരിഖനികൾ ഇടങ്ങിയവയൊന്നും സംസ്ഥാന ഗവൺമെന്റിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ കൈമാറാൻ കേന്ദ്രം തയ്യാറായിട്ടില്ല. അപ്പോൾ 73 ഉം 74 ഉം ഭരണഘടനാ ഭേദഗതികൾക്ക മുൻപ് എം.പി മാർക്കുണ്ടായിരുന്ന ഏത് അധികാരമാണ് ത്രിതല പഞ്ചായത്ത് സംവിധാനം ഭരണഘടനയുടെ ഭാഗമായതിന്റെ ഫലമായി നഷ്ടമായത് എന്ന് ആരും എങ്ങും വിശദീകരിച്ച് കണ്ടില്ല.

ഇവിടെ നമ്മൾ ചർച്ച ചെയ്യുന്നത് പാർലമെന്റിലെയും നിയമസഭകളിലെയും സാമാജികരുടെ പ്രധാന ചുമതലയെ സംബന്ധിച്ചാണ്. പാർലമെന്റിലും നിയമസഭകളിലും നിയമ നിർമാണത്തിന് ഇന്ന് വേണ്ടത്ര സമയമെടുക്കുന്നില്ലായെന്ന വിമർശനം വളരെ ശക്തവും യാഥാർത്ഥ്യവുമാണ്. കേരളാ നിയമസഭയുടെ അനുഭവം വച്ചുകൊണ്ടു പറയുമ്പോൾ നിയമസഭയുടെ പല ബിസിനസ്സുകളുടെ കൂട്ടത്തിൽ മണിക്കൂറുകൾ നീണ്ട, ചിലപ്പോൾ ദിവസങ്ങൾ നീണ്ടുപോകുന്ന ചർച്ചകൾക്കൊടുവിലാണ് ഒരു നിയമം പാസ്സാക്കിയെടുക്കാൻ കഴിയുന്നത്. 2019 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ രണ്ടു ഘട്ടമായി ചേർന്ന പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനത്തിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞയും ബഡ്ജറ്റ് ചർച്ച, ധനാഭ്യർത്ഥന മറ്റ് ധനകാര്യബില്ലുകൾ, നിയമനിർമ്മാണങ്ങൾ എല്ലാത്തിനും കൂടി 37 ദിവസം ലോക് സഭയും 35 ദിവസം രാജ്യസഭയും സമ്മേളിച്ചു. ഇതിൽ ലെജിസ്ലേറ്റീവ് ബിസിനസ്സിനായി സമ്മേളനത്തിന്റെ കേവലം 46 ശതമാനം സമയം ലോക് സഭയും 51 ശതമാനം സമയം രാജ്യസഭയും ചെലവാക്കി.

ഈ സന്ദർഭത്തിൽ ധനകാര്യബിൽ, ധനവിനിയോഗ ബിൽ ഇടങ്ങിയവ കൂടാതെ 28 ബില്ലുകൾ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുത്തു. ജമ്മു കാശ്മീർ സംസ്ഥാന പുനഃസംഘടനാ ബിൽ, പൗരത്വ നിയമ ഭേദഗതി ബിൽ, മോട്ടോർ വാഹന ഭേദഗതി നിയമം, മുത്തലാക്ക് ബിൽ, കമ്പനീസ് ആക്ട് (അമെന്റ്മെന്റ്) ബിൽ, ഇൻസോൾവൻസി ആന്റ് ബാങ്കറപ്റ്റ്സി (ഭേദഗതി) ബിൽ, കോഡ് ഓൺ വേജസ്, നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ, വിവരാവകാശ (ഭേദഗതി) ബിൽ, പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ബിൽ, ആർബിട്രേഷൻ ബിൽ, എയർപോർട്ട് ഇക്കണോമിക് റെഗുലേറ്ററി അതോറിറ്റി ബിൽ, സെൻട്രൽ യൂണിവേഴ്സിറ്റി (ഭേദഗതി) ബിൽ, മനുഷ്യാവകാശ സംരക്ഷണ (ഭേദഗതി) ബിൽ, നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി (ഭേദഗതി) ബിൽ, യു.എ.പി.എ (ഭേദഗതി) ബിൽ, കൺസ്യൂമർ പ്രൊട്ടക്ഷൻ ബിൽ, ഇന്ത്യൻ മെഡിക്കൽ കൗൺസിൽ




ബിൽ, സ്പെഷ്യൽ ഇക്കണോമിക് സോൺ(ഭേദഗതി) ബിൽ, ആധാർ ആന്റ് അദർ ലാസ് (ഭേദഗതി) ബിൽ, സാമ്പത്തിക പിന്നോക്കക്കാർക്ക് സംവരണം നൽകുന്ന 124-ാം ഭരണഘടന (ഭേദഗതി) (ബിൽ-ലിസ്റ്റ് പൂർണമല്ല.) തുടങ്ങി പരമപ്രധാനമായ ഇരുപത്തിയെട്ട് നിയമങ്ങളാണ് അപ്പം ചുട്ടെടുക്കുന്ന രീതിയിൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയത്. അന്താരാഷ്ട്രതലത്തിലും ആഭ്യന്തരമായും രാജ്യത്തെ ആശങ്കപ്പെടുത്തുന്ന ഈ നിയമങ്ങൾ സഭയിലെ ഭൂരിപക്ഷം ഉപയോഗിച്ച് ഭരണപക്ഷത്തിന് പാസ്സാക്കിയെടുക്കാൻ കഴിയുമെങ്കിലും ബില്ലിന്റെ ഉള്ളടക്കത്തിലേക്കിറങ്ങി ചെല്ലുന്ന ഗൗരവമായ ചർച്ചകൾ പാർലമെന്റിൽ അവതരിപ്പിക്കാനും അതിൽക്കൂടി ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാനും കഴിയേണ്ടുന്നതാണ്. പാർലമെന്റ് ഒറ്റയടിക്ക് പാസ്സാക്കിയെടുത്തതിലെ പുതിയ ബില്ലുകൾ ഒരെണ്ണം പോലും പാർലമെന്റ് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് അയച്ചതുമില്ല. വിവിധ കക്ഷി നേതാക്കളുടെ രാഷ്ട്രീയാഭിപ്രായ പ്രകടനത്തിനപ്പുറം പാർലമെന്റിനെ നിയമ നിർമ്മാണ വേദിയാക്കാൻ ഗവൺമെന്റോ പാർലമെന്റ് സംവിധാനമോ താൽപര്യപ്പെടുന്നില്ല എന്നതാണ് കുറച്ച് ഏറെ വർഷങ്ങളായി ഇന്ത്യയിൽ നിലനിൽക്കുന്ന അവസ്ഥ.

നിയമനിർമ്മാണ പ്രക്രിയയിൽ മാത്രമല്ല സർക്കാരിന്റെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾക്കും പാർലമെന്റും നിയമസഭകളും വളരെ കുറച്ച് സമയം മാത്രമേ കണ്ടെത്തുന്നുള്ളു.

നിയമസഭകളിലെ സബ്ജക്ട് കമ്മിറ്റികളും പാർലമെന്റിലെ സ്റ്റാൻഡിംഗ് കമ്മിറ്റികളും അവയെക്കൂടാതെ നിയമസഭാ പാർലമെന്റ് കമ്മിറ്റികളും ഫലപ്രദമായും ഇന്ന് ഇതിനേക്കാൾ കൂടുതൽ കാര്യക്ഷമമായും പ്രവർത്തിപ്പിക്കാൻ കഴിഞ്ഞാൽ 'ലെജിസ്ലേച്ചർ' എന്ന ഇരുണിന്റെ ശക്തിയും ശേഷിയും വ്യക്തമായി പ്രകടിപ്പിക്കാൻ സാമാജികർക്ക് കഴിയും.

സ്പേഷ്യൽ പ്ലാനിംഗ് (Spatial Planning, സ്ഥലവുമായി ബന്ധപ്പെട്ട ആസൂത്രണം) ഉൾപ്പെടെ ജില്ലകളിലെ നഗര-ഗ്രാമ പ്രദേശങ്ങളുടെ ആസൂത്രിത വികസനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടുന്നതും അവയെ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി തയ്യാറാക്കേണ്ടതും ഭരണഘടന അനുസരിച്ചും നിയമം അനുസരിച്ചും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളാണ്. അതിന് സമാന്തരമായി എം.പി. ഫണ്ട് മുഖേനയോ എം.എൽ.എ ഫണ്ട് മുഖേനയോ മറ്റൊരു വികസന പരിപ്രേക്ഷ്യം ജില്ലകളിൽ തയ്യാറാകുന്നത് വികേന്ദ്രീകൃത ആസൂത്രണത്തെ മാത്രമല്ല പാർലമെന്റും നിയമസഭയും പാസ്സാക്കിയ നിയമങ്ങളെക്കൂടി ദുർബലപ്പെടുത്തുന്നതായിരിക്കും.

ഇവിടെ പാർലമെന്റംഗങ്ങളും നിയമസഭ സാമാജികരും എക്സിക്യൂട്ടീവിന്റെ ഭാഗമായി മാറാൻ പാടില്ലായെന്നത് ഒരു പ്രധാനപ്പെട്ട വിഷയമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. എക്സിക്യൂട്ടീവിനെ ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയുന്ന ലെജിസ്ലേച്ചർ, എം.പി, എം.എൽ.എ ഫണ്ടുകളിൽക്കൂടി ലെജിസ്ലേച്ചറിന്റെ ഭാഗമല്ലാതാവുകയും എക്സിക്യൂട്ടീവിന്റെ കയ്യാളായി മാറുകയും ചെയ്യുന്നു.

എം.പി.ഫണ്ടും എം.എൽ.എ ഫണ്ടും ഇല്ലെങ്കിൽ തങ്ങളുടെ വോട്ടർമാരെ എങ്ങനെ തൃപ്തിപ്പെടുത്തും, അവരെ എങ്ങനെ അഭിമുഖീകരിക്കും എന്നു ചിന്തിക്കുന്ന നിരവധി സാമാജികരുണ്ടാകാം. എങ്കിലും നിയമനിർമ്മാണത്തിലും സർക്കാരിന്റെ ഭരണപരവും ധനകാര്യപരവുമായ പ്രവർത്തനങ്ങളുടെ സ്ക്രൂട്ടിനിക്കും ആവശ്യമായ സമയം കണ്ടെത്തേണ്ടുന്ന ജനപ്രതിനിധികൾക്ക് എക്സിക്യൂട്ടീവ് ഇടുന്ന കടിഞ്ഞാൺ ആണ് ജനപ്രതിനിധികൾക്കുള്ള പ്രാദേശിക വികസന ഫണ്ടുകൾ. കേന്ദ്ര-സംസ്ഥാന സർക്കാരുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭരണ നിർവഹണത്തിന്റെ ഭാഗമാകുകയും പാർലമെന്റ്-നിയമസഭാ സാമാജികർ നിയമനിർമ്മാണത്തിന്റെയും ഭരണ നിർവഹണം നടത്തുന്നവരുടെ പരിശോധകരും മേൽനോട്ടക്കാരുമായി വർത്തിക്കുന്നതാണ് ഭരണഘടനാപരമായി ഉചിതമായിട്ടുള്ളത്.



**പി.അയിഷാ പോറ്റി**

12,13,14 കേരള നിയമസഭകളിൽ അംഗം

## ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം

# നിയമസഭാ ക്ഷേമ സമിതികളിലൂടെ

ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിൽ ഓരോ സംസ്ഥാനത്തിന്റെയും ഭരണത്തലവൻ ഗവർണ്ണറാണ്. എന്നാൽ ഗവർണ്ണറുടെ കർത്തവ്യ നിർവ്വഹണത്തിൽ മന്ത്രിസഭ അദ്ദേഹത്തെ സഹായിക്കുകയും ഉപദേശിക്കുകയും ചെയ്യണം. ഭരണഘടനയുടെ ആർട്ടിക്കിൾ 164 (2) പ്രകാരം മന്ത്രിസഭയ്ക്ക് സംസ്ഥാന നിയമസഭയോട് കൂട്ടുത്തരവാദിത്വമുണ്ട്. ഗവൺമെന്റിന് നിയമസഭയോട് അക്കൗണ്ടബിലിറ്റി ഉള്ളതുപോലെതന്നെ സർക്കാരിന്റെ മേൽ ഫലപ്രദമായ മേൽനോട്ടവും നിയന്ത്രണവും നിർവ്വഹിക്കുവാനുള്ള ഉത്തരവാദിത്വം നിയമസഭയ്ക്കുമുണ്ട്. നിയമസഭയിലെ അംഗബാഹുല്യം, നടപടിക്രമത്തിന്റെ സാങ്കേതികത, ചർച്ചകളിലൂടെ കാര്യ നിർവ്വഹണം നടത്തുന്ന സമ്പ്രദായം എന്നിവയൊക്കെ ഈ ഉത്തരവാദിത്വം നിറവേറ്റുന്നതിന് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. ഈ വസ്തുതകൾ കണക്കിലെടുത്ത് നിയമസഭയുടെ അധികാരങ്ങളും കർത്തവ്യങ്ങളും ഫലപ്രദമായി നിർവ്വഹിക്കുന്നതിനു വേണ്ടിയാണ് നിയമസഭാ സമിതികൾ രൂപീകരിച്ചിട്ടുള്ളത്. നിയമസഭയിലെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന നിയമസഭയുടെ ഒരു ചെറുരൂപമാണ് നിയമസഭാ സമിതികൾ.

**പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളും നിവേദനങ്ങളും പരിശോധിച്ച് അത് സംബന്ധിച്ച് ഗവൺമെന്റ് റിപ്പോർട്ട് ലഭ്യമാക്കി പ്രശ്ന പരിഹാരത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക എന്നതാണ് വിവിധ ക്ഷേമ സമിതികൾ ചെയ്തു വരുന്നത്.**



അംഗസംഖ്യ കുറവായതിനാൽത്തന്നെ നിയമസഭാ സമിതികൾക്ക് അവയെ ഏൽപ്പിച്ചിരിക്കുന്ന വിഷയങ്ങൾ ആഴത്തിൽ പഠിക്കുന്നതിനും ശിപാർശകൾ സമർപ്പിക്കുന്നതിനുമുള്ള അധികാരം ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളിലെ അംഗങ്ങൾ ഒരുമിച്ചിരുന്ന് കാര്യമാത്ര പ്രസക്തമായ ചർച്ചകളിലൂടെ സുപ്രധാനമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നു. നിയമസഭയ്ക്കകത്ത് ഭരണപക്ഷം വലിയ അളവിൽ സർക്കാരിനെ പിന്താങ്ങാൻ ബാധ്യസ്ഥരാകുമ്പോൾ അത്തരത്തിലൊരു ബാധ്യത അതേ അളവിൽ സമിതികളിൽ പ്രകടിപ്പിക്കാറില്ല എന്നത് സമിതി പ്രവർത്തനത്തിന്റെ പ്രത്യേകതയാണ്. നിയമസഭാ സമിതികളുടെ പ്രവർത്തനങ്ങൾ നിയമസഭാ പ്രവർത്തനങ്ങളുടേത് പോലെ ഒട്ടും പ്രദർശനാത്മകമല്ല എന്നതും ശ്രദ്ധേയമാണ്.

പാർലമെന്ററി ഭരണസംവിധാനത്തിൽ നിയമസഭാ സമിതികളുടെ പ്രാധാന്യം ലോകമെമ്പാടുമുള്ള ജനാധിപത്യ രാജ്യങ്ങൾ അംഗീകരിച്ചിട്ടുള്ളതാണ്. ബ്രിട്ടീഷ് പാർലമെന്റിൽ 1340-ൽ കമ്മിറ്റികളുടെ പ്രവർത്തനം ആരംഭിച്ചതായി ചരിത്രം പറയുന്നു. 1888-ൽ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ രണ്ടാം സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട ബില്ലുകളുടെ വിവിധ വശങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ ഒരു സെലക്ട് കമ്മിറ്റി രൂപീകരിച്ചതോടെയാണ് കേരളത്തിൽ നിയമസഭാ സമിതികളുടെ ചരിത്രം ആരംഭിച്ചത്. നിയമസഭ തെരഞ്ഞെടുക്കുന്നതോ നാമനിർദ്ദേശം ചെയ്യുന്നതോ അല്ലെങ്കിൽ ബഹു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്നതോ ആയ അംഗങ്ങൾ ചേർന്നുണ്ടാകുന്നവയാണ് നിയമസഭാ സമിതികൾ. ഇവയെല്ലാം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും ബഹു. സ്പീക്കറുടെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങൾക്കും അനുസൃതമായാണ് പ്രവർത്തിക്കുന്നത്.



സാധാരണ ജനങ്ങളുടെ നാനാതരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായാണ് ക്ഷേമസമിതികൾ രൂപം കൊണ്ടത്. വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും പൊതുജനങ്ങൾക്ക് നീതി നിഷേധിക്കപ്പെടുമ്പോഴോ, നിവേദനങ്ങൾക്ക് പരിഹാരമുണ്ടാകാതിരിക്കുകയോ, വീഴ്ചയോ കാലതാമസമോ ഉണ്ടാകുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ അവസാന ആശ്രയവും പ്രതീക്ഷയും എന്ന നിലയിലാണ് ക്ഷേമസമിതികൾ മുമ്പാകെ ഹർജികൾ സമർപ്പിക്കപ്പെടുന്നത്. 1957-ൽ രൂപീകരിക്കപ്പെട്ട ഹർജികൾ സംബന്ധിച്ച സമിതി ഉൾപ്പെടെ 9 ക്ഷേമസമിതികളാണുള്ളത്. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം, സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം, പിന്നോക്ക സമുദായ ക്ഷേമം, യുവജനക്ഷേമവും യുവജനകാര്യവും, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം, പ്രവാസി മലയാളികളുടെ ക്ഷേമം, മുതിർന്ന പൗരൻമാരുടെ ക്ഷേമം, പരിസ്ഥിതി എന്നിവയാണ് മറ്റ് ക്ഷേമസമിതികൾ.

പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളും നിവേദനങ്ങളും പരിശോധിച്ച് അത് സംബന്ധിച്ച് ഗവൺമെന്റ് റിപ്പോർട്ട് ലഭ്യമാക്കി പ്രശ്ന പരിഹാരത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക എന്നതാണ് വിവിധ ക്ഷേമ സമിതികൾ ചെയ്തു വരുന്നത്. ഇത് കൂടാതെ സമിതിയുടെ പരിഗണനാ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളിൽ സമിതി സ്വതന്ത്ര പഠനം നടത്തുകയും തെളിവെടുപ്പുകളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ ശിപാർശകൾ ഉൾപ്പെടുത്തി നിയമസഭയിൽ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമാക്കി പ്രശ്ന പരിഹാരത്തിന് ഉതകുന്ന നടപടികളാണോ സ്വീകരിച്ചതെന്ന് സമിതി പരിശോധിക്കുന്നു. ഇപ്രകാരം ഒരു നിവേദനത്തിലെ ആവശ്യം പരിഹരിക്കപ്പെടുന്നതുവരെ സമിതി അതിനൊപ്പം നിൽക്കുന്നു. വിവിധ വകുപ്പുകളുടെ ഏകോപനം വഴി മാത്രം പ്രശ്നപരിഹാരം സാധ്യമാകുന്ന സന്ദർഭങ്ങളിൽ അതിനാവശ്യമായ നിർദ്ദേശങ്ങളും സമിതികൾ നൽകാറുണ്ട്. സമൂഹത്തിലെ എല്ലാത്തട്ടിലുമുള്ളവർക്ക് വ്യക്തമായ പേരും മേൽവിലാസവും ഒപ്പം രേഖപ്പെടുത്തി



തീർത്തും സൗജന്യമായി സമിതി അദ്ധ്യക്ഷനേയോ നിയമസഭാ സ്പീക്കറെയോ അഭിസംബോധന ചെയ്ത് വെള്ളക്കടലാസിൽ പരാതി നൽകാമെന്നുള്ളത് നിയമസഭാ സമിതികളെ ജനങ്ങളോട് കൂടുതൽ അടുപ്പിക്കുന്നു.

നിയമസഭാ സമിതികളുടെ പ്രവർത്തനം മൂലം പൊതുജനോപകാരപ്രദമായ നിരവധി കാര്യങ്ങൾ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ആയതിന് ഏതാനും സമീപകാല ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

## ഹർജികൾ സംബന്ധിച്ച സമിതി

നിയമസഭ മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഹർജികൾ പരിശോധിച്ച് സഭയിൽ റിപ്പോർട്ട് സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1957 ജൂൺ 12-ാം തീയതി ഹർജികൾ സംബന്ധിച്ച സമിതി രൂപീകൃതമായത്. സർവ്വീസിലിരിക്കെ ക്രമവിരുദ്ധമായ നടപടികൾ നിർവ്വഹിച്ചിട്ടുള്ള ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ചാൽ അവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ കഴിയാതിരിക്കുന്ന നിലവിലെ പരിമിതി മാറ്റുന്നതിനായി കെ. എസ്. ആർ പാർട്ട് റൂൾ 59-ൽ ഭേദഗതി വരുത്തണമെന്ന ഹർജികൾ സംബന്ധിച്ച് സമിതി (2016-19) യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 11.12.2016-ലെ G.O.(P) No. 192/2018/Finപ്രകാരം. കെ.എസ്.ആർ പാർട്ട് 3-ൽ വരുത്തിയ ഭേദഗതി അന്തിമ നടപടിക്കായി അക്കൗണ്ടന്റ് ജനറലിന്റെ പരിഗണനയിലാണ്.

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമ സമിതി

സമൂഹത്തിലെ സമസ്ത മേഖലകളിലും വളരെ പിന്നോക്കാവസ്ഥയിൽ കഴിയുന്ന പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ വിവിധ തലങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് കേരള നിയമസഭയുടെ പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമസമിതി 1972 നവംബർ 1-ാംതീയതി രൂപീകൃതമായത്.

വയനാട് ജില്ലയിൽ ഏറ്റവും താഴെത്തട്ടിൽ കഴിയുന്ന പണിയ സമുദായത്തിന്റെ ഉന്നമനത്തിനാവശ്യമായ വികസന പദ്ധതികൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ലഭിച്ച ഹർജിയുടെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി പ്രസ്തുത വിഭാഗത്തെക്കുറിച്ചുള്ള പഠനത്തിനായി ഒരു ഉപസമിതി രൂപീകരിക്കുകയും പണിയൻ വിഭാഗത്തിന്റെ ഉന്നമനത്തിന് പര്യാപ്തമാകുന്ന തരത്തിലുള്ള ശിപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ട് 2018 ഡിസംബർ 6-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി

സ്ത്രീകളും കുട്ടികളും വികലാംഗരും അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് ഒരളവുവരെയെങ്കിലും പരിഹാരം കാണുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഇവരുടെ ക്ഷേമത്തിനായി ഒരു നിയമസഭാ സമിതി രൂപീകരിക്കപ്പെട്ടത്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ലക്ഷ്യമാക്കി 1992 ജൂലായ് 27-ാം തീയതി കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതി രൂപീകരിച്ചു. 1999 ജൂലായ് 27-ാം തീയതി മുതൽ ഭിന്നശേഷിക്കാരുടെയും 26-06-2018-ൽ ട്രാൻസ്ജെന്റുകളുടെയും ക്ഷേമവും സമിതിയുടെ അധികാരപരിധിയിൽപ്പെടുത്തി.

സംസ്ഥാനത്തെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ, പീഡനം, സ്ത്രീധനപ്രശ്നങ്ങളുമായി ബന്ധപ്പെട്ട പീഡനങ്ങൾ, 14 വയസ്സിനു താഴെയുള്ള കുട്ടികളെ ദുഷ്കരവും മനുഷ്യത്വപരമല്ലാത്ത പ്രവൃത്തികളിലും നിർബന്ധജോലികളിലും ഏർപ്പെടുത്തൽ, ഭിന്നശേഷിക്കാരിലും മനോവൈകല്യമുള്ളവരിലും അടിച്ചേൽപ്പിക്കുന്ന അക്രമങ്ങൾ, പീഡനങ്ങൾ, പ്രശ്നങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികളുടെ പരിഗണനയാണ് പ്രഥമകർത്തവ്യം. അനാഥമന്ദിരം, അഗതിമന്ദിരം, തൊഴിൽസ്ഥലം, സ്ത്രീകൾക്കും കുട്ടികൾക്കും പൊതുവായി പ്രവേശനം നൽകപ്പെടുന്ന മറ്റ് സ്ഥാപനങ്ങൾ, എന്നിവയുടെ പ്രവർത്തനം പരിശോധിക്കുന്നതുകൂടാതെ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം, അവിവാഹിതരും ഉപേക്ഷിക്കപ്പെട്ടവരുമായ അമ്മമാരുടെയും, നിരാശ്രയരായ വിധവകളുടെയും പുനരധിവാസം, മന്ദബുദ്ധികൾ/ വികലാംഗർ എന്നിവരുടെ സ്വയംപര്യാപ്തത, ശിക്ഷാ കാലാവധി കഴിഞ്ഞ സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസം, അസംഘടിത സ്ത്രീ വിഭാഗത്തിന്റെ ക്ഷേമം, മദ്യം, പുകയില മയക്കുമരുന്ന് എന്നിവമൂലം സ്ത്രീകളിലും കുട്ടികളിലുമുള്ള സ്വാധീനവും അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കലും ഇടങ്ങിയവയും സമിതിയുടെ പ്രവർത്തന പരിധിയിൽ വരുന്ന കാര്യങ്ങളാണ്.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീ-പുരുഷ അനുപാത നിരക്ക് ഏറ്റവും കൂടുതൽ കേരളത്തിലാണ്. കേരളത്തിൽ സ്ത്രീകൾക്ക് വേണ്ടി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കണമെന്ന് സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (1993-96)യുടെ മൂന്നാമത് റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി വനിതാ ശിശുവികസന വകുപ്പ് കേരളത്തിൽ രൂപീകൃതമായി.

സമസ്ത മേഖലകളിലും പുരുഷനോടൊപ്പം മുന്നോട്ട് വരുന്ന സ്ത്രീകൾക്ക് ജോലിയുടെ ഭാഗമായി ദിവസേനയുള്ള യാത്രകൾ അനിവാര്യമാണ്. യാത്രയ്ക്ക് സ്ത്രീകൾ ബസുകളെയാണ് കൂടുതൽ ആശ്രയിക്കുന്നത്



എന്നുള്ളതിനാൽ രാത്രി സമയങ്ങളിൽ സ്ത്രീകൾ ആവശ്യപ്പെടുന്ന സ്റ്റോപ്പിൽ ബസ് നിർത്തി കൊടുക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും സർക്കാർ അത് നടപ്പിലാക്കുകയുമുണ്ടായി.

ഒരു കുഞ്ഞ് ജനിച്ചാൽ ആദ്യ കാലഘട്ടങ്ങളിലാണ് മാതാപിതാക്കളുടെ ശ്രദ്ധ ഏറ്റവും ആവശ്യമുള്ളത്. ഈ കാലയളവിൽ മാതാവിന്റെ കരുതലും സ്നേഹവും കുഞ്ഞിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. പ്രസവാനന്തരം ആദ്യമായി സർക്കാർ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പ്രസവാവധിയുടെ ശിഷ്ടഭാഗം അനുവദിക്കത്തക്കവണ്ണം ചട്ടങ്ങളിൽ ഭേദഗതി വരുത്തണമെന്ന് സമിതി നിർദ്ദേശിച്ച പ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്നവരാണ് ഭിന്നശേഷിക്കാർ. സാമൂഹിക പുരോഗതിക്ക് ഭിന്നശേഷിക്കാരെ കൂടി മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. ഭിന്നശേഷിക്കാർക്കായി സർക്കാർ ഒട്ടേറെ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. അത് കൂടാതെ സമിതിയും അവരുടെ പ്രശ്നങ്ങളിൽ നിരന്തരം ഇടപെടുന്നു. അത്തരത്തിൽ സമിതി നിർദ്ദേശാനുസരണം കേരളത്തിലെ സർക്കാർ ഓഫീസുകളിൽ റാമ്പ്, ലിഫ്റ്റ് സൗകര്യങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

പി.എസ്.സി. നിയമനങ്ങളിൽ ലഭിക്കേണ്ട 3% സംവരണം ലഭിക്കാത്തത് സംബന്ധിച്ച് അർഹരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളിൽ നിന്നും സംഘടനകളിൽ നിന്നും സമിതിക്ക് നിരവധി പരാതികൾ ലഭിക്കുകയും അത്തരത്തിൽ ധാരാളം ഒഴിവുകൾ വിവിധ വകുപ്പുകളിലായി ബാക്ക് ലോഗ് ആയി കിടന്നത് മനസ്സിലാക്കിയ സമിതി ശക്തമായി ഇടപെട്ടതിനെ തുടർന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഭിന്നശേഷിക്കാരുടെ ബാക്ക് ലോഗ് നിയമനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുകയും ചെയ്തു.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യ സൂചികകളിൽ കേരളം മുന്നിലാണെങ്കിലും കാൻസർ പോലുള്ള രോഗങ്ങൾ കുട്ടികളെ പോലും ബാധിക്കുന്നത് അതീവ ദുഃഖകരമായ വസ്തുതയാണ്. കാൻസർ രോഗത്തിന് കീമോതെറാപ്പിക്കും



വൃക്കസംബന്ധമായ രോഗത്തിന് ഡയാലിസിസിനും വിധേയരാകുന്ന കുട്ടികളുടെ രക്ഷകർത്താക്കൾക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് (15 ദിവസം) അനുവദിച്ച് ഉത്തരവായത് സമിതി (2011-14) യുടെ 6-ാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരമാണ്.

കൂടാതെ സമിതിയുടെ പരിഗണനാ വിഷയങ്ങളുമായി ബന്ധപ്പെട്ട് പ്രധാന വിഷയങ്ങളിൽ സമിതി സ്വതന്ത്ര പഠനം നടത്തുകയും തെളിവെടുപ്പുകളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ ശിപാർശകൾ ഉൾപ്പെടുത്തി നിയമസഭയിൽ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ സമിതി (2016-19) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കുകയുണ്ടായി. ട്രാൻസ്ജെന്ററുകളുടെ വിഷയങ്ങൾ കൂടി പ്രസ്തുത സമിതിയുടെ അധികാര പരിധിയിൽ ഉൾപ്പെടുത്തിയത് കാലത്തിനനുസരിച്ച് ക്ഷേമസമിതികൾ സഞ്ചരിക്കുന്നുവെന്നതിന്റെ തെളിവാണ്.



## പരിസ്ഥിതി സംബന്ധിച്ച സമിതി

സംസ്ഥാനത്തെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി പഠിക്കുകയും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സമിതിയാണ് പരിസ്ഥിതി സംബന്ധിച്ച സമിതി. നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയും ഭീകരമായ ഓഖി ചുഴലിക്കാറ്റും ഉണ്ടായ 2017 ൽ നിന്ന് പൂർണ്ണമായി മുക്തമാകും മുമ്പ് കേരളത്തിന് അഭിമുഖീകരിക്കേണ്ടിവന്ന ഏറ്റവും വലിയ ദുരന്തമായിരുന്നു 2018 ലെ പ്രളയം. ഈ ദുരന്തത്തിൽ കേരളത്തിലെ മുഴുവൻ പരിസ്ഥിതിക്കേറ്റ ആഘാതത്തെക്കുറിച്ച് പഠിക്കുന്നതിന് സമിതി ദുരിതബാധിത ജില്ലകൾ സന്ദർശിക്കുകയും ദുരിതബാധിതരിൽ നിന്നും പരിസ്ഥിതി പ്രവർത്തകർ, പൊതുജനങ്ങൾ, ദുരന്തങ്ങൾക്ക് സാക്ഷ്യം വഹിച്ചവർ എന്നിവരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും പരിസ്ഥിതി സംരക്ഷണത്തിനുതകുന്ന ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രളയം കേരളത്തിനേൽപ്പിച്ച പാരിസ്ഥിതികാഘാതങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

മൂന്നാറിലെ മലിനീകരണ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സമിതി നടത്തിയ സന്ദർശനത്തിൽ നിന്നും അനധികൃത നിർമ്മാണം മൂലമുള്ള പരിസ്ഥിതി മലിനീകരണമാണ് പ്രധാന പ്രശ്നമെന്ന് കണ്ടെത്തുകയും അനധികൃത നിർമ്മാണങ്ങൾ ഉടനടി നിർത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

പാരിസ്ഥിതിക പ്രശ്നങ്ങൾ മൂലം ആറന്മുള വിമാനത്താവളത്തിന്റെ നിർമ്മാണം നിർത്തിവയ്ക്കണമെന്ന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിർമ്മാണം നിർത്തിവച്ചു. വേമ്പനാട് കായലിലെ അനധികൃത ബോട്ട് സർവ്വീസുകൾ നിർത്തലാക്കണമെന്നും ബോട്ട് സർവ്വീസിന് നിയന്ത്രണമേർപ്പെടുത്തണമെന്നുമുള്ള സമിതിയുടെ നിർദ്ദേശം നടപ്പിലാക്കി വരുന്നു. താമരശ്ശേരി ചുരത്തിൽ നിരീക്ഷണ ക്യാമറ സംവിധാനം ഏർപ്പെടുത്തി. ശബരിമല നിലയ്ക്കൽ ബേസ് ക്യാമ്പ് ആക്കണമെന്നും അവിടെ നിന്നും പൊതു ഗതാഗത സംവിധാനം വഴി പമ്പയിലേയ്ക്ക് തീർത്ഥാടകരെ എത്തിക്കണമെന്നുമുള്ള സമിതി നിർദ്ദേശം സർക്കാർ നടപ്പിലാക്കി. പൊതുമേഖലാ സ്ഥാപനമായ KMML ആലപ്പാട് നടത്തുന്ന കരിമണൽ ഖനനം തുടരാമെന്നും എന്നാൽ Sea Washing 6 മാസത്തിൽ ഒരിക്കൽ ആക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഓഖി ചുഴലിക്കാറ്റ് മത്സ്യത്തൊഴിലാളികൾക്ക് കനത്ത നാശം വിതച്ച സാഹചര്യത്തിൽ, കേരളത്തിലെ എല്ലാ മത്സ്യബന്ധനയാനങ്ങളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തണമെന്ന സമിതി ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. മൺറോ തുരുത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പരിസ്ഥിതി സൗഹൃദ സാമഗ്രികൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെന്ന സമിതി ശിപാർശയും സർക്കാരിന്റെ പരിഗണനയിലാണ്.

## പിന്നാക്കസമുദായ ക്ഷേമം സംബന്ധിച്ച സമിതി

പിന്നാക്കവിഭാഗങ്ങളുടെ സർവ്വതോന്മുഖമായ ക്ഷേമം മുൻനിർത്തി പ്രവർത്തിച്ചുവരുന്ന പിന്നാക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി ഈ സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവും



വിദ്യാഭ്യാസപരവുമായ പുരോഗതി കാലാകാലങ്ങളിൽ അവലോകനം ചെയ്യുകയും അത് സംബന്ധിച്ച് പഠനം നടത്തുകയും അർഹമായിട്ടുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നു. പിന്നാക്ക സമുദായങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് കിർത്താഡ്സിന് സമാനമായി ഒരു നരവംശശാസ്ത്ര പഠനവിഭാഗം പിന്നാക്ക വിഭാഗ കമ്മീഷന്റെ കീഴിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ശിപാർശ സമിതി സർക്കാരിന് നൽകിയിട്ടുണ്ട്.

## മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി

വയോജനങ്ങൾ സ്വഗൃഹത്തിലും സമൂഹത്തിലും നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടുകൂടി രൂപീകരിച്ച പ്രസ്തുത സമിതി നിരവധി ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

താലൂക്ക് ആശുപത്രി മുതലുള്ള എല്ലാ ആശുപത്രികളിലും മുതിർന്ന പൗരന്മാർക്കായി പ്രത്യേക വാർഡ് രൂപീകരിക്കേണ്ടതാണെന്നും ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ജെറിയാട്രിക് വാർഡുകൾ ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്തു.

കേരള മെയിന്റനൻസ് & വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് റൂൾസ്, 2007 സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അടിയന്തരമായി ഇടപെടുന്നതിന് സാമൂഹ്യനീതി വകുപ്പ് ഒരു സ്പെഷ്യൽ സ്ക്വാഡ് സംവിധാനം രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു .

സ്വകാര്യ വൃദ്ധസദനങ്ങൾ നടത്തുന്ന ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി വൃദ്ധജനങ്ങളുടെ രജിസ്ട്രേഷൻ, നിരീക്ഷണം, ഈടാക്കുന്ന ഫീസിന്റെ നിർണ്ണയത്തിലുള്ള ഏകോപനം, തുടങ്ങി എല്ലാ കാര്യങ്ങളിലും സമഗ്രമായി ഒരു മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്തു. വയോമിത്രം പദ്ധതി, നിലവിൽ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മാത്രമാണ് നടപ്പിലാക്കി വരുന്നതെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത പദ്ധതി പഞ്ചായത്തുകളിൽ നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്തു.

സ്വകാര്യ വൃദ്ധസദനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങി ഗ്രാന്റ് അനുവദിക്കണമെന്ന സമിതി ശിപാർശ നടപ്പിലാക്കി വരുന്നുണ്ട്.

ട്രാൻസ്പോർട്ട് ബസുകളിൽ മുതിർന്ന സ്ത്രീകൾക്കും പുരുഷൻമാർക്കും 10% വീതം സീറ്റ് സംവരണം നടപ്പിലാക്കി.

## യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി

കേരള സംസ്ഥാന യുവജനക്ഷേമബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുകയും പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുക, കേന്ദ്രാവിഷ്കൃത യുവജന ക്ഷേമ പദ്ധതികളുടെ നടത്തിപ്പിന് നേതൃത്വം നൽകുക, യുവജനപദ്ധതികൾക്കായി അനുവദിക്കുന്ന സർക്കാർ ഫണ്ട് ശരിയായി വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക, യുവജനക്ഷേമ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള സ്വയംതൊഴിൽ പരിശീലന പദ്ധതികൾ, സമ്പൂർണ്ണ ശുചിത്വപദ്ധതി, എൻ.ആർ.എച്ച്.എം, കായിക സാംസ്കാരിക പദ്ധതികൾ, വിനോദസഞ്ചാര പദ്ധതികൾ, പൊതുവിദ്യാഭ്യാസ പദ്ധതികൾ എന്നിവയിൽ യുവജനപങ്കാളിത്തം മെച്ചപ്പെടുത്തുവാൻ നേതൃത്വം നൽകുക തുടങ്ങിയവയെല്ലാം സമിതിയുടെ പ്രവർത്തന പരിധിയിൽപ്പെടുന്നു.

സമയബന്ധിതമായി വിജ്ഞാപനം ഇറക്കുന്നതിലും പരീക്ഷകൾ, രേഖാ പരിശോധന, മൂല്യനിർണ്ണയം എന്നിവ യഥാസമയം നടത്തുന്നതിനും സാധ്യതാ ലിസ്റ്റ്, റാങ്ക് ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിക്കുന്നതിലും പി.എസ്.സി. യിൽ ഉണ്ടാകുന്ന കാലതാമസം ജീവനക്കാരുടെ കുറവു കൊണ്ടാണെന്ന് മനസ്സിലാക്കിയ സമിതിയുടെ ശിപാർശ പ്രകാരം പി.എസ്.സി. ജീവനക്കാരുടെ ജോലി ഭാരം കണക്കിലെടുത്ത് വിവിധ വിഭാഗങ്ങളിലായി പി.എസ്.സി. യിൽ 120

ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. സമിതി നിർദ്ദേശപ്രകാരം എല്ലാ വിദ്യാഭ്യാസ വായ്പകളുടെയും തിരിച്ചടവിനുള്ള കാലാവധി 15 വർഷമായി നിജപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിദ്യാർത്ഥിയുടെ പഠന സമയത്തുള്ള പലിശ തിരിച്ചടവിൽ വീഴ്ച വന്നാൽ വ്യവസ്ഥ പ്രകാരം അനുവദിച്ചിട്ടുള്ള സമയത്തിനുശേഷം മാത്രമേ വായ്പ ഇനത്തിലുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുവാൻ പാടുള്ളൂ എന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

മിനിമം വേതന ഉപദേശക സമിതിയുടെ അംഗീകാരത്തോടെ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി വ്യവസായ മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധ സമിതിയുടെ നിർദ്ദേശം അംഗീകരിച്ച് 23.05.2013-ലെ സർക്കാർ ഉത്തരവ് (സാധാ) 893/13/ തൊഴിൽ പ്രകാരം സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സിംഗ് ട്രെയിനികളുടെ സ്റ്റൈപ്പന്റ് സർക്കാർ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

### മത്സ്യത്തൊഴിലാളികളുടെയും അനുബന്ധതൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി

സംസ്ഥാനത്തിനകത്തുള്ള മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളി കളുടെയും വിവിധ പ്രശ്നങ്ങൾ പഠിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക, മത്സ്യബന്ധന വകുപ്പ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന മത്സ്യ വികസന ഫെഡറേഷൻ തുടങ്ങിയവയുടെ പ്രവർത്തനവും അവ നടപ്പാക്കുന്ന പദ്ധതികളും പരിപാടികളും അവലോകനം ചെയ്യുക, ഇവയുടെ വാർഷിക റിപ്പോർട്ട് പരിശോധിക്കുക എന്നിവയാണ് സമിതിയുടെ കർത്തവ്യങ്ങൾ.


നിരവധിയായ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ദേശീയ ജലപാത മൂലം തൊഴിൽനഷ്ടപ്പെട്ടവർക്കും ദുരന്തങ്ങൾ മൂലം തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ടവർക്കും സമിതിയുടെ ഇടപെടൽ മൂലം അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.

അർഹരായ മത്സ്യത്തൊഴിലാളികളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ, മത്സ്യബന്ധനയാനങ്ങളുടെ ലൈസൻസ് അനുവദിക്കുന്ന നടപടി എന്നിവ ത്വരിതപ്പെടുത്താൻ സാധിച്ചു.

മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം ലഭിക്കുന്നതിന് സമിതിയുടെ സമയോചിതമായ ഇടപെടൽകൊണ്ട് സാധ്യമായി.

ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക്



സഹായകരമായ നടപടികൾ സ്വീകരിച്ചു.

നിരവധി മത്സ്യത്തൊഴിലാളി മേഖലകളിലെ കടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്.


മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ സാധിച്ചു.

### പ്രവാസിമലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

വിദേശരാജ്യങ്ങളിലേക്കും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേക്കും കുടിയേറിയിട്ടുള്ള

മലയാളികളുടെ ക്ഷേമത്തിനായി സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായിട്ടാണ് കേരളനിയമസഭയുടെ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി നിലവിൽ വന്നത്.

പ്രവാസി കേരളീയരുടെ ദേശീയവും



അന്തർദേശീയവുമായ തൊഴിൽ വിപണി സംബന്ധിക്കുന്ന പരാതികൾ, വിസ നടപടിക്രമങ്ങളും യാത്രാ നിയന്ത്രണങ്ങളും സംബന്ധിക്കുന്ന പരാതികൾ, നാട്ടിൽ തിരികെ എത്തുന്ന പ്രവാസി മലയാളികളുടെ പുനരധിവാസവും തൊഴിൽ അവസരങ്ങളും സംബന്ധിച്ച പരാതികൾ എന്നു തുടങ്ങി പ്രവാസി മലയാളികളുടെ തൊഴിൽപരവും സാമ്പത്തികവുമായ അവകാശങ്ങൾ സംബന്ധിക്കുന്ന പരാതികൾ പരിശോധിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക, സംസ്ഥാന സർക്കാരും കേരള പ്രവാസി ക്ഷേമ ബോർഡും ബന്ധപ്പെട്ട മറ്റ് ഏജൻസികളും പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുക, ഉത്പന്നങ്ങൾ സ്വദേശത്തേക്ക് കൊണ്ടുവരുന്നതിനും കൈമാറുന്നതിനുമുള്ള പ്രക്രിയ ലഘൂകരിക്കുക, ഫണ്ട് വിനിയോഗം അവലോകനം ചെയ്യുക, സ്വകാര്യ തൊഴിൽ ഏജൻസികളുടെയും ക്ഷേമ ഏജൻസികളുടെയും നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുക, തുടങ്ങിയവ സമിതിയുടെ പ്രവർത്തന ങ്ങളിൽ പെടുന്നു.

പ്രവാസി ക്ഷേമനിധി പെൻഷൻ 1000 രൂപയിൽ നിന്നും 2000 രൂപയാക്കി ഉയർത്തിയതും പ്രവാസി ക്ഷേമനിധി അംഗത്വത്തിന് കൂടിയ പ്രായപരിധി 55 വയസ്സായിരുന്നത് 60 വയസ്സായി ഉയർത്തിയതും സമിതി ശിപാർശ പ്രകാരമാണ്.

ഈ ക്ഷേമ സമിതികളെല്ലാം തന്നെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്ക് നീതി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പൊതുജനങ്ങളും സന്നദ്ധസംഘടനകളും നൽകുന്ന പരാതികൾ ശ്രദ്ധാപൂർവ്വം പരിശോധിച്ച് സമിതി ചട്ടങ്ങൾക്ക് അനുസൃതമാണെങ്കിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിലേക്ക് അയയ്ക്കുകയും വകുപ്പുകളിൽ നിന്നും ശിപാർശയായി നൽകുകയും ഈ ശിപാർശകളിന്മേൽ സംസ്ഥാന സർക്കാർ എടുത്ത നടപടികൾ സഭയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. നിശ്ചിതസമയത്തിനുള്ളിൽ മറുപടി ലഭ്യമാക്കാത്ത ഹർജികളിന്മേലും ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ തൃപ്തികരമല്ലെങ്കിലും സമിതികൾ വകുപ്പദ്ധ്യക്ഷന്മാരിൽ നിന്നും തെളിവെടുപ്പ് നടത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും പ്രസ്തുത നിർദ്ദേശങ്ങൾ വകുപ്പദ്ധ്യക്ഷന്മാർ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. സമിതിക്ക് ലഭിക്കുന്ന പരാതികളിൽ നിന്നും ഉരുത്തിരിയുന്ന വിവിധ വിഷയങ്ങൾ സ്പെഷ്യൽ റിപ്പോർട്ടുകളായി സഭയിൽ സമർപ്പിക്കപ്പെടുന്നു. വിവിധ ജില്ലകളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ വിശദവിവരം ആരായുന്നതിനും പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും കൂടുതൽ പരാതികൾ സ്വീകരിക്കുന്നതിനുമായി സമിതികൾ ജില്ലാ ആസ്ഥാനങ്ങളിൽ യോഗം ചേരുകയും ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്യാറുണ്ട്. മറ്റ് സംസ്ഥാനങ്ങളിലെ സഹോദര കമ്മിറ്റികളുടെ പ്രവർത്തനം മനസ്സിലാക്കുന്നതിനായി സമിതി അന്തർ സംസ്ഥാന പഠന പര്യടന യാത്രകളും നടത്തിവരുന്നു. ഇപ്രകാരം വിവിധ ക്ഷേമസമിതികളുടെ പ്രവർത്തനങ്ങളിലൂടെ നിയമസഭയ്ക്ക് പൊതുജനോപകാരപ്രദമായ നിരവധി കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുന്നു എന്നത് ഏറെ ചാരിതാർത്ഥ്യം നൽകുന്നു.




ഡോ.കെ.മോഹൻ കുമാർ

II-ാം കേരള നിയമസഭയിലെ അംഗം


# ജനാധിപത്യം

## സവിശേഷതകൾ, പരിമിതികൾ

രാജ്യഭാരം നിർവ്വഹിക്കുന്ന പ്രതിനിധികളെ കണ്ടെത്താൻ പോളിംഗ് ബൂത്തുകളിലേക്ക് പോകുന്ന ഏറ്റവും വലിയ ജനസമൂഹം ഇന്ത്യയിലാണ്. അഞ്ചു വർഷത്തിനിടയിൽ മൂന്നു തവണയെങ്കിലും ഒരു ഇന്ത്യൻ വോട്ടർ സമ്മതിദാനാവകാശം രേഖപ്പെടുത്തിവരുന്നു. ഏറ്റവുമധികം സ്ഥാനാർത്ഥികൾ അനേകമനേകം രാഷ്ട്രീയ പാർട്ടികൾ, ആയിരക്കണക്കിന് ചിഹ്നങ്ങൾ, ആബാലവൃദ്ധം അണിനിരന്ന് (ഉത്സവംപോലെ കൊടിയേറി അവസാനിക്കുന്ന) പ്രചാരണം, എഴുപതു ശതമാനത്തിലേറെയുള്ള പോളിംഗ്, പൊതുവേ സമാധാനപൂർണ്ണമായുള്ള അധികാര കൈമാറ്റം ഇതെല്ലാമാണ് ജനാധിപത്യ സമ്പ്രദായത്തിലെ പല ദൗർബല്യങ്ങൾ പഠന വിഷയമാക്കുന്നവർ ഇന്ത്യയെ സഗൗരവം പരിഗണിക്കുന്നതിന് പിന്നിൽ.

ഏകാകിയും ദുർബ്ബലനുമായ പൗരന്റെ പോലും അവകാശങ്ങൾക്കും, അന്തസ്സിനും സംരക്ഷണവും പരിഗണനയും നല്കുന്നതാണ് യഥാർത്ഥ ജനാധിപത്യത്തിന്റെ മഹത്വം. ഭൂരിപക്ഷത്തിന്റെ അംഗീകാരത്തിൽ പിറക്കുന്നതാണ് ഭരണത്തിനുള്ള അനുമതി. എന്നാൽ വിയോജിക്കുന്നവരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കാൻ അധികാരി ബാധ്യസ്ഥനാണ്. വളരെ ചെറിയ ന്യൂനപക്ഷത്തിനുമുണ്ട് വിശ്വാസവും

സുസ്ഥിരമായ സിവിൽ സർവ്വീസും സ്വതന്ത്രമായ ജുഡിഷ്യറിയും ജനാധിപത്യ സമ്പ്രദായത്തിന്റെ അഴകും കരുത്തും സംരക്ഷിക്കുന്നതിനൊപ്പം തിരുത്തൽ ശക്തിയായി പ്രവർത്തിക്കുന്നതായും വിവരിക്കപ്പെട്ടുവരുന്നു.



സംസ്കാരവും സംരക്ഷിക്കാനുള്ള മൗലിക അവകാശം. ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളിൽപ്പെട്ടതിനാൽ തെരഞ്ഞെടുപ്പ് ഫലങ്ങൾ മാറുന്നതനുസരിച്ച് ഈ അവകാശങ്ങളെ ഇല്ലാതാക്കാനാവില്ല.

ജനാധിപത്യലോകങ്ങളിൽ, ഭരണാധികാരികളെ തെരഞ്ഞെടുക്കുന്നത് നിശ്ചിത കാലയളവിലേക്കാണ്. തന്റെ ആയുഷ്കാലം മുഴുവൻ ഭരിച്ചുകൊണ്ടിരിക്കാൻ ഏതു ജനപ്രിയനും വിലക്കുകളുണ്ട്. വീണ്ടും അവസരം വേണമെങ്കിൽ പ്രധാനമന്ത്രി മുതൽ പഞ്ചായത്ത് മുനിസിപ്പൽ സമിതി അംഗം വരെ, വോട്ടർമാരെ തേടിയിറങ്ങേണ്ടിവരുന്നു. പരാജയപ്പെട്ടുപോയത് കൊണ്ട് മുൻ ഭരണാധിപതി നാട്ടു വിട്ടോടേണ്ടി വരുന്ന ദുർഗതിയും ജനാധിപത്യ രാജ്യങ്ങളിൽ ഇല്ല.

ലെജിസ്ലേച്ചറും എക്സിക്യൂട്ടീവും ജുഡീഷ്യറിയും തമ്മിലുള്ള അധികാരവിഭജനം അമിതാധികാര പ്രവണതകളെ നിയന്ത്രിച്ചുപോരുന്നു. ആരോഗ്യകരമായ ബഹുകക്ഷി സമ്പ്രദായം എല്ലാ താത്പര്യങ്ങളെയും ഉൾക്കൊള്ളുന്നതിന് കാരണമായിട്ടുണ്ട്.

ശക്തവും സ്വതന്ത്രവുമായ മാധ്യമങ്ങൾ ജനാധിപത്യ സമ്പ്രദായത്തിന് കരുത്തു പകരുന്നു. രാഷ്ട്രീയ പാർട്ടികളേക്കാൾ, പൗരാവകാശ സംരക്ഷണത്തിനായി അതിവേഗം പ്രതികരിക്കുന്ന ദൃശ്യ-ശ്രവ്യ-മാധ്യമങ്ങൾ ജനതാത്പര്യങ്ങളുടെ



കാവൽക്കാരായിമാറുന്നു. പൊതുജനാഭിപ്രായം ഉരുവപ്പെടുത്തുന്നതിൽ സമ്മർദ്ദ ഗ്രൂപ്പുകൾക്കും സംഘടിത ശക്തികൾക്കുമുള്ളതിനേക്കാൾ- സ്വാധീനം മാധ്യമങ്ങൾക്കുണ്ട്.

സുസ്ഥിരമായ സിവിൽ സർവ്വീസും സ്വതന്ത്രമായ ജുഡീഷ്യറിയും ജനാധിപത്യ സമ്പ്രദായത്തിന്റെ അഴകും കരുത്തും സംരക്ഷിക്കുന്നതിനൊപ്പം തിരുത്തൽ ശക്തിയായി പ്രവർത്തിക്കുന്നതായും വിവരിക്കപ്പെടുന്നു.

എന്നാൽ, പ്രായോഗികതലത്തിലും അക്കാദമിക് മേഖലയിലും ശക്തമായ വിമർശനങ്ങളാണ് ജനാധിപത്യ വാഴ്ചക്കെതിരെ ഉയർന്നു വന്നിട്ടുള്ളത്.

രാജദ്രോഹം, ദൈവ നിഷേധം, രാജ്യ താത്പര്യത്തിന് ഹാനികരം, തൊഴിലാളിവർഗ്ഗത്തിനെതിരായ സാമ്രാജ്യത്വ ഉത്പന്നം, കൊളോണിയലിസം ഊട്ടി ഉറപ്പിക്കാനുള്ള പ്രച്ഛന്ന തന്ത്രം, അവസരവാദികളുടെയും കപടനാട്യക്കാരുടെയും അഭിനയശാല തുടങ്ങിയ പരിഹാസങ്ങൾ വളരെ പഴക്കമുള്ളവയാണ്. ഏഴുപതിറ്റാണ്ടുകാലത്തെ അനുഭവങ്ങൾ ഇന്ത്യക്കാരുടെ മുന്നിലുണ്ട്. വിവിധ ഭരണ സമ്പ്രദായങ്ങളുടെ താരതമ്യമികവിനേക്കാൾ നേരറിവുള്ള പരിമിതികളാണ് സ്വതന്ത്രസമൂഹത്തിലെ പൗരന്മാർ ഉറക്കെ വിളിച്ചു പറയുക. ബഹു കക്ഷി സമ്പ്രദായമുള്ള രാജ്യങ്ങളിൽ അന്യരുടെ കുറ്റവും കുറവും പൊലിപ്പിച്ച് പറയാൻ മാറാ കക്ഷികളും മാധ്യമങ്ങളും വാശിയോടെ പരസ്പരം പൊരുതുന്നുമുണ്ട്.

തുടരുന്ന വിലക്കയറ്റം, ഉന്നതങ്ങളിലെ അഴിമതി, സ്വജനപക്ഷപാതം, ജാതീയത, വർഗ്ഗീയത, ഉദ്യോഗസ്ഥ പരാജയം, വികസനത്തകർച്ച, പൊതുസേവനങ്ങളുടെ തളർച്ചയും ദൗർബല്യവും, പ്രാദേശിക അവഗണന, സാമ്പത്തികത്തകർച്ച, തൊഴിലില്ലായ്മ, വാഗ്ദാനലംഘനം, ക്രമസമാധാനത്തകർച്ച ഇവയെല്ലാം ഭരണകക്ഷിയുടെ മാത്രമല്ല, ജനാധിപത്യ സംവിധാനത്തിന്റെയും ദൗർബല്യങ്ങളായി ചിത്രീകരിക്കപ്പെടുന്നു.

രാഷ്ട്രപുരോഗതിയ്ക്ക് അനിവാര്യമായ തീരുമാനങ്ങളും നടപടികളും യഥാസമയം സ്വീകരിക്കാൻ, ജനാധിപത്യ രാജ്യങ്ങൾക്ക് കഴിയാതെ പോകുന്നുണ്ട്. ജനവികാരം, മാധ്യമഇടപെടൽ, രാഷ്ട്രീയപാർട്ടികൾക്ക് അകത്തും പുറത്തുമുള്ള എതിർപ്പ് എന്നിവ പല അടിയന്തിര നടപടികളെയും വളരെ വൈകിപ്പിക്കുന്നു.

ഏതാണ്ടെല്ലാ ഭരണ സംവിധാനങ്ങൾക്കും ഒരേ പോലിണങ്ങുന്ന ആക്ഷേപങ്ങളാണ് ജനാധിപത്യ സമ്പ്രദായത്തിനെതിരെ ഉയർന്നിട്ടുള്ളത്. ഏകാധിപത്യരാജ്യങ്ങളിലും മതാധിഷ്ഠിതസമൂഹങ്ങളിലും സൈനികഭരണ



സംവിധാനങ്ങളിലും ഈ വിമർശനങ്ങൾ പൊതു ജന മാധ്യമത്തിൽ ചർച്ച ചെയ്യപ്പെടാറില്ല. നിയമവാഴ്ചയും മാധ്യമസ്വാതന്ത്ര്യവുമുള്ള വ്യവസ്ഥിതികളിൽ ഭരണവിധേയ പൊതുജനാഭിപ്രായം സൃഷ്ടിക്കാൻ ഇത്തരം ഘടകങ്ങൾ ഉപയോഗിക്കപ്പെടുന്നു.

നവോത്ഥാന പ്രസ്ഥാനങ്ങളായി മുമ്പേ പറന്ന രാഷ്ട്രീയ പാർട്ടികളുടെ പ്രസ്ഥാനങ്ങളുടെ അപചയം ജനാധിപത്യസമ്പ്രദായത്തിന്റെ അതിജീവനത്തിന് ഭീഷണിയായിട്ടുണ്ട്. രാഷ്ട്ര നിർമ്മാണ പ്രക്രിയയിലും ജനാധിപത്യ സംസ്കാരത്തിലും വളരുന്ന തലമുറയ്ക്ക് പരിശീലനക്കളരിയായി തീരേണ്ട ഉത്തരവാദിത്തം രാഷ്ട്രീയ പാർട്ടികൾക്കുണ്ടായിരുന്നു. മിക്ക ജനാധിപത്യ രാഷ്ട്രങ്ങളിലും പ്രധാന രാഷ്ട്രീയ പാർട്ടികൾ സ്ഥാപിത താത്പര്യക്കാരുടെ സ്വകാര്യ ഭൂമികയായി മാറിയെന്ന ആക്ഷേപമുണ്ട്. ഇന്ത്യ, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലെ രാഷ്ട്രീയ പാർട്ടികളെക്കുറിച്ചുള്ള താരതമ്യ പഠനം രസാവഹമായ സമാനതകൾ കണ്ടെത്തുകയുണ്ടായി.

ജനാധിപത്യ വാഴ്ചയുടെ പതിറ്റാണ്ടുകൾ പിന്നിട്ട ഈ രാജ്യങ്ങളിൽ അമിതാധികാര പ്രവണതകൾ ഭരണ കൂടത്തിലും രാഷ്ട്രീയ പാർട്ടികളിലും ശക്തമാണ്. ആദർശങ്ങളുടെയും അഭിലാഷങ്ങളുടെയും പ്രതീകമായി ബഹുജന പ്രസ്ഥാനങ്ങൾക്ക് പകരം നേതാക്കൾ പ്രതിഷ്ഠിക്കപ്പെടുന്നു. നേതാവിന്റെ പ്രതിപുരുഷത്വം കുടുംബാംഗവും സ്വാഭാവിക പിന്തുടർച്ചാവകാശിയായി മാറുന്നു. രാജാവ് തെറ്റ് ചെയ്യില്ലെന്ന പ്രാചീന അന്ധവിശ്വാസം കൂടുതൽ തീവ്രമായി പുനർജനിക്കുന്ന വിചിത്രാനുഭവങ്ങൾ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഈ രാജ്യങ്ങളിൽ കാണാം.

അണികളായി നടിക്കുന്ന മഹാഭൂരിപക്ഷവും ദേശാന്തര സംഭവ വികാസങ്ങളോ സ്വന്തം നാടിന്റെ സാമ്പത്തിക സാമൂഹിക യാഥാർത്ഥ്യങ്ങളോ വിലയിരുത്താറുമില്ല. തങ്ങളുടെ നേതാക്കൾ വാഗ്ദാനം ചെയ്യുന്ന സുരക്ഷാബോധവും മെച്ചപ്പെട്ട ഭാവിയും രാഷ്ട്രീയ പാർട്ടികളിലെ മുൻനിരക്കാർക്ക് മതിയായ സംതൃപ്തി നൽകുന്നുണ്ട്. എതിർപക്ഷത്തെ പ്രതിരോധിക്കലും സ്വന്തം സ്വാധീനമുറപ്പാക്കലും മാത്രമായി രാഷ്ട്രീയ പ്രവർത്തനം ചുരുങ്ങുന്നത് ജനാധിപത്യ വളർച്ചയ്ക്ക് പ്രയോജനപ്രദമല്ല. ഉൾപ്പാർട്ടി ജനാധിപത്യം നാമമാത്രമാവുകയോ തീരെ ഇല്ലാതാവുകയോ ചെയ്യുന്ന പ്രസ്ഥാനങ്ങളിൽ പുതിയ ചിന്തകളോ കാഴ്ചപ്പാടുകളോ നേതൃത്വമോ ഉണ്ടാകാനിടയില്ല. ചരിത്രം മുരടിച്ചുപോകുന്നു.

മാധ്യമങ്ങളുടെയും ജനാധിപത്യസ്ഥാപനങ്ങളുടെയും ജീർണ്ണത, ജനാധിപത്യലോകത്തിന് ആപത്കരമായിട്ടുണ്ട്. മാധ്യമങ്ങൾ തീരെ സ്വതന്ത്രമല്ല. വ്യത്യസ്ത താത്പര്യകേന്ദ്രങ്ങളാണ് മാധ്യമങ്ങളെ നയിക്കുന്നത്. സത്യത്തിന്റെ വിളിനാവുകൾ എന്ന അവസ്ഥയിൽ നിന്ന് അസത്യത്തിന്റെ അനവധി മുഖം മൂടികൾ എന്ന



ഭീതിജനക സാഹചര്യത്തിലേക്ക് മാധ്യമങ്ങൾ അധഃപതിക്കുകയാണോ?

ഉന്നത നീതിപീഠങ്ങളുടെ നിലപാടുകൾ പരക്കെ ചർച്ച ചെയ്യപ്പെടുന്ന കാലമാണിത്. സുപ്രീം കോടതി ജഡ്ജിമാരും മുൻ ജഡ്ജിമാരും നിയമപാലനത്തിന്റെ പാകപ്പിഴകളെക്കുറിച്ച് പരസ്യമായ അതൃപ്തി പ്രകടമാക്കിയത് അടുത്ത കാലത്താണ്.

നിയമ നിർമ്മാണ സഭ സ്വന്തം ചുമതലകൾ യഥാകാലം നീതിപൂർവ്വം നിറവേറ്റുന്നുണ്ടോയെന്ന ആത്മ പരിശോധനയ്ക്ക് കാലം വൈകി.

ഏഴു പതിറ്റാണ്ടുകളിലെ ജനാധിപത്യാനുഭവങ്ങൾ നമുക്ക് മുന്നിലുണ്ട്. പരിമിതികളെ പഴിച്ച് കൊളോണിയൽ നാളുകളിലേക്കോ ഏകാധിപത്യത്തിലേക്കോ ചെന്നു കയറാൻ നമുക്കാവില്ല.

കൂടുതൽ വികേന്ദ്രീകൃതമായ തദ്ദേശഭരണ സ്ഥാപനങ്ങൾ, സഫലമായ സംവാദങ്ങളും കൊടുക്കൽ വാങ്ങലുകളും സാധ്യമായ നിയമനിർമ്മാണ വേദികൾ, അഴിമതി രഹിതവും കാര്യക്ഷമവും ജനകീയവുമായ സിവിൽ സർവ്വീസ്, ഉന്നത നിലവാരവും കാര്യബോധവും നിഷ്പക്ഷതയും പുലർത്തുന്ന ജുഡീഷ്യറി, ദേശീയ ലക്ഷ്യങ്ങളോട് പ്രതിബദ്ധതയും സത്യാർപ്പിതവുമായ മാധ്യമലോകം, ആഭ്യന്തര ജനാധിപത്യം പുലരുന്ന രാഷ്ട്രീയപാർട്ടികൾ ഇവയെല്ലാം ജനാധിപത്യ വിജയത്തിന് അനിവാര്യമാണ്. സർവ്വോപരി 'വിധേയൻ' മാരാകാനാണ് നമ്മുടെ വിധി എന്ന് തെറ്റിദ്ധരിക്കാത്ത പ്രബുദ്ധരായ പൗരന്മാരും.

എലിയെ പേടിച്ച് ഇല്ലം ചുടുന്നത് ബുദ്ധിയല്ല. പരിമിതികളും ദൗർബല്യങ്ങളും പരിഹരിച്ച് ജനാധിപത്യം കൂടുതൽ ജനകീയവും വിജയകരവുമാക്കാൻ കൂട്ടായ ശ്രമങ്ങളുണ്ടാവേണ്ടതുണ്ട്.





ഔദ്യോഗിക ഭാഷാ വകുപ്പതല സമിതിയുടെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയ ഭരണഭാഷാ സേവനപുരസ്കാരം ബഹു.സ്പീക്കറിൽ നിന്നും ശ്രീ.റഹ്നി എം.എക്സ്, അസിസ്റ്റന്റ് ലൈബ്രേറിയൻ ഏറ്റുവാങ്ങുന്നു.




കേരളപ്പിറവിയോടനുബന്ധിച്ച് 2020 നവംബർ 2-ാം തീയതി ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വച്ച് നിയമസഭാലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ഉണരുന്ന വായന-വളരുന്ന മലയാളം' പരിപാടിയിൽ പ്രഭാഷണം നടത്തിയ വയലാർ അവാർഡ് ജേതാവ് ശ്രീ.ഏഴാച്ചേരി രാമചന്ദ്രന് ബഹു.നിയമസഭാസ്പീക്കർ ഉപഹാരം നൽകുന്നു.

# നീതിദേവതയുടെ നിശബ്ദരോദനം




ജോസഫ് എം. പുതുശ്ശേരി


9, 11, 12 കേരള നിയമസഭകളിൽ അംഗം


ഇന്ത്യൻ ജുഡീഷ്യറിയുടെ ചരിത്രത്തിലെ സമാനതകളില്ലാത്ത മുഹൂർത്തമായിരുന്നു 2018 ജനുവരി 12-ന് അരങ്ങേറിയത്. അസാധാരണങ്ങളിൽ അസാധാരണമായത്. സുപ്രീം കോടതിയിലെ 4 ജഡ്ജിമാർ കോടതി വിട്ടു പുറത്തിറങ്ങി, മാധ്യമങ്ങളുടെ മുന്നിലെത്തി അന്നത്തെ ചീഫ് ജസ്റ്റിസ് ദീപക് മിശ്രയ്ക്കെതിരെയും 'ശരിയല്ലാത്ത കാര്യങ്ങൾക്കെതിരെ'യും ആഞ്ഞടിച്ചു.



'അവസാനത്തെ കോട്ടയും വീണോ?" സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയിയെ രാജ്യസഭയിലേയ്ക്കു നാമനിർദ്ദേശം ചെയ്ത നടപടിയെ വിമർശിച്ചുകൊണ്ടു റിട്ട. ജസ്റ്റിസ് മദൻ ബി. ലോക്കൂർ പ്രകടിപ്പിച്ച ആശങ്കയാണിത്. ജനാധിപത്യം അതിന്റെ ആഴത്തിലും സത്തയിലും നിലനില്ക്കണമെന്നാഗ്രഹിക്കുന്ന മുഴുവൻ ആളുകളുടെയും മനസ്സിൽ ഉയരുന്ന വികാരം.

സാധാരണക്കാർക്ക് സ്വതന്ത്ര നീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസത്തിനു ഈ നടപടിയിലൂടെ ഉലച്ചിൽ തട്ടിയിരിക്കുകയാണെന്നാണ് റിട്ട. ജസ്റ്റിസ് കുര്യൻ ജോസഫ് അഭിപ്രായപ്പെട്ടത്. നീതിന്യായ സംവിധാനത്തിന്റെ സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാൻ ഒരിക്കൽ ഇത്രത്തോളം ധൈര്യം കാട്ടിയ ജസ്റ്റിസ് ഗോഗോയ് ഈ വ്യവസ്ഥയുടെ സ്വാതന്ത്ര്യവും നിഷ്പക്ഷതയും അടിയറ വെച്ചത് ആശ്ചര്യപ്പെടുത്തുന്നു. നമ്മുടെ മഹത്തായ രാജ്യം ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളിൽ ഉറച്ചു നിൽക്കുന്നു. ഇതിനു പ്രധാനമായും നന്ദി പറയേണ്ടത് സ്വതന്ത്ര നീതിന്യായ സംവിധാനത്തോടാണ്. ജനങ്ങളുടെ ഈ വിശ്വാസം ഉലയുന്ന നിമിഷത്തിൽ, ന്യായാധിപന്മാരിൽ ഒരു വിഭാഗം പക്ഷപാതം കാട്ടുന്നവരോ, സ്വാർത്ഥരോ ആണെന്ന ധാരണ പടരുന്ന നിമിഷത്തിൽ, രാജ്യം കെട്ടി ഉയർത്തിയിരിക്കുന്ന അടിസ്ഥാന ശിലകൾക്കു ഇളക്കം തട്ടും- ജസ്റ്റിസ് കുര്യൻ ജോസഫ് ഹൃദയത്തിൽ തട്ടിപ്പറഞ്ഞ ആശങ്കയുടെ അക്ഷരരൂപമാണിത്.



ഇന്ത്യൻ ജുഡീഷ്യറിയുടെ ചരിത്രത്തിലെ സമാനതകളില്ലാത്ത മുഹൂർത്തമായിരുന്നു 2018 ജനവരി 12-ന് അരങ്ങേറിയത്. അസാധാരണങ്ങളിൽ അസാധാരണമായത്. സുപ്രീം കോടതിയിലെ 4 ജഡ്ജിമാർ കോടതി വിട്ടു പുറത്തിറങ്ങി, മാധ്യമങ്ങളുടെ മുന്നിലെത്തി അന്നത്തെ ചീഫ് ജസ്റ്റിസ് ദീപക് മിശ്രയ്ക്കെതിരെയും 'ശരിയല്ലാത്ത കാര്യങ്ങൾക്കെതിരേ'യും ആഞ്ഞടിച്ചു. അതിൽ ജസ്റ്റിസ് ഗോഗോയ്ക്കൊപ്പമുണ്ടായിരുന്നവരാണ് മദൻ ബി. ലോക്കൂറും, കുര്യൻ ജോസഫും. അവരാണ് ഈ വിമർശനം ഉയർത്തിയിരിക്കുന്നതെന്നത് പ്രശ്നത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നു. ജസ്റ്റിസ് ചെലമേശ്വർ ആയിരുന്നു മറ്റൊരാൾ.

'ഞങ്ങൾ രാജ്യത്തോടുള്ള ബാദ്ധ്യത നിറവേറ്റി' - അപായ മണിമുഴക്കത്തിന്റെ അലയൊലി ഉയരുമ്പോൾ, ഇതു വ്യാപിക്കുമ്പോൾ മനഃസാക്ഷിയുടെ ഉൾവിളിയിൽ സാഹസിക നടപടിക്കു മുതിർന്ന ഈ ജഡ്ജിമാർ രാഷ്ട്രത്തോടു പങ്കുവെച്ച വാക്കുകളാണിത്. ഈ ബാദ്ധ്യത ഗോഗോയിൽ നിന്നു ചോർന്നു പോയതെങ്ങനെയാണ്? എപ്പോഴാണ്? അതുംപോരാഞ്ഞ് 'വിരമിക്കലിനു ശേഷമുള്ള നിയമനം സ്വതന്ത്ര നീതിന്യായ സംവിധാനത്തിലെ കളങ്കമാണെന്ന്' കഴിഞ്ഞ വർഷം ജസ്റ്റിസ് ഗോഗോയ് തന്നെ പറഞ്ഞ പശ്ചാത്തലത്തിൽ.

ഇപ്പോൾ ആ കളങ്കമായി സ്വയം രൂപപ്പെടാൻ അദ്ദേഹം തീരുമാനിച്ചോ? അതോ ഔദ്യോഗികവൃത്തിയുടെ അവസാനഘട്ടത്തിൽ വിനീതദാസനായി വിധേയപ്പെടലിന്റെ പുതിയ പാഠങ്ങൾ അഭ്യസിച്ചോ? വ്യക്തിപരമായ എന്തെങ്കിലും ബലഹീനത ആ വിധേയപ്പെടലിനു

ഗതിവേഗം വർദ്ധിപ്പിച്ചോ? ഈ നാമനിർദ്ദേശത്തിലൂടെ അത്തരം ചർച്ചകൾ ഒക്കെ സജീവമായിരിക്കയാണ്.

സർക്കാരിന് താല്പര്യമുള്ള രീതിയിൽ ചില വിധികൾ നൽകിയതിനുള്ള പ്രത്യുപകാരമാണ് ജസ്റ്റിസ് ഗോഗോയ്ക്കുള്ള പദവിയെന്നാണ് ഡൽഹി ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് എ.പി. ഷാ ആരോപിച്ചത്.

സ്ഥാനലബ്ധിയിൽ വലിയ അത്ഭുതമില്ലെന്നും അത് ഇത്രയും വേഗം സംഭവിച്ചതാണ് തന്നെ ആശ്ചര്യപ്പെടുത്തുന്നതെന്നാണ് ജസ്റ്റിസ് മദൻ ബി. ലോക്കൂർ അഭിപ്രായപ്പെട്ടത്. ഉപകാരസ്മരണയ്ക്കായി ജസ്റ്റിസ് ഗോഗോയ്ക്ക് എന്തെങ്കിലും പദവി ലഭിക്കുമെന്ന നേരത്തെ തന്നെ അഭ്യൂഹങ്ങളുണ്ടായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.


ഇതൊക്കെ അഭിമാനകരമാണോ എന്നും ഗോഗോയ് ആലോചിക്കണം.

സത്യപ്രതിജ്ഞയ്ക്കു ശേഷം രാജ്യസഭയിൽ അദ്ദേഹത്തിന് അഞ്ചാം നിരയിലായിരുന്നു ഇരിപ്പിടം എന്നാണ് പുറത്തുവന്ന വാർത്തകൾ. ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യ എത്തപ്പെട്ടിരിക്കുന്ന പതനം. ആനയ്ക്കു ആനയുടെ ബലം അറിയില്ലെങ്കിൽ പിന്നെ എന്തു ചെയ്യും? പദവിയുടെ ഔന്നത്യവും മഹത്വവും മനസ്സിലാക്കാൻ അതിൽ എത്തുന്നവർക്കാവണം. അല്ലെങ്കിൽ ചെമ്പു തെളിയിക്കുന്നതിന് തുല്യമാവുമത്.

ചീഫ് ജസ്റ്റിസും, ജസ്റ്റിസുമാരുമൊക്കെ വിരമിച്ചിട്ട് പദവിയൊന്നുമില്ലെങ്കിലും ലഭിക്കുന്ന ആദരവും ഔന്നത്യവും ഒന്ന് വേറെ തന്നെ. അതു തിരിച്ചറിയാൻ കഴിയാത്ത അല്പന്മാരായി അവർ സ്വയം അധഃപതിച്ചാലുണ്ടാവുന്ന ദുരന്തമാണിത്. രഞ്ജൻ ഗോഗോയ് ഇപ്പോഴും ജസ്റ്റിസ് ഗോഗോയ് ആണെന്ന കാര്യം അദ്ദേഹം വിസ്മരിക്കുന്നു. Once a Judge is always a Judge എന്നാണല്ലോ പ്രമാണം.


വിരമിച്ച ജഡ്ജിമാർ മനുഷ്യാവകാശ കമ്മീഷൻ ചെയർമാനോ ട്രൈബ്യൂണലുകളിലോ അന്വേഷണ കമ്മീഷനായോ ഒക്കെ നിയമിക്കപ്പെടുന്നതു മനസ്സിലാക്കാം. കാരണം ജുഡീഷ്യൽ പരിചയം മുതൽക്കൂട്ടാവേണ്ട ചുമതലകളാണിത്. എന്നാൽ രാഷ്ട്രീയ നിയമനം സ്വീകരിക്കുക വഴി വിധേയത്വവും ഔദ്യോഗിക കാലത്തു അതിനുവേണ്ടിയുള്ള പക്ഷപാതിത്വവും ഉണ്ടാവുന്നുവെന്നതാണ് അപകടകരമാവുന്നത്.

അതുകൊണ്ടു തന്നെയാണ് ജുഡീഷ്യറിയുടെ സ്വാതന്ത്ര്യസ്വഭാവവും നിഷ്പക്ഷതയും ഔന്നത്യവും ഉയർത്തിപ്പിടിക്കാനാഗ്രഹിക്കുന്നവരൊക്കെ വിരമിച്ചശേഷം പദവി സ്വീകരിക്കുന്നതിനെ എതിർക്കുന്നത്. വിരമിച്ചശേഷം ഒരു പദവിയും സ്വീകരിക്കില്ല എന്ന് നേരത്തെ തന്നെ പ്രഖ്യാപിച്ച ജസ്റ്റിസ് കുര്യൻ



ജോസഫിനെപ്പോലുള്ളവർ പ്രകടിപ്പിച്ച ആർജ്ജവം ഇതിനു മാറ്റു കൂട്ടുന്നതാണ്.

ഇന്ത്യയിലെ ആദ്യ ലോ കമ്മീഷൻ തന്നെ ഈ നിർദ്ദേശം മുന്നോട്ടുവെച്ചിരുന്നു. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ, യു.പി.എസ്.സി. ചെയർമാൻ എന്നിവർക്കെന്ന പോലെ സുപ്രീംകോടതി ജഡ്ജിമാർക്കും വിരമിച്ചശേഷമുള്ള പദവികൾ വിലക്കണമെന്നാണ് ലോ കമ്മീഷൻ ശിപാർശ ചെയ്തത്. ജുഡീഷ്യറിയുടെ സ്വാതന്ത്ര്യസ്വഭാവം



സംരക്ഷിക്കാൻ ഇതാവശ്യമാണെന്നും കമ്മീഷൻ ചൂണ്ടിക്കാട്ടി. വിരമിച്ച ജഡ്ജിമാർ ചേംബർ പ്രാക്ടീസ് നടത്തുന്നതുപോലും ഉചിതമല്ലെന്നാണ 1958 സെപ്റ്റംബറിൽ അറ്റോർണി ജനറലായിരുന്ന എം.സി. സെതൽവാദ് ചെയർമാനായ ലോ കമ്മീഷൻ നൽകിയ റിപ്പോർട്ടിൽ ശിപാർശ ചെയ്തത്.

ഈ റിപ്പോർട്ടിന്റെ അന്തഃസത്ത എത്രമാത്രം പ്രസക്തമാണെന്ന് ആനുകാലിക സംഭവവികാസങ്ങൾ വിളംബരം ചെയ്യുന്നു. അതുകൊണ്ടുതന്നെ ആറു പതിറ്റാണ്ടിന്റെ പഴക്കമുണ്ടെങ്കിലും ഈ ശിപാർശകൾക്ക് നിയമപ്രാബല്യം നൽകാൻ പൊതുസമൂഹത്തിൽ നിന്ന് ശക്തമായ സമ്മർദ്ദം ഉയരണം. Old is Goldഎന്നാണല്ലോ പണ്ഡിത ഭാഷ്യം.

ജുഡീഷ്യറിയെ വരുതിയിലാക്കാനുള്ള ഒട്ടേറെ ശ്രമങ്ങൾ അടുത്ത കാലത്തുണ്ടായത് വിസ്മരിക്കാനാവില്ല. കൊളീജിയം ശിപാർശ അകാരണമായി വൈകിപ്പിക്കുന്നതും, തിരിച്ചയക്കുന്നതും, ഹൈക്കോടതി ജഡ്ജിമാരുടെ പാതിരാസ്ഥലംമാറ്റവും എല്ലാം നാം കണ്ടു. വരുതിയിലല്ലാത്ത വിരൽ ചൂണ്ടുന്ന ഇത്തരം വഴങ്ങൽ നടപടികൾക്ക് പിന്നാലെ വിധേയത്വ വിധികളുടെ ഘോഷയാത്രയും കാണേണ്ട ദുർഗതി നമുക്കുണ്ടായി.

ഇതിനൊപ്പമാണ് വിധേയർക്ക് വില നിശ്ചയിച്ചു തുടങ്ങിയത്. അതാണ് ഗൊഗോയിക്ക് ലഭിച്ചത്. സർക്കാരിന്റെ ഹിതമറിയുന്നവർക്കുള്ള പാരിതോഷികം.

പക്ഷേ ഇവിടെ നിയമമന്ത്രിയായിരുന്ന അരുൺ ജയ്റ്റ്ലിയുടെ വാക്കുകൾക്ക് പോലും കേന്ദ്രഭരണാധികാരികൾ ചെവികൊടുത്തില്ല. 2012-ൽ ബി.ജെ.പി. നേതാവ് ജയ്റ്റ്ലി ഇതിനെ ശക്തമായി എതിർത്തിരുന്നു. രണ്ടുതരം ജഡ്ജിമാരാണുള്ളതെന്നും അതിൽ ഒന്ന് നിയമമറിയാവുന്നവരും മറ്റൊന്ന് നിയമമന്ത്രിയെ അറിയാവുന്നവരുമാണെന്നായിരുന്നു ജയ്റ്റ്ലിയുടെ പ്രതികരണം. ജഡ്ജിമാർ എഴുതിയ വിധികളെ ആശ്രയിച്ചാണ് വിരമിച്ചശേഷമുള്ള അവരുടെ പദവികൾ എന്നും അദ്ദേഹം കുറ്റപ്പെടുത്തിയിരുന്നു.

കറിക്കൊള്ളുന്ന വിമർശനം, സത്യസന്ധമായ വിലയിരുത്തൽ; അതുൾക്കൊള്ളാൻ പക്ഷേ അവർക്കാവുന്നില്ല.

ഇത് ഏതെങ്കിലും ഒരു പാർട്ടിയുടെയോ സർക്കാരിന്റെയോ പ്രശ്നമല്ല. മറിച്ച് ഇന്ത്യൻ ജനാധിപത്യത്തിന്റെ നിലനില്പിന്റെ പ്രശ്നമാണ്. ഭരണഘടനാ വിവക്ഷയുടെ കാര്യമാണ്.

പാർലമെന്റ്, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവ തമ്മിൽ പാലിക്കേണ്ട അകലം ഭരണഘടന നിർവ്വചിച്ചിട്ടുണ്ട്. ജുഡീഷ്യറിയുടെ സ്വതന്ത്രസ്വഭാവം അതിന്റെ ഭാഗമാണ്. ജനാധിപത്യത്തിലെ നെറികേടുകൾക്കെതിരെ പൗരന്റെ അവസാന അത്താണിയായി അതു മാറുന്നതു അതുകൊണ്ടാണ്. ഒടുവിലത്തെ കോട്ട. അതിന്റെ മൂലക്കല്ലുകൾക്ക് ഭ്രംശം വരുത്തുന്നത് ജനാധിപത്യത്തിന്റെ അസ്തമയത്തിനുള്ള തുടക്കമാണ്. അതുകൊണ്ടാണ് പ്രതിഷേധം കനക്കേണ്ടത്, നാം ജാഗരൂകരായിരിക്കേണ്ടത്.



പ്രൊഫ.നബീസാ ഉമ്മാൾ.എ

8-ാം കേരള നിയമസഭാംഗം.

# ഞാൻ എന്ന പ്രാസംഗിക...

1947ൽ ആറ്റിങ്ങൽ സ്കൂളിൽ പത്താം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഞാൻ ആദ്യമായി പ്രസംഗിക്കാൻ പൊതുവേദിയിൽ എത്തുന്നത്. സഹകരണ ബാങ്ക്, സ്കൂൾ കുട്ടികൾക്കായി നടത്തിയ പ്രസംഗ മത്സരം. വിഷയം 'സഹകരണത്തിന്റെ സർവ്വതോമുഖമായ സാദ്ധ്യതകൾ'. പങ്കെടുത്ത 4 കുട്ടികളെയും കാര്യങ്ങൾ പഠിപ്പിച്ച് ഒരുക്കിയെടുത്തത് മലയാളം അധ്യാപകൻ ആയ വരിഞ്ഞം ഗോപിനാഥൻ നായർ. പ്രസംഗ വേളയിൽ പഠിച്ചു വെച്ച പല കാര്യങ്ങളും മറന്നു പോയെങ്കിലും, കാൽമുട്ടുകൾ വിറച്ചു കൂട്ടിയിടിച്ചെങ്കിലും, രണ്ടാം സമ്മാനം ലഭിച്ചു എന്നറിഞ്ഞപ്പോൾ ഞാൻ ഏറെ സന്തോഷിച്ചു.

പ്രശസ്ത കലാകാരനും കവിയും നാടക രചയിതാവും ആയ പത്മശ്രീ. തിക്കുറിശ്ശി സുകുമാരൻ നായർ എന്നെ പ്രശംസിച്ചും അനുഗ്രഹിച്ചും എഴുതിയ ഒരു കവിത, എനിക്ക് ലഭിച്ച ഏറ്റവും വലിയ ഒരു അനർഘ നിധി ആയി കരുതി ഞാൻ ഇന്നും ഭദ്രമായി സൂക്ഷിക്കുന്നു..



പിന്നെ പഠനകാലം ആ സാഹസത്തിനു മുതിർന്നില്ല. കോളേജ് അദ്ധ്യാപികയായി ജോലി ലഭിച്ച ശേഷമാണ് പ്രസംഗം വീണ്ടും തുടങ്ങിയത്. കേരളത്തിൽ ഏതാണ്ട് എല്ലാ ജില്ലകളിലും, ആയിരം വേദികളിൽ പ്രസംഗിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു. പ്രൊഫ. ബാലരാമ പണിക്കർ, കേശവൻ വൈദ്യർ, ബാലകൃഷ്ണൻ നായർ, എം.കെ. സാനു, കോട്ടുകോയിക്കൽ മാധവൻ എന്നിവരുടെ ഗ്രന്ഥങ്ങളിൽ നിന്ന് ഗുരുദേവ ആദർശങ്ങൾ മുതലായി പഠിച്ചപ്പോഴും , ദർശന മാല, ആത്മോപദേശ ശതകം തുടങ്ങിയ ഗുരുദേവ കൃതികൾ ആഴത്തിൽ മനനം ചെയ്തപ്പോഴും, ആ ആദർശങ്ങൾ പ്രചരിപ്പിക്കുക എന്ന ആശയം ഉണ്ടായി.

'പലമതസാരവുമേകം, അവനവനാത്മസുഖത്തിനാചരിക്കുന്നവ അപരന്നു സുഖത്തിനായ് വരേണം, മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി, ജാതി ഭേദം മത ദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ' എന്ന ഈ തത്വങ്ങൾ മതേതര രാജ്യമായ ഭാരതത്തിൽ എങ്ങും മാറ്റൊലിക്കൊള്ളണം എന്നതായിരുന്നു എന്റെ പ്രസംഗങ്ങളുടെ പ്രധാന ലക്ഷ്യം. ആ ലക്ഷ്യത്തിലെത്താൻ എനിക്ക് കഴിഞ്ഞത് കേരള കൗമുദി കുടുംബത്തിലെ അംഗങ്ങളായ കെ. സുകുമാരൻ, മാധവി സുകുമാരൻ, കെ. ദാമോദരൻ, എം. കെ. കുമാരൻ, കെ.പി. ഉദയഭാനു എന്നിവരുമായി പല പ്രസംഗ വേദികളും പങ്കിട്ടതാണ്.




ഔദ്യോഗിക കൃത്യ നിർവഹണത്തിന്റെ ഭാഗമായി കേരളത്തിന്റെ വടക്കൻ ജില്ലകളായ മലപ്പുറം, പാലക്കാട്, എറണാകുളം എന്നിവിടങ്ങളിലും, ഒട്ടനവധി മത നിരപേക്ഷ വേദികളിലും സാംസ്കാരിക സമ്മേളനങ്ങളിലും മറ്റുമായി, മന്ത്രിമാരും പ്രഗത്ഭരും ഒക്കെയായി വേദി പങ്കിടാൻ കഴിഞ്ഞത് വലിയ അനുഗ്രഹമായി തന്നെ ഞാൻ കരുതുന്നു. Dr. എൻ എസ്. വാരിയർ, മന്മഥൻ നായർ, എൻ.ഗോപാലപിള്ള, ശൂരനാട് കുഞ്ഞൻ പിള്ള, എൻ കൃഷ്ണപിള്ള, എസ്.ഗുപ്തൻ നായർ, ജി.കുമാരപിള്ള തുടങ്ങിയ വരേണ്യരായ ഗ്രന്ഥനാഥന്മാരുടെ കൂടെ വേദി പങ്കിടാൻ കഴിയുകയും അവരുടെ പ്രീതിക്കും അനുഗ്രഹത്തിനും വിധേയ ആകുകയും ചെയ്തിട്ടുണ്ട്. ആലുവ അദ്വൈതാശ്രമം, അരുവിപ്പുറം, വർക്കല ശിവഗിരി എന്നിവിടങ്ങളിൽ നിന്നും, പല മതാചാര്യന്മാരുടെയും, പണ്ഡിതന്മാരുടെയും പക്കൽ നിന്നും വളരെ അനുഗ്രഹങ്ങളും പ്രശസ്തി പത്രങ്ങളും നേടിയിട്ടും ഉണ്ട്.

MLA യായും മുനിസിപ്പൽ ചെയർ പേഴ്സൺ ആയും രാഷ്ട്രീയ ജീവിതം നയിക്കുമ്പോഴും വളരെ അധികം സ്റ്റേജുകളിൽ വൈവിധ്യമായ വിഷയങ്ങൾ കൈകാര്യം ചെയ്ത് പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. ആയതിനൊക്കെ പ്രശംസകളും പുരസ്കാരങ്ങളും, അവാർഡുകളും നേടിയിട്ടുണ്ട്. അവയിൽ ചിലതൊക്കെ ഞാൻ വളരെ വില മതിക്കുന്നവയാണ്. കേന്ദ്ര സർക്കാരിന്റെ women of the year award, ഉമലയത്ത്അമ്മ പുരസ്കാരം, പ്രഭാഷക, അദ്ധ്യാപിക എന്നിവയുള്ള കരുണാസായി പുരസ്കാരം, ഒരു വിദ്യാർത്ഥിയുടെ മകൾ ഫാരിസ ബഷീർ എഴുതിയ 'ഗുരുസവിധം' എന്നിവയൊക്കെ എനിക്ക് ഏറെ പ്രിയപ്പെട്ടവയാണ്. എന്നാൽ എന്നും ഞാൻ ഏറെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്ത പ്രശസ്ത കലാകാരനും കവിയും നാടക രചയിതാവും ആയ പത്മശ്രീ. തിക്കുറിശ്ശി സുകുമാരൻ നായർ എന്നെ പ്രശംസിച്ചും അനുഗ്രഹിച്ചും എഴുതിയ ഒരു കവിത, എനിക്ക് ലഭിച്ച ഏറ്റവും വലിയ ഒരു അനർഘ നിധി ആയി കരുതി ഞാൻ ഇന്നും ഭദ്രമായി സൂക്ഷിക്കുന്നു.. അദ്ദേഹത്തിന്റെ സഹോദരി ഓമന കുഞ്ഞമ്മ എന്റെ സുഹൃത്തും അഭ്യുദയകാംക്ഷിയും ആയിരുന്നു. ആ കുടുംബവുമായി എനിക്ക് വളരെയധികം സ്നേഹബന്ധമുണ്ട്. അദ്ദേഹത്തിന്റെ മകൾ അകാലത്തിൽ മരണമടഞ്ഞ കനകശ്രീയുടെ കവിതാസമാഹാരം പ്രകാശനം ചെയ്തത് ഞാനാണ്.

മറ്റെങ്ങും പ്രസിദ്ധീകരിച്ചിട്ടില്ലാത്ത, എന്നെക്കുറിച്ചുള്ള തിക്കുറിശ്ശിയുടെ വാങ്മയ ചിത്രചാതുരിയും ഭാഷാപാണ്ഡിത്യവും കവിത്വ സിദ്ധിയും വിളിച്ചോതുന്ന ആ നീണ്ട കവിത, അനുവാചക ഹൃദയങ്ങളെ ആഹ്ലാദം കൊള്ളിക്കും എന്നുള്ളതുകൊണ്ട്, ഞാൻ ബദ്ധാഞ്ജലിയോടെ, 'സാമാജികനി'ൽ കൂടി കവിതാസ്വാദകർക്കായി സമർപ്പിക്കുന്നു.

ആരുനീയാരുനീ ചാരുസാരസ്വത
ക്ഷീരാംബുധീ സാരപീയൂഷഭൂഷമേ
ആരുനീ ജ്ഞാന നഭോമണ്ഡലത്തിലെ
വാടാറ്റ ജാജ്വല്യ ശുക്രനക്ഷത്രമേ
ആരു നീ സർവ്വജ്ഞ സിംഹാസനത്തിലി
ന്നാരോഹണം ചെയ്ത ഹേ! ചക്രവർത്തിനി
കൈരളീ ശ്രീകോവിലിൽ രത്നപീഠത്തി-
ലാരാധനീയയായ് വന്നവളല്ലി നീ
ആ കാവ്യ സങ്കല്പ സ്വർഗ്ഗ ലോകത്തിലെ-
പ്പൊൻകല്പകം പൂത്ത സൗരഭ്യമല്ലി നീ
ആ രമ്യ ഭാവനാ ദേവസദസ്സിങ്കൽ
നീരാട്ടിനെത്തിയൊരപ്സരസ്സല്ലി നീ
ഭാവാത്മ തത്വങ്ങൾ നൃത്തം നടത്തുന്ന
വേദിയിൽ സമ്മാനദാനത്തിനെത്തി നീ
സർഗ്ഗാത്മക പ്രതിഭാസ സുമാവൃത
സ്വർഗ്ഗ മന്ദാര തരുശിഖരങ്ങളിൽ
സാന്ദ്രസംഗീതവിപഞ്ചിക തന്റെ
തന്ത്രികൾ മീട്ടുന്ന കോകിലമല്ലി നീ
ചിന്താസുരഭിലഗന്ധം പരത്തുന്ന
പൊൻതാമരപ്പൂക്കളെന്നും വിടർന്നിടും
ശാന്ത മനോഹര മാനസപ്പൊയ്കയിൽ
നീന്തിത്തുടിക്കും മരാളമല്ലി നീ
ദ്രാവിഡ, സംസ്കൃതാംഗ്ലേയ സമഞ്ജസ
പ്രാവീണ്യാധിക്യ ശാദ്വലഭൂമിയിൽ
കാവ്യ കദളിക്കുലച്ചുളമാധുര്യ
മൈകരുകനാന്യം ചവച്ചതുകാൽ
തുള്ളിക്കളിച്ചു നടക്കുന്നൊരോമന-
പ്പുള്ളിമാൻ പേടയല്ലി നീ മാനിനി
ആരുനീയാരുനീ ചാരു സാരസ്വത
ക്ഷീരാംബുധീസാരപീയൂഷഭൂഷമേ
നിൻ സന്നിധാനത്തിൽ കുമ്പിട്ടു നിൽക്കണം
നിത്യവും വൈയാകരണ പ്രമാണികൾ
നിൻപാദപാംസുക്കൾ ചൂടണം, സാഹിത്യ
സമ്പത്തുനേടിയ പണ്ഡിതാഗ്രേസരർ
പഞ്ചപുച്ഛങ്ങളടക്കി നിൻ പിന്നിലായി
സഞ്ചരിച്ചീടണമക്കവിപുംഗവർ
വിദ്വൽ വനത്തിലൊളിഞ്ഞു ചരിക്കുന്ന
വീരമരായത്ത കംബിപ്രവരരെ
സംശയിക്കാനില്ല നിൻ ശിരോരത്നത്തി-
നംശമേ വേണ്ടൂ, തളച്ചുകെട്ടീടുവാൻ
എങ്ങുനിന്നിങ്ങനെ നിർഗ്ഗളിപ്പൂകാവ്യ-
ഭംഗി ചാലൊഴുകുന്ന വാചകനിർഝരി
ഏതൊരുതുംഗ ഹിമാചലത്തിൽ നിന്നു-
മെത്തിയീ ഗീർവ്വാണ ഗംഗാപ്രവാഹിനി
എങ്ങുനിന്നാരേ കരസ്ഥമാക്കീ ബൃഹ-
ദ്വ്യംഗ്യ ശബ്ദാശയാന്യോജ്വല പ്രഭാഷണം
ഘോഷ ഭാരതീ മുദ്രാദ്യക്ഷരങ്ങളെ
ഘോഷയാത്രയ്ക്കൊരുക്കി നിർത്തുന്നു നീ
സർവ്വത്ര ഭാഷാ സരിത്സാഗരങ്ങളിൽ
നിർവിശങ്കം നീന്തിയക്കരെകണ്ടു നീ
സപ്ത സ്വരങ്ങൾ തൻ വർണ്ണപ്പകിട്ടാർന്ന
സൗരഭ്യമേഖലയെയെത്തിപ്പിടിച്ച നീ
വിശ്വ സാഹിത്യ സാമ്രാജ്യത്തിലായിര-
മശ്വമേധങ്ങൾ കഴിച്ചു ജയിച്ചു നീ
നിൻ തളിർ നാവിന്റെ തുമ്പിലെത്തുന്ന ഹാ!
പന്തയം വച്ചോടിയോമൽപദാവലി
നിൻ തൂലികാഗ്രത്തിൽ നോയമ്പുനോറ്റിടുന്ന



ചിന്താ സമുജ്വല തത്വമുക്താഞ്ജലി
ഗദ്യ പദ്യങ്ങൾ തൻ പാലൂറി നിൽക്കണം
സദ്രസം നിന്നിലെക്കാന്തതരംഗങ്ങളിൽ
കാർകഴൽക്കെട്ടിൽ നീ ചൂടിയ പിച്ചക -
പ്പൂവിതളൊന്നലിഞ്ഞീടിലതു മതി
മൂകനും, മൂഢനായൊരു മർത്ത്യനെ
മൂന്നാലോകത്തിലെപ്പണ്ഡിതനാക്കുവാൻ
ഗീത, ബൈബിൾ, ഖുർആൻ, ശാസ്ത്രപുരാണേതി-
ഹാസങ്ങൾ വേദങ്ങളെന്നിവ സർവ്വവും
ഒന്നിച്ചുതട്ടി ഗുളിക പ്രമാണത്തി-

ധന്യാദ്യമേ നീയൊരുക്കിയതെങ്ങിനെ
കാണാത്ത കാണുന്ന നിന്മിഴിക്കോണിലീ
ഗാനപ്രപഞ്ചത്തെ-കാവ്യപ്രകൃതിയെ-
ഉത്തമ ഗ്രന്ഥങ്ങളൊക്കെയും നിൻ വിര-
ലൊന്നുപെട്ടെങ്കിലേ കോൾമയിർക്കൊണ്ടിടൂ.

സായുജ്യമേറ്റമണ്ണുകലാലയ-
സൗധങ്ങൾ നിൽക്കുന്ന നിൻ പാദസ്പർശനാൽ
കാണതില്ലിങ്ങു ഞാനിമ്മട്ടസാഹിതി
സാമർത്ഥ്യമേറീടും സ്ത്രീയെ- വിദുഷിയെ
കണ്ടില്ല ഞാൻ മറ്റൊരുത്തിയിലീവിധം
ചെണ്ടിട്ടു. കാവ്യ കല്യാണ സൗഗന്ധികം.
ഇമ്മട്ടൊരു കലയുംകവിതയു -
ത്തമവെല്ലുന്ന മനസ്സും സുന്ദരമാം
നിന്നെ പടച്ചോരു ദൈവമക്കൈകൊണ്ടു
പിന്നെച്ചമച്ചില്ലതുപോലെയൊന്നിനെ
പൂർവ്വജന്മാർജ്ജിത പുണ്യമില്ലെങ്കില-
പൂർവമീസിദ്ധികൾ കിട്ടുകില്ലാ സഖീ
നിൻ കണ്ഠനാദ മൂർത്തികളെൻമനോ-
മണ്ഡലത്തിങ്കിൽ വന്നലച്ചീടവേ
ഏതോ വികാരപ്രപഞ്ചത്തിലേകനായ്
ചേതോഹരേ തീർത്ഥയാത്ര ചെയ്യുന്നു ഞാൻ
ആരുനീയാണീ ചാരു സാരസ്വത
ക്ഷീരാംബുധി സാരപീയൂഷയൂഷമേ-
ഭാസനും, ഭോജനും, മാഘനുമക്കാളി-
ദാസനും, ഭാരവിദണ്ഡിതുണ്ഡനും
ബിൽഹണൻ ഭർത്തൃഹരി വേദ്യതിയും-
ഭട്ടിയും പാണിനി പണ്ഡിതരങ്ങിനെ
ഷേക്സ്പിയർ,മിൽട്ടണും ഷെല്ലീബയറണും
ഹോമറും, വേഡ്സ്വർത്തും കീറ്റ്സുജോൺസണും

പ്ലേറ്റോ അരിസ്റ്റോട്ടിൽ, ആസോക്രട്ടീസു
മെയ്ൻസ്റ്റീനും, ഓസ്കാർവയിൽഡെന്നിവരങ്ങിനെ
ഇടയനും കണ്ണനും ഉണ്ണായിവാര്യരും
പൂന്താനവും ചെറുശ്ശേരി നമ്പൂരിയും
സ്വാതിയും തമ്പിയും രാമപുരത്തുള്ള
വാര്യരും കോട്ടയം തമ്പുരാനും അഥാ
വെൺമണി അച്ഛനും മോനും, ശീവൊള്ളിയും
വെൺമണി ഇക്കാവുതങ്കച്ചിയമ്മയും
പേരാർന്നിട്ടും കൊടുങ്ങല്ലൂരതമ്പുരാന്മാരും
ഒടുവിലും, കെ.സി, മനാടിയാരും
ആ നടുവത്തു നമ്പൂരിയും കേരളവർമ്മയും
രാജരാജൻ, പെരുന്നെല്ലിയും, കണ്ടനും
മൂലൂരും വള്ളത്തോൾ, ഉള്ളൂർ മഹാന്മാരുമങ്ങിനെ
വള്ളുവർ, നക്കീരൻ, കമ്പനും, കീഴ്ച്ചാത്തനാരും

നല്ലിളങ്കോവടികളും, ഔവ്വയാർ, പട്ടണത്താരും
ഇളംകടി മസ്താനും മഹാനാം അംബികാപതി
ശ്രീതിരുജ്ഞാനസംബന്ധരും, സുന്ദരമൂർത്തി,
നായ്നാർ, ഒട്ടക്കൂത്തരിങ്ങനെ മഹാന്മാർ
നിന്നിലായ് പുഷ്പഹാരങ്ങളർപ്പിച്ച്
നിന്നെ മാത്രം നോക്കിനിന്നുകൊണ്ടന്വഹം
ഉള്ളഴിഞ്ഞാശീർവദിക്കുന്നതെൻ ചെവി-
കളിൽ ഞാൻ കേൾക്കുന്നു കാണുന്നു ശാലിനീ
ആ കാമധേനുവിൻ പാലുകറന്നെടു
ത്തമ്പിളിക്കിണ്ണത്തിലാക്കിസ്സുകൗതുകം
വെണ്മുകിൽ ശീലയാൽ വായ്മൂടി
മാർമഴവില്ലിന്റെ ഞാണിനാൽ വരുകെട്ടി ക്ഷണം
സൂര്യന്റെയടുപ്പത്തുവച്ചു തിളപ്പിച്ച്
കാര്യമായ് കാച്ചിക്കുറുക്കിയെടുത്ത്
നക്ഷത്രമുത്തു പൊടിച്ചായതിൽ
നാകാമൃതവുമൊഴിച്ചിളക്കി സ്വയം
കല്പവൃക്ഷത്തിനുള്ളിലെ തേൻകൂട്ടു
മൊപ്പം പിഴിഞ്ഞൊഴിച്ചിട്ട്
കൈലാസശൈലത്തിലെ ഫ്രിഡ്ജിൽ വച്ച്
ആലോക ഗ്രീഷ്മാവുമെല്ലെത്തണുപ്പിച്ച്
കട്ടിയാണെന്ന് കാമന്മാർക്കെതാനും
പക്ഷെ മൂട്ടുമ്പോൾ മെയ് തരിക്കും തരത്തിലായ്
പാകത്തിലങ്ങു ചമച്ചുളത്ത് അൻപിനോട്
നൽകീ നിനക്കീ കലാഹൃദയം സഖീ
നിൻ മുടി ചീകിത്തരേണം തിലോത്തമ
നിൻ മെയ്യിലത്തറു പൂശണം ഉർവശി
പൂമെത്ത തട്ടി വിരിയ്ക്കണം രംഭ
നിൻ തൃപ്പാദം തിരുമ്മണം മേനക
നിന്നരികത്തായ നീയുറങ്ങുംവരെ
കിന്നര കന്യമാർ താരാട്ടുപാടണം
ഗന്ധർവ്വ നാരീമണികളെല്ലാം താല
വൃന്ദങ്ങൾ കൊണ്ടയേ നിന്നെ വീശീടണം
യക്ഷരും വിദ്യാധരരുമേ നിൻ ഗൃഹം
സൂക്ഷിച്ചു വാതിലിൻ കാവലു നിൽക്കണം
ഏതൊരു ഗ്രന്ഥമെടുത്തു നോക്കുമ്പോഴും
ഏതെങ്കിലുമെഴുതാൻ തുടങ്ങുമ്പോഴും
ഏതു സദസ്സിൽ ഞാൻ ചെന്നിരിക്കുമ്പോഴും
ഏതു പ്രസംഗം ചെവിക്കൊണ്ടിടുമ്പോഴും
അത്യുജ്ജ്വല പ്രതിഭാസമേ നിന്നെ
ഞാൻ ചിത്തത്തിലോർപ്പൂ നിനക്കെന്റെ കൂപ്പുകൈ

(എന്റെ വിദ്യാധിരാജ സ്കൂളിലെ പ്രസംഗങ്ങൾ ശ്രവിച്ച ശേഷം പത്മശ്രീ തിക്കുറിശ്ശി സുകുമാരൻ നായർ എന്നെ അനുഗ്രഹിച്ച് മദ്രാസിലെ 'സുപ്രഭാതം' എന്ന വീട്ടിൽ വെച്ച് എനിക്ക് വേണ്ടി 1973 ൽ എഴുതിയ കവിത)




എസ്.വി. ഉണ്ണികൃഷ്ണൻ നായർ

സെക്രട്ടറി, കേരള നിയമസഭ


# നിയമസഭാ ലൈബ്രറി അറിവിന്റെ രത്നഖനി

കേരളത്തിലെ നിയമനിർമ്മാണ സഭകൾ, തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ മൂന്ന് സമാന്തര മേഖലകളിലായാണ് വികസിച്ചത്. ഈ മേഖലകളിൽ വ്യത്യസ്ത രൂപഘടനകളിൽ ആരംഭിച്ച് വളർച്ച പ്രാപിക്കുകയും, കേരള സംസ്ഥാന രൂപീകരണത്തോടെ കേരള നിയമസഭയായി രൂപാന്തരപ്പെടുകയും ചെയ്തു. തിരുവിതാംകൂറും കൊച്ചിയും രാജഭരണത്തിലും, മലബാർ, മദ്രാസ് പ്രവിശ്യയുടെ ഒരു ജില്ലയുമായിരുന്ന കാലത്ത് തന്നെ നിയമനിർമ്മാണ സഭകളുടെ ആദ്യരൂപങ്ങളുണ്ടായി. തിരുവിതാംകൂറിൽ, ശ്രീമൂലം തിരുനാൾ മഹാരാജാവ് 1888 ൽ രൂപീകരിച്ച ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ ആയിരുന്നു കേരള നിയമസഭയുടെ ആദ്യരൂപം. തുടക്കത്തിൽ ഒരു ഉപദേശക സമിതിയായിരുന്ന ലെജിസ്ലേറ്റീവ് കൗൺസിൽ ഘടനാപരമായ പല മാറ്റങ്ങളോടും കൂടി 1932 വരെ നിലനിന്നിരുന്നു. 1904 ൽ ട്രാവൻകൂർ ലെജിസ്ലേറ്റീവ് കൗൺസിലിനു




തിരുവിതാംകൂർ ദിവാന്റെ ഓഫീസ് ലൈബ്രറിയാണ് 1921 ൽ ലെജിസ്ലേറ്റീവ് ലൈബ്രറിയായും തുടർന്ന് 1949 ൽ തിരു-കൊച്ചി സംസ്ഥാന രൂപീകരണത്തോടെ ട്രാവൻകൂർ - കൊച്ചിൻ അസംബ്ലി ലൈബ്രറിയായും, 1956 ൽ കേരളസംസ്ഥാനം നിലവിൽ വന്നപ്പോൾ കേരള നിയമസഭാ ലൈബ്രറിയായും നാമകരണം ചെയ്യപ്പെട്ടത്

പ്രായേണ കൂടുതൽ ജനപങ്കാളിത്തമുള്ള ശ്രീമൂലം പ്രജാസഭ രൂപീകൃതമായി. (1904-1932) 1932 ൽ ശ്രീമൂലം പ്രജാസഭയ്ക്ക് പകരം ദ്വിമണ്ഡല സംവിധാനം ഏർപ്പെടുത്തി. (ശ്രീമൂലം അസംബ്ലി/ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിൽ). കൊച്ചിയിലെ നിയമനിർമ്മാണ സഭയായ കൊച്ചിൻ ലെജിസ്ലേറ്റീവ് കൗൺസിൽ 1925 ൽ നിലവിൽ വന്ന്, 1948 വരെ നിലനിന്നിരുന്നു. 1949 ജൂലൈ 1 ന് തിരു-കൊച്ചി സംയോജനത്തെ തുടർന്ന് തിരു-കൊച്ചി നിയമസഭ നിലവിൽ വന്നു (1949-56). AD 1800 മുതൽ മലബാർ പ്രദേശം മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്നു. 1920 മുതൽ മലബാറിൽ നിന്നുള്ള പ്രതിനിധികൾ മദ്രാസ് ലെജിസ്ലേറ്റീവ് അസംബ്ലിയിൽ അംഗങ്ങളായി ഉണ്ടായിരുന്നു. 1956 നവംബർ 1 ന് കേരള സംസ്ഥാനം രൂപീകൃതമായതിനെ തുടർന്ന് നടന്ന പൊതു തെരഞ്ഞെടുപ്പിന് ശേഷം 1957 ഏപ്രിൽ 1 ന് കേരള നിയമസഭ രൂപീകൃതമായി. ഇന്ന് 2016 ൽ നിലവിൽ വന്ന 14-ാം കേരള നിയമസഭയിലെത്തി നിൽക്കുമ്പോൾ സാമൂഹ്യ മാറ്റങ്ങൾക്കും, ജനക്ഷേമത്തിനും വഴി തെളിച്ച നിയമനിർമ്മാണങ്ങൾ നടത്തുവാൻ കേരള നിയമസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. . ജനാധിപത്യ വ്യവസ്ഥിതിയുടെ ശക്തിയും സേവനാത്മകതയും പ്രതിഫലിപ്പിച്ചുകൊണ്ട് തെളിമപ്പെടുത്തി കൊണ്ട് ഭരണഘടനാധിഷ്ഠിതമായ അധികാരവും കർത്തവ്യങ്ങളും സ്തുത്യർഹമായ നിലയിൽ നിർവ്വഹിക്കുന്നതിനും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് കൂടി മാതൃകയാക്കാവുന്ന നിരവധി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാനും കേരള നിയമസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കമ്മിറ്റികളുടെ പ്രവർത്തനം, നിയമനിർമ്മാണങ്ങളിൽ പൊതുജനപങ്കാളിത്തം എന്നിവ പ്രത്യേകം എടുത്തുപറയാവുന്ന മേന്മകളാണ്. സാമാജികർക്ക് നിയമസഭാ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ കേരളനിയമസഭ തുടക്കം മുതൽക്കുതന്നെ ശ്രദ്ധിച്ചിട്ടുണ്ട്. നിയമസഭാ സംവിധാനത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് നിയമസഭാ ലൈബ്രറി.

നിയമസഭാ സാമാജികരുടെ രാഷ്ട്രീയ - സാമൂഹിക, സാമ്പത്തിക സാംസ്കാരിക വിഷയങ്ങളിലുള്ള വൈവിധ്യമാർന്ന വൈജ്ഞാനിക ആവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ റഫറൻസ് രേഖകൾ ലഭ്യമാക്കുന്ന സുപ്രധാന ചുമതലയാണ് നിയമസഭാ ലൈബ്രറി നിർവ്വഹിക്കുന്നത്. ഇതോടൊപ്പം 1888 മുതലുള്ള നിയമസഭാ രേഖകൾ ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുകയും അവ സാമാജികർക്കും, ഗവേഷകർക്കും, വിദൂര കേന്ദ്രങ്ങളിൽ നിന്ന് പോലും വിഷയാടിസ്ഥാനത്തിൽ പരിശോധിക്കാവുന്ന രീതിയിൽ Digital Archives സംവിധാനത്തിലൂടെ ലഭ്യമാക്കുകയും ചെയ്യുന്നു. നിയമസഭാ ലൈബ്രറിയുടെ ചരിത്രവും ഘടനയും സേവനങ്ങളും വിശദമാക്കുകയാണ് ഈ ലേഖനത്തിലൂടെ ലക്ഷ്യമിടുന്നത്.

## കേരള നിയമസഭാ ലൈബ്രറി

ഇന്ത്യയിലെ ലെജിസ്ലേറ്റീവ് ലൈബ്രറികളിൽ പുസ്തക ബാഹുല്യം കൊണ്ടും വൈപുല്യം കൊണ്ടും ശ്രദ്ധേയമായ കേരള നിയമസഭാ ലൈബ്രറിയിൽ നിയമസഭാ സാമാജികർ തന്നെയാണ് പ്രാഥമിക ഉപയോക്താക്കൾ.



നിയമസഭാ ലൈബ്രറി റഫറൻസ് ഹാൾ



മെമ്പേഴ്സ് റഫറൻസ് ബ്രാഞ്ച്

നിയമസഭാംഗങ്ങളുടെയും ജീവനക്കാരുടെയും സാമൂഹിക-സാംസ്കാരിക രാഷ്ട്രീയ വൈജ്ഞാനിക ധിഷണയെ ഉയർത്തി, നിയമസഭാ ചർച്ചകളിലും നിയമ നിർമ്മാണത്തിലും തങ്ങളുടെ സ്വന്തം ബോധത്തെ പ്രതിഫലിപ്പിക്കാൻ സഹായിക്കുന്നതു വഴി ഇന്ത്യയിലെ ജനാധിപത്യ വ്യവസ്ഥിതിക്ക് വ്യക്തമായ പിന്തുണയും ഈ ലൈബ്രറി നൽകുന്നു. നിയമസഭാലൈബ്രറി ചട്ടങ്ങൾ പ്രകാരമാണ് ലൈബ്രറിയിലെ ദൈനംദിന പ്രവർത്തനങ്ങൾ നടക്കുന്നത്.

## ചരിത്രം

തിരുവിതാംകൂർ ദിവാന്റെ ഓഫീസ് ലൈബ്രറിയാണ് 1921 ൽ ലെജിസ്ലേറ്റീവ് ലൈബ്രറിയായും തുടർന്ന് 1949 ൽ തിരു-കൊച്ചി സംസ്ഥാന രൂപീകരണത്തോടെ ട്രാവൻകൂർ - കൊച്ചിൻ അസംബ്ലി ലൈബ്രറിയായും, 1956 ൽ കേരളസംസ്ഥാനം നിലവിൽ വന്നപ്പോൾ കേരള നിയമസഭാ ലൈബ്രറിയായും നാമകരണം ചെയ്യപ്പെട്ടത്.

## ലൈബ്രറി ഉപദേശക സമിതി

നിയമസഭാ ലൈബ്രറിയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നത് സാമാജികർ അംഗങ്ങളായുള്ള ലൈബ്രറി ഉപദേശക സമിതിയാണ്. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ലൈബ്രറി ഉപദേശക സമിതിയിൽ ചെയർമാന പുറമേ ആറ് സാമാജികരും എക്സ് ഒഫിഷ്യോ മെമ്പറായി നിയമസഭാ സെക്രട്ടറിയും ഉൾപ്പെടുന്നു. ലൈബ്രറിക്കാവശ്യമായ ഗ്രന്ഥങ്ങളും ആനുകാലികങ്ങളും തെരഞ്ഞെടുക്കുക, അംഗങ്ങളുടെ ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തുന്നതിനും ലൈബ്രറിയുടെ പൊതുവായ വികസനത്തിനും ആവശ്യമായ ശിപാർശകൾ ബഹുമാനപ്പെട്ട സ്പീക്കർക്ക് സമർപ്പിക്കുക എന്നിവയാണ് സമിതിയുടെ ചുമതലകൾ.

## ലൈബ്രറി അംഗത്വം

നിയമസഭാ ലൈബ്രറിയുടെ പ്രാഥമിക ഉപയോക്താക്കൾ നിയമസഭാ സാമാജികർ തന്നെയാണെങ്കിലും അവർക്ക് പുറമേ കേരള നിയമസഭയിലെ മുൻ സാമാജികർ, കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങൾ, കേരളത്തിൽ നിന്നുള്ള മുൻ പാർലമെന്റംഗങ്ങൾ, കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ, ഗവ.സെക്രട്ടേറിയറ്റിലെ നിയമം, പൊതുഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ഗവൺമെന്റിന്റെ വിവിധ വകുപ്പ് മേധാവികൾ, കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ മുൻ സെക്രട്ടറിമാർ, കേരള നിയമസഭാ സെക്രട്ടേറിയറ്റ് സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർ, സിവിൽ സർവ്വീസ് പരീക്ഷാർത്ഥികൾ, ഗവ. സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറിതലം മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥന്മാർ, ബഹു. നിയമസഭാംഗങ്ങളുടെ പി.എ. മാർ എന്നിവർക്കും നിയമസഭാ ലൈബ്രറിയിൽ അംഗത്വം നൽകി വരുന്നു.

## ലൈബ്രറി ശേഖരം

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ മൂന്ന് നിലകളിലായിട്ടാണ് പ്രധാന ഗ്രന്ഥശേഖരം സജ്ജീകരിച്ചിട്ടുള്ളത്. വിവിധ വിഷയങ്ങളിലായി 1,08,000 അധികം ഗ്രന്ഥങ്ങൾ നിയമസഭാ ലൈബ്രറിയിൽ ഉണ്ട്. ഇവയിൽ പൊതുവിഭാഗത്തിലുള്ള ഗ്രന്ഥങ്ങൾക്ക് പുറമേ സർക്കാരിന്റെ വിവിധ കമ്മറ്റികളുടെയും കമ്മീഷനുകളുടെയും റിപ്പോർട്ടുകൾ, ഗസറ്റുകൾ, രാജകീയ വിളംബരങ്ങൾ, ആക്ടുകൾ, ഓർഡിനൻസുകൾ, തിരുവിതാംകൂർ-കൊച്ചി കേരള നിയമനിർമ്മാണ സഭകളുടെ നടപടികൾ (1888 മുതലുള്ളവ), സെൻസസ് റിപ്പോർട്ടുകൾ, സുവനീറുകൾ, കേരളത്തെ സംബന്ധിച്ചുള്ള പ്രസിദ്ധീകരണങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ റിപ്പോർട്ടുകൾ, ജീവചരിത്രം, ഗാന്ധിയൻ പഠനങ്ങൾ, പാർലമെന്ററി വിഭാഗം മുതലായവ ഉൾപ്പെടുന്നു. കൂടാതെ 1985 മുതലുള്ള പത്രങ്ങൾ ബൈൻഡ് ചെയ്ത് സൂക്ഷിച്ചുവരുന്നു.

## ലൈബ്രറി ആർക്കൈവ്സ്

അമൂല്യവും ചരിത്രപ്രാധാന്യവുമുള്ള 1888 മുതൽ 1955 വരെയുള്ള തിരുവിതാംകൂർ, കൊച്ചി, തിരുവിതാംകൂർ-കൊച്ചി ഗസറ്റ്, സെൻസസ് റിപ്പോർട്ടുകൾ, 1888മുതലുള്ള ആദ്യകാല നിയമ നിർമ്മാണ സഭാ

നടപടികൾ, കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ റിപ്പോർട്ടുകൾ മുതലായ വളരെ പഴക്കം ചെന്ന ഗ്രന്ഥങ്ങൾ പ്രത്യേകമായി ആർക്കൈവ്സ് വിഭാഗത്തിൽ സംരക്ഷിക്കുന്നു. ഇതിനായി അനുയോജ്യമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നു.

1888 മുതൽ 1932 വരെയുള്ള കാലഘട്ടത്തിലെ നിയമനിർമ്മാണ സഭകളുടെ നടപടികൾ നിയമസഭാ ലൈബ്രറിയിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. നിയമസഭയുടെ തനതായ പൈതൃക സ്വത്തായ ഇവയിൽ 70 ഗ്രന്ഥങ്ങൾ നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് തനതുരൂപത്തിൽ ഭൗതിക സംരക്ഷണം നടത്തിയിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുത്ത ഗ്രന്ഥങ്ങളും, രേഖകളും ഡിജിറ്റൈസ് ചെയ്തും സൂക്ഷിച്ചുവരുന്നു.

## മെംബേഴ്സ് റഫറൻസ് ബ്രാഞ്ച്

നിയമസഭാ സാമാജികർക്ക് സഭാ സമ്മേളനവേളയിൽ സൗകര്യപ്രദമായി ലൈബ്രറി സേവനം ലഭ്യമാക്കുന്നതിനായി അസംബ്ലി ഹാളിനോട് അടുത്ത് 504-ാം നമ്പർ മുറിയിലാണ് മെംബേഴ്സ് റഫറൻസ് ബ്രാഞ്ച് സജ്ജമാക്കിയിരിക്കുന്നത്. അത്യാവശ്യ റഫറൻസ് ഗ്രന്ഥങ്ങൾക്ക് പുറമെ പ്രധാന പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, നിയമസഭാ ചോദ്യോത്തരങ്ങൾ, നിയമസഭാ നടപടികൾ, സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന രേഖകൾ എന്നിവ ഇവിടെ ലഭ്യമാണ്. പത്രവാർത്തകളും ലേഖനങ്ങളും വിഷയാടിസ്ഥാനത്തിൽ ഫോൾഡറുകളിൽ ക്രമീകരിച്ചിട്ടുണ്ട്. ഫോൾഡറുകളിലുള്ള പത്രവാർത്തകൾ ഡിജിറ്റൈസ് ചെയ്ത്, വിഷയാടിസ്ഥാനത്തിൽ പരിശോധിക്കാനുള്ള സൗകര്യത്തോടെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സാമാജികർക്ക് ഡിജിറ്റൽ ലൈബ്രറി, ഡേറ്റാബേസ് എന്നിവ പരിശോധിക്കുവാനും Internet സൗകര്യം ഉപയോഗിക്കുന്നതിനുമായി ആവശ്യമായ കമ്പ്യൂട്ടറുകൾ സജ്ജീകരിച്ചിട്ടുണ്ട്.

## ലൈബ്രറി എക്സ്റ്റൻഷൻ കൗണ്ടർ

അംഗങ്ങളുടെ വാസസ്ഥലമായ എം.എൽ.എ ഹോസ്റ്റലിൽ പ്രവർത്തിക്കുന്ന നിയമസഭാ ലൈബ്രറി എക്സ്റ്റൻഷൻ കൗണ്ടറിൽ പ്രധാന ദിനപ്പത്രങ്ങൾ, ആനുകാലികങ്ങൾ, കേരള ഗസറ്റ്, നിയമസഭാ ചോദ്യോത്തരങ്ങൾ എന്നിവ ലഭ്യമാണ്.

## കുട്ടികളുടെ ലൈബ്രറി

പാർലമെന്റ് ലൈബ്രറിയിലെ ചിൽഡ്രൻസ് കോർണറിനു സമാനമായ രീതിയിൽ നിയമസഭാ ലൈബ്രറിയിൽ 2016 ഫെബ്രുവരി മാസം 25-ാം തീയതി ജി.കാർത്തികേയൻ മ്യൂസിയം ബിൽഡിംഗിൽ കുട്ടികളുടെ ലൈബ്രറി പ്രവർത്തനം ആരംഭിച്ചു. 2018 നവംബർ 1-ാം തീയതി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ 204-ാം നമ്പർ റൂമിലേക്ക് ലൈബ്രറി മാറ്റി സ്ഥാപിക്കുകയുണ്ടായി. നിയമസഭാ സംവിധാനത്തെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും കുട്ടികളിൽ ആഭിമുഖ്യം വളർത്തുകയും, കുട്ടികളിൽ വായനാശീലം വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കുട്ടികളുടെ ലൈബ്രറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. കുട്ടികൾക്ക് അറിവിനും വിനോദത്തിനും സഹായകരമാകുന്ന പുസ്തകങ്ങളും വീഡിയോകളും ആനുകാലികങ്ങളും e-reading സൗകര്യവും ഈ കേന്ദ്രത്തിൽ ലഭ്യമാണ്. നിയമസഭയിലെയും പാർലമെന്റിലെയും അംഗങ്ങളുടെയും, മുൻ അംഗങ്ങളുടെയും കുട്ടികൾ/ പേരക്കുട്ടികൾ എന്നിവർക്കൊപ്പം നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ കുട്ടികൾക്കും, സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിലെ ജീവനക്കാരുടെ കുട്ടികൾക്കും നിബന്ധനകൾക്ക് വിധേയമായി അംഗത്വം നൽകുന്നു. കൂടാതെ സാമാജികർ നിർദ്ദേശിക്കുന്ന, സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾ, സ്കൂൾ മേധാവികൾ നിർദ്ദേശിക്കുന്ന കുട്ടികൾ, മാധ്യമപ്രവർത്തകരുടെ കുട്ടികൾ എന്നിവർക്കും അംഗത്വവും റഫറൻസ് സൗകര്യവും ലഭ്യമാക്കുന്നുണ്ട്. അംഗത്വത്തിനും റഫറൻസിനും ഉള്ള പ്രായപരിധി 10 മുതൽ 18 വയസ്സ് വരെയാണ്. കുട്ടികൾക്ക് അറിവു പകരുന്നതും വ്യക്തിത്വ വികസനത്തിനുതകുന്നതുമായ വിവിധ പരിപാടികൾ കുട്ടികളുടെ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു. കുട്ടികളുമായി സംവദിക്കുന്നതിനായി ബ്ലോഗ് (http:/klachildrenslibrary.wordpress.com) പ്രസിദ്ധീകരിക്കുന്നുണ്ട്.



നിയമസഭാ ലൈബ്രറി-ആർക്കൈവ്സ് യൂണിറ്റ്

## ലൈബ്രറി സേവനങ്ങൾ

### 1. റഫറൻസ് സേവനം

സാമാജികർക്ക് ആവശ്യാനുസരണം വിവിധ വിഷയങ്ങളിൽ പഠന രേഖകൾ റഫറൻസ് വിഭാഗം തയ്യാറാക്കി നൽകുന്നു. ഗവേഷകർ, അംഗീകൃത പത്രപ്രതിനിധികൾ, സി.പി.എസ്.റ്റി. വിദ്യാർത്ഥികൾ എന്നിവർക്ക് നിയമസഭ സമ്മേളിക്കാത്ത അവസരങ്ങളിൽ റഫറൻസ് സൗകര്യങ്ങൾ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.

### 2. ഡോക്യുമെന്റേഷൻ സേവനം

അംഗങ്ങൾക്ക് വേണ്ടിവരുന്ന വിജ്ഞാനം ശേഖരിച്ച് ലീഗൽ & കോൺസ്റ്റിറ്റ്യൂഷണൽ ഡൈജസ്റ്റ്, ഡോക്യുമെന്റേഷൻ കേരള ഇടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെ പ്രദാനം ചെയ്യുന്നു. കൂടാതെ വിവിധ വിഷയങ്ങളിൽ ബിബ്ലിയോഗ്രാഫികളും തയ്യാറാക്കുന്നു.

### 3. പ്രസ്സ് ക്ലിപ്പിംഗ് സേവനം

ദിനപത്രങ്ങളിൽ വരുന്ന പ്രധാന വാർത്തകളും ലേഖനങ്ങളും വിഷയാടിസ്ഥാനത്തിൽ ഫോൾഡറുകളിലാക്കി സൂക്ഷിക്കുന്നു. വാർത്തകളും ലേഖനങ്ങളും ഡിജിറ്റൈസ് ചെയ്ത് സാമാജികർക്ക് ഡിജിറ്റൽ ആർക്കൈവ്സ് മുഖേന ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

### 4. ഡിജിറ്റൽ ലൈബ്രറി & ഇ-റീഡിംഗ് പോർട്ടൽ

സാമാജികർക്ക് നിയമസഭാ പ്രവർത്തനത്തിന് പ്രയോജനകരമായ റഫറൻസ് രേഖകൾ ഉൾക്കൊള്ളുന്നതാണ് ഡിജിറ്റൽ ലൈബ്രറി. അമൂല്യവും ചരിത്രപ്രാധാന്യമുള്ള തെരഞ്ഞെടുത്ത ഗ്രന്ഥങ്ങളും രേഖകളും ഡിജിറ്റൈസ് ചെയ്ത് ഡിജിറ്റൽ ലൈബ്രറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 35000-ൽ പ്പരം ഇ-ബുക്കുകളും, പ്രധാന കോടതി വിധികളും, കേന്ദ്ര- സംസ്ഥാന സർക്കാർ ഗസറ്റുകളും വിജ്ഞാപനങ്ങളും നയപരിപാടികളും ഉൾക്കൊള്ളുന്ന വെബ്സൈറ്റുകളിലേക്കും നയിക്കുന്നതാണ് e-reading portal. നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഇൻട്രാനെറ്റ് വഴി ഡിജിറ്റൽ ലൈബ്രറി & ഇ-റീഡിംഗ് പോർട്ടൽ സേവനങ്ങൾ ലഭ്യമാക്കുന്നു.

### 5. ഫോട്ടോകോപ്പിയിംഗ് സേവനം

ലൈബ്രറിയിലും, മെംബേഴ്സ് റഫറൻസ് ബ്രാഞ്ചിലും . ലൈബ്രറി എക്സ്റ്റൻഷൻ കൗണ്ടറിലും ഫോട്ടോ കോപ്പിയിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

### നിയമസഭാ ലൈബ്രറി കമ്പ്യൂട്ടർവൽക്കരണം

കമ്പ്യൂട്ടർ വൽക്കരിക്കപ്പെട്ടിട്ടുള്ള നിയമസഭാ ലൈബ്രറികളിൽ, കേരള നിയമസഭാ ലൈബ്രറിക്ക് പ്രഥമസ്ഥാനമാണുള്ളത്.2006 ൽ ലൈബ്രറി കമ്പ്യൂട്ടർവൽക്കരണ നടപടികൾ ആരംഭിച്ചു. ഇപ്പോൾ 'KOHA' സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് നിയമസഭാ ലൈബ്രറി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളത്. ലൈബ്രറിയിൽ ലഭ്യമായ രേഖകളുടെ വിശദാംശങ്ങൾ കമ്പ്യൂട്ടർ വഴി അറിയാനുള്ള സംവിധാനം OPAC (Online Public Access Catalogue) ഏർപ്പെടുത്തിയിട്ടുണ്ട്. പുസ്തകവിതരണവും ബന്ധപ്പെട്ട ജോലികളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

### ഡിജിറ്റൈസേഷൻ

1888 മുതലുള്ള വിവിധ നിയമനിർമ്മാണ സഭകളുടെ നടപടിക്രമങ്ങൾ, നിയമസഭാ കമ്മിറ്റി റിപ്പോർട്ടുകൾ, വിവിധ കമ്മീഷൻ/ കമ്മിറ്റി റിപ്പോർട്ടുകൾ, നിയമസഭ പാസാക്കുന്ന ബില്ലുകൾ എന്നിവ ഡിജിറ്റൈസ് ചെയ്ത് ഡിജിറ്റൽ ആർക്കൈവ്സിൽ ലഭ്യമാക്കി വരുന്നു. നിയമസഭാ രേഖകളുടെ സംരക്ഷണം, ഏകീകരണം, വിതരണം എന്നിവയ്ക്ക് ഡിജിറ്റൈസേഷൻ സഹായകമാണ്. www.niyamasabha.org എന്ന വെബ്സൈറ്റിൽ ഈ രേഖകൾ ലഭ്യമാണ്.

റഫറൻസ് ആവശ്യങ്ങൾ കാര്യക്ഷമമാക്കുവാൻDoper, Person എന്നീ മേഖ്



എം.എൽ.എ. ഹോസ്റ്റൽ ലൈബ്രറി എക്സ്റ്റൻഷൻ കൗണ്ടർ

ഡേറ്റാ ബേസുകൾ ലൈബ്രറി വിഭാഗം തയ്യാറാക്കി ഉപയോഗക്ഷമമാക്കിയിട്ടുണ്ട്. അവ തുടർച്ചയായി പുതിയ രേഖകൾ ഉൾപ്പെടുത്തി കാലികമാക്കി വരുന്നു.

Doper:- ആനുകാലികങ്ങളിലെ ലേഖനങ്ങളെ സംബന്ധിക്കുന്ന സൂചിക.

Person:- രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ പ്രമുഖരെക്കുറിച്ചുള്ള ലേഖന സൂചിക.

കോടതിവിധികളും കേന്ദ്ര സംസ്ഥാന നിയമങ്ങളും വിജ്ഞാപനങ്ങളും ഉൾക്കൊള്ളുന്ന സമഗ്ര ഡേറ്റാബേസും ലൈബ്രറിയിൽ ലഭ്യമാണ്.

## നിയമസഭാ ലൈബ്രറിയുടെ പ്രസിദ്ധീകരണങ്ങൾ

### 1. ലീഗൽ ആന്റ് കോൺസ്റ്റിറ്റ്യൂഷണൽ ഡൈജസ്റ്റ്.

ഭരണഘടന, നിയമം, പാർലമെന്ററി കാര്യങ്ങൾ എന്നീ വിഷയങ്ങളിൽ പ്രധാന ആനുകാലികങ്ങളിലും, പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്ന, ലേഖനങ്ങളുടെ ക്രോഡീകരണം.

2. ഡോക്യുമെന്റേഷൻ കേരള

ആനുകാലികങ്ങളിലെ തെരഞ്ഞെടുത്ത ലേഖനങ്ങളുടെ വിഷയാടിസ്ഥാനത്തിലുള്ള സൂചിക.

### 3. കേരള ലെജിസ്ലേച്ചർ ലൈബ്രറി ബുള്ളറ്റിൻ

നിയമസഭാ ലൈബ്രറിയിൽ പുതിയതായി ലഭ്യമാകുന്ന പുസ്തകങ്ങളുടെയും മറ്റ് പ്രസിദ്ധീകരണങ്ങളുടെയും വിവരങ്ങൾ വിഷയാടിസ്ഥാനത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നു.


### 4. സാമാജികൻ

നിയമസഭയിലെയും പാർലമെന്റിലെയും അംഗങ്ങളുടെയും മുൻ അംഗങ്ങളുടെയും രചനകൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം.

### 5. ഗ്രന്ഥ/ വിഷയ സൂചികകൾ.

കേരള നിയമസഭാ ലൈബ്രറി ഒരു അമൂല്യമായ വിജ്ഞാന കേന്ദ്രമാണ്. ഗ്രന്ഥശേഖരത്തിന്റെ വിപുലതയും വൈവിധ്യവും, ഉപയോക്താക്കളുടെ പ്രാധാന്യവും, സേവനങ്ങളുടെ ഗുണമേന്മയും നിയമസഭാ ലൈബ്രറിയെ വ്യത്യസ്തമാക്കുന്നു. അംഗങ്ങൾക്ക് ചരിത്രപ്രാധാന്യമുള്ള വിലപ്പെട്ട അസംബ്ലി രേഖകളും വിവിധ വിഷയങ്ങളിലുള്ള അടിസ്ഥാന വിവരങ്ങളും ആവശ്യാനുസരണം ക്രോഡീകരിച്ച് സൂക്ഷ്മമായി പരിശോധിക്കാൻ സഹായകരമാകും വിധം, ക്രമീകരിച്ച് നൽകുന്നു. നിയമസഭാലൈബ്രറിയിൽ നിന്നും സാമാജികർക്ക് ആവശ്യമായ വിലപ്പെട്ട വിവരങ്ങൾ അതിവേഗം വിദൂര കേന്ദ്രങ്ങളിൽ നിന്നു പോലും, ശേഖരിക്കാൻ കഴിയുന്നു. നിയമസഭാ രേഖകളുടെ സമഗ്ര ശേഖരമായ 'ഡിജിറ്റൽ ആർക്കൈവ്സ്' വഴി നിയമസഭാ രേഖകൾ പൊതുജനങ്ങൾക്കും ഗവേഷകർക്കും പരിശോധിക്കുവാനും ആവശ്യമായവ പ്രിന്റ് ചെയ്യുവാനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

സാമാജികർക്ക്, അവരുടെ നിയമസഭാ പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ റഫറൻസ് രേഖകളും, സമയബന്ധിതമായി ലഭ്യമാക്കുന്നതിലൂടെ, ജനാധിപത്യസംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് നിയമസഭാ ലൈബ്രറി സുപ്രധാന പങ്ക് വഹിക്കുന്നു. കാലികമായ നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി, സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ നിയമസഭാ ലൈബ്രറി ശ്രദ്ധിക്കുന്നു. നിയമസഭയിലെയും, പാർലമെന്റിലെയും അംഗങ്ങളും, മുൻ അംഗങ്ങളും, ഗവേഷകരും, വിദ്യാർത്ഥികളും നിയമസഭാ ലൈബ്രറിയുടെ സേവനം വലിയ തോതിൽ പ്രയോജനപ്പെടുത്തുന്നുണ്ട് എന്നത് നിയമസഭാ ലൈബ്രറിയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. ഇപ്പോൾ നടപ്പിലാക്കി വരുന്ന e-നിയമസഭാ പ്രോജക്ട് പൂർത്തീകരിക്കുമ്പോൾ, ലൈബ്രറിയുടെ കൂടുതൽ സേവനങ്ങൾ online ആയി ലഭ്യമാകുന്നതാണ്.



സ്റ്റാക്ക് റൂം

# ഗ്രന്ഥാഞ്ജലി






ലൈബ്രറി അഡ്വൈസറി കമ്മിറ്റി യോഗം 'സാമാജികർ' സ്മൃതികൾ വിലയിരുത്തുന്നു

## നിയമസഭാ സെക്രട്ടേറിയറ്റ്

| | |
|---|---|
| സ്പെഷ്യൽ സെക്രട്ടറി | - ശ്രീ ആർ.കിഷോർ കുമാർ |
| ചീഫ് ലൈബ്രേറിയൻ | - ശ്രീമതി ജി.മേരി ലീല |
| ലൈബ്രേറിയൻ | - ശ്രീമതി വി.ലേഖ |
| ഡെപ്യൂട്ടി ലൈബ്രേറിയൻ | - ശ്രീമതി ഇന്ദു.എം.ആർ |
| അസിസ്റ്റന്റ് ലൈബ്രേറിയൻ | - ശ്രീ.ഇ. മേരി ജോസഫ് |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | - ശ്രീമതി സുനിത.എസ്.എസ് |

ചിത്രീകരണം

**സലാഹുദ്ദീൻ എസ്.എസ്.** സെക്ഷൻ ഓഫീസർ



ജീവിക്കാനാണെങ്കിൽ സഹിഷ്ണുത ക്രിയ തിരു
അസഹിഷ്ണുത നമ്മുടെ ചേതനയോടുള്ള
ആക്രമണമാണ്. വിമുക്തമാകട്ടെ ഹൃദയത്തോടുള്ള
കടന്നാക്രമണവും.

– മഹാത്മാഗാന്ധി



കേരള നിയമസഭാ സെക്രട്ടേറിയറ്റ്

മണ്ണന്തല സർക്കാർ പ്രസ്സ്, തിരുവനന്തപുരം